# സംഘടിത

സംഘടിത/ആഗസ്റ്റ് 2021/ വോള്യം 18/ലക്കം 15






**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**ഗസ്റ്റ് എഡിറ്റർ :**
ഡോ. സുമി ജോയി ഓലിയപ്പുറം
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ജ്യോതി നാരായണൻ
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഡോ.ഷർമ്മിള ആർ.
ഗാർഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ :**
സുവിജ കെ.
**വെബ്സൈറ്റ് :**
വസന്ത പി.



**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch
Calicut -4



മലയാളി ഫെമിനിസത്തിന്റെ താത്വികഭാഷ 6
**ജെ.ദേവിക.**

സ്ത്രീ പരാമർശപദങ്ങളിലെ അർത്ഥമാറ്റം 10
**ഡോ. സന്ധ്യ പി.പി.**

ഭാഷയും സ്ത്രീയും: പ്രതിസന്ധികളും സാധ്യതകളും 16
**ജിസ ജോസ്**

സ്ത്രീപക്ഷത്തെ വിവർത്തനക്കാഴ്ചകൾ 24
**ജയാസുകുമാരൻ**

പുരുഷഭാഷ സ്ത്രീയെ നിർണ്ണയിക്കുമ്പോൾ 29
**ഡോ. ജൂലിയാ ഡേവിഡ്**

സൈബറിടത്തിൽ പൊട്ടിത്തെറിക്കുന്ന ഭാഷ 37
**സുനിത ടി.വി.**

ചൊല്ലുകൾ : നീതിയുടെ സെമിത്തേരി 43
**സോണിയ. ഇ. പ.**

ആണുങ്ങളെയാണു ബോധവത്കരിക്കേണ്ടത് 47
**ഉപ്പും മുളകും/ഗീത**

കാടനക്കങ്ങളിൽ കവിത പെയ്യുമ്പോൾ 49
-ഗോത്ര കവിത-കാടും ജീവിതവും
**ധന്യ വേങ്ങച്ചേരി**

അനന്യയുടെ ദാരുണ മരണവും എൻഡോസൾഫാൻ
പീഡിതരുടെ അവഗണിക്കപ്പെട്ട ജീവിതങ്ങളും 56
**പെൺപക്ഷം/അജിത കെ.**

കേഡികൾക്ക് സഹായം ചെയ്തളവല്ല ഇപ്പെണ്ണ് 58
ഭാഷയും മുസ്ലീം പെണ്ണും 58
**ഡോ. ഷംഷാദ് ഹുസൈൻ കെ.ടി.**

പ്രണയം തന്നെ പ്രണയം
**വാസ്തവം/ഡോ.ജാൻസി ജോസ്** **64**

പെൺകവിതയുടെ പരീക്ഷണകാലം
**ഡോ. ഷീബാ ദിവാകരൻ** **65**

ഒരു താരാട്ടു പാട്ടിന്റെ ഓർമ്മയിൽ
**വഴിത്താരകൾ/ജാനകി** **83**

ലിംഗനീതിയും ശാസ്ത്ര-സാങ്കേതിക ഭാഷയും 87
**ഡോ . സംഗീത ചേനംപുല്ലി**

സ്ത്രൈണതയുടെ ദൃശ്യ ലാവണ്യം 94
**സ്മൃതി എസ്. ബാബു**

എൺപത്തിരണ്ടു വയസ്സിൽ ബഹിരാകാശം തൊട്ട് വാലി ഫങ്ക്
**ശാസ്ത്രം/സീമ ശ്രീലയം** **98**

# മുഖവുര



**ഷീബ കെ.എം.**

ജനങ്ങളുടെ ജീവിതലോകങ്ങൾക്കുമേൽ ഒളിഞ്ഞു നോക്കുന്ന സർക്കാർ. ജനാധിപത്യം എന്ന സങ്കല്പനത്തെയും പ്രയോഗത്തെയും പാടെ തകർത്ത് ഭരണകൂടം പെഗാസസ് പോലുള്ള സ്പൈവേറുകൾ വിന്യസിച്ച് പൗരൻമാരെക്കുറിച്ച് രഹസ്യമായി വിവരശേഖരണം നടത്തുന്നു. 'പ്രോജക്ട് പെഗാസസ്' എന്നറിയപ്പെട്ട അന്താരാഷ്ട്രതലത്തിൽ നടന്ന അന്വേഷണത്തിൽ ഇന്ത്യയുൾപ്പടെ പതിനൊന്ന് രാജ്യങ്ങളിൽ മാധ്യമപ്രവർത്തകരെ നിശ്ശബ്ദമാക്കാനും പ്രക്ഷോഭകരെ അക്രമിക്കാനും പ്രതിഷേധത്തെ അടിച്ചമർത്താനുമുള്ള ആയുധമായി ഇത് ഉപയോഗിക്കപ്പെട്ടു എന്ന് കണ്ടെത്തുകയുണ്ടായി. അനേകങ്ങളുടെ ജീവൻ അപായപ്പെടുത്താനുള്ള ശേഷിയും ഇതിനുണ്ടത്രെ. ഞെട്ടിക്കുന്നതും ഭയപ്പെടുത്തുന്നതുമായ വെളിപ്പെടുത്തലുകൾ. 'അധികാരം ദുഷിപ്പിക്കുന്നു; പരമാധികാരം പരമമായി ദുഷിപ്പിക്കുന്നു' എന്ന പഴഞ്ചൊല്ലിന് എന്നത്തേക്കാളുമേറെ കഠിന പ്രസക്തിയുള്ള കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സ്റ്റാൻ സ്വാമിയെപ്പോലുള്ള സമർപ്പിത ജീവിതത്തിനുടമകളായ ബഹുമാന്യരായ വ്യക്തിത്വങ്ങളെ നിഷ്ക്കരുണം കൊലയ്ക്കു കൊടുക്കുന്ന, ദലിത് ബാലികമാർക്കെതിരെയുള്ള ബലാൽക്കാരത്തിന് ഒത്താശ ചെയ്യുന്ന ഭീകരവാഴ്ച തന്നെയിത്. പ്രതിഷേധങ്ങൾ നിശ്ശബ്ദമാക്കിക്കൊണ്ടിരിക്കുന്ന ഈ കെട്ടകാലത്തും ഇത്തരം അന്വേഷണങ്ങൾക്ക് സധൈര്യം പ്രവർത്തിച്ചവർക്ക് അഭിവാദ്യങ്ങൾ !

സാമൂഹ്യക്ഷേമത്തിന്റെയും , ആരോഗ്യമാനദണ്ഡങ്ങളുടേയും കാര്യത്തിൽ കൈവരിച്ച ഔന്നത്യത്തിൽ അഹങ്കാരം കൊള്ളുന്ന കേരളത്തിൽ ലിംഗനീതിയുടെ നിലവാരം അങ്ങേയറ്റം ലജ്ജാവഹവും അപലപനീയവുമായി തുടരുന്നു. ഒന്നിനു പിറകെ ഒന്നായി അതിതീവ്രമായ അതിക്രമങ്ങളുടെ വാർത്തകളാണ് നമ്മെ തേടിയെത്തുന്നത്. വിസ്മയയുടെ സ്ത്രീധനകൊലപാതക വാർത്തയ്ക്ക് പിന്നാലെ ലിംഗമാറ്റ ശസ്ത്രക്രിയ പരാജയപ്പെട്ട് ആത്മഹത്യ ചെയ്ത അനന്യയുടെയും കാമുകനെന്ന് അവകാശപ്പെട്ടവൻ വെടിവെച്ചു കൊന്നുകളഞ്ഞ മാനസയുടെയും ദുര്യോഗങ്ങൾ നമ്മെ വല്ലാതെ അസ്വസ്ഥപ്പെടുത്തി. സ്ത്രീകൾക്കും പല ലിംഗലൈംഗിക സ്വത്വങ്ങൾക്കും ജീവിക്കാനേ അവകാശമില്ലെന്ന് ബോധ്യപ്പെടുത്തും വിധം ആണധികാരവ്യവസ്ഥ നമ്മുടെ മേൽ പിടിമുറുക്കുകയാണ്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം നാം കാണിക്കുന്ന ആധിയും രോഷവും പക്ഷേ നിഷ്ഫലവും വൈകി വന്ന വിവേകവുമായി മാത്രം ഭവിക്കുന്നു. സ്വന്തം ജീവിതം ലിംഗപദവിയിൽ പരുവപ്പെട്ടതെങ്ങനെ എന്ന ആത്മപരിശോധനയും തിരുത്തലും നടത്തുകയോ ആണത്തസങ്കല്പങ്ങൾ പൊളിച്ചെഴുതുകയോ ചെയ്തില്ലെങ്കിൽ ഈ ദുരവസ്ഥ തുടരുക തന്നെ ചെയ്യും. ഈയവസരത്തിൽ സർക്കാർ തലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലക്ഷ്യമിട്ടുകൊണ്ട് തുടക്കം കുറിച്ച 'കനൽ' എന്ന ബോധവൽക്കരണ പരിപാടിക്ക് മികച്ച സ്വാധീനമുണ്ടാക്കാൻ കഴിയട്ടെ എന്ന് ആഗ്രഹിക്കുന്നു.

ഏത് കാർമേഘത്തിനിടയിലും തെളിയുന്ന വെള്ളിരേഖ പോലെ ഒളിമ്പിക്സ് മത്സരത്തിൽ ഇന്ത്യൻ സ്ത്രീകൾ കാഴ്ചവച്ച മികച്ച പ്രകടനം അഭിമാനാർഹവും നിറഞ്ഞ അഭിനന്ദനമർഹിക്കുന്നതുമാണ്. ലിംഗപദവി വാർപ്പുമാതൃകകളെ കാറ്റിൽ പറത്തിക്കൊണ്ടാണ് മെഡൽ നേട്ടങ്ങളിലൂടെ അവർ രാജ്യത്തിന്റെ അഭിമാനം കാത്തത് എന്നത് ശ്രദ്ധേയമാണ്.

ഭാഷയുടെ പ്രാഥമിക ദൗത്യം സംവേദനമാണ്. എന്നാൽ ഭാഷാവ്യവഹാരങ്ങൾ നിലനിൽക്കുന്ന സാമൂഹ്യതയെ പ്രതിഫലിപ്പിക്കുക മാത്രമല്ല നിർമ്മിക്കുക കൂടി ചെയ്യുന്നു എന്ന് പണ്ഡിതർ കുറിക്കുന്നു. എങ്ങനെയാണ് സ്ത്രീയെന്ന സ്വത്വാവസ്ഥകൾ ഭാഷയിൽ അടയാളപ്പെടുന്നത്? ഭാഷാ ഉപകരണങ്ങൾ എങ്ങനെ സ്ത്രീയെ നിർമ്മിക്കുന്നു? സ്ത്രീവാദരാഷ്ട്രീയ പ്രയോഗങ്ങളിലൂടെ ഭാഷയുടെ പൊളിച്ചെഴുത്തുകൾ ഉണ്ടാവുന്നുണ്ടോ? സുമി ജോയി ഓലിയപ്പുറം അതിഥിപത്രാധിപയായി 'ഭാഷാവ്യവഹാരങ്ങൾ' എന്ന വിഷയം ചർച്ച ചെയ്യുന്ന ഈ ലക്കം സംഘടിത വായനയ്ക്കായി സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



**ഡോ. സുമി ജോയി ഓലിയപ്പുറം**
വകുപ്പധ്യക്ഷ, മലയാള വിഭാഗം
മഹാരാജാസ് കോളേജ്
എറണാകുളം

## സമൂഹത്തിന്റെ അധികാരനിലകൾ അഴിച്ചുപണിയാൻ

ഭാഷ സംസ്കാരത്തിന്റെ അടയാളവും നിർമ്മിതിയുമാണ്. സംസ്കാരത്തെ നിർമ്മിക്കുന്നതും ഭാഷ തന്നെ. സമൂഹത്തിന്റെ അബോധം ഭാഷയിൽ പ്രകടമാകുന്നു. പുരുഷാധിപത്യവ്യവസ്ഥിതി സംസ്കാരത്തെ ഭാഷയിലൂടെ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു / നിർമ്മിച്ചിരിക്കുന്നു എന്നു പരിശോധിക്കുന്നത് നിലനിൽക്കുന്ന സമൂഹത്തിന്റെ ചേരിതിരിവുകളും പക്ഷപാതങ്ങളും അധികാരനിലകളും മനസ്സിലാക്കുന്നതിന് ഉതകും. അതുപോലെ സംസ്കാരത്തെ അടയാളപ്പെടുത്താൻ നാം ഉപയോഗിക്കുന്ന ഭാഷയുടെ അപഗ്രഥനം ഭാഷാപ്രയോഗങ്ങളുടെതന്നെ പരിമിതികളും അധികാരനിലകളും വെളിപ്പെടുത്തും.ലക്കാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ നാം സൃഷ്ടിക്കുന്ന ഭാഷ നമ്മെയും സൃഷ്ടിക്കുന്നുണ്ട്.

നാം ജീവിതത്തെ പരിചയപ്പെടുന്നതും സ്വയം മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നതും ഭാഷാവ്യവഹാരങ്ങളിലൂടെയാണ്. സാമൂഹ്യക്രമത്തിലെ അസന്തുലിതാവസ്ഥകൾ ആവിഷ്കരിക്കുകയോ ആഴത്തിൽ അടയാളപ്പെടുത്തുകയോ ചെയ്യുന്ന ഭാഷാവ്യവഹാരങ്ങളുടെ സ്ത്രീ / ദളിത്/ഗോത്ര / ന്യൂനപക്ഷ/ ട്രാൻസ് ജെൻഡർ വായനകൾ സമൂഹത്തിലെ അധികാരനിലകളുടെ സൂക്ഷ്മാപഗ്രഥനം സാധ്യമാക്കുന്നു. അതിൽത്തന്നെ മുതലാളിത്തസംസ്കാരത്തിന്റെ രൂപപ്പെടൽകാലം മുതൽ നിലവിൽ വന്നതും ഇന്നും തുടരുന്നതുമായ ഏറ്റവും പഴക്കം ചെന്ന ആധിപത്യവ്യവസ്ഥയായ ആണധികാരവ്യവസ്ഥയുടെ വായനയും അപഗ്രഥനവും സമകാലിക കാലഘട്ടത്തിൽ ഏറ്റവും അവശ്യവും സുപ്രധാനവുമായ ഒരു രാഷ്ട്രീയപ്രവർത്തനം കൂടിയാണ്.

ഭാഷയുടെ പ്രത്യയശാസ്ത്രവായന സാധ്യമാക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന പഠനങ്ങൾക്കും ലേഖനങ്ങൾക്കുമാണ് ഈ ലക്കം സംഘടിത ശ്രദ്ധിച്ചിട്ടുള്ളത്. മലയാളി ഫെമിനിസത്തിന്റെ താത്വികഭാഷ എന്തായിരിക്കണമെന്ന് പ്രമുഖ സാമൂഹ്യശാസ്ത്രജ്ഞ ജെ. ദേവിക ചർച്ച ചെയ്യുന്നു. സ്ത്രീപദങ്ങളുടെ പരിണാമം, നോവലിന്റെയും കാവ്യഭാഷയുടെയും സ്ത്രീപക്ഷാപഗ്രഥനം, സൈബറിടങ്ങളിലെ ഭാഷാപ്രയോഗങ്ങളിലെ സ്ത്രീവിരുദ്ധത, വാമൊഴിമലയാളത്തിന്റെ സ്ത്രീപക്ഷവായന, മുസ്ലീം സ്ത്രീഭാഷയുടെയും സാഹിത്യത്തിന്റെയും പ്രസക്തി, ഗോത്രഭാഷയുടെ പെൺപക്ഷ നിലപാടുകൾ, വിവർത്തനത്തിലെ സ്ത്രീസൈദ്ധാന്തികപരിസരം, ക്ലാസിക് ഭാഷകളുടെ ആണധികാര സ്വഭാവം, സാങ്കേതിക ഭാഷയുടെ ആൺപക്ഷപാത മുഖങ്ങൾ ഇങ്ങനെ പല വിഷയങ്ങളിലായി ഒരു കൂട്ടം ഉത്സാഹികളായ സ്ത്രീപക്ഷപഠിതാക്കൾ ഗവേഷണാത്മകമായി തങ്ങളുടെ ചിന്തകളും നിരീക്ഷണങ്ങളും പങ്കുവച്ചിരിക്കുന്നു. ഇനിയും വിലയിരുത്തപ്പെടുകയും അപഗ്രഥിക്കുകയും ചെയ്യേണ്ട ഭാഷാവ്യവഹാര മേഖലകൾ ഉണ്ട്. ഇതൊരു തുടക്കം മാത്രം. ഭാഷയുടെയും സംസ്കാരത്തിന്റെയും സ്ത്രീപക്ഷത്തു നിന്നുള്ള നിരന്തരവായനകളും അപഗ്രഥനങ്ങളും സമൂഹത്തെയും സാഹിത്യസംസ്കാരങ്ങളെയും കുറേക്കൂടി ജനാധിപത്യപരമായി അപനിർമ്മിക്കുകയും പുതുക്കിപ്പണിയുകയും ചെയ്യുമെന്ന പ്രതീക്ഷയിൽ ഈ ലക്കം സംഘടിത വായനക്കാർക്കു മുന്നിൽ സമർപ്പിക്കുന്നു.

ചർച്ചാവിഷയം
**ജെ.ദേവിക**
പ്രൊഫസർ, സി. എഡി.എസ്.




# മലയാളി ഫെമിനിസത്തിന്റെ താത്വികഭാഷ



അക്കാദമിക ഭാഷ എന്നാൽ ദുർഗ്രഹം, വളരെ കുറച്ചുപേർക്കു മാത്രം മനസ്സിലാകുന്നത്, അതിനാൽ വരേണ്യം, വർജ്യം എന്നൊരു എടുത്തുചാടിവിചാരം കേരളത്തിലെ പൊതുമണ്ഡലചർചകളിൽ പങ്കെടുക്കുന്ന പലർക്കും ഇന്നുണ്ട്. പൊതുവെ മൂലധനശക്തികളെ പിൻതുണച്ചുകൊണ്ട്, അവ നടത്തുന്ന, നടത്താൻ കോപ്പുകൂട്ടുന്ന പ്രകൃതിവിഭവകൊള്ളയെ പലവിധത്തിൽ ന്യായീകരിച്ചുകൊണ്ട്, സൈബർ ഇടങ്ങളിൽ വിശേഷിച്ചും, നിറഞ്ഞുകവിയുന്ന ബൗദ്ധികഗുണ്ടകൾക്ക് ആ ധാരണ വളരെ പ്രയോജനകരമാണ്. സത്യത്തിൽ അക്കാദമിക ഭാഷ, അക്കാദമിക ഇടങ്ങളിൽ മാത്രം പ്രയോഗിക്കപ്പെടുന്ന ഭാഷ എന്നൊന്ന് ഇല്ല. ജ്ഞാനനിർമ്മാണം നടക്കുന്ന ഇടങ്ങളിൽ പ്രതിഭാസങ്ങളെ വിവരിക്കാനും പ്രവണതകളെ അടയാളപ്പെടുത്താനും പ്രക്രിയകളെ വിശദീകരിക്കാനും മറ്റും വ്യക്തവും കൃത്യവുമായ ഭാഷ ആവശ്യമാണ്. സാമാന്യ-ദൈനംദിനഭാഷയുടെ അവ്യക്തതയും കൂടിക്കുഴയലും ഒഴിവാക്കിക്കൊണ്ടു മാത്രമേ ജ്ഞാനനിർമ്മാണത്തിലേർപ്പെടാൻ കഴിയൂ. അങ്ങനെയായതുകൊണ്ട് പ

ലപ്പോഴും നാം സാമാന്യജീവിതത്തിൽ പരിചയിച്ചതും, ദീർഘകാലത്തെ വിവിധരീതികളിലുള്ള ഉപയോഗം മൂലം അർത്ഥശോഷണം സംഭവിച്ചതുമായ സങ്കല്പനങ്ങളെ അക്കാദമിക ഇടങ്ങളിൽ നിന്ന് ഒഴിവാക്കേണ്ടിവരുന്നു. മാത്രമല്ല, പലപ്പോഴും പ്രതിഭാസങ്ങളുടെ മാനങ്ങളെ സസൂക്ഷ്മം പഠിച്ചാൽ അവയ്ക്ക് പുതിയ പേരുകളും വിശേഷണങ്ങളും ആവശ്യമാണെന്ന് ഗവേഷകർ ഒരുപക്ഷേ കണ്ടെത്തുകയും ചെയ്യും അതായത്, പുതിയതും സാമാന്യ വായനക്കാർക്ക് അപരിചിതവുമായ സങ്കല്പനങ്ങൾ ആവശ്യമാണെന്ന് അവർ തിരിച്ചറിഞ്ഞെന്നിരിക്കും. ജ്ഞാനനിർമ്മാണം അക്കാദമിക ഇടങ്ങളിൽ നടക്കുന്ന കാര്യമായതിനാൽ അവിടെ ഇപ്പറഞ്ഞതു പോലെ അപരിചിതപദങ്ങൾ ധാരാളം ഉപയോഗിക്കേണ്ടിവരുന്നു.

ഈ പ്രക്രിയ എല്ലായ്പ്പോഴും വരേണ്യമായിക്കൊള്ളണമെന്നില്ല. അക്കാദമിക ഇടങ്ങളിലേക്കുള്ള പ്രവേശനം കൂടുതൽക്കൂടുതൽ പേർക്കു ലഭിക്കുന്നതോടുകൂടി ഈ ഭാഷ വ്യാപകമാകുമെന്നു മാത്രമല്ല, അതു ജനാധിപത്യവത്ക്കരിക്കപ്പെടുകയും ചെയ്യും. അരികുവത്ക്കരിക്കപ്പെട്ട ശബ്ദങ്ങൾ അക്കാദമിക ഇടങ്ങളിൽ കേട്ടുതുടങ്ങുന്നതോടെ കൂടുതൽക്കൂടുതൽ അപരിചിതസങ്കല്പങ്ങൾ അവിടെയുണ്ടാകുമെന്നു തീർച്ചതന്നെ.



പൊതുവെ പറഞ്ഞാൽ കേരളത്തിലെ ഫെമിനിസ്റ്റുകൾക്ക് ആദ്യകാലത്തെങ്കിലും അക്കാദമിക ഭാഷയുടെ അന്യത്വം കാര്യമായ തടസ്സമായി അനുഭവപ്പെട്ടിരുന്നുവെന്ന് ഞാൻ ഓർക്കുന്നുണ്ട്. ഫെമിനിസത്തെ സംബന്ധിച്ച ബൗദ്ധിക പ്രവർത്തനം വലിയപക്ഷം പുരുഷന്മാരായ ബുദ്ധിജീവികളാണ് നടത്തിയിരുന്നത്. സ്ത്രീവാദം എന്ന പദം വേണോ അതോ ഫെമിനിസം മതിയോ, സ്ത്രീ എന്നു പറയോമോ അതോ പെൺ എന്നു പറയണോ എന്നും മറ്റുമുള്ള ചോദ്യങ്ങൾ ഉന്നയിച്ചതും അവയ്ക്ക് ഉത്തരം കണ്ടെത്തുന്നതുമെല്ലാം ഇവിടുത്തെ ആദ്യകാല ഫെമിനിസ്റ്റ് ചർച്ചകളുടെ ഭാഗമായിരുന്നു. കേരളീയ ലിംഗവത്കൃതജീവിതങ്ങളെ സൂക്ഷ്മമായി പഠിച്ച് അവയെ മനസ്സിലാക്കാൻ ഉതകുന്ന താത്വികഭാഷ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ വളരെ താമസിച്ചു മാത്രമാണ് തുടങ്ങിയത്. അതിനു മുൻപ് ആംഗ്ളോ-അമേരിക്കൻ ഫെമിനിസ്റ്റ് സാമൂഹ്യ- സാഹിത്യസിദ്ധാന്തപരിസരങ്ങളിൽ നിന്ന് (അവയിലൂടെ തുറന്നുകിട്ടിയ യൂറോപ്യൻ ഫെമിനിസ്റ്റ് ചിന്തയിൽ നിന്നും) ലഭിച്ച സങ്കല്പനങ്ങളും സൈദ്ധാന്തിക ഉൾക്കാഴ്ചകളും പ്രയോഗിക്കുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്.

മലയാളി ഫെമിനിസത്തിന് അതിന്റേതായ ജ്ഞാനനിർമ്മാണം ആവശ്യമാണെന്ന് വിശ്വസിച്ചവരിൽ ഒരാളായിരുന്നു ഞാൻ. എന്നാൽ കൃത്യതയിലും വ്യക്തതയിലും ഊന്നിയ ഭാഷ, നമ്മുടെ ജീവിതയാഥാർത്ഥ്യങ്ങളെ ഫലപ്രദമായവിധം വിവരിക്കുന്ന സങ്കല്പനങ്ങൾ, വേണമെന്ന ഞങ്ങളുടെ നിർബന്ധം ആണധികാരത്തെ എടുത്തുപയോഗിക്കാനുള്ള ശ്രമമായിരിക്കാമെന്ന സംശയം ഇവിടുത്തെ തലമൂത്ത ഫെമിനിസ്റ്റുകളിൽ ചിലർക്കെങ്കിലും കാര്യമായി ഉണ്ടായിരുന്നു. പൊതുവെ അക്കാദമികഭാഷയോടുള്ള (മേൽവിവരിച്ച) സംശയത്തിന്റെ ഒരു വകഭേദമായിരുന്നു ഇത്. ഞങ്ങളുടെയിടയിൽ കേരളത്തിനു പുറത്തുള്ള കേന്ദ്രസർവകലാശാലകളിൽ കേരളത്തെപ്പറ്റി ഗവേഷണം നടത്തിയിരുന്ന ഫെമിനിസ്റ്റുകളെ മറ്റു ഫെമിനിസ്റ്റുകളുടെ ഈ സംശയം കാര്യമായി ബാധിച്ചിരുന്നില്ല കാരണം ഈയിടങ്ങളിൽ ഫെമിനിസത്തിന് കാര്യമായ ഇടം നൽകിയ സ്ഥലങ്ങൾ ഈ സർവകലാശാലകൾ തന്നെയായിരുന്നു. കേരളത്തിൽ അതല്ലായിരുന്നു സ്ഥിതി. ഈ സംശയങ്ങൾ മൂലം മലയാളി ഫെമിനിസത്തിന്റേതായ സങ്കല്പനങ്ങളെയും സിദ്ധാന്തവത്ക്കരണത്തെയും പറ്റിയുള്ള ചർച താഴ്ന്ന സ്ഥായിയിൽ മാത്രം നടന്നുകൊണ്ടിരുന്ന കാലത്തു തന്നെ വ്യത്യസ്ത സൈദ്ധാന്തികഭാഷകളിൽ സംസാരിക്കുന്ന ഫെമിനിസ്റ്റുകൾ തമ്മിൽ കാര്യമായ അഭിപ്രായവ്യത്യാസങ്ങളും, പരസ്യമായ, അ




സുഖകരങ്ങളായ, തർക്കങ്ങളും ഉണ്ടായി. ഉദാഹരണത്തിന്, സോഷ്യലിസ്റ്റ് ഫെമിനിസത്തിന്റെ ഭാഷയിൽ ഫെമിനിസത്തെ മനസ്സിലാക്കിയവരെ സംബന്ധിച്ചിടത്തോളം ആഗോള ഏജൻസികളുടെ നവലിബറൽ ഫെമിനിസ്റ്റ് ഭാഷ അരോചകമായിരുന്നു.

ഏജൻസി, ലൈംഗികത്തൊഴിൽ മുതലായ സങ്കല്പനങ്ങൾ ആഗോളകുത്തകകളുടെ ഗൂഢാലോചനയുടെ ഫലങ്ങളാണെന്ന് അവർ പ്രഖ്യാപിച്ചു. അവരെ സംബന്ധിച്ചിടത്തോളം ആ സങ്കല്പനങ്ങളെ കേരളചരിത്രത്തിൽത്തന്നെ ഏറ്റവും ഹിംസാത്മകമാ

യ വിധത്തിൽ തമസ്കരിക്കപ്പെട്ട ഒരു വിഭാഗം സ്ത്രീകൾ തങ്ങളുടേതായ രീതിയിൽ പുനർവ്യാഖ്യാനം ചെയ്യാൻ നടത്തിയ ശ്രമം അദൃശ്യമായിരുന്നു.

എന്നാൽ നവലിബറൽ ഫെമിനിസത്തിന്റെ സാങ്കേതികഭാഷ മറ്റൊരു വഴിക്ക് ഭരണകൂടവഴിക്ക് എത്തിയപ്പോൾ അവർക്ക് അത്ര അരോചകമായില്ല. അതായത്, ശാക്തീകരണം എന്ന സങ്കല്പത്തെ സ്ത്രീകളെ ജനാധിപത്യത്തിൽ ഉൾച്ചേർക്കാനുള്ള മുഖ്യമാർഗമായി പ്രക്ഷേപിക്കപ്പെട്ടപ്പോൾ അത് വിമോചനം എന്ന ഫെമിനിസ്റ്റ് രാഷ്ട്രീയലക്ഷ്യത്തെ മൂലയ്ക്കിരുത്തിയെങ്കിലും അതിന്റെ നവലിബറൽ മാനങ്ങളെ തിരിച്ചറിഞ്ഞു വിമർശിക്കാൻ അധികമാരും കൂട്ടാക്കിയില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ആഗോളതലത്തിൽ ഐക്യരാഷ്ട്രസഭയടക്കമുള്ള സംവിധാനങ്ങളിൽ നിന്നുതന്നെ പ്രവഹിച്ചു തുടങ്ങിയിരുന്ന നവലിബറൽ ഫെമിനിസഭാഷ ഇവിടുത്തെ വ്യവസ്ഥാപിത ലൈംഗികതാധാരണകളെ അട്ടിമറിക്കുമെന്നു തോന്നിപ്പോൾ, ആ ഭാഷ അതിനായി ഉപയോഗിക്കാൻ ശ്രമിച്ചത് അങ്ങേയറ്റം തമസ്കരിക്കപ്പെട്ട, സ്ത്രീവിഭാഗമായതുകൊണ്ട്, അത് ഇവിടുത്തെ ഫെമിനിസ്റ്റുകൾക്കു വർജ്യമായി. എന്നാൽ ആഗോളമുതലാളിത്ത നവലിബറലിസത്തിന്റേതു തന്നെയായ സ്ത്രീശാക്തീകരണഭാഷ ഭരണകൂട

ഇന്നത്തെ പ്രശ്നം ഇല്ലായ്മയുടേതല്ല. അതുപോലെ മനസിലാവായ്കയുടെ പ്രശ്നവും പണ്ടത്തെയത്ര രൂക്ഷമല്ല. മറിച്ച്, ഇന്നുള്ള ഫെമിനിസ്റ്റ് ഭാഷയുടെ ഉൾക്കൊള്ളൽശേഷി എങ്ങനെ വിപുലമാക്കാം, മലയാളി ഫെമിനിസത്തിന്റെ ഭാഷയെ മുഖ്യധാരാ ഇടത് അതിന്റെ സ്വന്തം താത്പര്യങ്ങൾക്കായി സ്വീകരിക്കുകയും എന്നാൽ ഒരു രാഷ്ട്രീയമെന്ന നിലയ്ക്ക് ഫെമിനിസത്തെ പൂർവാധികം അരികുവത്ക്കരിക്കുകയും ചെയ്യുന്ന അവസ്ഥയെ എങ്ങനെ നേരിടാം,

ത്തിൽ നിന്നു പുറപ്പെട്ടപ്പോൾ അത് ഫെമിനിസ്റ്റുകളടക്കമുള്ള മലയാളി പുരോഗമനവാദികൾക്ക് സ്വീകാര്യമായി. ഇതിനിടയിൽ, തദ്ദേശീയസമൂഹത്തെ പഠിച്ചുകൊണ്ട് നമ്മുടേതായ സൈദ്ധാന്തികഭാഷയും സങ്കല്പനങ്ങളും സൃഷ്ടിക്കാനുള്ള ശ്രമം തീരെ പ്രധാനമല്ലാതെയായി. ഈ ചർചകൾക്കു ശേഷം അനേകം വർഷങ്ങൾ കടന്നുപോയിരിക്കുന്നു. ഇന്ന് മലയാളിഫെമിനിസത്തിന് അതിന്റേതായ ജ്ഞാനഭാഷയും സങ്കല്പനങ്ങളുമുണ്ടെന്ന് തീർചയായും പറയാം.

അതായത്, ഇന്നത്തെ പ്രശ്നം ഇല്ലായ്മയുടേതല്ല. അതുപോലെ മനസിലാവായ്കയുടെ പ്രശ്നവും പണ്ടത്തെയത്ര രൂക്ഷമല്ല. മറിച്ച്, ഇന്നുള്ള ഫെമിനിസ്റ്റ് ഭാഷയുടെ ഉൾക്കൊള്ളൽശേഷി എങ്ങനെ വിപുലമാക്കാം, മലയാളി ഫെമിനിസത്തിന്റെ ഭാഷയെ മുഖ്യധാരാ ഇടത് അതിന്റെ സ്വന്തം താത്പര്യങ്ങൾക്കായി സ്വീകരിക്കുകയും എന്നാൽ ഒരു രാഷ്ട്രീയമെന്ന നിലയ്ക്ക് ഫെമിനിസത്തെ പൂർവാധികം അരികുവത്ക്കരിക്കുകയും ചെയ്യുന്ന അവസ്ഥയെ എങ്ങനെ നേരിടാം, എന്നൊക്കെയുള്ള പ്രശ്നങ്ങളാണ് മുന്നിൽ. എന്നാൽ ഫെമിനിസ്റ്റ് ആഖ്യാനങ്ങളെ ജനാധിപത്യവത്ക്കരിക്കാനുള്ള പരിശ്രമം അവസാനമില്ലാത്ത ഒന്നത്രെ. സ്ത്രീകൾ എന്ന സംവർഗത്തിന്റെ സങ്കീർണതകളുടെ ആന്തരിക അസമത്വങ്ങളും അംഗീകരിക്കപ്പെട്ടതോടുകൂടി ഫെമിനിസത്തിന്റെ ഭാഷയുടെ സങ്കീർണതയും ഏറാനാണിട.

ചർച്ചാവിഷയം

**ഡോ. സന്ധ്യ പി.പി.**
ഹയർ സെക്കൻണ്ടറി അധ്യാപിക
ഗവ.രാജാസ് ഹയർ സെക്കന്ററി സ്കൂൾ, കോട്ടയ്ക്കൽ



# സ്ത്രീ പരാമർശപദങ്ങളിലെ അർത്ഥമാറ്റം

ആശയവിനിമയങ്ങളുടെ ക്രിയാത്മകത അടയാളപ്പെടുത്തുന്നത് ഭാഷയിലൂടെയാണ്. വാമൊഴിയായും വരമൊഴിയായും അതതുകാലത്തിന്റെ ജീവന ശക്തിയായയാണ് ഭാഷ നിലനിൽക്കുന്നത്. ലോകത്തിന്റെ അറിവുകൾ തിരിച്ചറിഞ്ഞ് പരിണമിക്കുക എന്നത് ഏതൊരു സജീവ ഭാഷയിലും സ്വാഭാവികമാണ്. ദൈനംദിന വ്യവഹാരങ്ങളിലൂടെ നിരന്തരം നവീകരിച്ചും മാറിയും തന്നെയാണ് ഭാഷ സജീവമായി നിലനിൽക്കു



ന്നത്. ഭാഷയിൽ സംഭവിക്കുന്ന ബാഹ്യവും ആഭ്യന്തരവുമായ പരിണാമങ്ങൾ സംസ്കാരത്തിന്റെ പരിണിതഫലം തന്നെയാണെന്ന് പറയാം. ഭാഷയിൽ ഒരു പദം തന്നെ നാം പല അർത്ഥങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. പദങ്ങൾക്ക് കാലക്രമേണ അർത്ഥവ്യാപ്തി, അർത്ഥസങ്കോചം, സംഗം അർത്ഥാപകർഷം, അർത്ഥാദേശം തുടങ്ങിയ രീതികളിൽ അർത്ഥമാറ്റം സംഭവിക്കുന്നു. (വേദബന്ധു അർത്ഥവിജ്ഞാനം 1 9 7 2 4 9) ഇതിനുള്ള കാരണങ്ങൾ ശബ്ദങ്ങളുടെ പ്രായോഗികാധിക്യം, അലങ്കാരം, സാമ്യം പ്രയോഗത്തിൽ അവധാനക്കുറവ്, അജ്ഞാനം, അന്ധവിശ്വാസം, കാലഗതി, ദേശസ്നേഹം , ശുഭവും അശുഭവുമായ പ്രയോഗം, വ്യംഗ്യം, സ്നേഹാതിശയം, ഈർഷ്യാലുത, പ്രകരണം, ഭാഷാഭേദം, പ്രയത്ന ലാഘവം, പുനരുക്തി, അന്യഭാഷയിൽ നിന്നു പകർത്തിയതിന്റെ ഭാഷാന്തരം, ചുറ്റുപാടിൽ സംഭവിക്കുന്ന മാറ്റങ്ങൾ, സാംസ്കാരികം, വൈകാരികതാ പ്രാമുഖ്യം, സാമൂഹികം, വിലക്ക് ചരിത്ര സംഭവങ്ങൾ, പദവിപര്യയം തുടങ്ങിയവയാണ് . ഈ കാരണങ്ങളിൽ പലതും സ്ത്രീയുമായി ബന്ധപ്പെട്ടതും സ്ത്രീ സൂചകങ്ങളുമായ പദങ്ങൾക്ക് അർത്ഥമാറ്റത്തി

നിടവരുത്തിയിട്ടുണ്ട്. അത്തരം ഒരു അന്വേഷണമാണ് ഈ ലേഖനം. ചരിത്രസംഭവങ്ങൾ മലയാളികളുടെ മനസ്സിൽ ഇടം നേടിയപ്പോൾ സൂര്യനെല്ലി, കിളിരൂർ തുടങ്ങിയ സ്ഥലങ്ങളുടെ പേരുകൾ ആ സ്ഥലപ്പേരുകൾ സൂചിപ്പിക്കുന്നതിനു പുറമെ പെൺവാണിഭത്തെക്കുറിക്കുന്നവയുമായി. അതിക്രൂരമായി ലൈംഗിക ചൂഷണത്തിനിരയായവരുടെ ഇടം എന്ന അർത്ഥത്തിൽ ഈ സ്ഥലപ്പേരുകൾ സൂചിപ്പിക്കപ്പെടാൻ തുടങ്ങി. ഐസ്ക്രീം പാർലർ കേസിനു ശേഷം ഐസ്ക്രീം എന്ന പ്രയോഗം പലപ്പോഴും പീഡനവുമായി ബന്ധപ്പെട്ട അർത്ഥം സംവേദനം ചെയ്യുന്നു. ഇവിടെയെല്ലാം സംഭവങ്ങളാണ് പുതിയ അർത്ഥത്തെ സൃഷ്ടിച്ചെടുത്തത്. വിലക്ക് കൽപ്പിക്കുന്നതിന്റെ ഭാഗമായി ചില പദങ്ങൾക്കു പകരം മറ്റു ചില പദങ്ങളെ ഉപയോഗിച്ചുതുടങ്ങി. ഭയം, ബഹുമാനം, ലജ്ജ, മാന്യതാസങ്കല്പം, ഔചിത്യബോധം ഇവയുടെ അടിസ്ഥാനത്തിൽ പല പദങ്ങളെയും വളച്ചുകെട്ടി പറയാറുണ്ട്. ലൈംഗികാവയവങ്ങൾ, വിസർജ്ജനം, സംഭോഗം, ഗർഭധാരണം ആർത്തവം തുടങ്ങിയവയെ സൂചിപ്പിക്കാൻ പലപ്പോഴും മറ്റു പദങ്ങൾ പ്രയോഗിക്കുന്നത് കാണാം ഇത് വരമൊഴിയെക്കാൾ കൂടുതൽ കാണപ്പെടുന്നത് വാമൊഴിയിൽ



ആണ് . ഇത്തരം പ്രയോഗങ്ങൾ പദങ്ങളുടെ അർത്ഥ പരിണാമത്തിന് കാരണമായിത്തീരുന്നു. സ്ത്രീ അവയവങ്ങളായ നിതംബം, സ്തനം തുടങ്ങിയ സംസ്കൃതപദങ്ങൾ സഭായോഗ്യം ആയിരിക്കുകയും അതേ അർത്ഥം നൽകുന്ന ചന്തി, കുണ്ടി, മുല എന്നീ പദങ്ങൾ സഭാ യോഗ്യമല്ലാതെ ഇരിക്കുകയും ചെയ്യുന്നത് ഭാഷയിലെ വർഗ്ഗത്തിന്റെ ഫലമായാണ്. സ്ത്രീകളുടെ ആർത്തവവുമായി ബന്ധപ്പെട്ട നിരവധി പദങ്ങൾ ഭാഷയിൽ പ്രയോഗത്തിലുണ്ട്. ആർത്തവസമയത്തെ സൂചിപ്പിക്കാനായി വാമൊഴിയിൽ ഉപയോഗിച്ചിരുന്ന പുറത്താവുക എന്ന പദത്തിന് അപകർഷത തോന്നുകയും പകരം ഇംഗ്ലീഷ് പദമായ പിരിയഡ്സിന് സ്വീകാര്യത വരികയും ചെയ്യുന്നു . ഇതിന് മാധ്യമങ്ങളുടെ പ്രധാനമായും പരസ്യങ്ങളുടെ സ്വാധീനമാണ് കാരണമെന്ന് പറയാവുന്നതാണ്. എന്നാൽ പുതുതലമുറയിൽ പ്രധാനമായും കാമ്പസ് ഭാഷയിൽ സമരം, ലീവ് , ഒഴിവ് , കൊടി പൊക്കുക, റെഡ് അലർട്ട്, ക്യൂട്ടക്സ്കുപ്പി പൊട്ടുക, ആന്റി വരുക, ഔട്ട് ഓഫ് കവറേ

ജ്, പരിധിക്ക് പുറത്ത് തുടങ്ങിയ ധാരാളം പ്രയോഗങ്ങളുമുണ്ട്. ഈ പദങ്ങൾ പൊതു സമൂഹത്തിനിടയിലേക്കും പ്രചരിച്ചു വരുന്നു.

സ്ത്രീയുടെ വസ്ത്രങ്ങളെ പ്രത്യേകിച്ചും അടിവസ്ത്രങ്ങളെ സൂചിപ്പിക്കുന്നതിനും പല ലാക്ഷണിക പദങ്ങൾ കാമ്പസിൽ കാണാം. അടിവസ്ത്രത്തിന്റെ ഭാഗങ്ങൾ കാണുമ്പോൾ കുഞ്ചാക്കോ ബോബൻ ചിരിക്കുന്നു എന്ന് കൂട്ടുകാരികൾ തമ്മിൽ പറയാറുണ്ടായിരുന്നു. പല ക്യാമ്പസിലും പല വാക്കുകളിൽ അത്തരം പരാമർശങ്ങളുണ്ട്. വ്യക്തിയുടെ എല്ലാത്തരം ഇടപെടലുകളെയും സമൂഹം നിയന്ത്രിക്കുന്നതുകൊണ്ടു തന്നെ സാമൂഹികോൽപ്പന്നമായ ഭാഷയിലും ഇത്

**പ്രണയവുമായി ബന്ധപ്പെട്ട ഒരു പദമാണ് വളയ്ക്കുക എന്നത്. കമ്പി വളയ്ക്കുമ്പോൾ നമ്മുടെ ഇഷ്ടാനുസരണം മെരുക്കി എടുക്കുകയാണ് ചെയ്യുന്നത്. ഈ പ്രക്രിയ തന്നെയാണ് വളയ്ക്കുക എന്ന പദത്തിന്റെ അർത്ഥമാറ്റത്തിന് കാരണമായത്. തേയ്ക്കുക,തേപ്പ് എന്നീ പദങ്ങൾ പ്രണയിച്ചു പറ്റിക്കുക എന്ന അർത്ഥത്തിൽ സാർവ്വത്രികമാകാൻ നവസിനിമകൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്.**



കടന്നു വരുന്നു എന്ന് വിലക്കു പദങ്ങളുടെ  സാമൂഹിക ഭാഷാ സ്വഭാവം എന്ന ഗവേഷണ പ്രബന്ധത്തിൽ ഫ്രാൻസിസ് ടി.എ. വിശദമാക്കുന്നുണ്ട്  1995-49 പല കൂട്ടായ്മകൾക്കിടയിലും ഇത്തരം വിലക്ക് പദങ്ങൾ പ്രയോഗത്തിലുണ്ട്. ഉദാഹരണത്തിന് വാഹനത്തിനുള്ളിൽ അധികമായി സൂക്ഷിക്കുന്ന ചക്രത്തെ സ്റ്റെപ്പിനി എന്ന് പറയുമെങ്കിലും പുരുഷന്റെ പരസ്ത്രീ ബന്ധത്തെ കൂടി ഈ പദംകൊണ്ട് വ്യവഹരിക്കാറുണ്ട്. ഇതേ അർത്ഥത്തിൽ പ്രയോഗിക്കുന്ന മറ്റൊരു പദമാണ് കീപ്. ബസ് യാത്രയ്ക്കിടയിൽ സംഭവിക്കുന്ന പീഡനശ്രമങ്ങളെ പരാമർശിക്കാൻ ജാക്കി വെക്കുക എന്നു പറയാറുണ്ട്. വാഹനവുമായി ബന്ധപ്പെട്ട മേഖലയിൽ സ്ത്രീശരീരത്തെ വാഹന ഭാഗങ്ങളുമായി താരതമ്യപ്പെടുത്തി സൂ



**സംസ്കാരവും ഭാഷയും തമ്മിലുള്ള ബന്ധത്തിന്റെ മറ്റൊരു പ്രതിഫലനമാണ് ബന്ധസൂചക പദങ്ങൾ. സാമൂഹിക വ്യത്യാസം മൂലം വൈവിധ്യം കാണിക്കുന്ന ഭാഷാ മേഖലയാണിത്. സ്ത്രീ ബന്ധസൂചക പദങ്ങളിൽ പലതിനും അർത്ഥമാറ്റം വന്നിട്ടുണ്ട്**

ചിപ്പിക്കുന്നു. സ്ത്രീ നിതംബത്തെ സൂചിപ്പിക്കുന്നതിനു വേണ്ടി ബാക്ക് എഞ്ചിൻ എന്നും സ്തനത്തെ സൂചിപ്പിക്കുന്നതായി ഹെഡ്‌ലൈറ്റ്, ബോണറ്റ് എന്നുമെല്ലാം പ്രയോഗങ്ങളുണ്ട്. പ്രണയവുമായി ബന്ധപ്പെട്ട ഒരു പദമാണ് വളയ്ക്കുക എന്നത്. കമ്പി വളയ്ക്കുമ്പോൾ നമ്മുടെ ഇഷ്ടാനുസരണം മെരുക്കി എടുക്കുകയാണ് ചെയ്യുന്നത്. ഈ പ്രക്രിയ തന്നെയാണ് വളയ്ക്കുക എന്ന പദത്തിന്റെ അർത്ഥമാറ്റത്തിന് കാരണമായത്. തേയ്ക്കുക,തേപ്പ് എന്നീ പദങ്ങൾ പ്രണയിച്ചു പറ്റിക്കുക എന്ന അർത്ഥത്തിൽ സാർവ്വത്രികമാകാൻ നവസിനിമകൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സംസ്കാരവും ഭാഷയും തമ്മിലുള്ള ബന്ധത്തിന്റെ മറ്റൊരു പ്രതിഫലനമാണ് ബന്ധസൂചക പദങ്ങൾ . സാമൂഹിക വ്യത്യാസം മൂലം വൈവിധ്യം കാണിക്കുന്ന ഭാഷാ മേഖലയാണിത്. സ്ത്രീ ബന്ധസൂചക പദങ്ങളിൽ പലതിനും അർത്ഥം മാറ്റം വന്നിട്ടുണ്ട് .അച്ഛന്റെ സഹോദരിയെയും അമ്മയുടെ സഹോദരന്റെ ഭാര്യയെയും വിളിക്കുന്ന അമ്മായി എന്ന പദം അച്ഛനെയും അമ്മയെയും സൂചിപ്പിക്കുന്ന തന്ത, തള്ള എന്നീ പദങ്ങളും ശകാരവാക്കുകൾ ആയി മാറിയിട്ടുണ്ട് .കുമാരനാശാന്റെ ഒരു കവിതയുടെ പേര് തള്ളയും കുട്ടിയും എന്ന് ആയിരുന്നത് പാഠപുസ്തകത്തിൽ അമ്മയും കുട്ടിയും എന്നാക്കിയത് ഇതിന് സാധുത നൽകുന്നു  അമ്മയെന്ന പദത്തോടുള്ള ബഹുമാനം തള്ളയെന്ന പദത്തിൽ കാണുന്നില്ല. മാത്രമല്ല തന്തയ്ക്ക് വിളിക്കുമ്പോൾ പോലും കുറ്റക്കാരിയായിത്തീരുന്നത് അമ്മയാണ് എന്ന വസ്തുതയും വ്യക്തമാക്കട്ടെ .ലൈംഗിക

തയുമായി ബന്ധപ്പെട്ട് സ്ത്രീകളെ ശകാരിക്കാനുപയോഗിക്കുന്ന നിരവധി പദങ്ങൾ ഭാഷയിൽ ഉണ്ട് .സ്ത്രീകളെ അധിക്ഷേപിക്കുന്നതിനായി ഉപയോഗിക്കുന്ന ശകാരവാക്കുകൾ മുഴുവനും യഥാർത്ഥത്തിൽ ലൈംഗിക അടിസ്ഥാനത്തിലുള്ളവയാണെന്ന് പറയാം. ഒരുകാലത്ത് നർത്തകി എന്ന അർത്ഥത്തിൽ മാത്രം ഉപയോഗിക്കപ്പെട്ടിരുന്ന ആട്ടക്കാരി, കൂത്തച്ചി, തേവിടിച്ചി എന്നീ പദങ്ങൾ തോന്ന്യാസക്കാരി വഴിപിഴച്ചവൾ എന്ന അർത്ഥത്തിലാണ് ഇന്ന് പ്രയോഗത്തിലുള്ളത് . എന്നാൽ ആട്ടക്കാരൻ എന്ന പദത്തിന് അർത്ഥം മാറ്റം സംഭവിച്ചിട്ടില്ല ശബ്ദതാരാവലിയിൽ ആട്ടക്കാരന് കഥകളി നടൻ, ആടുന്നവൻ എന്നീ അർത്ഥങ്ങൾ നൽകുമ്പോൾ തന്നെ ആട്ടക്കാരിക്ക് ആടുന്നവൾ, നർത്തകി, കുഴഞ്ഞാടുന്നവൾ, തോന്ന്യാസക്കാരി എന്നീ അർത്ഥങ്ങളാണ് നൽകിയിട്ടുള്ളത്. 2015-258 ഇതേ അർത്ഥം മറ്റ് മലയാള നിഘണ്ടുക്കളും പിന്തുടരുന്നു. ഇളംകുളം കുഞ്ഞൻപിള്ളയാണ് പ്രാചീന



സാഹിത്യകൃതികളിലെ നായികമാർ ദേവദാസികളാണെന്നും അവർ കേരള ക്ഷേത്രങ്ങളിലെ നൃത്തക്കാരികളായിരുന്നുവെന്നും സിദ്ധാന്ത രൂപേണ സമർത്ഥിച്ചതെന്ന് 'ദേവദാസികളും സാഹിത്യ ചരിത്രവും' എന്ന കൃതിയിൽ പി.സോമൻ അഭിപ്രായപ്പെടുന്നുണ്ട്. മരുമക്കത്തായ ലൈംഗിക ജീവിതത്തെയും അതിന്റെ പ്രതിഫലനമായ മണിപ്രവാള സാഹിത്യത്തെയും നിരീക്ഷിച്ച ഇളംകുളം മണിപ്രവാള കൃതികളുടെ വ്യാഖ്യാനത്തിൽ നായികമാരുടെ ചരിത്രപരമായ സ്വത്വം കണ്ടെത്താൻ ശ്രമിച്ചപ്പോൾ തേവിടിച്ചിപ്രസ്ഥാന സിദ്ധാന്തം ആവിഷ്കരിക്കുകയാണ് ചെയ്തതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. രാജാക്കന്മാർ ദേവദാസികളെ ഭാര്യമാരായി സ്വീകരിക്കുകയും സ്വപുത്രിമാരെ ദേവദാസികളായി ക്ഷേത്രങ്ങൾക്ക് സംഭാവന നൽകുകയും പതിവുണ്ടായിരുന്നു. കൂത്തത്തികൾ , കൂത്തികൾ, കൂത്ത സ്ത്രീകൾ, ആടുംപാത്രങ്ങൾ, തളിച്ചേരിപ്പെണ്ടുകൾ തളിനങ്ങൾ, കുടിക്കാരികൾ, നങ്ങച്ചികൾ എന്നീ പേരുകളിലെല്ലാം അവർ അറിയപ്പെട്ടിരുന്നു . ദേവന്റെ അടിയാൾ പിന്നീട് ഭരണാധികാരികളുടെയെല്ലാം അടിയാളിത്തീർന്നതോടെയാണ് ഈ പദത്തിനും അപകൃഷ്ടത വരുന്നത്. സ്ത്രീകളെ അസഭ്യമായി പരാമർശിക്കുന്നതിന് ഉപയോഗിക്കുന്ന മറ്റൊരു പദമാണ് ചരക്ക് . സാധനം, കച്ചവട സാധനം ഓടുകൊണ്ടുള്ള വലിയ പാത്രം എന്നീ അർത്ഥങ്ങളിൽ ഭാഷയിൽ സാധാരണ പ്രയോഗിക്കാറുണ്ടെങ്കിലും സ്ത്രീയെ വസ്തുവൽക്കരിക്കുന്ന രീതിയിൽ ഈ പദത്തിന് അധി

കാർത്ഥമുണ്ട്. സംഭോഗത്തിന് വേണ്ടിയുള്ള വസ്തു എന്ന രീതിയിലാണ് ഈ പദത്തിന് അപകർഷം സംഭവിച്ചിരിക്കുന്നത്. ഇതേ അർത്ഥത്തിൽ തന്നെ പീസ് എന്നും പരാമർശിക്കുന്നത് കാണാം. ലൈംഗികക്രിയയുമായി ബന്ധപ്പെടുത്തി കൊണ്ട് നടത്തുന്ന മറ്റൊരു സ്ത്രീ പരാമർശമാണ് വെടി. വ്യഭിചാരണി എന്ന അർത്ഥത്തിൽ ഈ പദത്തിന് കൂടുതൽ പ്രയോഗം വന്നിട്ടുണ്ട് . ഭാഷയിൽ നിലനിൽക്കുന്ന ലിംഗ വിവേചനത്തിന് സമൂഹത്തിന്റെ അധികാരഘടനയുമായി ബന്ധമുണ്ട്. പുരുഷകേന്ദ്രിതമായ ഭാഷാപ്രപഞ്ചം തന്നെയാണ് മലയാളത്തിലും കാണുന്നത് . ശബ്ദം, പദം, അർത്ഥം, വ്യാകരണം, ശൈലികൾ, പഴഞ്ചൊല്ലുകൾ എന്നിങ്ങനെ ഭാഷയുടെ എല്ലാതലത്തിലും ആൺകോയ്മയുടേതായ ലിംഗാവബോധം പ്രകടമാണ് . സ്ത്രീ/ പുരുഷൻ എന്നിവ ജീവശാസ്ത്രപരമാണെങ്കിൽ ആണത്തം/ പെണ്ണത്തം എന്ന ലിംഗ കൽപ്പന ചില പ്രത്യേക സ്വഭാവ സവിശേഷതകളെയും പെരുമാറ്റ രീതികളെയും ആധാരമാക്കിക്കൊണ്ടുള്ള സാമൂഹിക സൃഷ്ടിയാണ്. സാമൂഹികമായും സാംസ്കാരികമായും സ്ത്രീയെ



യും പുരുഷനെയും വിവേചനപ്പെടുത്തുന്ന സാമൂഹിക പ്രതിഭാസമാണിത്. കളമൊഴി, തേന്മൊഴി , കിളിമൊഴി എന്നൊക്കെ സ്ത്രീശബ്ദത്തെയും കടലിന്റെ ഇരമ്പൽ പോലെ ഗൗരവമായതെന്ന് പുരുഷശബ്ദത്തെയും ഉപമിക്കുമ്പോൾത്തന്നെ പെൺശബ്ദമുള്ള പുരുഷനെ സമൂഹത്തിൽ അപഹാസ്യമായി കാണുന്നു .ട്രാൻസ്ജെണ്ടേസിന് സമൂഹത്തിൽ പരിഗണന ലഭിച്ചിട്ടുണ്ടെങ്കിൽ കൂടി ശിശുവിന്റെ ജനനം മുതൽ തന്നെ ലിംഗവ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ചില അവകാശങ്ങളും അധികാരങ്ങളും നിഷേധങ്ങളും പുരുഷനും സ്ത്രീക്കും വെവ്വേറെ കൽപ്പിച്ച് കൊടുത്തിട്ടുണ്ട്. ഇത് ഭാഷയിലും പ്രതിഫലിച്ചു കാണുന്നു. ചരിത്രത്തെയും സംസ്കാരത്തെയും ലയിപ്പിച്ചു കൊണ്ടാണ് ഓരോ വ്യവഹാരവും ഭാഷയിലും നിലനിൽക്കുന്നത്.

ചർച്ചാവിഷയം

ജിസ ജോസ്, വകുപ്പധ്യക്ഷ, മലയാള വിഭാഗം
ബ്രണ്ണൻ കോളേജ്

# ഭാഷയും സ്ത്രീയും: പ്രതിസന്ധികളും സാധ്യതകളും





സ്വയം നവീകരിക്കുക എന്ന വിശാലമായ ലക്ഷ്യത്തോടെ എഴുതുന്നതുകൊണ്ട്  പാരമ്പര്യങ്ങളെ അതിലംഘിക്കാനുള്ള വ്യഗ്രത നിറഞ്ഞവയാണ് സ്ത്രീ രചനകൾ എല്ലായ്പ്പോഴും. ഇങ്ങനെയൊരു ലക്ഷ്യം ഉണ്ടായിരിക്കുമ്പോഴും ആണധികാര സമൂഹത്തിൽ സ്ത്രീകൾക്ക്  ഉപയോഗിക്കുവാനുള്ള ഭാഷ ലിംഗവൽക്കരിക്കപ്പെടുന്നത് വളരെ സ്വാഭാവികമാണ്. പുരുഷന്മാരായ എഴുത്തുകാർ ഒഴുക്കുള്ളതും ഉയർന്ന അളവിൽ ആവിഷ്കരണസാധ്യതകളുള്ളതും പുരുഷാഭീഷ്ടങ്ങൾക്കനുസൃതവുമായ ഭാഷ സ്വന്തമെന്നോണം ഉപയോഗിക്കുന്നതിനെക്കുറിച്ച് വെർജിനീയ വൂൾഫ് പറയുന്നുണ്ട്. ഭാഷയുടെ ഉടമസ്ഥൻ പുരുഷനാണെന്നു സാരം. അവന്റെ ഭാഷ അയവുകളില്ലാത്തതും ആത്മബോധത്തിന്റെ സ്പർശമുള്ളതുമാണ്.  സ്ത്രീയുടെ ഉപയോഗങ്ങൾക്ക് ഒരു ഭാ

ഷ തന്നെ ഉണ്ടാവണമെന്നില്ല. അവൾ തന്റെ ആവശ്യങ്ങൾക്കായി ഭാഷ കടം പറ്റുന്നു. അതാകട്ടെ തീർത്തും അനുചിതവും അപൂർണവും .സ്ത്രീ ഭാഷയുടെ സവിശേഷതകളായി ടിലി ഓർസൺ ,അഭാവങ്ങളെയും നിഷേധങ്ങളെയും നിശബ്ദതയെയും ചിത്തഭ്രമത്തെയും ചൂണ്ടിക്കാണിക്കുന്നത് ഇതുകൊണ്ടാണ്.സ്ത്രീ രചനയിൽ അഭാവം ,നിഷേധം ,നിഗൂഢത തുടങ്ങി Syntagmatic Elements ഉം പുരുഷ രചനകളിൽ പ്രഭാവം ,സ്വാധീനം ,സുതാര്യത ഇവ സൂചിപ്പിക്കുന്ന Paradigmatic Elements ഉം കൂടുതലുള്ളതായി ആൻ സെക്സ്റ്റൻ ഉദാഹരണങ്ങളോടെ സമർത്ഥിക്കുന്നുണ്ട്. (പ്രശാന്ത് കുമാർ 2008 ) ലൈംഗികാധികാരത്തിന്റെ മുഖ്യ ഘടകം ഭാഷയായതുകൊണ്ടും സ്വന്തമായി ഭാഷയില്ലാത്തതുകൊണ്ടും സ്ത്രീയുടെ എഴുത്ത് അധികാരവ്യവസ്ഥകളെ മാറ്റിയെഴുതുകയല്ല ,മറിച്ച് അവയെ പുതുക്കിയെഴുതൽ മാത്രമായിത്തീരുന്നു. എഴുത്തുകാരികൾ അഭിമുഖീകരിക്കുന്ന വലിയ പ്രതിസന്ധിയായി ഇക്കാര്യം എൻ.കെ. രവീന്ദ്രനും പറയുന്നു. പദസംഹിത ,ചിഹ്ന വ്യവസ്ഥ ,അർത്ഥം ,ശൈലി ,പ്രയോഗം ,വ്യാകരണനിയമങ്ങൾ ഒക്കെയും പുരുഷനു വേണ്ടിയുള്ളതാണ്. അവനെ കേന്ദ്രീകരിച്ചുള്ളതും അവന് സ്വയം പ്രകാശനത്തിനുള്ളതുമാണ്. പൗരുഷത്തെ മാതൃകയായെടുക്കുകയും സ്ത്രൈണതയെ അനുബന്ധമായി പരിഗണിക്കുന്നതുമാണ് നിലവിലുള്ള ഭാഷയെന്ന് അദ്ദേഹം സ്ഥാപിക്കുന്നു.

വെർജിനീയ വൂൾഫ്





സ്ത്രീയുടെ ആവിഷ്കരണങ്ങൾക്കിണങ്ങാത്ത ഭാഷ ഉപയോഗിക്കുമ്പോൾ അതൊരു വൈകല്യമായി മാറുകയെന്ന പരിമിതി സ്ത്രീരചനകൾ നേരിടുന്ന പ്രശ്നമാണ്. ഡാലിസ്പെൻസറിന്റെ Man Made Language (1981) ൽ ഭാഷ പൂർണ്ണമായും മാസ്ക്യുലിൻ ആണെന്നും അതിനൊരു നിഷ്പക്ഷമാധ്യമമായി രൂപാന്തരപ്പെടാനാവില്ലെന്നും നിരീക്ഷിച്ചിട്ടുണ്ട്. ആണധികാര സമൂഹങ്ങളിൽ ഭാഷാചിഹ്നങ്ങളും ഭാവനകളും ബിംബങ്ങളുമെല്ലാം പുരുഷകേന്ദ്രിതവും പുരുഷസൃഷ്ടവുമായിരിക്കും, സ്ത്രീകളുടെ അനുഭവങ്ങളെ ആവിഷ്കരിക്കാൻ അപര്യാപ്തങ്ങളും.

പുരുഷന്മാരുടെ അധികാരവും പദവിയും മഹനീയതയുമെല്ലാം ഭാഷാപ്രയോഗങ്ങളിൽ സംരക്ഷിക്കപ്പെടുന്നു. അതുകൊണ്ടാണ് ആലോചനാലേശമില്ലാതെ സമഗ്രവും സ്വതന്ത്രവുമായ ഭാഷാവിനി

മോണിക്ക് വിറ്റിഗ്



മയം പുരുഷന്മാർക്കു സാധ്യമാവുന്നത്. അവർക്ക് അപകീർത്തിക രമായതൊന്നും ഭാഷയുടെ മുഖ്യധാരയാലില്ല. കണ്ഠാധരജിഹ്വതാലുക്കളെയെല്ലാം വിഷലിപ്തമാക്കുന്ന ഒരു ഭാഷയാണ് സ്ത്രീകൾക്കുപയോഗിക്കേണ്ടി വരുന്നതെന്നു മോണിക് വിറ്റിങ് പറയുന്നു. സ്ത്രീകളെ കൊന്നുകളയുന്ന വാക്കുകളെക്കൊണ്ടും പുരുഷന്മാരെ വിജുഗീഷുക്കളാക്കുന്ന ചിഹ്നങ്ങളെക്കൊണ്ടും നിർമ്മിക്കപ്പെട്ടതാണ് ആ ഭാഷയെന്നും വിറ്റിങ് പറയുന്നു. ‘ (എൻ കെ രവീന്ദ്രൻ 2010: 67)

സ്ത്രീകളുടേതു മാത്രമായ മാനസിക ശാരീരികാവസ്ഥകൾ ,വികാരങ്ങൾ , ചിന്തകൾ തുടങ്ങിയവയുടെ സമഗ്രവും സൂക്ഷ്മവുമായ വിനിമയത്തിനു പാകമായ ഭാഷയുടെ അഭാവം സ്ത്രീകൾക്ക് പരിമിതിയാവുന്നു. ആത്മവിശ്വാസമോ ആധികാരികതയോ ഇല്ലാത്ത വിധത്തിലാണ് ഭാഷയുമായുള്ള അവളുടെ ഇടപെടലുകളെല്ലാം തന്നോട് സൗഹൃദമില്ലാത്ത ,എപ്പോഴും വിധേയത്വം ആവശ്യപ്പെടുന്ന അതേ ഭാഷ തന്നെ ഉപയോഗിച്ച് ആശയവിനിമയവും സർഗ്ഗാത്മകാവിഷ്കാരവും നടത്തേണ്ടി വരുന്നു. മർദ്ദകന്റെ അതേ ഭാഷ ,പക്ഷേ സംസാരിക്കാൻ എനിക്കതേയുള്ളൂ മാധ്യമമെന്ന് ആഡ്രിയൻറിച്ച് പറയുന്നത് അതുകൊണ്ടാണ്.സ്ത്രീകളും പുരുഷന്മാരും അവരവരുടെ ജീവിതത്തെ പകർത്തുന്നത്, അനുഭവങ്ങളുടെ സ്വത്വരൂപകല്പനകളെ നിയന്ത്രിക്കുന്ന സാമൂഹികഘടകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. പോസ്റ്റ് സ്ട്രക്ച്ചറലിസ്റ്റ് ഫ്രഞ്ച് ഫെമിനിസ്റ്റ് സമീപനങ്ങൾ ,എന്താണു സ്ത്രീ എന്നറിയാത്തതുകൊണ്ടുതന്നെ പുരുഷന് സ്ത്രീ അനുഭൂതികളെ ,അനുഭവങ്ങളെ യഥാർത്ഥമായി ആവിഷ്കരിക്കാനാവില്ലെന്നു സമർത്ഥിക്കുന്നു. സ്ത്രീക്കാണ് അവളുടെ ശരീരത്തെയും അനുഭവങ്ങളെയും സ്വതന്ത്രമായി പകർത്തുക, ശരീരവുമായി ബന്ധപ്പെട്ട വ്യത്യസ്തകളെ ആഘോഷിക്കാനും വെളിപ്പെടുത്താനുമുള്ള അവകാശം ഉപയോഗിക്കുക തുടങ്ങിയവയൊക്കെ സ്ത്രീകൾക്കു നിഷേധിക്കപ്പെടുന്നു. പുരുഷന്റെ ആവിഷ്കാരങ്ങളിൽ അവളൊരു അദൃശ്യത ആയി മാറാം. സ്ത്രീകൾ പുരുഷനെക്കുറിച്ചെഴുതുമ്പോഴും ഇതേ അപൂർണത സംഭവിക്കാവുന്നതാണ്. രണ്ടു സ്വത്വങ്ങളും ഇടകലരലുകൾക്കോ സ്വതന്ത്രമായ വിനിമയങ്ങൾക്കോ ഇടയില്ലാത്ത വിധം ആന്തരികമായ അധികാരശ്രേണികളിൽ കൃത്യമായി നിബ ന്ധിക്കപ്പെടുന്നതാണതിന്റെ കാരണം.സ്ത്രീഭാഷ ( എലാമഹല ഘമിഴൗമഴല) എന്ന സങ്കല്പനത്തിനു പിന്നിലുള്ളതും ഭാഷയോടുള്ള സ്ത്രീയുടെ അന്യത്വവും അവിശ്വാസവുമാണ്. സ്വന്തം അനുഭവങ്ങളിൽ നിന്നും വികാരങ്ങളിൽ നിന്നും അകലം പാലിച്ച് ,തികച്ചും തന്റേതല്ലാത്ത ഭാഷയിൽ അവൾ സ്വയം പകർത്തേണ്ടി വരുന്നു.

സ്ത്രീക്കു സ്വന്തം ശരീരം ,ലൈംഗികത ഇവയെക്കുറിച്ചു പറയാൻ പുരുഷന്റെ വാക്കുകളാണുള്ളതെന്നു പറഞ്ഞു കഴിഞ്ഞു. ഭാഷയുടെ നിർമ്മാതാവും അധികാരിയും എക്കാലത്തും പുരുഷനായിരുന്നു. സ്ത്രീകൾ ഉപയോഗിക്കുന്ന വാക്കുകൾ ,പറയാവുന്ന അനുഭവങ്ങൾ ഇവയ്ക്കെല്ലാം ആദികാലം മുതൽക്കേ വിലക്കുകളുണ്ടായി. സ്ത്രീ വർഗ്ഗത്തിന്റെ ചരിത്രവും സാ

**പോസ്റ്റ് സ്ട്രക്ച്ചറലിസ്റ്റ് ഫ്രഞ്ച് ഫെമിനിസ്റ്റ് സമീപനങ്ങൾ, എന്താണു സ്ത്രീ എന്നറിയാത്തതുകൊണ്ടുതന്നെ പുരുഷന് സ്ത്രീ അനുഭൂതികളെ, അനുഭവങ്ങളെ യഥാർത്ഥ ആവിഷ്കരിക്കാനാവില്ലെന്നു സമർത്ഥിക്കുന്നു.**

ഹിത്യപാരമ്പര്യവും നിർവ്വചിക്കപ്പെടുന്നത് അവരുടേതല്ലാത്ത ഭാഷയി ലായിരുന്നു. പെൺഭാഷ / പെണ്ണെഴുത്ത് എന്ന സമീപനം തന്നെ ഭാഷയിലെ അസന്തുലിതമായ അധികാരഘടനകളെ നിഷേധിച്ചു കൊണ്ടുണ്ടായതാണ്.

മലയാളത്തിലെ ആദ്യകാലസാഹിത്യം പൂർണമായും പുരുഷന്റേതായിരുന്നു. സ്ത്രീ രചനകളും പുരുഷനിർണിതമായ മൂല്യവ്യവസ്ഥകളെ സംതൃപ്തമാക്കാൻ നിർബന്ധിതമായി. സ്ത്രീകൾ സാഹിത്യത്തിലേക്കു കടന്നുവരുന്നതിനെ പ്രോത്സാഹിപ്പിക്കാനോ കടന്നു വരാത്തതിനെക്കുറിച്ചു വേവലാതിപ്പെടാനോ ചരിത്രകാരന്മാരോ വിമർശകരോ ഉണ്ടായിരുന്നില്ല. അതിലെന്തെങ്കിലും അസ്വാഭാവികത പോലും അവർ കണ്ടില്ല. സാഹിത്യത്തെ / കവിതയെ വനിതയായി സങ്കല്പിക്കുകയും എഴുത്ത് പുരുഷനാണെന്നുറപ്പിക്കുകയും ചെയ്യുന്ന നിരീക്ഷണങ്ങളാണല്ലോ കാവ്യശാസ്ത്ര ഗ്രന്ഥങ്ങളിൽ സുലഭമായുണ്ടായിരുന്നത്. പുരുഷന്റെ/ എഴുത്തുകാരന്റെ ആസക്തികളെ തൃപ്തിപ്പെടുത്തുകയാണ് സ്ത്രീയുടെ / കവിതയുടെ ധർമ്മം. ഇത്തരം പാരമ്പര്യ ധാരണകളെ ധിക്കരിച്ച് ,ആധിപത്യം പുലർത്തുന്ന വ്യവഹാരങ്ങളെ ,സാമൂഹിക മര്യാദകളെ മറികടക്കാനുള്ള ഊർജ്ജം സമ്പാദിക്കുക എളുപ്പമായിരുന്നില്ല. സ്വയം വെളിപ്പെടുത്താനുള്ള ഭാഷ കൂടി പുതിയതായി സൃഷ്ടിക്കേണ്ടി വരുന്നുവെന്നത് എഴുത്തുകാരി നേരിടുന്ന വലിയ വെല്ലുവിളിയുമാണ്.

> സ്ത്രീകൾ സാഹിത്യത്തിലേക്കു കടന്നു വരുന്നതിനെ പ്രോത്സാഹിപ്പിക്കാനോ കടന്നു വരാത്തതിനെക്കുറിച്ച് വേവലാതിപ്പെടാനോ ചരിത്രകാരന്മാരോ വിമർശകരോ ഉണ്ടായിരുന്നില്ല. അതിലെന്തെങ്കിലും അസ്വാഭാവികത പോലും അവർ കണ്ടില്ല.

നിലവിലുള്ള ഭാഷ പുരുഷാധികാരത്തിന്റെ ചിഹ്നങ്ങൾ പതിഞ്ഞ്, ലിംഗനീതിയുടെ എല്ലാ സാധ്യതകളെയും ഇല്ലാതാക്കിയ അധീശവ്യവഹാരം മാത്രമാണ്. ഭാഷയുടെ പരിമിതികളെക്കുറിച്ച് 1950 കളിൽ കെ.സരസ്വതിയമ്മ എഴുതുന്നുണ്ട്.സ്പോർട്സ്മാൻ എന്നല്ലാതെ സ്പോർട്സ് വുമൺ എന്ന പ്രയോഗം ഭാഷയിലില്ലാത്തതിനു കാരണം, സ്ത്രീയുടെ കായിക വൈദഗ്ധ്യവും നർമ്മബോധവും മറ്റും എന്തിന് സ്ത്രീ തന്നെയും ഗാർഹികരംഗത്തിനപ്പുറം പോകുന്നത് അവജ്ഞാപൂർവ്വം വീക്ഷിക്കുന്നതാണെന്ന് അവർ കണ്ടെത്തുന്നു. സ്ത്രീയിൽ നിന്ന് അളവില്ലാത്ത ത്യാഗവും സഹനശക്തിയും മാത്രം പ്രതീക്ഷിക്കുന്ന സമൂഹം അവളിലെ സ്പോർട്സ്മാൻസ്പിരിറ്റ് സ്വാഗതാർഹമായി സ്വീകരിക്കുകയില്ല. ഏകപത്നീവ്രതം, ഭാര്യ തുടങ്ങിയ വാക്കുകളൊക്കെ സ്ത്രീയുടെ പരിമിതിയാവുന്നതിനെക്കുറിച്ച് സരസ്വതിയമ്മ രേഖപ്പെടുത്തുന്നുണ്ട്. ഭാഷയുടെ ഏകപക്ഷീയത ,സവിശേഷമായ ചില പ്രയോഗങ്ങൾ ഏക ലിംഗസൂചകമാവുന്നത് ,അതിലൂടെ ചില പ്രത്യേകാനുഭവങ്ങൾ ,അവസ്ഥകൾ അവർക്കു നിഷേധിക്കപ്പെടുന്നത് സരസ്വതിയമ്മ വസ്തുനിഷ്ഠമായി വെളിപ്പെടുത്തുന്നു.

ഭാഷ സാംസ്കാരിക നിർമ്മിതിയാണെന്നും അതു സ്ത്രീയുടെ വിധേയപദവിയെ സ്ഥാപിച്ചെടുക്കുന്നുവെന്നും വ്യക്തമാക്കുന്ന നിരീക്ഷണങ്ങൾ 1946ൽ തെക്കേക്കുന്നത്തു കല്യാണിയമ്മ അവതരിപ്പിച്ചതിനെപ്പറ്റി പി ഗീത എഴുതിയിട്ടുണ്ട്.ഭരിക്കപ്പെടുന്നവൾ എന്നർത്ഥമുള്ള ഭാര്യ എന്ന പദം അംഗീകരിക്കണമെങ്കിൽ ഭാര്യൻ എന്നാവണം പുരുഷനെ വിളിക്കേണ്ടതെന്ന് കല്യാണിയമ്മ യുക്തിസഹമായി വാദിക്കുന്നു.

ഭാഷയിലെ  അധികാരചിഹ്നങ്ങൾ സ്ത്രീയെ നിരന്തരം അന്യവൽക്കരിക്കുമ്പോൾ അതിനോടുള്ള പ്രതിരോധം സ്വാഭാവികമായും അവരുടെ  രചനകളിൽ കടന്നുവരുന്നു. പുരുഷ വ്യവഹാരത്തിനകത്തു പ്രവർത്തിച്ചുകൊണ്ട് അതിനെ അപനിർമ്മിക്കുന്ന ഭാഷ സൃഷ്ടിച്ചെടുക്കേണ്ടി വരുന്നതുകൊണ്ട് സ്ത്രീയുടെ എഴുത്ത് ഇരട്ടി അധ്വാനമുള്ള പ്രക്രിയയായിത്തീരുന്നുണ്ട്.

മലയാളത്തിൽ എല്ലാ എഴുത്തുകാരികളും ഏറിയും കുറഞ്ഞും ഇത്തരം അപനിർമ്മിതികൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ബോധപൂർവ്വമായും അല്ലാത്തതുമായ ഈ അഴിച്ചുപണിയലുകളാണ് സ്ത്രീയുടെ ഭാഷയെ ആയിരം നാവുകളുള്ള ഒന്നാക്കി പരിണമിപ്പിക്കുന്നത്.

ഭാഷയുടെ പുരുഷസ്വഭാവത്തെപ്പറ്റി ആദ്യകാല എഴുത്തുകാരികൾ മുതൽ ബോധവതികളായിരുന്നുവെങ്കിലും കൃത്യമായ സ്ത്രീപക്ഷ അവബോധത്തോടെ ഭാഷാ അപനിർമ്മിതികൾക്കുള്ള ശ്രമങ്ങൾ ആരംഭിക്കുന്നത് സാറാജോസഫിന്റെ കൃതികളിലാണെന്നു കാണാം. 'കന്യകയുടെ പുല്ലിംഗം' , 'ഈ ഉടലെന്നെ ചൂഴുമ്പോൾ' തുടങ്ങിയ കഥകളിൽ സ്ത്രീഭാഷയുടെ വ്യത്യസ്തമായ പ്രതിസന്ധികൾ ആവിഷ്കൃതമാവുന്നു.

ഉപയോഗിക്കപ്പെടുന്ന ഭാഷ ,സ്ത്രൈണതയുടെ സവിശേഷതകളവതരിപ്പിക്കാൻ പര്യാപ്തമല്ല. പുതിയ ഭാഷ അനിവാര്യമാണ്. പക്ഷേ അത്തരമൊന്ന് സൃഷ്ടിക്കാനുള്ള അധികാരവും അവൾക്കില്ല.അഭാവങ്ങളുടെ ,അപൂർണതകളുടെ ,നിശബ്ദതകളുടെ ആഖ്യാനമാണു സ്ത്രീഭാഷയെന്നുള്ള പരമ്പരാഗത ധാരണകൾ നിലനിൽക്കുമ്പോൾ  കഥകൾ പുരുഷനിർമ്മിതമായ ഭാഷ ഉപയോഗിച്ചു കൊണ്ട് അതേ ഭാഷയെത്തന്നെ അപനിർമ്മിക്കുന്നതാണ് സാറാജോസഫിന്റെ ഇക്കഥകളിൽ കാണുന്നത്. അധികാരത്തിന്റെ ഭാഷ അവൾ വിപരീതധ്വനികളോടെ ഉപയോഗിക്കുകയും അങ്ങനെ അതിന്റെ ആധികാരികതയെ  ചോർത്തിക്കളയുകയും ചെയ്യുന്നു.

സാറാ ജോസഫിന്റെ പിൽക്കാല രചനകളിൽ സ്ത്രീഭാഷാ നിർമ്മാണത്തിന്റെ കൗതുകകരമായ തുടർച്ചകൾ കാണാം. അപനിർമ്മിതികൾപ്പുറം പുത്തനൊരു ഭാഷാസംസ്കാരം തന്നെ രൂപപ്പെടുത്തിയെടുക്കാനുള്ള ഉദ്യമമാണത്.

അടിസ്ഥാനവിഭാഗങ്ങൾ എങ്ങനെയുണ്ടാവുന്നു ,അവർ അടിസ്ഥാന വിഭാഗങ്ങളായിത്തന്നെ തുടരുന്നതെന്തുകൊണ്ട് ,ഒരു സമൂഹത്തിന്റെ ഭാഷ, മൂല്യങ്ങൾ ,വിശ്വാസം, ആചാരങ്ങൾ  അധികാരശ്രേണികൾ ,ബോധന രീതികൾ ഇവയെല്ലാം ചേർന്ന് രൂപപ്പെടുത്തുന്ന സംസ്കാരത്തിന്റെ സ്വഭാവം തുടങ്ങിയവയെക്കുറിച്ച് ആധികാരികവും വസ്തുനിഷ്ഠവുമായ രേഖകളുടെ പുസ്ത

**ആൻ സെക്സ്റ്റൻ**



കമാണ് 'ആലാഹയുടെ പെണ്മക്കൾ'. സ്ത്രീയും പ്രകൃതിയുമായുള്ള സമാനതകൾക്ക് ,ഇഴുകിച്ചേരലുകൾക്ക് ഇതിലെ സ്ത്രീകളുടെ ജീവിതത്തിൽ ഒട്ടേറെ ദൃഷ്ടാന്തങ്ങളുണ്ട്. നാട്ടുമൊഴികളുടെ ,തനതാചാരങ്ങളുടെ ,പ്രാകൃതമെന്നു വിലയിരുത്തപ്പെടാവുന്ന വിശ്വാസങ്ങളുടെ ഉൾക്കരുത്താണവരുടെ ജീവിതത്തെ നിർണയിക്കുന്നത്. ചാഴി വിലക്കാനും കുഞ്ഞുങ്ങളുടെ കരച്ചിൽ നിർത്താനും നിഷ്കളങ്കവും നിഗൂഢവുമായ നമസ്കാരം ,ദൃഢനിശ്ചയം ,നിരാശകളും ദുരന്തങ്ങളും മാത്രം അടിക്കടിയുണ്ടാവുമ്പോഴും പ്രത്യാശ.ഇതെല്ലാമാണവരുടെ സ്വത്വത്തെ രൂപപ്പെടുത്തുന്നത്. അതുകൊണ്ടു തന്നെ പെട്ടെന്നു വാടുന്നവരുമല്ല അവർ. ആലാഹയുടെ നമസ്കാരത്തിലെ നിഗൂഢമായ ഭാഷ സ്ത്രീകളുടെ പ്രതിരോധത്തിന്റെയും ശേഷികളുടെയും പ്രഖ്യാപനം കൂടിയാവുന്നുവെന്ന് നോവൽ വെളിപ്പെടുത്തുന്നു.

വർഷങ്ങൾക്കു മുന്നേ സ്വയം പിടിച്ചെടുത്ത മൺകട്ടകൾ കൊണ്ട് കുടിയേറ്റക്കാർ ഓരോരുത്തരായി കൂട്ടിച്ചേർത്തെടുത്തതാണ് കോക്കാഞ്ചറിയിലെ എട്ടു മുറി. അതിന്റെ ഉടമസ്ഥാവകാശവുമായി എമണ്ടൻ വാറുവെന്ന തൃശൂർക്കാരൻ വരുമ്പോൾ ഒത്തുതീർപ്പുചർച്ചയ്ക്ക് ആണുങ്ങളെ മാത്രം വിളിപ്പിക്കുന്നു പള്ളി.ആണുങ്ങൾ സംസാരിക്കുന്നിടത്ത് പെണ്ണുങ്ങൾ ചെല്ലരുത്. അവർ മുഖത്തു നോക്കി വർത്തമാനം പറയും. സ്വന്തം കിടപ്പാടം ,സ്വന്തംജീവിതം ചോർന്നുപോവുന്നത് വെറുതെ നോക്കി നിൽക്കാൻ പെണ്ണുങ്ങൾക്കാവില്ല. അതു കെട്ടിപ്പടുത്തതും മുന്നോട്ടുകൊണ്ടുപോവുന്നതും പെണ്ണുങ്ങളാണ്. കള്ളുകുടിക്കാതിരുന്നാലും കുടിച്ചാലും തൊള്ള തുറക്കാത്ത ആണുങ്ങൾക്കതിൽ കാര്യമില്ല .ആണുങ്ങളുള്ള സഭയിൽ പെണ്ണുങ്ങൾ മിണ്ടരുതെന്ന പത്രോസിന്റെ സുവിശേഷമാണ് പക്ഷേ അധീശവർഗ്ഗത്തിനു സൗകര്യപ്രദം. ആദ്യം അവർ പെണ്ണുങ്ങളെ നിശ്ശബ്ദരാക്കുന്നു. അങ്ങനെ പ്രതിരോധശ്രമങ്ങളുടെ കഴുത്തുഞെരിക്കുന്നു. പിന്നെ അവരുടെ ജീവിതം തന്നെ തുടച്ചു നീക്കുന്നു. കീഴാള വിഭാഗങ്ങളെ അവരുടെ അശുദ്ധികളിൽത്തന്നെ നിലനിർത്തുന്നതാണ് അധീശവ്യവസ്ഥയുടെ നയതന്ത്രം.

പെണ്ണുങ്ങളും തീട്ടംകോര്യോളാണ് എന്ന് എട്ടു മുറിയിലെ പെണ്ണുങ്ങൾ സ്വന്തം ജീവിതത്തെ വിലയിരുത്തുന്നുണ്ട്. തീട്ടംകോരിയും രാപകൽ അധ്വാനിച്ചും മെനഞ്ഞുണ്ടാക്കുന്ന പെൺജീവിതങ്ങളുടെ നില നില്പിനാണ് ആനി ഇരുചെവിയും പൊള്ളിക്കൊണ്ട് സകല രോഗങ്ങളെയും സർവ്വ പിശാചുക്കളെയും എരിച്ചു കളയുന്ന ആ രഹസ്യമന്ത്രം ,ആലാഹയുടെ നമസ്കാരം സ്വീകരിക്കുന്നത്. അത് തിരസ്കൃതരുടെ അതിജീവനത്തിനുള്ള മന്ത്രമാണ്. കീഴാളർക്കു വിലക്കപ്പെട്ട വിജ്ഞാ



നങ്ങളുടെ ബദൽ. വിശേഷപ്പെട്ട സിദ്ധി .ഭാഷയാണ്, ഇതുവരെ സദസ്സുകളിൽ വിലക്കപ്പെട്ടതും ഉച്ചരിക്കപ്പെടാതിരുന്നതുമായ പെൺവാക്കുകളാണ് സ്ത്രീയുടെ വിമോചനത്തിനു നിദാനമാകുന്നതെന്നു ആലാഹയുടെ പെണ്മക്കൾ പറയുന്നു. നിശ്ശബ്ദത പാലിക്കുക എന്ന വിലക്കോടെ കോക്കാഞ്ചറയുടെ തുറന്നു വിട്ട ഒച്ചകളെ നിരോധിക്കാനുള്ള അധീശത്വത്തിന്റെ ശ്രമങ്ങളും ഈ ഭീതി കൊണ്ടാണ്. അവർ ഒച്ചകളെ ഭയപ്പെടുന്നു. ഭാഷയും വാക്കുകളും തിരിച്ചെടുക്കൽ മാത്രമല്ല പുതിയ ഭാഷയുടെ നിർമ്മിതി കൂടി 'ആലാഹയുടെ പെണ്മക്കളി'ലുണ്ടെന്നു പറഞ്ഞു കഴിഞ്ഞു.

അരിക്ഷാമത്തിന്റെ കാലത്ത് ആനിയും അമ്മാമയും രാത്രി തങ്കമണിക്കേറ്റത്തിലേക്ക് കരിഞ്ചന്തയിൽ നിന്ന് അരി വാങ്ങാൻ പോകുന്നുണ്ട്. പൊന്നിന്റെയും തങ്കത്തിന്റെയും പളപളപ്പുള്ള സ്വപ്നസമാനമായ ഒരിടമായിരുന്നു ആ പേര് ആനിയുടെ മനസിൽ വരച്ചിട്ടത്. യഥാർത്ഥത്തിലവൾക്കതൊന്നും കാണാനാവുന്നില്ല. കുറ്റാക്കുറ്റിരുട്ട് മാത്രം. ആ യാത്ര എത്രയോ പ്രതീക്ഷ നിറഞ്ഞതായിരുന്നു. പക്ഷേ അവളെ ഏറ്റവും അപമാനിതയാക്കിക്കൊണ്ടാണതവസാനിക്കുന്നത്.ഭാഷയെ സംബന്ധിച്ച സന്ദിഗ്ദ്ധതകൾ ആനിയെ എന്നും സംഘർഷത്തിലാക്കുന്നു. ആനിയുടെ പ്രായത്തിലുള്ള കുട്ടികൾക്ക് മുതിർന്നവരുടെ ഭാഷയും പ്രയോഗങ്ങളും പലപ്പോഴും സൃഷ്ടിക്കുന്ന സംശയങ്ങളല്ല അത്. തങ്കമണിക്കേറ്റമെന്ന പേരു പോലെ കാവ്യാത്മകമായൊരു സർഗ്ഗപരത ആനിക്കും ഭാഷയ്ക്കുമിട




യിലുണ്ട്. അത് പെൺഭാഷയുടെ ദാർശനികത തന്നെയാണ്. സ്ത്രീകേന്ദ്രിതമായ പദാവലിയാണവിടെയുള്ളത്. സാമ്പ്രദായിക ഭാഷയെ അതിലംഘിക്കുന്നതിലെ പ്രതിഷേധവും ധിക്കാരവും സവിശേഷമാവുന്നു. വാക്യവിന്യാസക്രമങ്ങളെ തകർത്തും അർത്ഥമില്ലാത്ത പദങ്ങളുപയോഗിച്ചുമുള്ള ആലാഹയുടെ നമസ്കാരം ശക്തമായൊരു ബദലാണ്, അത്ഭുതകരമാം വിധം സർഗ്ഗാത്മകവും. ആൺനിർമ്മിതമായ അടയാളങ്ങളെയും വാക്കുകളെയും ധ്വംസിക്കുന്ന പ്രവണത ആനിയിൽ ശക്തമാവുന്നു. ഭാഷയിലൂടെ സ്ഥാപിതമായ അർത്ഥങ്ങളെ ഭാഷകൊണ്ടു തന്നെ നശിപ്പിക്കുക ബൈനറി ഓപ്പസിഷന്റെ ചിഹ്നങ്ങളെ മാറ്റിപ്പണിയുക. ഭാഷയിലൂടെ വ്യക്തമാവുന്ന സാമൂഹിക രാഷ്ട്രീയ സാംസ്കാരികതലങ്ങൾ പുനർചിന്തകൾക്കു വിധേയമാവുന്നു. ആരെയും ബോധിപ്പിക്കാനല്ലാതെ സ്വന്തമായി ഉപയോഗിക്കാൻ വേണ്ടി സ്വയം വാക്കുകളുണ്ടാക്കുന്ന ധിക്കാരിയാണ് ആനി. കുഞ്ഞന്നം ടീച്ചറെക്കുറിച്ച് പറയാൻ അനി ചിച്ചി എന്നൊരു വാക്കുണ്ടാക്കുന്നു. മച്ചിക്കു പകരമാണത്. മൊല എന്ന ഉറക്കെ പറയാൻ വയ്യാത്ത വാക്കിനു പകരമാണ് ജമന്തി. അധീശത്വത്തിന്റെ അടയാളങ്ങളില്ലാത്ത പുതിയ ഭാഷ സൃഷ്ടിക്കാനുള്ള ശ്രമം. ലിംഗ കേന്ദ്രിതവ്യവസ്ഥ അശ്ലീലമാക്കിയ ഭാഷയിൽ നിന്നകന്നു നിൽക്കലാണത്. കുട്ടിപാപ്പന്റെ പ്രസംഗം അവളെ ത്രസിപ്പിക്കും. ഒരേ താളത്തിൽ ,ഈണത്തിൽ പഴയ പഴയ വാക്കുകളുപയോഗിച്ച് പറഞ്ഞതു തന്നെ പറയുന്ന പള്ളീലച്ചന്റെ പ്രസംഗത്തിന്റെ എതിർ നിലയാണ് പിടയ്ക്കുന്ന വാക്കുകൾ കൊണ്ടുള്ള കുട്ടിപാപ്പന്റെ പ്രസംഗം.കുട്ടിപാപ്പൻ വിളിച്ചു വരുത്തുന്ന പു

ത്തൻവാക്കുകൾ. വാക്കുകളെ വിളിച്ചു വരുത്തി അർത്ഥം പഠിപ്പിക്കുന്ന ഭാഷാകേളി ആനിക്കുമുണ്ട്. കട്ടിയുള്ള വാക്കുകളെക്കൊണ്ട് അവരുടെ അർത്ഥം സ്വയം പറയിപ്പിക്കുന്നു. അനുസരണയുള്ള കുട്ടികളായി വാക്കുകൾ അവൾക്കു മുമ്പിലിരിക്കും. ക്ലാസിൽ നിന്നവൾ പുറത്തിറക്കി വിട്ട വാക്കുകളും ശ്രദ്ധിക്കേണ്ടതാണ്. ഇത്യാദി ,അംശം, അധുനാ ,പൈദാഹം എന്ന നാലു വാക്കുകളും പഴക്കമേറിയവയും ജീവന്റെ തുടുപ്പില്ലാത്തവയുമാണ് .സ്ഥാപിതാർത്ഥങ്ങളുടെ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്കു വളരുന്നതാണ് ആനിയുടെ ഭാഷ. അവളുടെ ജീവിതസ്ഥലികളിലും ആ ഭാഷയുടെ സാന്നിധ്യമുണ്ട്. കുട്ടിപാപ്പന്റെ മൂളലുകളനുകരിച്ച് ആനി ചിലപ്പോൾ മൂളലുകളി

കുട്ടിപാപ്പന്റെ മൂളലുകളനുകരിച്ച് ആനി ചിലപ്പോൾ മൂളലുകളിലൂടെ സംസാരിക്കും. ശാന്തിസേനയിൽ പ്രമാണിമാർ പറയുന്നത് അതേപടി ഏറ്റുപറയാൻ അവൾ തയ്യാറാവുന്നില്ല .പലതും മനസിലാവാത്തതുകൊണ്ടും അറിയാത്ത ആളെ മുണ്ടാ എന്നു വിളിക്കാൻ തയ്യാറല്ലാത്തതുകൊണ്ടും അവളുടെ അപ്പൻ ഒരു കമ്മ്യൂണിസ്റ്റ് കാരനായതുകൊണ്ടും മറ്റും.

ലൂടെ സംസാരിക്കും. ശാന്തിസേനയിൽ പ്രമാണിമാർ പറയുന്നത് അതേപടി ഏറ്റുപറയാൻ അവൾ തയ്യാറാവുന്നില്ല .പലതും മനസിലാവാത്തതുകൊണ്ടും അറിയാത്ത ആളെ മുണ്ടാ എന്നു വിളിക്കാൻ തയ്യാറല്ലാത്തതുകൊണ്ടും അവളുടെ അപ്പൻ ഒരു കമ്മ്യൂണിസ്റ്റുകാരനായതുകൊണ്ടും മറ്റും. എല്ലാ കുട്ടികളും ഉറക്കെ തണ്ടാ മുണ്ടാ മുണ്ടശ്ശേരി എന്നു രസിച്ചുവിളിച്ചു പറയുമ്പോഴാണ് ആനിയുടെ ഈ നിഷേധാത്മകനിലപാട്. അച്ചടി വാക്കുകളിഷ്ടമില്ലാത്ത, അവ പറയാൻ ശ്വാസം പിടിച്ചു നിൽക്കണമെന്ന തോന്നലുള്ള ആനി. അവൾ ചിറകുകളുള്ള വർണ്ണപ്പകിട്ടുള്ള വാക്കുകൾ സ്വപ്നം കാണുന്നു ,സ്വയമുണ്ടാക്കുന്നു. അനായാസം ഉപയോഗിക്കാവുന്നവ, എവിടെയും ഉറക്കെപ്പറയാവുന്നവ. ലീലാപരതയും ചലനാത്മകതയും അതിന്റെ നൈസർഗ്ഗിക ഗുണങ്ങളാണ്. ജീവിതം പോലെ ലളിതമായ വാക്കുകൾ .ഈ ഭാഷ ഒരേ സമയം ധ്വംസനവും പുനസൃഷ്ടിയുമാണ്.

**പ്രധാന സഹായ ഗ്രന്ഥങ്ങൾ**

സ്ത്രീരചനയുടെ സൗന്ദര്യശാസ്ത്രം -എൻ.പ്രശാന്ത് കുമാർ

എഴുത്തമ്മമാർ - പി.ഗീത

മൗനത്തിന്റെ നാനാർത്ഥങ്ങൾ - രവീന്ദ്രൻ എൻ. കെ.

Virginia Woolf - Room of One's own

ചർച്ചാവിഷയം

**ജയാസുകുമാരൻ**
അധ്യാപിക, സെന്റ് തോമസ് എച്ച്.എസ്.എസ്. മലയാറ്റൂർ

# സ്ത്രീപക്ഷത്തെ വിവർത്തനക്കാഴ്ചകൾ



'I am a tanslation because I am a woman'- Suzanne de Lothbinire Harwood



വിവർത്തനമെന്നത് രണ്ടു ഭാഷകൾക്കിടയിൽ, രണ്ടു സംസ്കാരങ്ങൾക്കിടയിൽ, രണ്ടു ചിഹ്നവ്യവസ്ഥകൾക്കിടയിൽ, വിവിധ സമ്മർദ്ദങ്ങൾക്കിടയിൽ നടക്കുന്ന ഒരു സർഗാത്മകപ്രവർത്തനമാണ്. ഒരു ഭാഷയിലെ സ്ത്രീപ്രതിനിധാനവും ദൃശ്യതയും തന്നെ സങ്കീർണമാവുമ്പോൾ രണ്ടു ഭാഷകൾക്കിടയിലെ വിനിമയവിചാരങ്ങൾക്കിടയിൽ അതു വീണ്ടും കുഴഞ്ഞുമറിയുന്നു.

താരതമ്യസാഹിത്യം, ഭാഷാശാസ്ത്രം തുടങ്ങിയ പഠനമേഖലകളുടെ ഭാഗമായിരുന്ന വിവർത്തനചിന്തകളുടെ മേഖലയിൽ സാംസ്കാരികഘടകങ്ങൾ പ്രാധാന്യത്തോടെ കടന്നുവന്ന കോളണിയനന്തരചിന്തയുടെ കാലഘട്ടത്തിലാണ് വിവർത്തനപഠനരംഗത്തേക്ക് സ്ത്രീപക്ഷചിന്തകളും കടന്നുവന്നത്. ഭാഷ, സമൂഹം, സംസ്കാരം, കല ഈ മേഖലകളിലെ സ്ത്രീപ്രതിനിധാനത്തെക്കുറിച്ചുള്ള ചിന്തകൾ തന്നെയാണ് വിവർത്തനപഠനരംഗത്തെയും സ്ത്രീപക്ഷചിന്തകളുടെ അടിത്തറ. ഭാഷയിലൂടെ ആവിഷ്കൃതമാകുന്ന സാംസ്കാരികമായ സ്വത്വം, ലിംഗപരമായ സ്വത്വം, കർതൃത്വം എന്നിവയിലാണ് വിവർത്തനപഠനമേഖലയിലെ സ്തീപക്ഷചിന്തകർ ശ്രദ്ധവച്ചത്.



വിവർത്തനങ്ങൾ സ്ത്രീകളെപ്പോലെയാണ്, സുന്ദരിയെങ്കിൽ വിശ്വസ്തയായിരിക്കില്ല, വിശ്വസ്തയെങ്കിൽ സുന്ദരിയായിരിക്കില്ല വിവർത്തനത്തെക്കുറിച്ചുള്ള ഏതൊരുചിന്തയിലും ലോകമെമ്പാടും ഉദ്ധരിക്കപ്പെടുന്നതാണ് ഫ്രഞ്ചുകാരനായ മെനേഴിന്റെ ഉപമ. വിശ്വസ്തതയും സൗന്ദര്യവും വിരുദ്ധമൂല്യങ്ങളാണെന്നും വിവർത്തനങ്ങളിലും സ്ത്രീകളിലും ഇതുരണ്ടും ഒത്തുപോവുകയില്ലെന്നും വിവക്ഷ.

വിവാഹവും വിവർത്തനവും – രണ്ടും കരാറുകളാണ്. അതിനാൽ രണ്ടിടത്തും പ്രശ്നം ചാരിത്ര്യത്തോടു ബന്ധപ്പെട്ടതാണെന്ന് പ്രമുഖ ഫെമിനിസ്റ്റ് ചിന്തകയായ ബാർബറാ ജോൺസൺ. വിവർത്തനങ്ങൾക്ക് അവശ്യം വേണ്ട ഗുണമായി പരമ്പരാഗതമായി പറഞ്ഞുപോരുന്ന ഒന്നാണ് വിശ്വസ്തത. 'Fidelity' എന്ന പദമാണ് ഇംഗ്ലീഷിൽ ഉപയോഗിക്കുന്നത്. സ്ത്രീപക്ഷത്ത് ചാരിത്ര്യത്തെയും വിവർത്തനരംഗത്ത് വിശ്വസ്തതയെയും ഇത് ഒരുപോലെ സൂചിപ്പിക്കുന്നു. വിവർത്തനങ്ങൾക്കുണ്ടാകേണ്ട വിശ്വസ്തത എന്ന ഗുണത്തെ സ്ത്രീപക്ഷചിന്തകൾ ചോദ്യം ചെയ്തു. മൂലകൃതിയും വിവർത്തനവും തമ്മിൽ കല്പിക്കുന്ന ഉച്ചനീചത്വബന്ധം, വിവർത്തനത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളിൽ (മെനേഴിന്റെ ഉപമപോലെ) ഉൾച്ചേർന്നിരിക്കുന്ന ലിംഗഭേദം എന്നിവ സ്ത്രീപക്ഷത്തുനിന്നു കഠിനമായി വിമർശിക്കപ്പെട്ടു.




ഫെമിനിസ്റ്റാശയങ്ങൾ വിവർത്തനമേഖലയിൽ ഉന്നയിച്ച പ്രാഥമികചോദ്യങ്ങൾ പ്രസക്തമായിരുന്നു. സാമൂഹികവും ചരിത്രപരവും ലിംഗപരവുമായ വ്യത്യാസങ്ങൾ ഭാഷയിൽ എങ്ങനെയാണ് ആവിഷ്കൃതമായിരിക്കുന്നത്? എങ്ങനെയാണ് ഈ വ്യത്യാസങ്ങൾ മറ്റൊരു ഭാഷയിലേക്കു പകർത്തുന്നത്? മൂലം x വിവർത്തനം, പുരുഷൻ x സ്ത്രീ എന്നീ വ്യവസ്ഥാപിതമായ ഉച്ചനീചത്വശ്രേണിയിൽ വിവർത്തകരിൽനിന്നും സ്ത്രീകളിൽനിന്നും എന്തുതരത്തിലുള്ള വിശ്വസ്തതയാണ് പ്രതീക്ഷിക്കുന്നത്? വിവർത്തനത്തിൽ തുല്യത എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ തുല്യതയുടെ ആ മാന്ത്രിക മുഹൂർത്തം എത്തിയെന്ന് ആരാണ് നിർണയിക്കുന്നത്?

മൂലഗ്രന്ഥകാരൻ ജന്മിയും വിവർത്തകൻ ഒരു കുടികിടപ്പുകാരനും എന്ന മട്ടിലാണ് പല വിവർത്തനവിശദീകരണങ്ങളും നടക്കാറുള്ളത്. വിവർത്തനവിശദീകരണത്തിനുപയോഗിക്കുന്ന ഭാഷയുടെ ലിംഗഭേദവും അധികാരശ്രേണീസൂചനകളും ഫെമിനിസ്റ്റപഗ്രഥനത്തിൽ വിമർശിക്കപ്പെട്ടു. ലൈംഗികസൂചനകൾ നിറഞ്ഞതാണ് വിവർത്തനപ്രക്രിയ വിശദീകരിക്കുന്ന ഭാഷ എന്നും വ്യക്തമാക്കപ്പെട്ടു.

'Because they are necessarily defective all translations are reputed females.' - John Florio

'Translator occupies a (culturally speaking) female position.' - Nord Ward Jouve വിവർത്തനസംബന്ധിയായ ഉപമകളും രൂപകങ്ങളും മൂലകൃതിയെയും വിവർത്തനത്തെയും ഇങ്ങനെ കൃത്യമായ ഉച്ചനീചത്വശ്രേണിയിൽ കുരുക്കിയിട്ടു. വിവർത്തകരും സ്ത്രീകളും ചരിത്രപരമായിത്തന്നെ ദുർബലവിഭാഗമായി ചിത്രീകരിക്കപ്പെട്ടു. മൂലകൃതിയെയും വിവർത്തനത്തെയും യഥാക്രമം ഉല്പാദകനായ പുരുഷനോടും ഉല്പന്നമായ സ്തീയോടും സാദൃശ്യപ്പെടുത്തി. ഇത്തരം കീഴാളത്തങ്ങൾ തിരിച്ചറിഞ്ഞു വിമർശിക്കൽ ഫെമിനിസ്റ്റു വിവർത്തനസിദ്ധാന്തങ്ങളുടെ ലക്ഷ്യമായിരുന്നു.

കൃതിയുടെ അർഥത്തെ ഒരു ഭാഷയിൽനിന്നെടുത്ത് മറ്റൊരു ഭാഷയിൽ സ്ഥാപിക്കുന്ന ലളിതവൃത്തയല്ല വിവർത്തനം എന്നു ബോധ്യമായ പുതുകാലത്ത് സത്രീപക്ഷസമീപനങ്ങളുടെ പ്രസക്തി ഏറെയാണ്. മറ്റുഭാഷാപ്രവർത്തനങ്ങളെപ്പോലെതന്നെ അർഥസൃഷ്ടിനടത്തുന്ന ഒരു മാർഗമാണു വിവർത്തനവും. അർഥസൃഷ്ടിയിൽ തന്റെ പങ്കാളിത്തം ഉറപ്പിക്കുകയാണ് ഫെമിനിസ്റ്റ് വിവർത്തക ചെയ്യേണ്ടത്. സൈദ്ധാന്തികരചനകളിൽ, മുഖവുരകളിൽ, അടിക്കുറിപ്പുകളിൽ എല്ലാം അർഥത്തിന്റെ സ്ത്രീപക്ഷകാഴ്ചയ്ക്കുള്ള ശ്രമം നടത്തുന്നു. കാനഡയിലെ പ്രമുഖ എഴുത്തുകാരിയും വിവർത്തകയുമായിരുന്ന സൂസൻ ഹാർവുഡ് ഇക്കാര്യം വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. 'My translation practice is a political activity aimed at making language speak for women. So my signature on a translation means; this translation has used every strategy to make the feminine visible in language.' സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ നിരവധിസമ്മർദങ്ങൾക്കു വിധേയമാകുമ്പോഴും വിവർത്തനത്തിലെ തങ്ങളുടെ ഇടപെടൽ എന്തായിരിക്കണമെന്നു ഫെമിനിസ്റ്റുവിവർത്തക മനസ്സിലാക്കുന്നു. ഈ ഇടപെടലുകളിലൂടെയാണ് മൂലവും വിവർത്തനവും തമ്മിലുള്ള വ്യത്യാസം നിർണയിക്കപ്പെടുന്നത്.

> **പാശ്ചാത്യക്രിസ്തീയ സംസ്കാരത്തിന്റെ അടിസ്ഥാനശിലയെന്നനിലയ്ക്ക് ബൈബിളിനെ നേരിടുകതന്നെ വേണമെന്ന് പില്ക്കാല ഫെമിനിസ്റ്റുകൾ നിശ്ചയിച്ചു. മതപരവും മതേതരവുമായ പാണ്ഡിത്യം ബൈബിൾ വ്യാഖ്യാനിക്കാനാരംഭിച്ചു. ബൈബിൾവിവർത്തനത്തിനൊരുമ്പെട്ട ഫെമിനിസ്റ്റുകൾക്ക് വ്യത്യസ്ത കാഴ്ചപ്പാടു കളാണുണ്ടായിരുന്നത്.**

സാഹിത്യകൃതികളുടെ വിവർത്തനം, ഫെമിനിസ്റ്റുരചനകളുടെ വിവർത്തനം ഇവയെപ്പോലെതന്നെ സജീവശ്രദ്ധയർഹിക്കുന്ന ഒന്നാണ് ബൈബിൾവിവർത്തനവും. ആദ്യകാല ഫെമിനിസ്റ്റുകൾ ബൈബിളിൽ യാതൊരു താല്പര്യവും പ്രകടിപ്പിച്ചിരുന്നില്ല. പാശ്ചാത്യക്രിസ്തീയ സംസ്കാരത്തിന്റെ അടിസ്ഥാനശിലയെന്നനിലയ്ക്ക് ബൈബിളിനെ നേരിടുകതന്നെ വേണമെന്ന് പില്ക്കാല ഫെമിനിസ്റ്റുകൾ നിശ്ചയിച്ചു. മതപരവും മതേതരവുമായ പാണ്ഡിത്യം ബൈബിൾ വ്യാഖ്യാനിക്കാനാരംഭിച്ചു. ബൈബിൾവിവർത്തനത്തിനൊരുമ്പെട്ട ഫെമിനിസ്റ്റുകൾക്ക് വ്യത്യസ്ത കാഴ്ചപ്പാടു കളാണുണ്ടായിരുന്നത്. 1895, 1898 വർഷങ്ങളിൽ പുറത്തുവന്ന എലിസബത്ത് കേഡി സ്റ്റാന്റണിന്റെ നേതൃത്വത്തിൽ 26 സ്തീകൾ തയ്യാറക്കിയ 'The Woman's Bible' ഈ മേഖലയിലെ ആദ്യപ്രമുഖ സംരംഭമായിരുന്നു. എന്നാൽ ഈ ബൈബിൾ വെളുത്തവർഗക്കാരിയായ യൂറോ-അമേരിക്കൻ സ്ത്രീയുടെ കാഴ്ചപ്പാടു മാത്രമാണുൾക്കൊള്ളുന്നതെന്ന വിമർശനമുണ്ടായി. 1993-ൽ പുറത്തുവന്ന എലിസ

ബത്ത് ഫിയോറെൻസയുടെ Searching the Scriptures എന്ന ഗ്രന്ഥം വിവിധ സമീപനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ, നേറ്റീവമേരിക്കൻ, ലെസ്ബിയൻ -അങ്ങനെ ഫെമിനിസത്തിലെതന്നെ വിവിധസമീപനങ്ങൾ ബൈബിൾവിവർത്തനത്തിലും പ്രസക്തമാക്കാവുന്നതാണ്. പ്രധാനമായും മിഷണറിമാരാണ് മതപ്രചാരണത്തിന്റെ ഭാഗമായി വിവിധഭാഷകളിലേക്കു ബൈബിൾ വിവർത്തനം ചെയ്യാൻ മുൻകയ്യെടുത്തത്. ബൈബിൾ കാലാതീതമായ സന്ദേശം ഉൾക്കൊള്ളുന്ന വിശുദ്ധഗ്രന്ഥമാണെന്നും ബൈബിൾവിവർത്തനത്തിലെ പ്രശ്നങ്ങൾ പ്രത്യയശാസ്ത്രപരമല്ല സാങ്കേതികം മാത്രമാണെന്നും അവർ കരുതി.

ഇംഗ്ലീഷ് ബൈബിളിലുള്ള സെക്സിസം ഹീബ്രുവിലുണ്ടോ എന്നറിയാൻവേണ്ടി ഹീബ്രു പഠിച്ച് ബൈബിൾ വ്യാഖ്യാനിച്ച ലൂസി സ്റ്റോൺ സ്ത്രീകളെ രണ്ടാംതരമാക്കുന്നതിനു യാതൊരടിസ്ഥാനവും ബൈബിളിലില്ല എന്നു വ്യക്തമാക്കി. ഫെമിനിസ്റ്റു വ്യാഖ്യാനങ്ങൾ ബൈബിൾ വിവർത്തനത്തിൽ വരുത്തിയ പ്രധാനമാറ്റം ഉല്പത്തിയിലാണ്. ദൈവത്തിന്റെ ആദ്യമനുഷ്യസൃഷ്ടിയായ ആദം എന്ന ഹീബ്രുപദത്തിന്റെ

**ഭാരതീയസാഹിത്യത്തിന്റെ ഇംഗ്ലീഷിലേക്കുള്ള വിവർത്തനത്തിലും സ്ത്രീപക്ഷ കാഴ്ചപ്പാടിനു പ്രസക്തിയുണ്ട്. കോളനിയനന്തരസമീപനവും സ്ത്രീപക്ഷസമീപനവും കീഴാളസമീപനവും സമന്വയിപ്പിച്ചു വിവർത്തനം ചെയ്യാൻ ശ്രമിക്കുന്ന ഗായത്രി ചക്രവർത്തി സ്പിവാക്കിന്റെ വിവർത്തനങ്ങൾ ശ്രദ്ധേയമാണ്. മഹാശ്വേതാദേവിയുടെ കഥകൾ ഈ കാഴ്ചപ്പാടിലൂടെയാണ് സ്പിവാക്ക് വിവർത്തനം ചെയ്തത്.**

അർഥമാണു പ്രശ്നം. ദൈവം ആദത്തെ ആണായി സൃഷ്ടിച്ചു എന്നും ആണിൽനിന്നു പെണ്ണിനെ സൃഷ്ടിച്ചു എന്നുമാണു പൊതുധാരണ. ഉല്പത്തിക്കഥയുടെ സമീപകാല പുനർവായനകൾ ആദം എന്ന വാക്കിന്റെ പുല്ലിംഗാർഥത്തെ ചോദ്യം ചെയ്യുന്നു. സൃഷ്ടിയെ സംബന്ധിച്ച് ഇന്നു സ്വീകാര്യമായിരിക്കുന്ന ധാരണ ദൈവം മണ്ണുകൊണ്ടു സൃഷ്ടിച്ച ആദ്യജീവി ആണോ പെണ്ണോ അല്ലായിരുന്നുവെന്നാണ്(A creature not yet sexed). മനുഷ്യജീവിക്ക് ലിംഗഭേദമുണ്ടായി ആണോ പെണ്ണോ ആയി മാറിയതു പില്ക്കാലത്താണ്. ഈ വ്യാഖ്യാനമുസരിച്ചുള്ള ബൈബിൾവിവർത്തനങ്ങൾ പിന്നീടുണ്ടായി. മേരി ഫിൽ കൊർസാക്കിന്റെ വിവർത്തനത്തിൽ ആദം groundling ആണ്. it എന്നാണ് വിവർത്തനത്തിൽ ആദത്തെ പരാമർശിക്കുന്നത്. ലോകമെമ്പാടും വിവർത്തനത്തെത്തുറിച്ചുള്ള ശാസ്ത്രീയവും സൈദ്ധാന്തികവുമായ ചിന്തകൾക്കു പ്രേരണയായതു ബൈബിൾവിവർത്തനമായിരുന്നു. ആ ബൈബിൾ വിവർത്തനം തന്നെ വിപ്ലവകരമായ മാറ്റങ്ങളിലൂടെ കടന്നുപോയി.

ഭാരതീയസാഹിത്യത്തിന്റെ ഇംഗ്ലീഷിലേക്കുള്ള വിവർത്തനത്തിലും സ്ത്രീപക്ഷ കാഴ്ചപ്പാടിനു പ്രസക്തിയുണ്ട്. കോളനിയനന്തരസമീപനവും സ്ത്രീപക്ഷസമീപനവും കീഴാളസമീപനവും സമന്വയിപ്പിച്ചു വിവർത്തനം ചെയ്യാൻ ശ്രമിക്കുന്ന ഗായത്രി ചക്രവർത്തി സ്പിവാക്കിന്റെ വിവർത്തനങ്ങൾ ശ്രദ്ധേയമാണ്. മഹാശ്വേതാദേവിയുടെ കഥകൾ ഈ കാഴ്ചപ്പാടിലൂടെയാണ് സ്പിവാക്ക് വിവർത്തനം ചെയ്തത്.

പഴയ കഥകളുടെ പുനർരചനകൾ പലപ്പോഴും ശക്തമായ ഫെമിനിസ്റ്റു വിവർത്തനങ്ങളായിത്തീരാറുണ്ട്. സാറാ ജോസഫിന്റെ തായ്കുലം, അശോക, കറുത്ത തുളകൾ, കഥയിലില്ലാത്തത് ഇവയൊക്കെ സ്ത്രീപക്ഷവിവർത്തനങ്ങളുടെ മേഖലയിൽ വരുന്ന ശക്തമായ രചനകളാണ്.

വിവർത്തനരംഗത്തും വിവർത്തനസിദ്ധാന്തങ്ങളുടെ രംഗത്തും വർദ്ധിച്ച തോതിലുള്ള സ്ത്രീപങ്കാളിത്തമാണ് ലോകമെമ്പാടും ഉള്ളത്. വിവർത്തനവ്യതിയാനങ്ങളെ പരമ്പരാഗത വിവർത്തനധാരണ അബദ്ധങ്ങളായി തള്ളിയപ്പോൾ അവയെ ധനാത്മകമായി ഉപയോഗപ്പെടുത്താനാണ് സ്ത്രീപക്ഷവിവർത്തകർ ശ്രമിച്ചത്. സാഹിത്യസിദ്ധാന്തങ്ങളുടെ ലോകം പ്രധാനമായും ഇന്നും ഒരു പുരുഷമേഖലയായി നിലനില്ക്കുമ്പോൾ വിവർത്തനസിദ്ധാന്തരംഗത്തെ സ്ത്രീമുന്നേറ്റം ശ്രദ്ധേയമായ പ്രതിഭാസമാ

**വിവർത്തക എന്ന ഏജൻസിയെപ്പറ്റി വിവർത്തനചിന്തയിൽ ഒരു പുതുധാരണ കൊണ്ടുവരാൻ ഫെമിനിസ്റ്റുവിവർത്തനസിദ്ധാന്തങ്ങൾക്കു കഴിഞ്ഞു. ചങ്ങലകളില്ലാതെ സ്വതന്ത്രമായി നില്ക്കുന്ന ഒന്നല്ല ഈ ഏജൻസി. എങ്കിലും ആ കർതൃസ്ഥാനത്തിന്റെ പ്രാധാന്യവും ശേഷിയും തിരിച്ചറിഞ്ഞു എന്നതാണ് വിവർത്തനമേഖലയിലെ സ്ത്രീപക്ഷചിന്തയുടെ പ്രസക്തി.**

ണ്. അതിനു സാധാരണയിൽക്കവിഞ്ഞ ചരിത്രപ്രസക്തിയുണ്ട്. ലണ്ടനിൽനിന്നു റൂട്ലെഡ്ജ് പ്രസിദ്ധീകരിക്കുന്ന Translation Studies എന്ന വിവർത്തനപഠനപരമ്പരയിൽ പുറത്തുവന്ന പുസ്തകങ്ങളിൽ ഏറെയും സ്തീരചനകളാണെന്നത് കൗതുകകരമാണ്. ഇന്നോളമുള്ള വിവർത്തന സിദ്ധാന്തചരിത്രം സംഗ്രഹിച്ചെഴുതിയ എഡ്വിൻ ജൻസ്‌ലെർ സൈദ്ധാന്തികരംഗത്തെ ഈ സ്ത്രീമുന്നേറ്റം പ്രധാനവഴിത്തിരിവായി തിരിച്ചറിയുന്നുമുണ്ട്. വിവർത്തക എന്ന ഏജൻസിയെപ്പറ്റി വിവർത്തനചിന്തയിൽ ഒരു പുതുധാരണ കൊണ്ടുവരാൻ ഫെമിനിസ്റ്റുവിവർത്തനസിദ്ധാന്തങ്ങൾക്കു കഴിഞ്ഞു. ചങ്ങലകളില്ലാതെ സ്വതന്ത്രമായി നില്ക്കുന്ന ഒന്നല്ല ഈ ഏജൻസി. എങ്കിലും ആ കർതൃസ്ഥാനത്തിന്റെ പ്രാധാന്യവും ശേഷിയും തിരിച്ചറിഞ്ഞു എന്നതാണ് വിവർത്തനമേഖലയിലെ സ്ത്രീപക്ഷചിന്തയുടെ പ്രസക്തി. ഇക്കാലത്ത് സ്ത്രീയായിരിക്കുക എന്നതുതന്നെ വിവർത്തനമാണെന്ന് കാനഡയിലെ എഴുത്തുകാരിയും വിവർത്തകയുമായിരുന്ന സൂസൻ ഹാർവുഡ്. പിതൃമേധാവിത്വഘടനയിലേക്കു വിവർത്തനം ചെയ്യപ്പെട്ട അവസ്ഥയായി സ്ത്രീകൾ തങ്ങളെത്തന്നെ കാണുന്ന കാലം അവസാനിക്കുന്നതുവരെയെങ്കിലും സ്ത്രീപക്ഷവിവർത്തക എന്ന ഏജൻസിയുടെ പ്രാധാന്യം അസ്തമിക്കുന്നില്ല.

**അവലംബം**

ബംഗാളിനോവലുകൾ മലയാളത്തിൽ 2011 ഡോ ജയാസുകുമാരൻ
Gender in Translation 1996 Sherry Simon
Contemporary Translation Studies 1993 Edwin Gentzler

ചർച്ചാവിഷയം

**ഡോ. ജൂലിയാ ഡേവിഡ്**
അധ്യാപിക, മലയാള വിഭാഗം, മഹാരാജാസ് കോളജ്, എറണാകുളം.





# പുരുഷഭാഷ സ്ത്രീയെ നിർണ്ണയിക്കുമ്പോൾ

അഭിജ്ഞാന ശാകുന്തളം നാടകത്തിന് ഏ. ആർ. രചിച്ച വിവർത്തനമാണ്, മലയാള ശാകുന്തളം. പ്രസ്തുത കൃതിയിൽ സ്ത്രീകളെ വിലയിരുത്താനും സ്ത്രീകൾക്ക് ഉപയോഗിക്കാനും നൽകിയ ഭാഷാപ്രയോഗങ്ങളുടെ സൂക്ഷ്മമായ അപഗ്രഥനമാണ് ഈ പ്രബന്ധം. ഇന്ന് ഭാഷാപഠനം, സാംസ്കാരികപഠനത്തിന്റെ സാധ്യതകളുപയോഗിച്ച് മുന്നേറുന്ന കാലഘട്ടമാണ്. ഭാഷയും സംസ്കാരവും തമ്മിൽ ആഴമേറിയ പ്രതീകാത്മക ബന്ധമാണുള്ളത്. ഉപയോഗിക്കുന്നവരുടെ അബോധവുമായി വളരെ സൂക്ഷ്മമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ, അതേ സാംസ്കാരിക ഘടനയുടെ പ്രതിനിധിയാണ് ഭാഷയെന്ന് കാണാം.

ഒരു ഭാഷാദേശത്തിലെ സാമൂഹിക, സാമ്പത്തിക,അധികാര,ഘടനകളെല്ലാം ഭാഷയിൽ അന്തർലീനമാണ്. സാംസ്കാരികമായ പരിവർത്തനങ്ങൾ ഉണ്ടാകുമ്പോൾ ഭാഷയിലും അത്തരം മാറ്റങ്ങൾ സ്വാഭാവികമാണ്. സ്ത്രീകളോടും അധഃസ്ഥിത ജനതയോടും അധികാരപരമായ ഇടപെടലുകൾ നടത്താൻ ഭാഷയുപയോഗിച്ചതിനുള്ള ധാരാളം നിരീക്ഷണങ്ങൾ സാമൂഹി

കഭാഷാശാസ്ത്ര പഠനങ്ങളിലൂടെ ലഭ്യമാണ്.

1) സ്ത്രീകളുടെ സാമൂഹിക പദവി എന്താണ് ? പ്രണയത്തിലും കുടുംബത്തിലും അവൾ നിർണ്ണയിക്കപ്പെട്ടതെങ്ങനെയാണ് ? ശരീരഘടന മുൻനിർത്തി ആൺഭാഷ അവളെ വിലയിരുത്തിയതെങ്ങനെയാണ് ? അവൾക്ക് നൽകിയ ഭാഷയിലൂടെ എന്തെല്ലാം പുരുഷാധീശ വ്യവഹാരങ്ങളുടെ വിനിമയമാണ് സാധ്യമായത് -എന്നിങ്ങനെയുള്ള അപഗ്രഥന ഘടകങ്ങളാണ് ഈ പഠനത്തിൽ വിശകലനം ചെയ്യുന്നത് . മലയാളഭാഷയിൽ, പ്രത്യേകിച്ചും വരമൊഴിയിൽ സ്ത്രീകളെ നിർമ്മിച്ചെടുക്കാൻ പുരുഷഭാഷ തന്ത്രപൂർവ്വമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന നിരീക്ഷണമാണ് ഈ പഠനത്തിന് ആധാരം.

മഹാഭാരതകഥയുടെ ഉപകഥകളിൽ വളരെ പ്രസിദ്ധമാണ്, ശാകുന്തളോപാഖ്യാനം. വ്യാസഭാരതത്തിൽ പുരുവംശകഥയുടെ ഭാഗമായിട്ടാണ് വിവരിച്ചിട്ടുള്ളത്. ആദിപർവ്വം 68 മുതൽ 74 വരെയുള്ള ഏഴധ്യായങ്ങളിലാണ് പ്രസ്തുത കഥ ചേർത്തുകാണുന്നത്. ഈ ഉപകഥയിൽ വലുതായ പരിവർത്തനങ്ങൾ വരുത്തിയാണ് കാളിദാസൻ അഭിജ്ഞാനശാകുന്തളം നാടകം നിർമ്മിച്ചെടുത്തത്. ഈ സംസ്കൃതനാടകത്തിന് ധാരാളം വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ ഏറ്റവും പ്രസിദ്ധവും ഇന്നും കേരളത്തിലെ കോളേജുകളിൽ പാഠപുസ്തകമായി ഉപയോഗിക്കുന്നതും ഏ. ആർ. രാജരാജവർമ്മയുടെ മലയാളശാകുന്തളമാണ്. 1912 ലാണ് മലയാള ശാകുന്തളം പ്രസിദ്ധീകരിച്ചത്.

അഭിജ്ഞാന ശാകുന്തളത്തിൽ കണ്വാശ്രമപരിസരത്തു വച്ചാണ് ശകുന്തളയെ ദുഷ്യന്തൻ കാണുന്നത്. അവളുടെ ഉടലിനെ മുൻനിർത്തിയുള്ള കാമനകളാണ് അയാളെ നിയന്ത്രിക്കുന്നത്. അവളുടെ ഉടലും അതിന്റെ വടിവും ദുഷ്യന്തനെ ആകർഷിക്കുന്ന പ്രധാന ഘടകമാണ്. എന്നാൽ അതേസമയം തന്നെ, അവൾ തനിക്ക് ചേർന്നവളായിരിക്കുമോ എന്ന ആശങ്കയും ദുഷ്യന്തനെ മഥിക്കുന്നുണ്ട്. അതേക്കുറിച്ച് അയാൾ, ഇതിഹാസ ഉപാഖ്യാനത്തിൽ അവളോട് തന്നെയാണ് ചോദിക്കുന്നതെങ്കിൽ, നാടകത്തിൽ തോഴികളുടെ സഹായത്താലാണ് വിവരങ്ങൾ അറിയുന്നത്. നാടകത്തിലെ ശകുന്തളയെ ഏറെ ലജ്ജാലുവായാണ് കാളിദാസൻ നിർമ്മിച്ചിരിക്കുന്നത്. ഒന്നാമങ്കത്തിൽ അവൾ ദുഷ്യന്തനോട് സംസാരിക്കുന്നതേയില്ല. ഇതിഹാസകഥയിലാകട്ടെ, തോഴിമാർ തന്നെ ഇല്ലാത്തതിനാൽ തന്റെ ജനനവൃത്താന്തം അവൾ തന്നെയാണ് ദുഷ്യന്തനെ അറിയിക്കുന്നത്. എന്നാൽ നാടകത്തിലാകട്ടെ, അവൾക്കു വേണ്ടി അനസൂയയാണ് മേനകാ- വിശ്വാമിത്ര കഥ പറയാൻ തുടങ്ങുന്നത്. എന്നാൽ അനസൂയ പോലും പ്രസ്തുത കഥ പറയുവാനാകാതെ ലജ്ജിക്കുന്നത് നാടകത്തിൽ

അഭിജ്ഞാന ശാകുന്തളത്തിൽ കണ്വാശ്രമപരിസരത്തു വച്ചാണ് ശകുന്തളയെ ദുഷ്യന്തൻ കാണുന്നത്. അവളുടെ ഉടലിനെ മുൻനിർത്തിയുള്ള കാമനകളാണ് അയാളെ നിയന്ത്രിക്കുന്നത്. അവളുടെ ഉടലും അതിന്റെ വടിവും ദുഷ്യന്തനെ ആകർഷിക്കുന്ന പ്രധാന ഘടകമാണ്.



ചേർത്തിരിക്കുന്നു. ഇതിഹാസത്തിലെ ശകുന്തള തന്റെ മാതാപിതാക്കളുടെ കഥ സമ്പൂർണ്ണമായി പറയുന്ന ഭാഗം കാളിദാസൻ ഒഴിവാക്കിയതിലെ ഔചിത്യം പരിശോധിക്കുമ്പോൾ നല്ല സ്ത്രീകൾ ഇത്തരം കഥകൾ പറയുന്നതിൽ ലജ്ജിക്കേണ്ടതുണ്ടെന്ന പാഠം വ്യക്തമാകും.

ശകുന്തളാ ജനനകഥ കേൾക്കുന്ന ദുഷ്യന്തൻ ഏ. ആറിന്റെ ഭാഷയിൽ ഇപ്രകാരമാണ് സംസാരിക്കുന്നത്:- കാശ്യപമുനിയുടെ പുത്രിയെന്നു കേട്ടതിനാൽ, അവൾ ബ്രാഹ്മണ പുത്രിയാണോ എന്ന് ആദ്യം ശങ്കിക്കുകയും അല്ലെന്ന് വ്യക്തമാകുമ്പോൾ,- 'തന്റെ കരത്തിലെടുത്തു പെരുമാറാവുന്ന രത്നമാണ്' -അവളെന്ന് ദുഷ്യന്തൻ ആശ്വസിക്കുന്നു. 'പെരുമാറുക'- എന്ന പദത്തിന് കൈയാളിക്കുക, വ്യാപാരിക്കുക, ഉപയോഗിക്കുക-തുടങ്ങിയ അർത്ഥമാണ് ശബ്ദതാരാവലി നൽകുന്നത്. ചരക്കു സംസ്കാരത്തിന്റെ ഭാഷയാണ് ഇവിടെ ഉപയോഗിച്ചതെന്ന് ചുരുക്കം. രാജാവിന് വിലപിടിച്ച വസ്തുക്കൾ ഉപയോഗിക്കാവുന്നതു പോലെ സ്ത്രീയും ചരക്കു മാത്രമാകുന്ന മാതൃക ഈ ഭാഷയിൽ തന്നെ കണ്ടെടുക്കാം. ശരീരം മുൻനിർത്തി സ്ത്രീയെ വിലയിരുത്തുന്ന രീതി രണ്ടാമങ്കത്തിലെ വിദൂഷക- ദുഷ്യന്തസംവാദത്തിലുമുണ്ട്. ശകുന്തളയോടുള്ള രാജാവിന്റെ ആഭിമുഖ്യത്തെ, പേരീന്തൽപ്പഴം തിന്നു ചെടിച്ചവന് വാളൻപുളിയിൽ രുചി തോന്നുന്നതു പോലെയാണ് -എന്നിങ്ങനെയാണ് വിദൂഷകൻ വിമർശിക്കുന്നത്. രാജാവിന്റെ ഒരു വിഭവം മാത്രമായി സ്ത്രീ ഇവിടെ മാറുന്നു. മധുരമുള്ള പഴങ്ങളായ അന്തഃപുരസ്ത്രീകളെ ഭുജിച്ച് ജീവിച്ച ദുഷ്യന്തന് ഒരു വ്യത്യസ്തതയ്ക്ക് പുളിരസത്തോടുള്ള താല്പര്യം മാത്രമാണ് വനവാസിയായ ശകുന്തളയോട് തോന്നുന്നതെന്ന് ഇവിടെ സൂചിപ്പിക്കുന്നു. സൂക്ഷ്മനിരീക്ഷണത്തിൽ ഇവിടെ ഭാഷ, സ്ത്രീയെ ഭക്ഷണവസ്തുവാക്കി മാറ്റുന്നു. പുരുഷന് താൽപര്യത്തിനനുസരിച്ച് ഭുജിക്കാനും ആസ്വദിക്കാനുമുള്ള ഒരു ഭക്ഷണവസ്തു മാത്രമായി എല്ലാ സ്ത്രീകൾക്കും ഭാഷയിലൂടെ രൂപമാറ്റം സംഭവിക്കുന്നു. അതേ ഭാഗത്തിൽ തന്നെ ശകുന്തളയുടെ പ്രത്യേകതകൾ ദുഷ്യന്തൻ വിദൂഷകനോട് വിവരിക്കുന്നത്, എക്കാലത്തെയും സ്ത്രീകളെ വിലയിരുത്താൻ മലയാ

**ശരീരം മുൻനിർത്തി സ്ത്രീയെ വിലയിരുത്തുന്ന രീതി രണ്ടാമങ്കത്തിലെ വിദൂഷക- ദുഷ്യന്തസംവാദത്തിലുമുണ്ട്. ശകുന്തളയോടുള്ള രാജാവിന്റെ ആഭിമുഖ്യത്തെ, പേരീന്തൽപ്പഴം തിന്നു ചെടിച്ചവന് വാളൻപുളിയിൽ രുചി തോന്നുന്നതു പോലെയാണ് -എന്നിങ്ങനെയാണ് വിദൂഷകൻ വിമർശിക്കുന്നത്. രാജാവിന്റെ ഒരു വിഭവം മാത്ര മായി സ്ത്രീ ഇവിടെ മാറുന്നു.**

ള സാഹിത്യവും കലകളും സിനിമയും സിനിമാഗാനങ്ങളും ആവർത്തിച്ചുപയോഗിച്ചവയാണ്. 'ഇതുവരെയും ആരും മൂക്കിൽ ചേർത്തിട്ടില്ലാത്ത (മണത്തു നോക്കാത്ത ) പുഷ്പമാണ്, ആരുടേയും നഖസ്പർശന മേൽക്കാത്ത പുത്തൻ തളിരാണ്. ആരും ശരീരത്തിൽ അണിഞ്ഞിട്ടില്ലാത്ത രത്നമാണ്, ആരും രുചിച്ചിട്ടേയില്ലാത്ത തേൻ ആണ്'- തികഞ്ഞ ഭോഗാസക്തി നിറഞ്ഞ പുരുഷഭാഷയാണിത്.

പഞ്ചേന്ദ്രിയങ്ങൾ കൊണ്ടും പുരുഷന് ആസ്വദിക്കാൻ സാധ്യതയുള്ള ഒരു വിഭവം മാത്രമായി സ്ത്രീ ഇവിടെ ഭാഷയിൽ അടയാളപ്പെടുന്നു. ഇത്തരത്തിൽ ധാരാളം സ്ത്രീവർണ്ണനകൾ ശാകുന്തളത്തിൽ ചേർത്തിരിക്കുന്നു. അവയെല്ലാം തന്നെ അടുത്തകാലത്ത് വരെയുള്ള സാഹിത്യാദികളിൽ ആവർത്തിച്ച് വരുന്നുണ്ട് എന്നതും ചിന്തിക്കേണ്ടതാണ്. ഇതേ രീതിയിൽ ശരീരം മാത്രമായി സ്ത്രീകളെ വിലയിരുത്തുന്നതിൽ അപകടകരമായ പുരോഗതിയാണ് മലയാള ഭാഷ നേടിയെടുത്തതെന്ന് വിമർശനാത്മകമായി പറയേണ്ടതുണ്ട്.

പഞ്ചേന്ദ്രിയങ്ങൾ കൊണ്ടും പുരുഷന് ആസ്വദിക്കാൻ സാധ്യതയുള്ള ഒരു വിഭവം മാത്രമായി സ്ത്രീ ഇവിടെ ഭാഷയിൽ അടയാളപ്പെടുന്നു. ഇത്തരത്തിൽ ധാരാളം സ്ത്രീവർണ്ണനകൾ ശാകുന്തളത്തിൽ ചേർത്തിരിക്കുന്നു. അവയെല്ലാം തന്നെ അടുത്തകാലത്ത് വരെയുള്ള സാഹിത്യാദികളിൽ ആവർത്തിച്ച് വരുന്നുണ്ട് എന്നതും ചിന്തിക്കേണ്ടതാണ്.

നാലാമങ്കത്തിലാകട്ടെ, എക്കാലത്തെയും സ്ത്രീകളെ വീട്ടടിമയാക്കുന്ന ഉപദേശമാണ് കണ്വൻ ശകുന്തളയ്ക്ക് നൽകുന്നത്. രക്ഷിതാവ് എന്ന നിലയിൽ ഏറ്റവും മികച്ച സ്ഥാനം അദ്ദേഹത്തിന് ലഭിക്കുന്നത്, കാളിദാസ നാടകത്തിലാണ്. കന്യകാവസ്ഥയിൽ ശകുന്തളയ്ക്ക് ഉന്നതപദവി ലഭിക്കുന്നത് തന്നെ ബ്രാഹ്മണനായ കണ്വന്റെ വളർത്തുപുത്രിയായതിനാലാണ്. ശകുന്തളയെന്ന സ്ത്രീ പരന് അവകാശപ്പെട്ടതാണെന്നും അവളിൽ വീട്ടുകാർക്ക് യാതൊരു അവകാശവും ഇല്ലെന്നും അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ ശാകുന്തളകാരൻ സൂചിപ്പിക്കുന്നുണ്ട്.

പ്രസ്തുത ഭാഗം ഏ.ആർ ചേർത്തിരിക്കുന്നത് ഇപ്രകാരമാണ് :- 'കന്യയെന്നത് പരസ്വമാണ്. വേട്ടവന് തിരികെ കൊടുത്തതിനാൽ ഏറ്റെടുത്ത വസ്തു തിരികെ കൊടുത്തയാളെ പോലെ തന്റെ മനസ്സും തെളിമ പൂണ്ടിരിക്കുന്നു'. മറ്റൊരു പുരുഷനെ തിരികെ ഏല്പിക്കേണ്ട വസ്തു, അഥവാ ചരക്ക് മാത്രമായി ഇവിടെ സ്ത്രീ മാറുന്നു. ഒപ്പം അവൾക്കും വീട്ടുകാർക്കും പിന്നീട് യാതൊരു ബന്ധവുമില്ലെന്ന സൂചനയും ഭാഷാപരമായി ചേർത്തിരിക്കുന്നു. കേരളത്തിൽ ജാതിമതഭേദമെന്യേ വീടുകളിൽ സാമാന്യമായി ഈയൊരു ആശയം ഇപ്പോഴും വച്ചുപുലർത്തുന്നത് സ്ത്രീകളുടെ ജീവന് ഭീഷണിയാകുന്നതിനാൽ ഇത് നിസ്സാരമായി കണ്ടുകൂടയെന്ന് പറയേണ്ടതാണ്. ഭർതൃഗൃഹത്തിൽ എന്ത് സംഭവിച്ചാലും അവിടെ തന്നെ നിൽക്കേണ്ടതുണ്ടെന്നും സ്ത്രീകൾ തിരികെ വന്നുകൂടാ എന്നും ഇപ്പോഴും പൊതുവെ നമ്മൾ കരുതു

ന്നുണ്ട്. അതോടൊപ്പം തന്നെ സ്ത്രീകളുടെ ജോലി ഭർത്തൃ സേവനമാണെന്നും സപത്നിമാരിൽ ഒരുവളായി തന്റെ കർമ്മങ്ങൾ നിർവ്വഹിക്കുക മാത്രമാണ് അവളുടെ ധർമ്മം-എന്നും കണ്വോപദേശത്തിലുണ്ട്. ' വീട്ടിൽ, പൂജ്യരായവരെ സേവിച്ചീടുക, ഭർത്താവിന്റെ മറ്റുള്ള ഭാര്യമാരോട് സഖീഭാവത്തിൽ പെരുമാറുക, എത്ര ധിക്കാരം കാന്തൻ കാണിച്ചാലും ഭർത്താവിനോട് ഇടയരുത്, മറ്റുള്ള ഭൃത്യരിൽ ദയ കാണിച്ചീടുക, ഭാഗ്യങ്ങളിൽ ഞെളിഞ്ഞീടായ്ക- ഗൃഹി ണിയാൾ അങ്ങനെയാണ് ജീവിക്കേണ്ടത്. അല്ലാത്തവർ ബാധയാണ്. ഏ. ആർ പറയുന്നത് നോക്കുക:-

സേവിച്ചീടുക പൂജ്യരെ, പ്രിയ സഖിയ്ക്കൊപ്പം സപത്നീജനം-ഭാവിച്ചീടുക; കാന്തനോടിടയൊലാ ധിക്കാരമേറ്റീടിലും കാണിച്ചീടുക ഭൃത്യരിൽ ദയ ; ഞെളിഞ്ഞീടായ്ക ഭാഗ്യങ്ങളിൽ വാണിട്ടിങ്ങനെ ഗൃഹിണിയാൾ, അല്ലെങ്കിലോ ബാധ താൻ. സേവിച്ചീടുക, ഭാവിച്ചീടുക, ഇടയൊലാ, ഞെളിഞ്ഞീടായ്ക തുടങ്ങിയ പദങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് സ്ത്രീയോടുള്ള ഉപദേശം ഭാഷയിൽ രൂപപ്പെടുന്നത്. ഇത്തരം പെരുമാറ്റച്ചട്ടങ്ങളിൽ അനുസരണയുള്ളവൾക്ക് മാത്രമേ 'ഗൃഹിണി' എന്ന സ്ഥാനം ലഭിക്കാനിടയുള്ളൂ. അവയിൽ മാറ്റങ്ങളുണ്ടെങ്കിൽ അത്തരം സ്ത്രീകൾ ബാധയാണ്. ബാധ എന്ന പദത്തിന് രോഗം, ദുഃഖം, (കലക്കുന്നത് എന്നർത്ഥം), തടവ്, റദ്ദാക്കൽ, വിരോധം, ഉപദ്രവം,ദുർദ്ദേവത, പിശാചബാധ, ആപത്ത്, കേട് എന്നിങ്ങനെ നിരവധി അർത്ഥമാണ് ശബ്ദതാരാവലി നൽകിയിട്ടുള്ളത്. നല്ലസ്ത്രീയിൽ നിന്നും ചീത്തസ്ത്രീയിലേക്കുള്ള ചുവടുമാറ്റം മേല്പറഞ്ഞ ബാധ എന്ന പ്രയോഗത്തിൽ നിന്നും മനസ്സിലാക്കാം. ഇത്തരം കർമ്മാധിഷ്ഠിത ധർമ്മങ്ങളിൽ മാത്രം സ്ത്രീ അടയാളപ്പെടുന്നത് ഏ. ആറിന്റെ ഭാഷയിൽ നിന്നു തന്നെ വെളിപ്പെടുന്നു.

കണ്വമുനിയുടെ സുപ്രസിദ്ധമായ ഉപദേശമാണിത്. പതിനാറാം നൂറ്റാണ്ടിൽ മഹാഭാരതം വിവർത്തനം നടത്തിയ എഴുത്തച്ഛന്റെ കിളിപ്പാട്ടിൽ ഈ ഭാഗം സവിശേഷമായി ചേർത്തിട്ടുണ്ട്. വ്യാസൻ പറയാത്ത ഈ ഉപദേശം കാളിദാസനെ മുൻനിർത്തി എഴുത്തച്ഛൻ തന്റെ ഭാരതം കിളിപ്പാട്ടിലെ ശകുന്തളോപാഖ്യാനത്തിൽ ഇപ്രകാരം ചേർക്കുകയാണുണ്ടായത്:- സ്ത്രീകൾക്ക് ഭർത്തൃസേവനമാണ് ഏറ്റവും പ്രധാന കർമ്മം. ഭർതൃഭവനത്തിൽ ചേതസാ, വാചാ, വൃത്ത്യാ ഭർത്താവിനെ സാദരം സേവിക്കേണ്ടത്, സ്ത്രീകളുടെ ധർമ്മമാകുന്നു. മൂർഖനാണെങ്കിൽ പോലും നാരിയുടെ ദൈവം  ഭർത്താവാണ്. സ്ത്രീകൾക്ക് വേണ്ടി പുതിയ പെരുമാറ്റച്ചട്ടമുണ്ടാക്കിയ കേരളീയ ആധുനികതയുടെ കാലത്ത് എഴുത്തച്ഛന്റെ കൃതിയിലെ ഈ ഉപദേശത്തെ ആദ്യകാല സ്ത്രീനിരൂപകർ അതിശക്തമായി വിമർശിച്ചിട്ടുണ്ട്. അക്കാല

സ്ത്രീകൾക്ക് ഭർത്തൃസേവനമാണ് ഏറ്റവും പ്രധാന കർമ്മം. ഭർതൃഭവനത്തിൽ ചേതസാ, വാചാ, വൃത്ത്യാ ഭർത്താവിനെ സാദരം സേവിക്കേണ്ടത്, സ്ത്രീകളുടെ ധർമ്മമാകുന്നു. മൂർഖനാണെങ്കിൽ പോലും നാരിയുടെ ദൈവം ഭർത്താവാണ്. സ്ത്രീകൾക്ക് വേണ്ടി പുതിയ പെരുമാറ്റച്ചട്ടമുണ്ടാക്കിയ കേരളീയ ആധുനികതയുടെ കാലത്ത് എഴുത്തച്ഛന്റെ കൃതിയിലെ ഈ ഉപദേശത്തെ ആദ്യകാല സ്ത്രീനിരൂപകർ അതിശക്തമായി വിമർശിച്ചിട്ടുണ്ട്.

ത്ത് കെ. ലക്ഷ്മിയമ്മ ശാരദ എന്ന മാസികയിൽ ഇപ്രകാരം എഴുതി:- സപത്നീ ജനത്തിൽ വിപ്രയം ചെയ്യരുത്. നികൃതയെന്നാകിലും എന്ന് ഒരു സ്ത്രീരത്നത്തോട് ഉപദേശിച്ച മഹാൻ പത്നീജനത്തോടും വിപ്രയം ചെയ്യരുതെന്ന് പുരുഷനോടും ഉപദേശിച്ചിരുന്നെങ്കിൽ ശകുന്തളയുടെ ദുഃഖം വായനക്കാരുടെ മനസ്സിനെ തപിപ്പിക്കില്ലായിരുന്നു. ശാകുന്തളോപാഖ്യാനത്തിലെ സ്ത്രീനിർമ്മിതികൾ മലയാളഭാഷയിലും സംസ്കാരത്തിലും സ്ത്രീയ്ക്കെതിരായ നിലപാടുകൾകൊണ്ടുണ്ടാക്കിയവയാണെന്ന് ആദ്യകാലസ്ത്രീനിരൂപകർ തിരിച്ചറിഞ്ഞിരുന്നുവെന്ന് ചുരുക്കം.

ഇതിഹാസത്തിൽ ശകുന്തള സംസാരിക്കുന്ന പ്രധാന ഭാഗങ്ങളെല്ലാം അനസൂയ എന്ന തോഴി സംസാരിക്കുന്ന വിധത്തിലാണ് നാടകത്തിൽ ചേർത്തിട്ടുള്ളത്. ദുഷ്യന്തനെ ഗാന്ധർവവിവാഹം ചെയ്യുന്നതുകൊണ്ട് തനിക്കുള്ള നിബന്ധന ശകുന്തള തന്നെ സംസാരിക്കുന്നതായാണ് ഇതിഹാസത്തിൽ ചേർത്തിട്ടുള്ളത്. രാജാവിന് അവളിൽ ഒരു പുത്രനുണ്ടായാൽ അവൻ അനന്തരാവകാശിയായിരിക്കണം. അഥവാ അവനെ യുവരാജാവാക്കണം-എന്നതായിരുന്നു അവളുടെ നിബന്ധന. അവളുടെ അത്തരമൊരു ആവശ്യം കാളിദാസൻ നാടകത്തിൽ ചേർക്കുന്നേയില്ല. പകരം അനസൂയ ചോദിക്കുന്നതാകട്ടെ,-അനേകം ഭാര്യമാരുള്ള ദുഷ്യന്തൻ തങ്ങളുടെ തോഴിയ്ക്ക് എന്ത് സ്ഥാനമാണ് നൽകുക-എന്നാണ്. സ്വന്തം കാര്യം ഭാഷയിലൂടെ തുറന്നു ചോദിക്കുന്ന ഇതിഹാസത്തിലെ സ്ത്രീ, നാടകത്തിൽ ലജ്ജാലുവാകുകയും സംസാരിക്കാത്തവളായി മാറുകയും ചെയ്യുന്നു. സഭാമധ്യത്തിൽ, രാജാവ് തള്ളി പറയുമ്പോൾ അതിശക്തമായി സംസാരിക്കുന്ന ഇതിഹാസത്തിലെ ശകുന്തള നാടകത്തിൽ ചിന്താലുവും ദുഖിതയും മാത്രമായിപോകുന്നു. അതിൽ അവൾ പറയുന്ന പ്രധാന ഭാഗങ്ങളെല്ലാം ഭാര്യ എന്ന പുരുഷാനുകൂലസ്ത്രീനിർമ്മിതിയെ മുൻനിർത്തിയുള്ളതാണ്.

സപത്നീ ജനത്തിൽ വിപ്രയം ചെയ്യരുത്. നികൃതയെന്നാ കിലും എന്ന് ഒരു സ്ത്രീ രത്നത്തോട് ഉപദേശിച്ച മഹാൻ പത്നീജനത്തോടും വിപ്രയം ചെയ്യരുതെന്ന് പുരുഷനോടും ഉപദേശിച്ചിരുന്നെങ്കിൽ ശകുന്തളയുടെ ദുഃഖം വായനക്കാരുടെ മനസ്സിനെ തപിപ്പിക്കില്ലായിരുന്നു. ശാകുന്തളോപാഖ്യാനത്തിലെ സ്ത്രീനിർമ്മിതികൾ മലയാളഭാഷയിലും സംസ്കാരത്തിലും സ്ത്രീയ്ക്കെതിരായ നിലപാടുകൾ കൊണ്ടുണ്ടാക്കിയവയാണെന്ന് ആദ്യകാലസ്ത്രീനിരൂപകർ തിരിച്ചറിഞ്ഞിരുന്നുവെന്ന് ചുരുക്കം.

കണ്വശിഷ്യനായ ശാർങ്ഗരവൻ പറയുന്നത് നോക്കുക:-രാജാവേ ഈ കന്യക നീ വേട്ട പത്നിയാണ്. അവളെ നിന്റെ ഇഷ്ടം പോലെ കൊല്ലുകയോ തള്ളുകയോ ചെയ്യാം. പാണിഗ്രഹണം ചെയ്തു പരിഗ്രഹിച്ച പെണ്ണിന്റെ മേലിൽ അതിന് കോയ്മയില്ലേ-എന്നിങ്ങനെ പറയുമ്പോൾ വിവാഹിതയുടെ സമ്പൂർണ്ണ അധികാരി പുരുഷൻ മാത്രമായി മാറുന്നു. അവന് വളർത്താനോ കൊല്ലാനോ വരെയുള്ള കോയ്മ ഉണ്ടെന്ന് ഭാഷാപരമായ സൂചന കവി നൽകുന്നു. അതോടെ, നാലാമങ്കത്തിൽ അണിയിച്ചൊരുക്കി കൊണ്ടുവന്നവളെ ബന്ധുജനങ്ങൾ, സ്വീകരിക്കാൻ തയ്യാറാകാത്ത ഭർത്താവിന്റെ ഗൃഹത്തിൽ തന്നെ ഉപേക്ഷിച്ചു പോകുന്നു. ഭർത്തൃഗൃഹത്തിലെ ദാ

സ്യവും ഭാര്യയ്ക്ക് അനുഗുണമാണെന്ന് ബന്ധുജനങ്ങൾ ആവർത്തിക്കുന്നു. ഗൗതമിയമ്മക്ക് അതിൽ നിന്നും വ്യത്യസ്തമായ അഭിപ്രായം പറയുന്നുണ്ടെങ്കിലും അതാരും കേൾക്കുന്നില്ല. പകരം പുരുഷാധീശവ്യവസ്ഥയുടെ പ്രതിനിധി- ശാർങ്ഗരവന്റെ ഭാഷയ്ക്ക് അവിടെ പ്രാധാന്യം ലഭിക്കുന്നു.

ഏഴാമങ്കത്തിലെ പുനഃസമാഗമ ഘട്ടത്തിൽ ശകുന്തളയോട് ദുഷ്യന്തൻ മാപ്പു ചോദിച്ചു കൊണ്ട് സംസാരിക്കുന്നുണ്ട്. അപ്പോഴാകട്ടെ തന്റെ തെറ്റ് കൊണ്ടാണല്ലോ രാജാവിന് മറവി സംഭവിച്ചതെന്ന് ശകുന്തള പരിതപിക്കുന്നുണ്ട്. ശകുന്തള രാജാവിനെ മാത്രം ഓർത്തുകൊണ്ട് ഇരുന്നതിനാലാണ് ദുർവാസാവ് മഹർഷിയ്ക്ക് വേണ്ട രീതിയിൽ സേവനം ചെയ്യാതെ പോയതും ശാപം ഏറ്റു വാങ്ങിയതും -അതുകൊണ്ടു തന്നെ കുറ്റമേറ്റെടുക്കുന്ന ശകുന്തള സംസാരിക്കുന്നത് ഇപ്രകാരമാണ്-തന്റെ മുജ്ജന്മ പാപഫലം കൊണ്ടാണ് അന്ന് രാജാവ് തന്നെ തള്ളി പറഞ്ഞതെന്നു വിധേയായ സ്ത്രീ സംസാരിക്കുന്നു. കാളിദാസൻ ദുർവാസാവിന്റെ കഥയിലൂടെ രാജാവിനെ വെള്ള പൂശുകയാണുണ്ടായതെന്ന മുണ്ടശ്ശേരിയുടെ വിമർശനം ഇവിടെ സ്മരിക്കേണ്ടതാണ്.

കേരളീയ ആധുനികതയുടെ കാലത്ത് സ്ത്രീകൾ വിദ്യാഭ്യാസത്തിലൂടെയും, തൊഴിലിലൂടെയും മുന്നേറാൻ ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നപ്പോഴാണ് ഇത്തരം ശകുന്തള വിവർത്തനങ്ങൾ ഉണ്ടാവുന്നത്. അവയെല്ലാം ഇക്കാലം വരെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള പാഠപുസ്തകങ്ങളായി ഉപയോഗിച്ചവയാണ്. സ്ത്രീയെ ഭോഗപരതയുടെ അടയാളമായി മാത്രം കാണുകയും എക്കാലത്തെയും സ്ത്രീകളുടെ കുടുംബമാതൃകയ്ക്ക് കണ്വോപദേശം നൽകുകയും ചെയ്ത കൃതിയാണിത്. ഇതിൽ പറഞ്ഞ മാതൃകയിലാണ് കുടുംബത്തിലെ സ്ത്രീകൾ പെരുമാറേണ്ടതെന്ന അലിഖിത നിയമം കേരളത്തിലെ കുടുംബ ങ്ങൾ സാമാന്യേന ഇപ്പോഴും അനുവർത്തിക്കുന്നുണ്ട്. അതുകൊണ്ടാണ് ഭർത്താവുപേക്ഷിച്ച സ്ത്രീകൾ സ്വന്തം വീട്ടുകാർക്കും നാട്ടുകാർക്കും ആവശ്യമില്ലാത്തവളായി മാറുന്നത്. എത്ര നല്ലവളാണെങ്കിലും വിവാഹിത സ്വന്തം വീട്ടിൽ താമസിച്ചാൽ ജനം അവളെയും കുടുംബത്തെയും പഴിക്കുമെന്നും അതുകൊണ്ടാണ് സ്വന്തക്കാർ ഭർത്താവ് ഉപേക്ഷിച്ചാലും അയാളുടെ വീട്ടിൽ അവളെ എത്തിക്കുന്നതെന്ന് കണ്വശിഷ്യൻ പറയുന്നുണ്ട്. സ്വതന്ത്രയായി പെരുമാറുന്ന സ്ത്രീകൾ അത്തരം പ്രവൃത്തികളുടെ അനന്തരഫലം സ്വന്തമായി തന്നെ അനുഭവിക്കേണ്ടതാണെന്നും ഈ കൃതി സൂചിപ്പിക്കുന്നുണ്ട്.

മലയാളത്തിലെ ആദ്യകാല അഭിജ്ഞാനശാകുന്തളം നാടകവിവർത്തനങ്ങളിൽ വളരെ പ്രാമുഖ്യം ലഭിച്ച കൃതിയാണ്, ഏ. ആറിന്റെ മലയാള ശാകുന്തളം. മുണ്ടശ്ശേരി പറഞ്ഞതുപോലെ വൈരാഗ്യജീവിതത്തിനു ബ

**ഭർത്താവുപേക്ഷിച്ച സ്ത്രീകൾ സ്വന്തം വീട്ടുകാർക്കും നാട്ടുകാർക്കും ആവശ്യമില്ലാത്തവളായി മാറുന്നത്. എത്ര നല്ലവളാണെങ്കിലും വിവാഹിത സ്വന്തം വീട്ടിൽ താമസിച്ചാൽ ജനം അവളെയും കുടുംബത്തെയും പഴിക്കുമെന്നും അതുകൊണ്ടാണ് സ്വന്തക്കാർ ഭർത്താവ് ഉപേക്ഷിച്ചാലും അയാളുടെ വീട്ടിൽ അവളെ എത്തിക്കുന്നതെന്ന് കണ്വശിഷ്യൻ പറയുന്നുണ്ട്. സ്വതന്ത്രയായി പെരുമാറുന്ന സ്ത്രീകൾ അത്തരം പ്രവൃത്തികളുടെ അനന്തരഫലം സ്വന്തമായി തന്നെ അനുഭവിക്കേണ്ടതാണെന്നും ഈ കൃതി സൂചിപ്പിക്കുന്നുണ്ട്.**

ദലായി ഗാർഹസ്ഥ്യമാതൃകയ്ക്ക് പ്രാധാന്യം നൽകിയ കവിയാണ് കാളിദാസൻ. കേരളീയ ആധുനികതയുടെ കാലത്ത് ഇത്തരം കൃതികളും അതിലെ ആശയങ്ങളും പാഠപുസ്തകങ്ങളായി നേരിട്ട് വിദ്യാഭ്യാസമേഖലയിൽ പ്രചരിച്ചിരുന്നു എന്ന് ഓർക്കേണ്ടതുണ്ട്. സ്ത്രീകളെ സമൂഹത്തിലും വിവാഹത്തിലും കുടുംബജീവിതത്തിലും മാത്രമല്ല; ശരീരത്തെ മുൻനിർത്തിയും രണ്ടാംകിടയാക്കുന്ന ധാരാളം ഭാഷാപ്രയോഗങ്ങൾ ഇത്തരം വിവർത്തനങ്ങൾ വഴി മലയാള ഭാഷയ്ക്ക് ലഭിച്ചിട്ടുണ്ട്. പ്രയോഗിക്കുന്നവരുടെ അബോധസംസ്കാരം ഭാഷ വെളിപ്പെടുത്തുന്നതിനാൽ അത്തരം ഭാഷകളുടെ സൂക്ഷ്മ അപഗ്രഥനം നടത്താനും ആവശ്യമായ തിരുത്തലുകൾ പാഠപുസ്തകമേഖലകളിൽ വരുത്താനും നാം തയ്യാറാകേണ്ടതുണ്ട്.

**കുറിപ്പുകൾ**

1. ഡോ.ഉഷാ നമ്പൂതിരിപ്പാടിന്റെ സാമൂഹിക ഭാഷാവിജ്ഞാനം, ഡോ. പി. എം. ഗിരീഷിന്റെ അധികാരവും ഭാഷയും, ഡെയ്ൽ സ്പെൻഡറിന്റെ മാൻ മെയ് ഡ് ലാംഗ്വേജ് തുടങ്ങിയ കൃതികളിൽ അത്തരം ഗവേഷണാത്മകമായ പഠനങ്ങളുണ്ട്. അത്തരം നിരീക്ഷണങ്ങളാണ് ഈ ലേഖനത്തിന് ആധാരം.

**ഗ്രന്ഥസൂചി**


1. ഡോ.ഉഷാ നമ്പൂതിരിപ്പാട്, സാമൂഹിക ഭാഷാവിജ്ഞാനം, ഭാഷാ ഇൻസ്റ്റിട്യൂട്ട് ,തിരുവനന്തപുരം.1994.
2. ഏ. ആർ. രാജരാജവർമ്മ, മലയാള ശാകുന്തളം
3. ഡോ. ഗിരീഷ്,പി.എം. അധികാരവും ഭാഷയും, ഐ. ബുക്ക്സ് കേരള, കോഴിക്കോട്.2015.
4. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരികൃതികൾ, രണ്ടാം വാല്യം, കറന്റ് ബുക്ക്സ്, തൃശൂർ,2004.
5. ജെ. ദേവിക കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ? കേരളശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2015.
6. കല്പനയുടെ മാറ്റൊലി, കേരളശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2015.
7. ഡോ. ജൂലിയാ ഡേവിഡ്, ശകുന്തള കഥയും സ്ത്രീവാദനിരീക്ഷണങ്ങളും,ആത്മബുക്സ്, പുസ്തകലോകം, കോഴിക്കോട്,2021
8. ഡോ. ടി. ബി. വേണുഗോപാലപ്പണിക്കർ,ശകുന്തളോപാഖ്യാനം-എഴുത്തച്ഛന്റേയും കുഞ്ചിക്കുട്ടൻ തമ്പുരാന്റെയും മഹാഭാരതങ്ങളിൽ, താപസം റിസർച്ച് ജേർണൽ, 2008.
9. Dale Spender, Man Made Language,Routledge, London,1985.
10. Romila Thappar, Shakunthala-Texts, Readings Histories: Delhi: Kali For Women,2000.

ചർച്ചാവിഷയം

സുനിത ടി.വി.
അധ്യാപിക, മലയാളം സർവ്വകലാശാല

# സൈബറിടത്തിൽ പൊട്ടിത്തെറിക്കുന്ന ഭാഷ





നിരന്തരമായി പരിണമിച്ചു കൊണ്ടിരിക്കുന്നതും ജീവിതത്തിലും സമൂഹത്തിലും അടിസ്ഥാന സ്വഭാവങ്ങളും അധികാര ബന്ധങ്ങളെ പ്രതിഫലിപ്പിക്കുന്നതുമായ ജൈവിക വ്യവഹാരമാണ് ഭാഷ. അതിനാൽത്തന്നെ ഭാഷാ പഠനങ്ങൾ സമൂഹ പഠനങ്ങളും കൂടിയാണ്. തൊണ്ണൂറുകൾ മുതൽക്കിങ്ങോട്ടുള്ള കാലഘട്ടത്തിൽ സ്വഭാവത്തെ നിർണയിക്കുന്ന ഏറ്റവും പ്രധാന ഘടകങ്ങൾ ആഗോളവത്ക്കരണം, സാങ്കേതികവിദ്യ, മാധ്യമങ്ങൾ എന്നിവയാണ് ഇരുപതാം നൂറ്റാണ്ടിന്റെ ഏറ്റവും വലിയ വിനോദോപാധി ടെലിവിഷൻ ആയിരുന്നു. സാമൂഹ്യഭാഷാ ശാസ്ത്രജ്ഞനായ വില്യം ലബോവും തുടർന്ന് മറ്റു നിരവധി പഠിതാക്കളും ടെലിവിഷൻ അവതാരകരുടെ ഭാഷയെപ്പറ്റി പഠനങ്ങൾ നടത്തുകയുണ്ടായി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ആ സ്ഥാനത്തു നിൽക്കുന്നത് നവമാധ്യമങ്ങളാണ് . നവമാ

ധ്യമങ്ങൾ വിനോദത്തിന് മാത്രമല്ല ആശയവിനിമയം, സ്വത്വപ്രകാശനം, സ്വത്വനിർണ്ണയം എന്നിവയ്ക്കെല്ലാമുള്ള ഉപാധി കൂടിയായി തീർന്നിരിക്കുന്നു. നവമാധ്യമങ്ങളിൽ പ്രത്യക്ഷമായ ഭാഷാ മാറ്റങ്ങളെ പറ്റിയുള്ള ആദ്യകാല പഠനങ്ങൾ നിർവഹിച്ചത് ഐറിഷ് ഭാഷാ ശാസ്ത്രജ്ഞനായ ഡേവിഡ് ക്രിസ്റ്റലാണ്. ചുരുക്കെഴുത്തുകൾ, ഇമോജികൾ, ചിഹ്നങ്ങൾ, സ്റ്റിക്കറുകൾ എന്നിവകൂടി കലർത്തിയുള്ള ഭാഷാപ്രയോഗങ്ങൾ പുതിയ പദങ്ങൾ, ലിപി, വ്യാകരണം, രൂപിമ തലങ്ങളിലെ ഭാഷകലർപ്പുകൾ, ചിത്രഭാഷയുടെ ഉപയോഗം, വ്യാകരണ സ്പെല്ലിംഗ് സ്ഥലങ്ങളിലെ ഉപേക്ഷ തുടങ്ങി നിരവധി സവിശേഷതകൾ മലയാളം ഉൾപ്പെടെയുള്ള ഭാഷകളിൽ കാണാനാകും. അവ വിശദീകരിക്കാൻ ഈ ലേഖനത്തിൽ ലക്ഷ്യമല്ലാത്തതിനാൽ അതിന് ഇവിടെ മുതിരുന്നില്ല .



## സൈബർ സംസ്കാരം

സംസ്കാരം എന്ന പദം ക്രോഡീകരിച്ച് ധാരാളം അന്വേഷണങ്ങൾ നടന്നിട്ടുണ്ട്. റെയ്മണ്ട് വില്യംസിന്റെ കീവേഡ്സ് ( 1976) , എ.എൽ.ക്രോബറും ക്ലൈഡ് ക്ലക്ക് ഹോഹനും ചേർന്നെഴുതിയ കൾച്ചർ: എ ക്രിട്ടിക്കൽ റിവ്യൂ ഓഫ് കോൺസെപ്റ്റ്സ് ആൻഡ് റഫറൻസ് (1952) എന്നീ പുസ്തകങ്ങൾ നോക്കുക. രവീന്ദ്രൻ പി. പി. 2013 :25 –27) സമഗ്ര ജീവിതശൈലിയും കൂട്ടായ ചിന്തയുടെ ഫലമാണ് സംസ്കാരം. അവ വ്യത്യസ്തങ്ങളുടെയും വൈവിധ്യങ്ങളുടെയും മേളന സ്ഥലങ്ങളാണ്. എന്നാൽ ഭൂമിശാസ്ത്രപരമായ പരിധികൾ എല്ലാം മറികടന്ന് വിവിധ സംസ്കാരങ്ങൾ കൂടി കലരുകയും അതുവഴി ഒരു സവിശേഷ സാംസ്കാരികസ്ഥലിയായി രൂപപ്പെടുകയും ചെയ്ത/ചെയ്യുന്ന ഇടമാണ് സൈബർസ്പേസ്. ഈ ഇടത്തിലെ സംസ്കാരത്തെ സൈബർ സംസ്കാരം എന്ന് വിളിക്കുന്നു. അതിന്റെ സവിശേഷതകളിൽ ചിലത് ഇപ്രകാരമാണ്. വിവര വിനിമയ സാങ്കേതികതകളാൽ നിയന്ത്രിക്കപ്പെടുന്ന സമൂഹത്തിന്റെ സംസ്കാരം സ്ക്രീനുകളാൽ നിയന്ത്രിക്കപ്പെടുന്നു, ഉപകരണങ്ങളെ കൈകാര്യം ചെയ്യാനും നിയന്ത്രിക്കാനുമുള്ള കഴിവിനെ ആശ്രയിക്കുന്നു. വിസ്തൃതവും അയഞ്ഞതുമായ ബന്ധങ്ങളെ അനുവദിക്കുന്ന പങ്കാളിത്തം സാധ്യമാക്കുന്നു, ഭൂമിശാസ്ത്രപരമെന്നതിനേക്കാൾ ബൗദ്ധികവും സാമൂഹ്യവുമാ

ണ്, ലോലമാണ് ... സുനിത ടി.വി. 2015 -43 അമേരിക്കയിലെ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള നാഷണൽ ടെലികമ്യൂണിക്കേഷൻസ് ആൻഡ് ഇൻഫർമേഷൻ അഡ്മിനിസ്ട്രേഷൻ, പോളിംഗ് ട്രൂ ദ നൈറ്റ് എന്ന പേരിൽ വിപുലമായ ഒരു പഠനം നടത്തുകയുണ്ടായി. ഡിജിറ്റൽ ഡിവൈഡിനെ പറ്റി വിശദമായി പഠിച്ചു കൊണ്ട് അവർ വർഗ്ഗം, വംശം, ലിംഗം, പ്രായം, സ്ഥലം, വിദ്യാഭ്യാസം എന്നിവയെല്ലാം ഓൺലൈൻ ലഭ്യതയുടെ കാര്യത്തിൽ നിർണായക ഘടകങ്ങളാണ് എന്നും ഇവയുടെ അടിസ്ഥാനത്തിലുള്ള വ്യത്യാസങ്ങൾ വർദ്ധിച്ചുവരികയാണ് എന്നുമാണ് കണ്ടെത്തിയത്. സമൂഹത്തിലെ അധികാര ബന്ധങ്ങളും വിവേചനങ്ങളും ഇന്റർനെറ്റിൽ അതേപടി പുനരാവിഷ്കരിക്കപ്പെടുന്നു. ചിലപ്പോൾ കൂടുതൽ തീവ്രമായും.

## സൈബർ ഫെമിനിസം

തൊണ്ണൂറുകളുടെ തുടക്കത്തിൽ സൈബർ ഫെമിനിസം എന്ന പദം ആദ്യമായി ഉപയോഗിച്ചവരിൽ പ്രമുഖർ വി. എൻ .എസ് മാട്രിക്സ് എന്ന ഓസ്ട്രേലിയൻ മാധ്യമ-കലാ സംഘമാണ്. അധികാരഘടനകളും ക്രമമായ അടിച്ചമർത്തലും ഇന്റർനെറ്റ് സാങ്കേതികതയും തമ്മിലുള്ള ബന്ധം വിമർശനാത്മകമായി സൈബർ ഫെമിനിസം അപഗ്രഥിക്കുന്നു. ഡിജിറ്റൽ വ്യവഹാരങ്ങളിൽ നി



ലനിൽക്കുന്ന ആണധികാരത്തെ ദൂരീകരിക്കുകയും സൈബറിടത്തെ സ്ത്രീശാക്തീകരണത്തിനുള്ള ഒരിടമായി മാറ്റിത്തീർക്കുകയും ചെയ്യണമെന്ന് സൈബർ ഫെമിനിസ്റ്റുകൾ ഒരു വിഭാഗം ആഗ്രഹിക്കുന്നു. അതിനായി പ്രവർത്തിക്കുന്നു .സാങ്കേതികവിദ്യ സ്ത്രീവിമോചകമായി മാറണം. സൈബർ ഫെമിനിസത്തിലെ മൂന്ന് പ്രധാന മേഖലകൾ സർഗ്ഗാത്മകത, ബന്ധക്ഷമത, വിമർശനാത്മക എന്നിവയാണ് . സർഗാത്മകത അതിൽ ഏറ്റവും പ്രധാന ഘടകമാണ്. തോമസ് സ്കറിയ (2021:63) നിരീക്ഷിക്കുന്നു . സൈബർ ഫെമിനിസത്തിന്റെ കേന്ദ്ര ഘടകം കണക്ടിവിറ്റിയാണ്. ആരുമായും എപ്പോൾ വേണമെങ്കിലും എവിടെവെച്ചും ബന്ധപ്പെടാനുള്ള സ്വാതന്ത്ര്യവും സാങ്കേതിക മാധ്യമ -മേഖലകൾ സ്ത്രീ അനുകൂലമായി പരിവർത്തിപ്പിക്കേണ്ടതുണ്ട് എന്ന് ഇവർ നിരീക്ഷിക്കുന്നു.

### സ്വകാര്യജീവിതം ഓൺലൈനിൽ

ലോകം കൂടുതൽക്കൂടുതലായി സ്വകാര്യ ജീവിതം ഓൺലൈനിൽ പരസ്യപ്പെ



ടുത്തുന്ന പ്രക്രിയയിലാണ് ഇപ്പോൾ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. സ്പാനിഷ് സാമൂഹ്യ ശാസ്ത്രജ്ഞനും മാധ്യമ പഠിതാവുമായ മാനുവൽ കാസ്റ്റെൽസ് ഇതിനെ മാസ്സ് സെൽഫ് കമ്മ്യൂണിക്കേഷൻ എന്ന് വിളിക്കുന്നു. സ്വകാര്യത, മനുഷ്യബന്ധങ്ങൾ, സ്വത്വം, വിശ്രമസമയം, തൊഴിൽ ,കുടുംബം തുടങ്ങിയവയെക്കുറിച്ചുള്ള സങ്കല്പങ്ങളൊക്കെ ഇൻറർനെറ്റ് കണക്ഷൻ ഉള്ള സെൽഫോൺ മാറ്റിമറിക്കുന്നു. സ്വകാര്യത പലപ്പോഴും അറിഞ്ഞും അറിയാതെയും കച്ചവടച്ചരക്ക് ആവുന്നു . ജനങ്ങളെ മുമ്പൊന്നുമില്ലാത്ത വിധം അ

ന്തർമുഖരാക്കുന്നു. ചുറ്റുമുള്ള ലോകത്തെ ശ്രദ്ധിക്കാതെ സ്ക്രീനിൽ തലപൂഴ്ത്തി ജീവിക്കുന്ന ഒരു സ്ക്രീൻ ജനതയെ അത് സൃഷ്ടിക്കുന്നു. ഈ സൈബർ വ്യവഹാരങ്ങളിൽ സ്ത്രീയും പുരുഷനും ട്രാൻസ്ജെൻഡർ ഒക്കെ സജീവമായി മുഴുകുന്നു. പുറംലോകത്തെ പോലെ തന്നെ ആണധികാര മേഖലയായി സൈബർസ്പേസും തുടരുകയാണ്. ഈ ഇടം സാധ്യമാകുന്ന സ്വത്വപ്രകാശനങ്ങളിലും ആത്മാവില്ലാത്തിടങ്ങളിലും ബന്ധസ്ഥാപനങ്ങളിലും കാമനാ പൂർത്തീകരണങ്ങളിലും ഒക്കെ എല്ലാവരും മുഴുകുന്നുണ്ടെങ്കിലും അവിടെ അതിശക്തമായ വ്യവസ്ഥ പല മട്ടിൽ സ്ഥൂലവും സൂക്ഷ്മവുമായി പ്രവർത്തിക്കുന്നു. ആണുമായുള്ള ബന്ധത്തിലൂടെ നിർവ്വഹിക്കപ്പെടുന്ന ഒരു അപരസ്വത്വ പദവിയാണ് സ്ത്രീക്കുള്ളത് .എന്ന് സീമോൺ ദി ബുവെ നിരീക്ഷിച്ചിട്ടുണ്ട്. ഈ അപരസ്വത്വ പദവിയും ലിംഗപരമായ വാർപ്പ് മാതൃകകളും ഗെയിമുകൾ, ചാറ്റ് റൂമുകൾ, ഉള്ളടക്കങ്ങൾ, ചിത്രങ്ങൾ ,ട്രോളുകൾ, പ്രതികരണങ്ങൾ എന്നിവയിലൂടെ ആവർത്തിച്ചു ഉറപ്പിക്കപ്പെടുന്നു. വീഡിയോ കോൾ, ചിത്രങ്ങൾ തുടങ്ങിയവ വഴി ആഗ്രഹവസ്തുവും സങ്കീർണമായ വശീകരണ വസ്തുവുമായി സ്ത്രീശരീരം വസ്തുവൽക്കരിക്കപ്പെട്ട് അവതരിപ്പിക്കപ്പെടുന്നു . ഭാഷയിലൂടെ ഇത് കൂടുതൽ പ്രബലനം ചെയ്യപ്പെടുകയും ചെയ്യുന്നു . സ്ത്രീക്കും പുരുഷനും ഇവിടെ വ്യത്യസ്ത മൂല്യങ്ങൾ (ഓഫ്‌ലൈൻ സമൂ

> **സ്വതന്ത്രമായി അഭിപ്രായം പറയുന്ന സ്വയം ആവിഷ്കരിക്കുന്ന പുരുഷൻ ബഹുമാന്യനാവുന്നു .എന്നാൽ അതേ അഭിപ്രായം ഒരു സ്ത്രീ പറഞ്ഞാൽ ഭൂരിപക്ഷം സന്ദർഭങ്ങളിലും സ്ത്രീയെ ലൈംഗികതയും തെറിയും പറഞ്ഞു അപമാനിച്ചതിന് എത്രയെങ്കിലും തെളിവുകൾ സൈബറിടത്തിൽ നിന്ന് കണ്ടെത്താനാവും. സ്ത്രീയുടെ ആശയത്തെ ആശയം കൊണ്ട് അല്ല മറിച്ച് ശരീരാധിഷ്ഠിതമായതും ലൈംഗികാതിക്രമ സൂചനകൾ നിറഞ്ഞതുമായ ഭാഷകൊണ്ടും ഭീഷണികൾ കൊണ്ടുമാണ് കേരളീയ പുരുഷൻ നേരിടുന്നത് .**

ഹത്തിലെന്നപോലെ) നിലവിലുണ്ട്. പുരുഷന് സ്വാതന്ത്ര്യവും സ്ത്രീക്ക് മര്യാദയും ആണ് ഇവിടുത്തെ നിയമം. സ്വതന്ത്രമായി അഭിപ്രായം പറയുന്ന സ്വയം ആവിഷ്കരിക്കുന്ന പുരുഷൻ ബഹുമാന്യനാവുന്നു .എന്നാൽ അതേ അഭിപ്രായം ഒരു സ്ത്രീ പറഞ്ഞാൽ ഭൂരിപക്ഷം സന്ദർഭങ്ങളിലും സ്ത്രീയെ ലൈംഗികതയും തെറിയും പറഞ്ഞു അപമാനിച്ചതിന് എത്രയെങ്കിലും തെളിവുകൾ സൈബറിടത്തിൽ നിന്ന് കണ്ടെത്താനാവും. സ്ത്രീയുടെ ആശയത്തെ ആശയം കൊണ്ട് അല്ല മറിച്ച് ശരീരാധിഷ്ഠിതമായതും ലൈംഗികാതിക്രമ സൂചനകൾ നിറഞ്ഞതുമായ ഭാഷകൊണ്ടും ഭീഷണികൾ കൊണ്ടുമാണ് കേരളീയ പുരുഷൻ നേരിടുന്നത്. അന്യഭാഷാ ചിത്രത്തെ വിമർശിച്ചുകൊണ്ട് ഏതാണ്ട് ഒരേ അഭിപ്രായമെഴുതിയ ചലച്ചിത്ര നിരൂപകരായ സ്ത്രീപുരുഷന്മാർ തങ്ങൾക്കു ലഭിച്ച പ്രതികരണങ്ങളെ കുറിച്ച് കോഴിക്കോട് വെച്ച് ഞാനും കൂടി

ഉൾപ്പെട്ട ഒരു പൊതുചർച്ചയിൽ സംസാരിച്ചത് ഒരു ഉദാഹരണം മാത്രം. പുരുഷന് അപൂർവം ചില പ്രതികരണങ്ങൾ മര്യാദയോടു കൂടി ലഭിച്ചപ്പോൾ സ്ത്രീക്ക് അവളെ ഏതൊക്കെ രീതിയിൽ റേപ്പ് ചെയ്യും എന്നതിന്റെ എണ്ണമറ്റ വർണ്ണനാ കമന്റുകളായിരുന്നത്രെ പ്രതികരണങ്ങൾ. സ്ത്രീകൾ എപ്പോഴും അടക്കവും ഒതുക്കവും മിതത്വവും വിനയവും മര്യാദയും ഉള്ളവരായി കഴിയണമെന്ന അലിഖിത നിയമസംഹിതയാണ് ഈ തെറിവിളിയാട്ടങ്ങളിലൂടെ ആണുങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത് . അതിനാൽ നിരവധി സ്ത്രീകൾ പങ്കാളിയുടെ കൂടെയുള്ള പ്രൊഫൈൽ പിക്ചർ ഇട്ടും കുറഞ്ഞ സജീവത പുലർത്തിയും  അതിശ്രദ്ധയോടെ സ്വയം സെൻസർഷിപ്പ് പുലർത്തിയും സൈബറിടത്തിൽ ഇടപെടുന്നു. വെടി എന്ന പദമാണ് കേരളീയ പുരുഷന്റെ ഒരു പ്രിയപ്പെട്ട പദം. സെലിബ്രിറ്റികളായ സ്ത്രീകൾ എന്തെഴുതിയാലും പ്രസ്താവന ഇറക്കിയാൽ അവർ ഈ പദം വാരിവിതറുന്നത് കാണാം. പലരുടെയും വിവാഹം കഴിഞ്ഞാൽ ഇടുന്ന ഒരു നിരന്തരമായ കമൻറ് ഒരു പൊതുമേഖലാ സ്ഥാപനം കൂടി സ്വകാര്യവത്കരിക്കപ്പെട്ടു എന്നതാണ്. പുരുഷാധിപത്യത്തിന്റെ ചാവേറുകൾ - സൈബർ ഇടത്തിൽ സ്ത്രീവിരുദ്ധ തെറികളും അശ്ലീലങ്ങളും ലൈംഗികാതിക്രമ ഭീഷണികളും വാരിവിതറുന്ന പുരുഷാധിപത്യത്തെ അവർ പടയാളികളായി കാണുന്നു. വലിയൊരുവിഭാഗം പുരുഷന്മാർ ഇവിടെ ഭാഷയെ ബോംബുകൾ പോലെ പൊട്ടിക്കുന്നു. ചാവേറുകളായി പ്രവർത്തിക്കുന്നു. കേസ് നേരിട്ടാലും സ്വന്തം പ്രതിച്ഛായക്ക് നഷ്ടം സംഭവിച്ചാലും ഒന്നും ഇവിടെ പ്രശ്നമേയല്ല. അല്ലെങ്കിലും പുരുഷന് എന്ത് പ്രതിഛായാ നഷ്ടം. പ്രതിച്ഛായകൾ സ്ത്രീകൾക്കുള്ളതാണ്. ജീവിതം മുഴുവൻ ബലികൊടുത്ത് സംരക്ഷിക്കേണ്ട ഈ പ്രതിച്ഛായകളെ തൃണവത്ഗണിച്ച്  ഇടപെടുന്ന എണ്ണത്തിൽ കുറവെങ്കിലും ഉശിരത്തികളായ പെണ്ണുങ്ങൾ ഉണ്ട് എന്നതാണ് ആശ്വാസകരമായ കാഴ്ച . എന്നാലും ഭാഷാ ബോംബുകൾ പൊട്ടിത്തെറിച്ചു കൊല്ലപ്പെടുന്നവരും അപ്രത്യക്ഷരാകുന്നുവരും നിശബ്ദരാക്കപ്പെടുന്നവരും സ്വയം സെൻസറിംഗിന്  വിധേയരാവുന്നവരും സ്ത്രീകളാണ് .സൈബർ ഇടത്തിലെ ഈ ഭാഷ അതിക്രമങ്ങൾ നേരിടാനും തടയാനും ഇനി അഥവാ തടയാൻ സാധിച്ചില്ലെങ്കിൽ നാം കോവിഡിനൊപ്പം ജീവിക്കാൻ പഠിച്ച പോലെ ആൺതെറികൾക്കിടയിൽ സധൈര്യം ജീവിക്കാൻ പഠിക്കാനും സ്ത്രീകൾ പരിശീലിക്കണം. അതിനൊക്കെ ഇടയിലൂടെ തലയുയർത്തിപ്പിടിച്ച് നടന്നുവരുന്ന; അവയെ നിയമപരമായോ വ്യക്തിപരമായോ അമർച്ച ചെയ്യാൻ ശേഷിയുള്ള ഭാഷാപടനായികമാരായി സ്ത്രീകൾ സൈബറിടത്തിൽ വിലസട്ടെ! അവരുടെ ആഹ്ലാദങ്ങളും താൻപോരിമയാണ്. അഭിപ്രായപ്രകടനങ്ങളും ഭൗതിക ഇടപെടലുകളും കൊണ്ട് മുഖരിതമാവട്ടെ, സൈബർ വഴിത്താരകൾ  !




### സഹായകസ്രോതസ്സുകൾ

രവീന്ദ്രൻ പി. പി., 2013 സംസ്കാരപഠനം ഒരു ആമുഖം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം

സുനിത ടി.വി., 2015 സൈബർ കഥകളിലെ സ്ത്രീ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

തോമസ് സ്കറിയ, 2021, പ്രിൻസ് മോജോ സൈബർ ആകാശ സാഹിത്യവും സംസ്കാരവും, ജോസഫ് ബുക്സ്, കോട്ടയം

ചർച്ചാവിഷയം

**സോണിയ. ഇ. പ.,** അസിസ്റ്റന്റ് പ്രൊഫസർ,
ഗവ ആർട്സ് & സയൻസ് കോളേജ് കോഴിക്കോട്



# ചൊല്ലുകൾ : നീതിയുടെ സെമിത്തേരി



കുഷ്ഠം പിടിച്ചും മറ്റും വിരലുകൾ നഷ്ടപ്പെട്ട ഒരുത്തൻ തന്റെ കൈകളാകുന്ന കുറ്റികൾ കൊണ്ടു ടൈപ്പു ചെയ്യുന്നതുപോലെയോ കൊട്ട നെയ്യുന്നേതുപോലെയോ ആണ് എന്റെ സാഹിത്യരചന. വാക്കുകളുടെ ദാരിദ്ര്യം എന്റെ കലയെ പരിമിതമാക്കുന്നു. രാത്രിയിൽ എന്റെ ഭർത്താവും ചെറിയ കുഞ്ഞും അടുത്ത് ഉറങ്ങിക്കിടക്കുമ്പോൾ ഞാൻ ഇരുട്ടിൽ വാക്കുകൾക്കുവേണ്ടി പരതി നടക്കും. എന്റെ മനസ്സ് കണ്ടെത്താത്ത ഒരു ഭൂഖണ്ഡമാണെന്നും തീനാളങ്ങളെപ്പോലെ ജ്വലിക്കുന്ന വാക്കുകൾകൊണ്ട് അതിന്റെ തുറമുഖങ്ങളെ പ്രകാശിപ്പിച്ചാൽ ഓരോ വായനക്കാരനും ഓരോ ദേശസഞ്ചാരിയെപ്പോലെ അതിലെ കരിങ്കൽവിഗ്രഹങ്ങൾക്കുമുമ്പിൽ അത്ഭുതദൃഷ്ടിയോടെ വന്നുനിൽക്കുമെന്നും എനിക്ക് തോന്നുന്നു. (മാധവിക്കുട്ടി

2009: 443, 444) എഴുത്തിന്റെ ലോകത്തേക്കെത്തുമ്പോൾ ഭാഷയുമായി കലഹിക്കേണ്ടി വരുന്ന അനുഭവത്തെക്കുറിച്ചാണ് മാധവിക്കുട്ടി എഴുതുന്നത്. വാക്കുകളുമായുള്ള എഴുത്തുകാരിയുടെ കലഹം പലപ്പോഴും ലിംഗഭേദചിന്തയിൽ നിന്നുതന്നെയാണ് തുടങ്ങുന്നത്. ഭാഷയ്ക്കകത്ത് പ്രവർത്തിക്കുന്ന ലിംഗഭേദത്തെക്കുറിച്ച് സ്ത്രീവാദികൾ പലമട്ടിൽ എഴുതിയിട്ടുണ്ട്. സാഹിത്യഭാഷയെയും സാമാന്യവ്യവഹാരഭാഷയേയും മുൻനിർത്തി സ്ത്രീവാദികൾ പലതരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. അത്തരം അന്വേഷണങ്ങളുടെ വെളിച്ചത്തിൽ പഴഞ്ചൊല്ലുകളെ മുൻനിർത്തി ഒരു കുറിപ്പ് തയ്യാറാക്കാനാണ് ശ്രമിക്കുന്നത്. പഴഞ്ചൊല്ലുകളെക്കുറിച്ചുള്ള പൂർവ്വപഠനങ്ങളുടെ പൊതുസവിശേഷതകളാണ് ആദ്യം പരിശോധിക്കുന്നത്.

"ചില പാശ്ചാത്യരാണ് നമ്മുടെ പഴഞ്ചൊൽശേഖരത്തിൽ ആദ്യമായി പരിശ്രമിച്ചത്. പൗലിനോസ് പാതിരിയുടെ 'മലയാളത്തിലെ പഴഞ്ചൊല്ലുകൾ' (1791), ഡോ. ഗുണ്ടർട്ടിന്റെ 'പഴഞ്ചൊൽമാല' (1845), പൈലോപോളിന്റെ 'മലയാളപ്പഴഞ്ചൊല്ലുകൾ' (1927) എന്നിവ പ്രാതഃസ്മരണീയങ്ങളാണ്. പാശ്ചാത്യമിഷനറിമാരുടെ ശ്രമം പിൽക്കാലത്ത് പല പഴഞ്ചൊൽ സഞ്ചയങ്ങൾക്കും വഴിതെളിച്ചു. റവ: കെ.ടി. ചാക്കാണ്ണിയുടെ 'രണ്ടായിരത്തൊന്നു പഴഞ്ചൊല്ലുകൾ' (1957), കുഞ്ഞുണ്ണിമാസ്റ്ററുടെ പഴഞ്ചൊല്ലുകൾ (1959), ഡോ. എസ്. കെ. നായരുടെ 'ദ്രാവിഡചൊല്ലുകൾ', പി.സി. കർത്താവിന്റെ 'പഴഞ്ചൊൽ പ്രപഞ്ചം', വേലായുധൻ പണിക്കശ്ശേരിയുടെ 'നാലായിരം പഴഞ്ചൊല്ലുകൾ', 'പതിനായിരം പഴഞ്ചൊല്ലുകൾ' എന്നിവ പിൽക്കാലത്തുണ്ടായ പഴഞ്ചൊൽ ശേഖരങ്ങളാണ്. എ. രാമലിംഗപ്പിള്ളയുടെ 'ശൈലീനിഘണ്ടു', വടക്കുംകൂർ രാജരാജവർമ്മയുടെ 'ശൈലീപ്രദീപം' എന്നീ ഗ്രന്ഥങ്ങളിൽ പഴഞ്ചൊല്ലുകൾ കടന്നുകൂടിയിട്ടുണ്ട്." (വിഷ്ണുനമ്പൂതിരി 2000: 263) ജനസംസ്കാരത്തിന്റെ വിവിധരീതിയിലുള്ള മാതൃകകൾ ശേഖരിക്കപ്പെടണം എന്ന ലക്ഷ്യത്തിൽനിന്നാണ് ഇത്തരം പുസ്തകങ്ങളെല്ലാം ഉണ്ടാകുന്നത്. ഫോക്‌ലോർ പഠനങ്ങളുടെ ആദ്യഘട്ടം ഈ രീതിയിൽ ശേഖരണങ്ങളുടേതായിരുന്നു. തുടർന്നാണ് അതിന്റെ പല മട്ടിലുള്ള വിശകലനങ്ങൾ വരുന്നത്.

കേരളസാഹിത്യചരിത്രത്തിൽ 'ചില ആനുഷ്ങ്ഗികവിഷയങ്ങൾ' എന്ന തലകെട്ടിനകത്താണ് പഴഞ്ചൊല്ലുകളെക്കുറിച്ച് ഉള്ളൂർ പറയുന്നത്. "പഴഞ്ചൊല്ലുകൾക്ക് കേൾവിപ്പെട്ടിട്ടുള്ള ഒരു ഭാഷയാകുന്നു മലയാളം. പഴഞ്ചൊല്ല് അഥവാ പഴമൊഴി എന്ന പദത്തിന്റെ അർത്ഥം ഒരു ജനസമുദായത്തിൽ പണ്ടേക്കുപണ്ടേ പലരും പറഞ്ഞു പറഞ്ഞു പഴക്കം വന്നിട്ടുള്ള ചൊല്ല് എന്നാണ്. ഏതുനിലയിൽ എത്ര നിരക്ഷരകുക്ഷിയായ മനുഷ്യനും കേട്ടാൽ ഉടനടി അർത്ഥാവബോധം ജനിക്കത്തക്കവിധത്തിൽ, കഴിയുന്നതും പ്രഥമാക്ഷരത്തിനോ ദ്വിതീയാക്ഷരത്തിനോ സാജാത്യമുള്ള ലളിതപദങ്ങളെക്കൊണ്ട് സാന്മാർഗ്ഗികങ്ങളോ, തദിതരങ്ങളോ ആയ സാമാന്യതത്ത്വങ്ങളെ പ്രതിപാദിക്കുന്നതിനുവേണ്ടി രചിച്ചിട്ടുള്ള ചെറിയ വാക്യങ്ങളാകുന്നു പ്രായേണ ഈ ആഭാണകങ്ങൾ" (ഉള്ളൂർ 1990: 500, 501). സാമാന്യവ്യവഹാരഭാഷയുടെ ഭാഗമായാണ് പഴഞ്ചൊല്ല് എന്നംഗീകരിക്കുമ്പോൾത്തന്നെ അതിനുള്ള സാഹിത്യപരതയെക്കുറിച്ച് ഉള്ളൂർ സൂചിപ്പിക്കുന്നുമുണ്ട്. അതുപോലെ പഴഞ്ചൊല്ല് സമൂഹത്തിൽ നിലനിൽക്കുന്നതിനെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങൾകൂടി അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. പിൽക്കാലത്ത്

ഫോക്‌ലോർ പഠിതാക്കളുടെ ശ്രദ്ധ പതിഞ്ഞൊരു നിരീക്ഷണം കൂടിയാണിത്. "ഈ സാഹിത്യ ഗുളികകൾക്കുള്ള ധർമ്മോപദേശപാടവവും പ്രകൃതിനിരീക്ഷണ പ്രേരകതയും സാമാന്യമല്ല." (ഉള്ളൂർ 1990: 503) പഴഞ്ചൊല്ലുകൾക്കുള്ള ഈ സാധ്യത പ്രയോജനപ്പെടുത്തിയ കവി കുഞ്ചൻനമ്പ്യാരാണെന്ന് ഉള്ളൂർ പറയുന്നുണ്ട്.

വേലികൾതന്നെ വിളവുമുടിച്ചാൽ
കാലികളെന്തു നടത്തീടുന്നു
കപ്പലകത്തൊരു കള്ളനിരുന്നാൽ
എപ്പോഴുമില്ലൊരു സുഖമറിയേണം
(1989: 88)

സാഹിത്യരചനകളിൽ പഴഞ്ചൊല്ലുകൾ പ്രയോജനപ്പെടുത്തിയതിന് ഈ മട്ടിൽ ധാരാളം ഉദാഹരണങ്ങളുണ്ട്.

ധർമ്മോപദേശം, സാഹിത്യപരത എന്നീ രണ്ടു ഘടകങ്ങളും പിന്നീടുള്ള പഴഞ്ചൊൽ പഠനങ്ങളിൽ വരുന്നുണ്ട്. ധർമ്മാത്മകത എന്നത് പഴഞ്ചൊല്ലുകളിലൂടെ നിർവ്വഹിക്കപ്പെടുന്നതെങ്ങനെയെന്നാണ് രാഘവൻ പയ്യനാട് വിശദീകരിക്കുന്നത്. പഴഞ്ചൊല്ല് പറയുന്ന സന്ദർഭത്തിലാണ് ധർമ്മാത്മകത കുടികൊള്ളുന്നത്. പഴഞ്ചൊല്ലിന്റെ സൂചകസൂചിതബന്ധം സന്ദർഭത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതാണ്. "പഴഞ്ചൊല്ലിന്റെ ജീവൻ അതിന്റെ സന്ദർഭമാണ്. ഒരു സംഭാഷണശകലത്തിൽനിന്ന് അടർത്തിയെടുത്ത് മാറ്റിനിർത്തിയാൽ അത് നിർജീവമാണ്. (രാഘവൻ പയ്യനാട് 2006: 30) ആരോപിതമായ സൂചിതത്തിന് സന്ദർഭത്തിൽമാത്രം അർത്ഥമുണ്ടാകുന്നു എന്ന സവിശേഷതയാണ് പഴഞ്ചൊല്ലിനുള്ളത് എന്ന കാര്യമാണ് ഇവിടെ എഴുത്തുകാർ പറയുന്നത്. പ്രത്യേക സന്ദർഭത്തിൽ പഴഞ്ചൊല്ല് എന്തുകൊണ്ട് പറയുന്നു എന്ന കാര്യംകൂടി ഇവിടെ പ്രസക്തമാണ്. പാരമ്പര്യജീവിതവുമായി പഴഞ്ചൊല്ലിനുള്ള അഭേദ്യമായ ബന്ധത്തിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. "പലരുടെ അറിവ് ഒരാളുടെ ഫലിതോക്തി അതാണ് പഴഞ്ചൊല്ല്. ഇവിടെ പലരുടെ അറിവ് എന്നതുകൊണ്ട് ഉദ്ദേശിയ്ക്കുന്നത് തലമുറയ്ക്ക് തലമുറയിലൂടെ ലഭിച്ച അറിവ് എന്നാണ്." (രാഘവൻ പയ്യനാട് 2006: 298) ഈ അറിവ് എന്താണെന്നതിനെ ആശ്രയിച്ചിരിക്കും പഴഞ്ചൊല്ലിന്റെ ധാർമ്മികമായ അർത്ഥം.

വിശേഷങ്ങളിലുള്ള ഈ ശ്രദ്ധ ഫോക്‌ലോർ എന്ന വിജ്ഞാനശാഖയുടെ സൈദ്ധാന്തികതയേയും അച്ചടക്കത്തേയും വലിയൊരു വെല്ലുവിളിയാക്കി മാറ്റുന്നു." (സക്കറിയ 2019 : 467) ളുടെ ലിംഗഭേദപരമായ സ്ഥാനം നിർണ്ണയിക്കുന്ന ജീവിതസന്ദർഭങ്ങളിലാണ് ഇവ പറഞ്ഞു കേൾക്കുന്നത്. "അമ്മൂമ്മയെ ചമ്മന്തിയരക്കാൻ പഠിപ്പിക്കണോ" എന്ന് ചോദിക്കുമ്പോൾ അമ്മൂമ്മയുടെ/സ്ത്രീയുടെ കുടുംബത്തിലെ സ്ഥാനം, തൊഴിൽ എല്ലാം വ്യക്തമാകുന്നു. 'അമ്മ വേലിചാടിയാൽ മകൾ മതിൽ ചാടും' എന്നു പറയുമ്പോഴും കുടുംബത്തിനകത്താണ് അവരുടെ സ്ഥാനം എന്ന് ഓർമ്മിപ്പിക്കുന്നു. മതിലും വേലിയുമെല്ലാം കുടുംബം തീർത്തതുതന്നെ. 'ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലംവരേ' എന്ന് പറയുമ്പോഴുള്ള ചാട്ടവും കുടുംബത്തിൽ നിന്നുതന്നെ. അവിടെത്തന്നെ തിരിച്ചെത്തുമെന്നും പ്രതീക്ഷിക്കുന്നു.

കുടുംബത്തിനകത്തുനിന്നാണ് ആണും പെണ്ണും രൂപപ്പെടുന്നത്. 'കല്ലാണെങ്കിലും പെണ്ണായാൽ ഇളകിപ്പോകും' എന്നു പറയുമ്പോൾ മൃദുവായത്, അലിഞ്ഞുപോകുന്നത് അതൊക്കെയാണ് സ്ത്രീ എന്നുതന്നെ ഉറപ്പിക്കുന്നു. പെണ്ണിന്റെ സാമൂഹ്യജീവിതത്തെ സംബന്ധിച്ചുള്ള ഏത് ചർച്ചയിലും കേൾക്കുന്ന ചൊല്ലാണ് 'നാല് തല കൂടുന്നതിനേക്കാൾ ബഹളമാണ് നാലുമുലകൂടിയാൽ' എന്ന് കൂട്ടംകൂടി വളരുന്ന സാമൂഹ്യജീവിതത്തിലേക്ക് സാധ്യതയില്ലാത്തവിധം ഗാർഹികതയിലേക്ക് തന്നെ സ്ത്രീകളെ എത്തിക്കുന്നു. ഈ ചൊല്ലിൽ തീർച്ചയായും 'തല' ആര് എന്ന ചോദ്യം ചോദിച്ചുപോകും? സ്ത്രീകൾക്ക് തലയില്ല എന്നതിലാണ് ഈ ചൊല്ലിലെ 'മുല'ഭാഗം നിൽക്കുന്നത്. സ്ത്രീയെക്കുറിച്ച് പറയുമ്പോൾ ശരീരം പ്രധാനമായിത്തീരുകയും ശാരീരികമായ വ്യത്യസ്തതകൾ സ്ത്രീയുടെ ദൗർബല്യമായി വിലയിരുത്തുകയും ചെയ്യുന്നു. 'സ്വതവേ ദുർബ്ബല പോരെങ്കിൽ ഗർഭിണിയും' എന്നു പറയുമ്പോഴും ഈ വ്യത്യസ്തതയെത്തന്നെയാണ് ദൗർബല്യമായി കാണുന്നത്.

ഇങ്ങനെ ഇന്നും പല സന്ദർഭങ്ങളിലായി പ്രയോഗിക്കുന്ന ചൊല്ലുകൾ ഇനിയും കണ്ടെത്താവുന്നതാണ്. ലിംഗഭേദസ്ഥാനത്തെ, ലിംഗഭേദബന്ധങ്ങളെ ആണിയടിച്ചുറപ്പിക്കാനുള്ള സന്ദർഭങ്ങൾ വർത്തമാനകാലത്ത് ഉണ്ടാകുന്നതുകൊണ്ട് മാത്രമാണ് പുതിയ തലമുറയിൽപെട്ടവർക്ക് പോലും ഈ ചൊല്ലുകൾ പരിചിതമായിത്തീരുന്നത്. പ്രയോഗസാധ്യതയില്ലാത്ത അറിവുകൾ മൃതമായിത്തീരേണ്ടതാണ്. മേൽകാണിച്ച രീതിയിലുള്ള ചൊല്ലുകളും ശൈലികളും ദൈനംദിന ജീവിത വ്യവഹാരത്തിൽ നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ പറയുന്ന സന്ദർഭങ്ങളെല്ലാം റിക്കോർഡ് ചെയ്യപ്പെടേണ്ടതുണ്ട്. സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രം അതിനായി പ്രയോജനപ്പെടുത്തേണ്ടിവരും. റെയ്മണ്ട് വില്യംസ് സംസ്കാരത്തെ സവിശേഷ ജീവിതമാതൃകയായാണ് കാണുന്നത്. ഇതുപ്രകാരം കല, സാഹിത്യം തുടങ്ങിയവ മാത്രമല്ല ദൈനംദിനജീവിതം മുഴുവൻ സംസ്കാരമാണ്. ഇതിൽ സംസ്കാരവിശകലനം എന്നത് പ്രത്യേക ജീവിതരീതിയുടെ അർത്ഥം വിശദീകരിയ്ക്കലായിരിക്കും. (അനിൽ 2017: 73) ചൊല്ലുകളുടെ പഠനത്തിൽ ദൈനംദിന ജീവിതപഠനം പ്രധാനമാണ്. ഫോക്‌ലോർ പഠനത്തിൽ സൂചിപ്പിച്ച ധാർമ്മികവിദ്യാഭ്യാസമെന്ന പഴഞ്ചൊല്ലിന്റെ ധർമ്മത്തെക്കുറിച്ച് മനസ്സിലാക്കാൻ ഇത്തരം രീതിശാസ്ത്രങ്ങൾകൂടി പ്രയോജനപ്പെടുത്തേണ്ടിവരും.


### സഹായകഗ്രന്ഥങ്ങൾ

| | | |
|---|---|---|
| അനിൽ. കെ.എം (എഡി) | 2017 | സംസ്കാരനിർമ്മിതി, പ്രോഗ്രസ് ബുക്സ്, കോഴിക്കോട് |
| ഉള്ളൂർ | 1990 | കേരളസാഹിത്യചരിത്രം, ഒന്നാംവാല്യം, പ്രസിദ്ധീകരണ വകുപ്പ്, കേരളസർവ്വകലാശാല, തിരുവനന്തപുരം |
| | 1989 | കുഞ്ചൻനമ്പിയാരുടെ തുള്ളൽക്കഥകൾ, കേരള സാഹിത്യഅക്കാദമി, തൃശൂർ |
| രാഘവൻ പയ്യനാട് | 2006 | ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |
| മാധവിക്കുട്ടി | 2009 | മാധവിക്കുട്ടിയുടെ സമ്പൂർണ്ണകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം |
| സ്കറിയാ | 2019 | സക്കറിയയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, |
| സാഹിത്യ പ്രവർത്തക സഹകരണ | | സംഘം, നാഷനൽ ബുക്ക് സ്റ്റാൾ |
| വിഷ്ണുനമ്പൂതിരി എം.പി | 2000 | നാടോടിവിജ്ഞാനീയം, ഡി.സി. ബുക്സ്, കോട്ടയം |
| Cameron Deborah | 1994 | Feminism and Linguistic Theory, The Macmillan Press Ltd., London |

ഉപ്പും മുളകും

ഗീത





# ആണുങ്ങളെയാണു ബോധവത്കരിക്കേണ്ടത്

**വീ**ണ്ടും വീണ്ടും സ്ത്രീകളെ ബോധവത്കരിക്കുകയും ശാക്തീകരിക്കുകയും സ്ത്രീകൾക്ക് സുരക്ഷയൊരുക്കുകയും ചെയ്യുന്ന സംരംഭങ്ങൾ കേരളമാകെ പടർന്നു വികസിച്ചു കൊണ്ടിരിക്കുകയാണ് . ഔദ്യോഗിക , ഔപചാരിക, അക്കാദമിക മേഖലകളിൽ ഈ ശ്രമം നടക്കുന്നു. എന്നാൽ എന്താണ് യഥാർഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്? സ്വതവേ ദുർബലരാണ് സ്ത്രീകൾ എന്ന് പൂർവാധികം ശക്തമായി ഉറപ്പു വരുത്തുന്ന വിധമാണ് സംഗതികൾ നടന്നുകൊണ്ടിരിക്കുന്നതെന്നു സൂക്ഷ്മമായി ശ്രദ്ധിച്ചാൽ മനസിലാകും.

ഉത്ര എന്ന പെൺകുട്ടിയെ ഭർത്താവും വീട്ടുകാരും കൂടി പാമ്പിനെക്കൊണ്ടു കൊത്തിച്ചു കൊന്ന് അധികം വൈകാതെ ദുരൂഹ സാഹചര്യത്തിൽ വിസ്മയ എന്ന പെൺകുട്ടിയെ തൂങ്ങി മരിച്ച നിലയിൽ ഭർതൃവീട്ടിൽ കണ്ടെത്തി . തുടർന്ന് കുറേയേറെ പെൺകുട്ടികൾ ദുരൂഹമായി മരണപ്പെട്ടു. ഭർതൃമതികളായ പെൺകുട്ടികളുടെ ദുരൂഹ മരണങ്ങളിൽ 99% വും സ്ത്രീധന പീഡനമരണങ്ങളായിരുന്നു എന്ന് കേരളത്തിലെ പൊതു സമൂഹത്തിന് അംഗീകരിക്കേണ്ടി വന്നു. സ്ത്രീധന നിരോധന നിയമം നിലവിലുള്ള ഒരു നാട് . വികസിതം, പുരോഗമനപരം എന്നൊക്കെ സ്വയം അഭിമാനിക്കുന്ന ഒരു പൊതു സമൂഹമാണ് കേരളത്തിലുള്ളത്. എന്നിട്ടും കിട്ടിയ സ്ത്രീധനം പോരെന്നു പറഞ്ഞ് പെൺകുട്ടികൾക്കു മേൽ ഭർത്താവോ ഭർതൃവീട്ടുകാരോ കടുത്ത പീഡനങ്ങളും സമ്മർദ്ദങ്ങളും ഉണ്ടാക്കിക്കൊണ്ടിരുന്നു. ഇത്രയും വിദ്യാഭ്യാസ പുരോഗതിയുള്ള കേരളത്തിൽ ഇത്രയൊക്കെ സ്ത്രീധന പീഡനമരണങ്ങളോ എന്നു മൂക്കത്തു വെച്ച വിരൽ അർഥശൂന്യവും സ്വയം പരിഹസിക്കുന്നതുമായി തിരിച്ചറിയേണ്ടി വരുന്നു. കാരണം ഇന്ത്യയിലെ മറ്റേതു സംസ്ഥാനങ്ങളെയും പോലെ അഥവാ അവയേക്കാൾ ആണധികാര യുക്തികൾ അടക്കിവാഴുന്ന ഒരിടമാണ് കേരളം എന്നതു തന്നെ. മധുര സ്വരങ്ങൾ കൊണ്ട് ആ വികൃതാലാപനത്തെ മറയ്ക്കാൻ കഴിയാതെ വന്നിരിക്കുന്നുവെന്നർഥം.

ഇവിടെ സ്വാഭാവികമായും ഒരു സംശയം ഉയർന്നു വരുന്നു - സ്ത്രീധനം പോരെന്ന കാരണം പറഞ്ഞ് നിരവധിയായ സ്ത്രീകൾ ദൈനം ദിനം പീഡിപ്പിക്കപ്പെടുകയോ ഉപേക്ഷിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തു കൊണ്ടിരിക്കുന്നു. അതിൽപ്പെട്ട ഒരു ശതമാനം പോലുമാവില്ല ഉത്രയും വിസ്മയയുമെന്നും . ആ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ പ്രതിനിധികൾ എന്ന നിലയ്ക്കാണ് ഉത്രയെയും വിസ്മയയെയും തിരിച്ചറിയേണ്ടത്. ഊരും പേരുമൊന്നും പുറത്തു വരാത്ത ആയിരക്കണക്കിനു പെൺകുട്ടികളുടെ വിരലിൽ എണ്ണാവുന്ന പ്രതിനിധികൾ. പത്തിൽ ഒരുഭാഗം പോലും പുറത്തുവന്നിട്ടില്ല എന്നതാണ് യാഥാർഥ്യം. ഈ പെൺകുട്ടികൾ ഇങ്ങനെ ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തതിന് ആരാണ് കാരണക്കാർ? അതെ, ഇക്കാര്യത്തിൽ ആരെയാണ് ബോധവത്കരിക്കേണ്ടത് എന്നതു തന്നെയാണു വിഷയം. ഏതു പെൺകുട്ടിയെ / സ്ത്രീയെ ബോധവത്കരിക്കുകയും ശാക്തീകരിക്കുകയും ചെയ്താൽ ഈ അത്യാചാരം ഇല്ലാതാകും? അമ്മായിയമ്മയെ, നാത്തൂനെ, സ്ത്രീധനം കൊടുക്കാൻ തയ്യാറാവുകയും അവളെ ഭർതൃവീട്ടിലേക്കു തള്ളിവിടുകയും ചെയ്ത പെറ്റമ്മയെ എന്നൊക്കെ പിറുപിറുക്കുന്നുണ്ടാകുമെന്ന് ഊഹിക്കാം. ഇവരിതൊക്കെ ചെയ്യുന്നത് എന്തിനു വേണ്ടിയാണ്, ആർക്കു വേണ്ടിയാണ്, അഥവാ ഇവർ ആരുടെ / എന്തിന്റെ ഏജൻസിയാണ്? ഇതിനുത്തരം പറഞ്ഞാൽ മാത്രമേ യഥാർഥ പ്രശ്നത്തിന്റെ വേരുകളിലേക്കെത്താൻ കഴിയൂ. സ്ത്രീ തന്നെയാണു സ്ത്രീയുടെ ശത്രുവെന്നു പഠിപ്പിച്ചുറപ്പിച്ച ആണധികാരത്തിന്റെ താല്പര്യം തിരിച്ചറിയാതെ പ്രശ്ന പരിഹാരം സാധ്യമേയല്ല.

പോലീസുൾപ്പടെയുള്ള അധികാരികൾ ഒരു കുടുംബ പ്രശ്നത്തിൽ , സ്ത്രീ പ്രശ്നത്തിൽ ഇടപെടുന്ന രീതി ശ്രദ്ധിക്കുക. പരാതിയുമായി വരുന്ന സ്ത്രീകളെ ഗുണദോഷിച്ചു തിരിച്ചയക്കുകയും പരാതിക്കാരികളെ പ്രശ്നക്കാരികളായി ചിത്രീകരിച്ച് പ്രശ്നത്തെ നിസ്സാരീകരിക്കുകയും പൊതുമധ്യത്തിൽ അവരുന്നയിക്കുന്ന പരാതിയുടെ വിശ്വാസ്യത ഇല്ലാതാക്കുകയും ചെയ്യുന്ന പ്രവണതയാണ് പോലീസിൽ വ്യാപകമായി കാണുന്നത്. ഒരു നൂറ്റാണ്ടു മുമ്പുള്ള നാട്ടുകാര്യസ്ഥന്റ റോളിൽ നിന്ന് പോലീസുകാർക്ക് ഇക്കാര്യത്തിൽ എന്തു മാറ്റം വന്നു? അതു കൊണ്ടവർ സ്ത്രീകളെ ബോധവത്കരിച്ചു കൊണ്ടേ ഇരിക്കുന്നു . പോലീസുകാർ മാത്രമല്ല ഇത്തരം വിഡ്ഢിത്തങ്ങൾ ചെയ്യു

ന്നത്. സർക്കാർ തലത്തിൽത്തന്നെ സ്ത്രീധന നിരോധന ത്തിന് സ്ത്രീകളെ ബോധവത്കരിക്കുകയും ശാക്തീകരി ക്കുകയുമാണ് വേണ്ടതെന്ന സമീപനം സ്വീകരിക്കുന്നു.

സമാന്തരമായി സംഭവിക്കുന്ന മറ്റൊരാപത്തിലേക്കു വ രാം. വിവാഹമല്ല, പ്രണയമാണവിടെ വിഷയം. താൻ നട ത്തിയ പ്രണയാഭ്യർഥന നിഷേധിക്കുന്ന പെൺകുട്ടിയുടെ മുഖത്ത് ആസിഡൊഴിക്കലൊക്കെ പഴഞ്ചനായി. അവളെ കൊന്നു കൊണ്ടാണ് പ്രണയി തൃപ്തനാകുന്നത്. സ്ത്രീ ധനത്തിൽ കുറവു വരുത്തിയ ഭാര്യയെ എന്ന പോലെ പ്ര ണയം നിഷേധിക്കുന്നവളെയും ഇല്ലാതാക്കാൻ പുരുഷന് അധികാരമുണ്ട് എന്നാണ് അവൻ ധരിച്ചു വെച്ചിരിക്കുന്ന തെന്നു തോന്നുന്നു. ഇത് ' പാരന്റേജി ' ന്റെ പ്രശ്നമായി വിലയിരുത്തുന്നത് ഈ വിപത്തിന്റെ ഒരു വശം മാത്രമാ ണ്. കാരണം രക്ഷാകർതൃത്വമെന്നത് കുടുംബ പരമെന്ന തിനേക്കാൾ സാമൂഹികവുമാണ്. സ്ത്രീയോടു അക്രമം പ്ര വർത്തിക്കാനുള്ള അദൃശ്യമായ അധികാരം ആണധികാര സമൂഹം പുരുഷനു നല്കുന്നുണ്ട്. കുടുംബം / ജന്മം കൊ ടുത്ത രക്ഷിതാക്കൾ ആ അധികാരം പ്രയോഗിക്കുന്നതിനു ള്ള നിർദേശം പാലിക്കുന്നുവെന്നു മാത്രം.

മലപ്പുറം ജില്ലയിലെ ഏലങ്കുളത്ത് തന്റെ പ്രണയാഭ്യർ ഥന നിരസിച്ച പെൺകുട്ടിയെ യുവാവ് വീട്ടിൽക്കയറി 'വെ ട്ടിക്കൊന്നു. കണ്ണൂർക്കാരിയായ പെൺകുട്ടിയെ കോതമം ഗലത്തുവെച്ച് കണ്ണൂർക്കാരനായ യുവാവ് വെടിവെച്ചു കൊ ന്നു. അയാൾ സ്വയം വെടിവെച്ചു മരിക്കുകയും ചെയ്തു. പ്രണയ നിരാസത്തിന്റെ പേരിൽ നടന്ന ഈ കൊലപാത കങ്ങൾക്കു വേണ്ടി യുവാക്കൾ വളരെയേറെ ആസൂത്രണ ങ്ങളും മുന്നൊരുക്കങ്ങളും നടത്തിയതായി കാണാം. ' അ വൾ പഠിച്ചു വലുതായപ്പോൾ അവനെ തേച്ചിട്ടു പോയതു കൊണ്ടാണ് ' എന്നു തുടങ്ങിയ പുരുഷന്യായങ്ങൾ സോ ഷ്യൽ മീഡിയയിൽ സുലഭമാണ്. അതായത് 'തേച്ചിട്ടു പോ യവളെ ' കൊല്ലാം എന്ന പൊതുബോധ ന്യായീകരണത്തി ന്റെ പ്രതിഫലനങ്ങളാണ് പ്രസ്തുത അഭിപ്രായങ്ങൾ. സ് ത്രീ ഒരു വ്യക്തിയാണെന്നതും അവൾക്കു തെരഞ്ഞെടു പ്പുകൾ ഉണ്ട് എന്നതും ഈ 'പ്രണയി' കൾക്കും കൂട്ടാളി ആണുങ്ങൾക്കും ഒരു വിഷയമേ അല്ല. ഒരിക്കൽ പ്രണയം തോന്നിയാൽ ഏതെങ്കിലുമൊക്കെ കാരണത്താൽ സ്ത്രീ യുടെ മനസിലും അതില്ലാതെയാകാനുള്ള സാധ്യത ഉണ്ട് എന്നത് ഇവർക്കൊരു വിഷയമേ അല്ല. ആണ് പെണ്ണിന്റെ പ്രണയം നിഷേധിച്ചാലോ പ്രണയിച്ച ശേഷം അവളെ ഉ പേക്ഷിച്ചു പോയാലോ അതു പെണ്ണിന്റെ കുറ്റമാണ്. അ പ്പോൾ അവൾക്ക് ആത്മഹത്യ ചെയ്യാം. പെണ്ണ് ആണിന്റെ പ്രണയം നിഷേധിച്ചാൽ ആണിന് അവളെ കൊല്ലാം. എ പ്പോഴും ചാവേണ്ടത്, ഇല്ലാതാകേണ്ടത് പെണ്ണുതന്നെ! ഇ തെവിടുത്തെ ന്യായമാണ്? അപ്പോഴും ശാക്തീകരിക്കേണ്ട തും ബോധവത്കരിക്കേണ്ടതും പെണ്ണിനെത്തന്നെ!

വണ്ടിപ്പെരിയാറിൽ രണ്ടരവയസു മുതൽ തന്റെ ലൈം ഗികാനന്ദങ്ങൾക്കായി പീഡിപ്പിക്കുകയും മൂന്നുവർഷത്തി നു ശേഷം ആ കുഞ്ഞിനെ കൊന്നു കെട്ടി തൂക്കുകയും ചെയ്തത് അയൽപക്കക്കാരനായിരുന്നു. എന്തെന്നറിയാതെ കുഞ്ഞുങ്ങൾ മരിച്ചു പോകുമ്പോഴും ബോധവത്കരിക്കേ ണ്ടതും ശാക്തീകരിക്കേണ്ടതും സ്ത്രീകളെത്തന്നെയാണ് സുഹൃത്തുക്കളേ.ഓ മറന്നു പോയി വാളയാറിൽ കൊല്ല പ്പെട്ട പെൺകുട്ടികളുടെ അമ്മയെ സ്മാർത്തവിചാരം നട ത്തിയ നിയമജ്ഞരുടെ നാടാണല്ലോ. കുട്ടികളാണ് പീഡി പ്പിക്കപ്പെട്ടതും കൊല്ലപ്പെട്ടതുമെങ്കിൽ അമ്മ എന്ന സ്ത്രീ




യെയാണ് ശാക്തീകരിക്കേണ്ടതും ബോധവത്കരിക്കേ ണ്ടതുമെന്ന്! കഷ്ടം! കുഞ്ഞുങ്ങളെ ബലാത്സംഗം ചെ യ്തു കൊന്നു കെട്ടി തൂക്കുന്ന ആണുങ്ങളല്ല കുറ്റ ക്കാർ അവരെ പെറ്റ അമ്മമാരാണത്രെ കുറ്റക്കാർ!

സമൂഹമാധ്യമങ്ങളിൽ ഫോട്ടോ ഇടുന്ന പെൺകു ട്ടികൾക്കാണ് പോലീസുകാരുടെ ഉപദേശങ്ങൾ . ആ ഫോട്ടോ ദുരുപയോഗം ചെയ്യുന്ന കൊലപാതകികളെ ബോധവത്കരിക്കേണ്ടതില്ല. സ്ത്രീധനം പോരാതെ ഭാര്യമാരെ കൊല്ലുന്ന പുരുഷന്മാരും പ്രേമനിരാസത്തി ന്റെ പേരിൽ പെൺകുട്ടിയെ കൊല്ലുന്ന യുവാവും കു ഞ്ഞു മക്കളെ ലൈംഗികമായി ഉപയോഗിച്ച ശേഷം കൊന്നു കെട്ടി തൂക്കുന്ന കാമവെറിയന്മാരുമൊന്നും കുറ്റക്കാരേ അല്ല. പെണ്ണിനെ ബോധവത്കരിക്കാനും സംരക്ഷിക്കാനുമാണ് പരിപാടികൾ.

അല്ലയോ അധികാരികളേ

ഇക്കാണായ വൃത്തികേടുകൾ സ്ത്രീകൾക്കും പെൺകുട്ടികൾക്കും കൊച്ചു കുഞ്ഞുങ്ങൾക്കും മേൽ ചെയ്തു കൂട്ടി അവരെ കൊന്നൊടുക്കുന്ന ആണുങ്ങളെയാണ് നിങ്ങൾ ബോധവത്കരിക്കേണ്ട ത്. ഇത്തരം അത്യാചാരങ്ങളെ സൈദ്ധാന്തികമായി ന്യായീകരിച്ച് സാഹിത്യമെഴുതുന്ന ആണുങ്ങളെ ബോധവത്കരിക്കുക .ആ അശ്ലീലങ്ങൾ സാഹിത്യ മെന്നു പ്രസിദ്ധീകരിക്കുന്ന പത്രാധിപന്മാരെ അതു സഹജീവി ഹിംസയും ആയതിനാൽ കുറ്റകൃത്യവു മെന്നു ബോധവത്കരിക്കുക. സ്ത്രീകളും പെൺകു ട്ടികളും കുഞ്ഞുങ്ങളുമല്ല ഇവിടെ ഹിംസ ചെയ്തത്. അവർക്കു മേൽ ആണുങ്ങളാണതു ചെയ്തത്. ആണുങ്ങളുടെ അധികാരമാണതു ചെയ്തത്. അതി നാൽ ആണുങ്ങളെ തിരുത്തുകയും പഠിപ്പിക്കുകയും ചെയ്യുക. തുല്യ പൗരത്വമുള്ള സ്ത്രീകൾക്കും കുട്ടി കൾക്കും മേൽ അതിക്രമങ്ങൾ പ്രവർത്തിക്കുന്ന പു രുഷന്മാരെയും അവരെ പിന്തുണക്കുന്നവരെയും കൊ ടും കുറ്റവാളികളായി പ്രഖ്യാപിക്കുകയും അവർക്കു കാലാകാലമായി നല്കിക്കൊണ്ടിരിക്കുന്ന സുരക്ഷ കൾ പിൻവലിക്കുകയും ചെയ്യുക.

സാറമ്മാരേ,

സ്ത്രീകളെ കുട്ടികളെ വീണ്ടും വീണ്ടും ആക്രമി ക്കുകയും നിങ്ങളാൽ ആക്രമിക്കപ്പെടുകയും ഹിംസി ക്കപ്പെടുകയും ചെയ്ത സ്ത്രീകളെ വീണ്ടും വീണ്ടും നിങ്ങൾ ബോധവത്കരിക്കുകയും ശാക്തീകരിക്കുക യും ചെയ്യുന്ന പ്രഹസനം ദയവായി ഒന്നവസാനിപ്പി ക്കണം. സ്ത്രീകൾക്കു അക്രമികളായ നിങ്ങൾ നല് കുന്ന സുരക്ഷയല്ല ആവശ്യമെന്നു ദയവായി തിരിച്ച റിയുക.

അതെ, ഈ നാട്ടിലെ ആണുങ്ങളെ ബോധവത്ക രിക്കുവാൻ നടപടികൾ സ്വീകരിക്കുക.

ചർച്ചാവിഷയം

**ധന്യ വേങ്ങച്ചേരി,** കവയിത്രി





# കാടനക്കങ്ങളിൽ കവിത പെയ്യുമ്പോൾ

## -ഗോത്ര കവിത-കാടും ജീവിതവും

ജൈവീക മണ്ഡലത്തെ തനത് ഭാഷ കൊണ്ട് അടയാളപ്പെടുത്തുന്ന ആദിവാസി സാഹിത്യപരിസരം സമകാലിക മലയാളത്തിൽ ചർച്ച ചെയ്യപ്പെടുകയാണ്. അരികുവത്ക്കകരിക്കപ്പെട്ട ജനതയുടെ ജീവിതം ,ചുറ്റുപാട് ,ആശകൾ എല്ലാം വാമൊഴി പാരമ്പര്യത്തിൽ അടയാളപ്പെട്ടതുപോലെ ആദിവാസി വിഭാഗങ്ങളുടെ വർത്തമാനകാല ജീവിതം ,സംസ്കാരം, പ്രതിരോധമെല്ലാം കവിതയിലും ഉൾക്കൊള്ളുന്നു.കാടകങ്ങളിൽ നിന്ന് ലോകത്തെ ആകമാനം പ്രതിനിധീകരിക്കുന്ന ജൈവകവിതകളാണ് അവയോരോന്നും.

കേരളത്തിലെ വിവിധ ഗോത്രങ്ങളിൽ നിന്ന് ഇന്ന് കവിതയെഴുതുന്നവരുണ്ട് . അവരിൽ ശ്രദ്ധേയരാണ് അശോകൻ മറയൂർ ,ശിവലിംഗൻ, പ്രകാശ് ചെന്തളം, സുകുമാരൻ ചാലിഗദ്ദ, ആർ.കെ അട്ടപ്പാടി, മണികണ്ഠൻ അട്ടപ്പാടി,ശാന്തി പനയ്ക്കൻ, ലിജിന കടുമേനി, രശ്മി ടി ,ബിന്ദു ഇരുളം ,രാജി രാഘവൻ , ഉഷ ,സിന്ധു ചുള്ളിയോട് ,അജിത ,അംബിക,സീന തച്ചങ്ങാട് തുടങ്ങിയവർ ഭാഷ കൊണ്ടും രചനാശൈലി കൊണ്ടും വ്യത്യസ്തത പുലർത്തുന്നവരാണ് ഓരോരുത്തരും. സ്വന്തം ജീവിത പരിസരങ്ങൾ തന്നെയാണ് അവയുടെ കാമ്പും.

മുഖ്യധാര സാഹിത്യം പെണ്ണെഴുത്തിനെ എഴുത്തിനുള്ളിലെ പെണ്ണിനെ പലതരത്തിൽ പ്രതിനിധാനം ചെയ്തിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ ഗോത്രവർഗ്ഗ സ്ത്രീകളുടെ ജീവിതത്തെയും പരാമർശിച്ചുള്ള കൃതികളും മലയാളസാഹിത്യത്തിന്റേതായുണ്ട്.

ഗോത്ര സമൂഹം സമത്വത്തിൽ വിശ്വസിക്കുന്നു സാമ്പത്തിക-സാമൂഹിക ആചാര അനുഷ്ഠാനങ്ങൾ എന്നു തുടങ്ങി ഒരു വ്യക്തിയുടെ ജനനം മുതൽ മരണാനന്തരം വരെ വിഭിന്നമായ കർത്തവ്യങ്ങളും അവകാശങ്ങളും പദവികളുമെല്ലാം ഉൾക്കൊള്ളുന്നവ കൂടിയാണ്.എങ്കിലും ഗോത്ര ജീവിതത്തിൽ പലപ്പോഴും വിലക്കുകളെയും അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട് .ഈ ജീവിതപരിസരങ്ങളിൽ നിന്ന് ഗോത്രഭാഷയിൽ കവിതകളെഴുതുന്ന പെൺകവികളുടെ അറിവനുഭവങ്ങൾ പഠിക്കപ്പെടേണ്ടുന്നവ തന്നെയാണ് .അതോടൊപ്പം സ്ത്രീപക്ഷ രചനകളും പഠിക്കേണ്ടതുണ്ട്.

പ്രകാശ് ചെന്തളത്തിന്റെ 'റെല്ല് പാട്ണ പാട്ട് ' (ഉരല് പാടുന്ന പാട്ട്) എന്ന കവിത നോക്കുക.



## റെല്ല് പാട്ണ പാട്ട്

പൂങ്കിയെ നെല്ല് അമ്മെ റെല്ലില് ഇട്ട്
കുത്തുമ
നല്ലെ പാട്ട്ണ്ട്
അമ്മെ പാട്ണ്
റെല്ല് കൊട്ട്ണ്.

പച്ചെ നെല്ല്ങ്ക് നല്ലെ
വാസനെ
വാരിത്തിനുവാ
നാവു ബിളിക്കും
അമ്മെ കയ്യ്ല് വളെ കിലിക്കി
നെല്ലു കുത്ത്ണ്.

അപ്പെൻ കൊത്തിയെ റെല്ല്
അപ്പെൻ തന്ത്ട്ട് പോയെ റെല്ല്
അപ്പെന്റെ വാസനെ
ഇണ്ട് ഇണ്ണ് ഈ
റെല്ല്ങ്ക്.

പിലരുമ പോണ അപ്പൻ
മോന്തിക്ക് വെരുമാ
കൊണ്ട് വന്തെ നെല്ല്.
ഈ റെല്ലില് കുത്തി
കയ്യ്ഞ്ചെ കാലം .
അണ്ണണ്ണ് കൂട്ട് ണെ നെല്ല്
അണ്ണണ്ണ് കുത്തുണ്ണും
കയ്യുവ
വതക്കെ പാകി നെല്ലുണക്കണ്ണും
പൂങ്കുണ്ണും വാക്കി വന്തത്.

പൈപ്പ്ളകുമ
അപ്പൻ പാടും
അമ്മെ റെല്ല് കൊട്ടും
നെല്ലു കുത്തി പൈപടക്കും.

അണ്ണത്ത റെല്ലില്
പാട്ട്ണ്ട് കൊട്ട്ണ്ട്
റെല്ലങ്ക് താളത്ത് ങ്ക്

അപ്പെങ്ക് കതെ ഇണ്ട്
ആദിക്കത്ത മയക്ക്
മണ്ണ് മണ്ക്ക്ണ
വാസനെ

വിവ :

ഉരൽ പാടുന്ന പാട്ട്.

പുഴുങ്ങിയ നെല്ല്
അമ്മ ഉരലിലിട്ട് കുത്തുമ്പോൾ നല്ല
പാട്ടുണ്ട്
അമ്മ പാടുന്നു ഉരൽ
കൊട്ടുന്നു.

പച്ചനെല്ല്ന് നല്ല മണം
വാരി തിന്നുവാൻ നാവ് വിളിക്കും
അമ്മ കൈയ്യിലെ വള കിലുക്കി ഉരൽ
കൊട്ടുന്നു.

അച്ഛൻ കൊത്തിയ ഉരൽ
അച്ഛൻ തന്നു പോയ ഉരൽ
അച്ഛന്റെ മണമുണ്ട് ഇന്ന് ഈ ഉരലിന് .

പുലരുമ്പോൾ പോയ അച്ഛൻ
അന്തിക്ക് വരുമ്പോൾ കൊണ്ടുവന്നതാ നെല്ല്
ഈ ഉരൽ കുത്തി
കഴിഞ്ഞ കാലം.



അന്നന്ന് കിട്ടണ നെല്ല്
അന്നന്നു കുത്തണം
ആ ദിനം കഴിയാൻ
തട്ട് പാകി നെല്ലുണക്കണം
പുഴുങ്ങണം ബാക്കി വന്നവ.

വിശപ്പു മുട്ടുമ്പോൾ
അച്ഛൻ പാടും
അമ്മ ഉരൽ കൊട്ടും
നെല്ലു കുത്തി
വിശപ്പടക്കും.

അന്നത്തെ ഉരലിൽ
പാട്ടുണ്ട് താളമുണ്ട്
ഉരൽ താളത്തിൽ
അച്ഛന്റെ കഥയുണ്ട്
പുതുമഴയിൽ മണ്ണ് മണക്കുന്ന ആ
നല്ല മണ്ണിന്റെ മണം .

ജീവിതം കെട്ടിപ്പടുക്കുമ്പോൾ ഉത്തരവാദിത്വങ്ങളുടെ കണക്ക് പറഞ്ഞു കലഹിക്കുന്നവരല്ല. ഊണിലും ഉറക്കത്തിലും ,സുഖത്തിലും ദു:ഖത്തിലും, ഉയർച്ചയിലും താഴ്ചയിലും ഒന്നിച്ചിരുന്ന് വിയർക്കുന്നവരാണ് ഗോത്രങ്ങളിലെ ആണും പെണ്ണും . പ്രകാശ് ചെന്തളത്തിന്റെ റെല്ല് പാട്ണ പാട്ട് എന്ന കവിത പറഞ്ഞുവെക്കുന്നത് ഗോത്രസംസ്കാരത്തിന്റെ ഐക്യബോധമാണ്.ഇതേ ഐക്യബോധം തന്നെയാണ് ആർ.കെ അട്ടപ്പാടി

'ഇണക്കിനാവ് ' എന്ന കവിതയിൽ പറഞ്ഞ് വെക്കുന്നത്.അതിജീവനവും നിലനിൽപ്പും സ്ത്രീയുടെ അനിവാര്യതയാണ് .പൊതുസമൂഹം ഒറ്റപ്പെട്ടു പോകുന്ന പെണ്ണിനെ പറഞ്ഞു പഠിപ്പിച്ചിരുന്നത് അടങ്ങി ഒതുങ്ങി ജീവിക്കണം എന്നാണ് . തന്റെ സംരക്ഷണം തന്റെ പുരുഷന്റെ കീഴിലാണ് എന്ന് അബോധത്തിൽ എങ്കിലും കുത്തികയറ്റും. എന്നാൽ അ

**ജീവിതം കെട്ടിപ്പടുക്കുമ്പോൾ ഉത്തരവാദിത്വങ്ങളുടെ കണക്ക് പറഞ്ഞു കലഹിക്കുന്നവരല്ല. ഊണിലും ഉറക്കത്തിലും ,സുഖത്തിലും ദു:ഖത്തിലും, ഉയർച്ചയിലും താഴ്ചയിലും ഒന്നിച്ചിരുന്ന് വിയർക്കുന്നവരാണ് ഗോത്രങ്ങളിലെ ആണും പെണ്ണും**



ശോകൻ മറയൂറിന്റെ 'പുലി പിടിച്ചാൽ ' എന്ന കവിത പറഞ്ഞുവെക്കുന്നത് സ്ത്രീയുടെ നിലനിൽപ്പിന്റെ രാഷ്ട്രീയമാണ്.

പെണ്ണെഴുത്ത് അത് എപ്രകാരമാണ് ഗോത്ര സ്വത്വത്തെ സർഗ്ഗാത്മകമായി പ്രതിഫലിപ്പിക്കുന്നത് എന്ന് നോക്കാം.

ജൈവവൈവിധ്യങ്ങളുടെ കലവറയാണ് കാട്ടുനായ്ക്ക ഭാഷയിൽ എഴുതുന്ന ബിന്ദു ഇരുളത്തിന്റെ കവിതകൾ .അവിടുത്തെ കാട്, സസ്യലതാദികളുടെ അറിവനുഭവങ്ങൾ എന്നിവയുടെ കടലു തന്നെയുണ്ട്.

സ്വന്തം ജീവിതാനുഭവത്തെ കാടിനോട് കാടിനുള്ളിലെ സഹജീവികളോട് ഒപ്പം ചേർത്ത് വെക്കുന്ന സഹോദര്യം ആണ് പ്രകടമാകുന്ന

ത്. ഗോത്ര സംസ്കാരത്തിന്റെ ഓരോ അംശവും കവിതയായി മാറുന്നു.പാരമ്പര്യ ഭക്ഷണം, ചുറ്റുപാട്, ഔഷധങ്ങൾ എന്നിങ്ങനെ അവയുടെ പട്ടിക നീളുന്നു. വിശപ്പ്, വിഭവങ്ങളുടെ അഭാവം എന്നിവയെ കുറിച്ച് സൂക്ഷ്മമായി പറയുന്നതിങ്ങനെയാണ്

'ഒരു കലം നീരിൽ
ഒരു പിടി അരിയിട്ടപ്പോൾ
കെട്ടുവെള്ളത്തിൽ
ഉറുമ്പു നീന്തുന്നൊരു തിള'

മിന്ന ബ്ണ് സല് കണ്ട ബുത്തി (നുറുങ്ങ് വെട്ടത്തിൽ കണ്ട തുണിക്കെട്ട് )

കാടുകേറി വന്നവർ അപ്പനില്ലാത്ത കുഞ്ഞുങ്ങളെ കൊടുത്തു. അപ്പൻ ഇല്ലാത്ത കുഞ്ഞിനെ കളഞ്ഞ് നാടത്തം കാട്ടാത്ത കഥ പറയുന്ന കവിതയാണ് ' ആ കാട്ഗ് അപ്പയിദെനെവ്വ ( ആ കാടിന് അപ്പനില്ലേ ) '



'ചുടു മണ്ണിൽ വീണു
ചുടുക്കാറ്റത്തടിയും
ചുടുചോരയേറി പെറ്റ കാടവൾ '

ചൂഷണം ചെയ്യപ്പെടുമ്പോഴും ഇത്തരം മുറിവുകൾക്കൊപ്പം ചേർന്നു നിൽക്കുന്ന സാമൂഹികനീതിയും കരുത്തും കവിത കൊള്ളുന്നു.

പണിയ ഭാഷയിൽ കവിതകളെഴുതുന്ന ശാന്തി പനയ്ക്കലിന്റെ 'വടി ' എന്ന കവിത താൻ ജീവിക്കുന്ന ജൈവ പ്രപഞ്ചവുമായുള്ള വൈകാരിക ബന്ധത്തെ തുറന്നു വയ്ക്കുന്നു . പ്രകൃതിയും മനുഷ്യനും പരസ്പര പൂരകങ്ങൾ ആണെന്നും അവയുടെ കൊടു

ക്കൽ വാങ്ങലുകൾക്ക് വേലി കെട്ടരുതെന്നും അറുത്ത് മാറ്റരുതെന്നുമുള്ള പ്രകൃതിതത്വമാണ് ഓർമ്മപ്പെടുത്തുന്നത്.



ഉറവേ

ഒരു ചില്ലുട്ട ആകാശംപൊട്ടി
കാരുവുണ പുള്ളെ
മണ്ണിലി വീന്ത.

മരം ചിരിച്ച ചാലിലി
കണ്ണു തുറന്തു ഉറവേ പെച്ച പുള്ളെ പൊണ്ണു

പുഴയായി ഒയുകെഞ്ചു  കാച്ചു പറഞ്ച.
കടലായി തീരെഞ്ചു
വെയിലും പറഞ്ച.

കിനവു കണ്ട കണ്ണിലി കുത്തി
കല്ലുട്ടു അടച്ച തൊണ്ടക്കു
ഇഞ്ചു വെള്ളത്തെങ്കു ദാഹ.

മലയാളം പരിഭാഷ:

ഉറവ്

ഒറ്റ ചില്ലിട്ട ആകാശം പൊട്ടി.
കാർമേഘ കുഞ്ഞ് മണ്ണില് വീണു.

മരം ചിരിച്ച ചാലിൽ
കൺ തുറന്ന് ഉറവ പെറ്റ കുഞ്ഞ് പെണ്ണ്.

പുഴയായ് ഒഴുകെന്ന്
കാറ്റു പറഞ്ഞു.
കടലായ് തീരെന്നു
വെയിലും പറഞ്ഞു.

സ്വപ്നം കണ്ട കണ്ണിൽ കുത്തി
കല്ലിട്ട് അടച്ച തൊണ്ടയ്ക്ക്
ഇന്ന് വെള്ളത്തിന് ദാഹം.

സ്വപ്നങ്ങൾക്കെപ്പോഴും കഴിഞ്ഞാണ് വീഴ്ത്തുന്ന ഒരു പറ്റം സമൂഹത്തിന്റെ തൊണ്ടകൂടി അടുപ്പിക്കുകയാണ് കവി . പ്രകൃത്യാ ലഭിക്കുന്ന ഉറവുകൾക്ക് മീതെയല്ല സ്വപ്നം കാണുന്ന പെണ്ണിന്റെ കണ്ണിൽ കല്ലടക്കുന്ന കാലത്തോടാണ് ശാന്തിയുടെ കവിത സംവദിക്കുന്നത്.

മഴ കട്ടൻചായ.... എന്ന തലവാചകം അല്ല മറിച്ച് അതിവർഷത്തിൽ നിസ്സഹായതയോടെ മഴയെയും വീടിനെയും നോക്കി നെടുവീർപ്പിടുന്ന കുടുംബചിത്രമാണ് മലവേട്ടുവ ഭാഷയിൽ എഴുതുന്ന അജിത പി യുടെ കറുപ്പ് ചൂടുന്ന മാനം എന്ന കവിത ചർച്ച ചെയ്യുന്നത്. മലവേട്ടുവ ഭാഷ

യിൽ തന്നെ കവിത എഴുതുന്ന ലിജിന കടുമേനി വേറിട്ടൊരു സ്വരം തന്നെയാണ്. അവകാശങ്ങളും അരക്ഷിതാവസ്ഥയും കവിതയിലൂടെ ചോദ്യങ്ങളാക്കുന്നു. എല്ലാ ഗോത്രജനതയുടെയും ശബ്ദമായി തീരുന്നു ലിജിനയുടെ കവിത. താൻ പിറന്ന് വീണ മണ്ണിൽ, കാലൂന്നി നിൽക്കാൻ പഠിച്ച മണ്ണിൽ , വിശപ്പും ദാഹവും ഒരുപോലെ അറിഞ്ഞ് ജീവിച്ച മണ്ണിനുവേണ്ടി ഓഫീസ് വരാന്തകൾ കയറി ഇറങ്ങുന്ന നിരവധി വനവാസികളെ പ്രതിനിധീകരിക്കുന്ന കവിത കൂടിയാണ്

'പട്ടയക്കള്ളാത്ത്' വനവകാശം അട്ടിമറിക്കപ്പെടുന്ന കാലത്തിനോടുള്ള പ്രതിരോധമായി ഈ കവിത മാറുന്നു . അതേ പ്രതിഷേധാഗ്നി തന്നെയാണ് 'സംവരണം' എന്ന കവിതയിലും തുറന്നുവെക്കുന്നത്



**സംവരണം**

****

ചോരുമെൻ കുടിയിലായ്
ഇത്തിരി കഞ്ഞിയിലുപ്പിട്ട്
തിന്നുമൊരച്ഛനെ കണ്ട്
തൊഴിൽ  തേടിയലഞ്ഞു ഞാൻ
ഇന്നോളം കിട്ടിയ ബിരുദവുമായ്
കാര്യാലയങ്ങൾ കയറിയിറങ്ങിയെൻ തേഞ്ഞൊര ചെരുപ്പൊന്ന് തുന്നിടുമ്പോൾ
പീടിക കോണിലായ് ആരോ പറയുന്നു സംവരണമില്ലെടോ പിന്നെന്ത് ഭയക്കണം.

ആദിവാസി ജീവിത പരിസരങ്ങളിൽ നിന്ന് പിറവിയെടുത്ത കവിതകളിൽ ഗോത്ര സംസ്കാരത്തിന്റെ വലിയ രീതിയിലുള്ള അടയാളങ്ങൾതന്നെയാണ് കലർന്നിരിക്കുന്നത്. അവ ആചാരാനുഷ്ഠാനങ്ങൾ, ഭക്ഷണം, സാമ്പത്തിക ഘടന, സാമൂഹികഘടന, കലകൾ വിശ്വാസങ്ങൾ ,ഭൂമിശാസ്ത്രപരത എന്നിവയെ എല്ലാം ഉൾകൊള്ളുമ്പോഴും വർത്തമാനസാമൂഹികപശ്ചാത്തലത്തിൽ സാംസ്കാരികാംശങ്ങൾ ചോർന്ന് പോകുന്നതിന്റെ ആകുലതയും വ്യാകുലതയെയും കൂടി സ്പർശിക്കുന്നുണ്ട്. ഗോത്ര കവിത സമകാലികസാഹചര്യത്തിൽ പ്രതിരോധവും പ്രതിഷേധവുമായി തീരുകയാണ്. വർത്തമാനസമൂഹത്തിൽ മാതൃഭാഷയെ തിരിച്ചുപിടിക്കാൻ ശ്രമിക്കുകയും നിലനിർത്താൻ ശ്രമിക്കുകയും ആദിവാസി സാഹിത്യത്തെ സമ്പന്നമാക്കുയെന്ന ശ്രമകരമായ ദൗത്യം കൂടിയാണ് ഗോത്രകവിത നിർവഹിക്കുന്നത്.

പെൺപക്ഷം



അജിത കെ.

# അനന്യയുടെ ദാരുണ മരണവും എൻഡോസൾഫാൻ പീഡിതരുടെ അവഗണിക്കപ്പെട്ട ജീവിതങ്ങളും

ഇക്കഴിഞ്ഞ മാസത്തിൽ കേരളത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളാണ് ഞാൻ മേൽ സൂചിപ്പിച്ചത് . ദേശീയതലത്തിൽ പാർലമെൻറ് സമ്മേളനവും കർഷക സമരത്തിൻെറ പുത്തൻ ഉണർവ്വുമൊ ക്കെ ശ്രദ്ധേയമായ രീതിയിൽ തന്നെ മുന്നോട്ടു പോകുന്നു . പ്രതിപക്ഷ ഐക്യനിരയുടെ നേതൃത്വത്തിൽ പെഗാസസ് ചാരവൃത്തിക്കെ തിരായും, മാസങ്ങളായി നടക്കുന്ന കർഷക സമരത്തോടുള്ള തികഞ്ഞ അലംഭാവത്തിനും

അനിയന്ത്രിതമായ പെട്രോൾ, ഡീസൽ വില വർദ്ധനവിനുമെല്ലാം എതിരായുള്ള ശക്തമായ പ്രതിഷേധങ്ങളാണ് പാർലമെന്റിൽ അരങ്ങേറിയത്.



എന്നാൽ അനന്യയെന്ന ട്രാൻസ്ജെൻഡർ പെൺകുട്ടി കൊച്ചിയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ വെച്ച് ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയതിനാൽ അനുഭവിച്ച അതിതീവ്രമായ വേദനയും , ആ വേദന സഹിക്കാനാവാതെ ആ കുട്ടി സ്വയം ജീവനൊടുക്കിയതും പൊതുസമൂഹത്തിന്റെ ശക്തമായ പ്രതികരണങ്ങൾക്കിടയാക്കിയിട്ടുണ്ട്. അവളുടെ ജീവിത പങ്കാളിയും പിറ്റേന്ന് ആത്മഹത്യചെയ്തു. അവളുടെ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യുന്നതുവരെ ആ ചർച്ച നീണ്ടു. ഇപ്പോൾ നമ്മൾ ഒന്നും അറിയുന്നില്ല. ഓപ്പറേഷൻ ചെയ്ത ഡോക്ടർക്ക് പറ്റിയ പിഴവാണോ മറ്റു വല്ല പ്രശ്നങ്ങളുമാണോ ഈ കുട്ടിയുടെ ജീവനൊടുക്കിയത് എന്ന ചോദ്യത്തിന് ഒരു മറുപടി നമുക്ക് ഇതുവരെയും ലഭിച്ചിട്ടില്ല. പോലീസ് അന്വേഷണം നടക്കുന്നു എന്ന ഒരു ഒഴുക്കൻ മറുപടിയാണ് കിട്ടുന്നത്. ട്രാൻസ്ജെൻഡേഴ്സിനോട് അനുഭാവപൂർണമായ സമീപനമാണ് സർക്കാരിനുള്ളത് എന്ന് പ്രഖ്യാപിക്കുമ്പോഴും അനന്യയെന്ന വളരെയേറെ അറിയപ്പെട്ട, മാധ്യമലോകത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച ഒരു വ്യക്തിക്ക് എന്തുകൊണ്ട് ജീവിച്ചിരിക്കുമ്പോൾ നീതി ലഭിച്ചില്ല. വേദന സഹിക്കാനാവാതെ അനന്യ സ്വന്തം ജീവനൊടുക്കിയിട്ടും ആ കേസിന്റെ നീതിപൂർവ്വമായ ഒരു അന്വേഷണവും നിയമ നടപടിയും ഉണ്ടാകുമോ? ഇതെല്ലാം ഉത്തരം ലഭിക്കാത്ത ചോദ്യചിഹ്നമായി നിൽക്കുന്നു.

എൻഡോസൾഫാൻ പീഡിതരുടെ പ്രശ്നങ്ങൾ തികച്ചും മറ്റൊന്നാണ് . ദശകങ്ങൾക്ക് മുമ്പ് കാസർകോട്ടെ കശുവണ്ടി എസ്റ്റേറ്റുകളിൽ പ്ളാന്റേഷൻ കോർപ്പറേഷൻ എന്ന കോർപ്പറേറ്റ് ഭീമൻ വർഷിച്ച വിഷമഴയുടെ ദുരന്താനുഭവങ്ങൾ ഏറ്റുവാങ്ങിയ ഒരു ജനത കാസർകോഡു ണ്ട്. മാറിമാറിവരുന്ന സർക്കാറുകൾ പല പല വാഗ്ദാനങ്ങളും ഇവർക്ക് നൽകുന്നു .

എൻഡോസൾഫാൻ തളിക്കുന്നത് നിർത്തിയിട്ട് ഏറെ വർഷങ്ങളായെങ്കിലും അതിന്റെ ദുരന്തഫലങ്ങളിലൂടെ കടന്നുപോകുന്നത് ഇപ്പോൾ ജീവിച്ചിരിക്കുന്നവർ മാത്രമല്ല, പുതുതായി ജനിക്കുന്ന ശിശുക്കളും കൂടിയാണ് .



എണ്ണിയാൽ തീരാത്ത, നമുക്കാർക്കും വിഭാവനം ചെയ്യാൻ പറ്റാത്ത തരത്തിലുള്ള യാതനകളിലൂടെ കടന്നുപോകുന്ന ആ ജനതയ്ക്ക് വിദഗ്ധചികിത്സയ്ക്ക് കർണാടകയിലെ മണിപ്പാലിനേയും കോഴിക്കോടും കണ്ണൂരും മറ്റുമുള്ള മെഡിക്കൽ കോളേജുകളെയും ആശ്രയിക്കേണ്ടിവരുന്നു. എട്ടുവർഷം മുമ്പ് കാസർകോട് ഒരു മെഡിക്കൽ കോളേജിനു തറക്കല്ലിട്ടു . ഇപ്പോഴും ആ തറ അങ്ങനെ തന്നെ കിടക്കുന്നു. സുപ്രീം കോടതിയും മനുഷ്യാവകാശകമ്മീഷനുമൊക്കെ ഈ വിഭാഗത്തിന്റെ മനുഷ്യനായി ജീവിക്കാനുള്ള അവകാശത്തിനു വേണ്ടി പല ഇടപെടലുകളും നടത്തി. ഇവർക്ക് അർഹമായ പല സർക്കാർ ആനുകൂല്യങ്ങളും ചിലർക്ക് മാത്രമേ കിട്ടിയിട്ടുള്ളൂ.

ചിലർക്ക് കിട്ടിയിട്ടേയില്ല. മാത്രമല്ല, എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് എന്തുകൊണ്ട് നഷ്ടപരിഹാരം വാങ്ങി കൊടുക്കുന്നില്ല? നമ്മുടെ ഭരണ–പ്രതിപക്ഷ രാഷ്ട്രീയ നേതൃത്വങ്ങൾ ഈ വിഭാഗത്തിൻേറതല്ലാത്ത കാരണങ്ങൾ കൊണ്ട് നിരന്തരം വേദനയനുഭവിക്കുന്ന ഈ മനുഷ്യജീവിതങ്ങൾക്ക്നിർബന്ധമായും പിന്തുണ നൽകാത്തത് ? കോവിഡ് മഹാമാരിയെ നിയന്ത്രിക്കാൻ എടുക്കുന്ന ശ്രമത്തിന്റെ ഒരംശം പോരേ ഈ വിഭാഗത്തെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാൻ? ആരാണ് നമുക്ക് ഇതിനൊക്കെ മറുപടി തരിക?

ചർച്ചാവിഷയം

**ഡോ. ഷംഷാദ് ഹുസൈൻ കെ.ടി.**
പ്രൊഫസർ, സംസ്കൃത സർവകലാശാല, തിരൂർ



# കേഡികൾക്ക് സഹായം ചെയ്തളവല്ല ഇപ്പെണ്ണ് - ഭാഷയും മുസ്ലീം പെണ്ണും

തുണികൊണ്ട് ഭാണ്ഡം കെട്ടി അതിൽ നിറയെ വളകളും ചെറിയ ഫാൻസി ഐറ്റങ്ങളുമായി തലച്ചുമടായി വീടുകൾതോറും വിൽപന നടത്തുന്നവരെ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ചെറുപ്പത്തിൽ എപ്പോഴോ ഒരേ വളയിൽ രണ്ടു കളറുള്ള കുപ്പിവള അവരിൽ നിന്ന് വാങ്ങി കയ്യിലിട്ടത് ഇപ്പോഴും നിറമുള്ള ഓർമ്മയാണ്. വീടിന്റെ പിന്നാമ്പുറത്തു കൂടിയാണവർ വരിക. തുണിക്കെട്ടഴിച്ച് സാധനങ്ങൾ നിരത്തി വീട് തന്നെ ഒരു പീടികയാക്കി മാറ്റും. വിട്ടിലെല്ലാവർക്കും പാകമായവ തിരഞ്ഞെടുക്കുന്നതുവരെ ഞങ്ങൾക്കീ കാഴ്ച കണ്ടിരിക്കുകയും ചെയ്യാം. ഇങ്ങനെ കച്ചവട സാധനങ്ങളുമായി വരുന്ന ചിലരുടെ കയ്യിൽ ചെറിയ മറ്റൊരു കെട്ടുകൂടിയുണ്ടാവും. വല്ല്യുമ്മ അതിന് 'ഏടുകൾ' എന്നാണ് പറയുക. 'സബീന പാട്ടുകൾ' എന്നും പറയാറുണ്ട്. അറബിമലയാളത്തിൽ അച്ചടിച്ച ചെറിയ ചെറിയ പുസ്തകങ്ങൾ. ഭക്തിയും പ്രണയവും, ഹാസ്യവും യാത്രയും ഇങ്ങനെ എന്തും ഇതിവൃത്തമാക്കിയ മലയാളകാവ്യങ്ങൾ. ഞങ്ങൾക്കെല്ലാവർക്കും വളയും മാലയും വല്ലിമ്മാക്ക് ഏടുകളും. പിന്നെ ഇത് വിപണനം നടത്തിയത് കോഴിമുട്ട പോലുള്ള ചെറിയ വീട്ടുൽപന്നങ്ങൾ കൊട്ടകളിൽ നിറച്ച് കൊണ്ടു നടക്കുന്ന കച്ചവടക്കാരാണ്. അവരുടെയും ഇടം വീടിന്റെ അടുക്കളഭാഗമാണ്. ഉപഭോക്താക്കൾ സ്ത്രീകളും. അന്ന് വല്ലിമ്മാക്ക് അറബിമലയാളം മാത്രമെ വായിക്കാനറിയൂ. ബാക്കിയുള്ളവർക്കെല്ലാം രണ്ടു ഭാഷയും വായിക്കാം. അന്നത്തെ മതപഠനത്തിന്റെ വലിയൊരു ഭാഗം അറബിമലയാളത്തിലായതുകൊണ്ട് എല്ലാവരും അത് പഠിച്ചിരുന്നു. വിദ്യാർത്ഥികൾ സന്ധ്യ കഴിഞ്ഞാൽ പാഠഭാഗങ്ങൾ പഠിക്കുമ്പോൾ മുതിർന്നവർ ഇത്തരം കാവ്യങ്ങൾ ആയിരിക്കും വായിക്കുക. വല്ലിമ്മാക്ക് മാത്രമല്ല മു



തിർന്ന സ്ത്രീകളിൽ പലർക്കും ഇത് കാണാപാഠമായിരുന്നു. അക്കാലത്ത് നടന്ന ചില കൊലപാതകങ്ങളുടെ കഥകളും പാട്ടു രൂപത്തിൽ അവർ വായിച്ചത് ഹൃദയ ഭേദകമായ രീതിയിൽ പല സ്ത്രീകളും അവതരിപ്പിക്കുന്നത് കേട്ടിട്ടുണ്ട്. ഇങ്ങനെ സവിശേഷമായ വിപണിയും വായനക്കാരുമുള്ള പാട്ടുകളാണ് ഈ അറബിമലയാള കാവ്യങ്ങളുടെ ഒരു സവിശേഷത. ഇനി ഈ അക്ഷരലോകം പോലും പരിചയമില്ലാത്ത ഒരു കൂട്ടർ കൂടി ഇത്തരം പാട്ടുകളുടെ വാഹകരും പാട്ടുകളുണ്ടാക്കുകയും ചെയ്യുന്നവരായി ഉണ്ടായിരുന്നു.

കൊണ്ടോട്ടിയിലെ മാളുതാത്തയെക്കുറിച്ച് ആദ്യം കേൾക്കുന്നത് പാട്ടുകാരി എന്ന നിലക്കാണ്. ഉപ്പാന്റെ ഉപ്പ ചെറിയകുട്ടി ആയിരിക്കുമ്പോൾ മാർക്കകല്യാണത്തിന് പാട്ടുണ്ടാക്കിയത് അവരാണെന്ന് കേട്ടിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് കൊണ്ടോട്ടിയിൽ പോയപ്പോൾ അവരെ കാണാൻപോയ അനുഭവം രസകരമായിരുന്നു. എഴുത്തിനെക്കുറിച്ചുള്ള എന്റെ സാമാന്യധാരണകൾ തിരുത്തപ്പെട്ട അനുഭവം ആയിരുന്നു അത്. അന്നേക്ക് കിടപ്പിലായിക്കഴിഞ്ഞ അവർ ഉപ്പാനെ കണ്ടപ്പോൾ പഴയ കാര്യങ്ങൾ ഓർത്തെടുത്തു. നിങ്ങളെഴുതിയ പാട്ട് ഇപ്പോൾ ഓർമ്മയുണ്ടോ എന്ന് ഞാൻ അന്വേഷിച്ചു. ഞാൻ എഴുതിയിട്ടില്ല എന്നായിരുന്നു മറുപടി. മാർക്ക കല്യാണത്തിന്റെ പാട്ട് എന്ന് ഓർമ്മിപ്പിച്ചപ്പോൾ അത് ഞാനുണ്ടാക്കിയതാണ് എന്ന് മറുപടി വന്നു. അപ്പോഴാണ് എഴുത്തും ഉണ്ടാക്കലും തമ്മിലുള്ള ബന്ധം/ബന്ധമില്ലായ്മ വ്യക്തമായത്. ഇവരുടെ തലമുറ പാട്ടെഴുത്തുകാരല്ല പാട്ടുകെട്ടുന്നവരാണ്. അല്ലെങ്കിൽ പാട്ടുണ്ടാക്കുന്നവരാണ്. ഓർമ്മകളിലൂടെ സംവഹിക്കുന്നതാണ് ഇത്തരം കവിതകളുടെ നിലനിൽപ്പ്. അതുകൊണ്ടുതന്നെ ഇതിൽ പലതും നമുക്ക് ഇന്ന് നഷ്ടമായിക്കഴിഞ്ഞു. 'കുലുകുലുമെച്ചം' പോലുള്ള പാട്ടുമത്സരവേദികളിലും ഇങ്ങനെ പാട്ടുകെട്ടുന്നവർ സ്വന്തം സൃഷ്ടികളും അറബിമലയാള കൃതികളിലെ പാട്ടുകളും അവതരിപ്പിക്കുമായിരുന്നു.



അറബി-മലയാളകൃതികൾ പല വിഭാഗങ്ങളിൽ ഉൾപ്പെടുന്നവയാണ്. ഭക്തി സംവർദ്ധകങ്ങളായ കാവ്യങ്ങളാണ് പൊതുവെ മാലപ്പാട്ടുകൾ. മൊഹ്‌യൂദ്ദീൻമാല, നഫീസത്ത് മാല തുടങ്ങിയവ പല വീടുകളിലും നിത്യപാരായണ ഗ്രന്ഥങ്ങളാണ്. കല്യാണവീടുകളിലും മറ്റ് ആഘോഷവേളകളിലും പാടുന്ന പാട്ടുകൾ വേറെയും കിസ്സപ്പാട്ടുകൾ, സർക്കീട്ടുപാട്ടുകൾ (യാത്രാഗാനങ്ങൾ) തുടങ്ങി തമാശപ്പാട്ടുകൾ വരെ ഇവയിലുൾപ്പെടുന്നു. മുസ്ലിം സമുദായത്തിനകത്ത്

പൊതുവായി ഈ പാട്ടുകൾ ഉപയോഗത്തിലുണ്ടായിരുന്നു എങ്കിലും സ്ത്രീകൾക്ക് ഇതിൽ സവിശേഷമായ പങ്കാളിത്തം ഉണ്ടായിരുന്നതായി കാണാം. മൊഹ്‌യുദ്ദീൻ മാല, നഫീസത്ത് മാല പോലുള്ള പാട്ടുകൾ സുഖപ്രസവം ഉണ്ടാവാൻ സഹായകമാണെന്ന് അവർ വിശ്വസിച്ചിരുന്നു. ഈറ്റുമുറിക്ക് പുറത്തിരുന്ന് ഈ പാട്ടുകൾ കൂട്ടമായി പാടുന്ന രീതിയും പണ്ടുണ്ടായിരുന്നു. ചില പ്രത്യേക പ്രദേശങ്ങളിൽ ഇപ്പോഴും ഈ മാലപ്പാട്ടുകൾ ആഗ്രഹപൂർത്തീകരണത്തിന് പാടി വരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. നഫീസത്ത്മാലയിൽ ബീവിയുടെ കഴിവുകളെ പ്രകീർത്തിക്കുന്ന ഒരുഭാഗം ഇങ്ങനെയാണ് :-

"നിജമെപേറ്റിൻ നോവതിയിൽ കൂട്ടി തലയടിത്തെ
നത്ത് ദൂക്കം പുക്ക് രണ്ട് നാണിയ എടുത്തെ
മജമുടെ ബീപേരിൽ നേർച്ചകൂറികൈമൽ കെട്ടി
വേളയിൽ പിറന്ത് നല്ലെ യോക്കിയത്തിൽ കുട്ടി "

പേറ്റ് നോവിൽ പ്രയാസം അനുഭവിച്ചിരുന്നവൾ ബീവിക്ക് നേർച്ചയാക്കി രണ്ട് നാണയം



എടുത്ത് കയ്യിൽ വെക്കുന്നതോടെ ഗോഗ്യതയിൽ പ്രസവം നടക്കുന്നു. നഫീസത്ത് ബീവി അസുഖങ്ങൾ മാറ്റിയതും പാവപ്പെട്ടവരെ സഹായിച്ചതുമായ കഥകൾ അടങ്ങിയ പാട്ടാണ് നഫീസത്തുമാല. മുസ്ലീം സമുദായം ആദരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ദിവ്യരിൽ സ്ത്രീകളും ഉൾപ്പെട്ടിരു

ന്നു എന്നതിന് ഒരു ഉദാഹരണം മാത്രമാണിത്.

സ്ത്രീഭാഷക്കുവേണ്ടിയുള്ള വാദം ഒരു രാഷ്ട്രീയ പ്രശ്നമാണെന്ന് ഷോവാൾട്ടർ നിരീക്ഷിക്കുന്നുണ്ട്. സ്ത്രീജനത സംസാരിക്കുന്ന ഒരു ഭാഷഭേദമില്ല. അവർക്കായി ഒരു മാതൃഭാഷയുമില്ല. അതായത് കേന്ദ്രീകൃതഭാഷയിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒന്ന് എവിടെയുമില്ല. ഘടനാപരമായി പുതിയ ഭാഷാശാസ്ത്ര വ്യവസ്ഥ ലിംഗാടിസ്ഥാനത്തിൽ വികസിച്ചു വന്നതായി ഒരു തെളിവുമില്ലെന്ന് ഇംഗ്ലീഷ് അമേരിക്കൻ ഭാഷാശാസ്ത്രജ്ഞർ സമ്മതിക്കുന്നുണ്ട്. സ്ത്രീ പുരുഷ ഭാഷയിലെ വ്യത്യാസങ്ങൾ ഈണത്തിലും ഭാഷാപ്രയോഗത്തിലും എല്ലാം പ്രകടമാകുന്നവ തന്നെ എങ്കിലും വ്യത്യസ്ത ലിംഗ ഭാഷകളായി ഇവയെ വിശദീകരിക്കാനാവില്ല. ശൈലിയുടെയോ തന്ത്രത്തിന്റെയോ ഭാഷാപ്രകടന സന്ദർഭത്തിന്റെയോ സവിശേഷതയായി പരിഗണിക്കാവുന്നതുമാണ്. ഭാഷയും ശൈലിയും ജൈവികമോ സഹജമായതോ അല്ല. അനേകം വസ്തുതകൾ അതിനെ നിർണ്ണയിക്കുന്നുണ്ട്. സാഹിത്യരൂപം പാരമ്പര്യം, ഓർമ്മ, സാഹചര്യം എന്നിവയെല്ലാം ഭാഷയിൽ ഇടപെടുന്നുണ്ട്. അതുകൊണ്ടുതന്നെ ഭാഷയെ എങ്ങനെ സ്ത്രീകൾ പ്രയോജനപ്പെടുത്തുന്നു എന്നതു തന്നെയാണ് പ്രധാനം. ഭാഷയുടെ പൂർണ്ണമായ സാധ്യത അവൾക്ക് നിഷേധിക്കപ്പെടുന്നുണ്ടോ എന്ന അന്വേഷണങ്ങൾക്കാണ് പ്രസക്തി. ഈ മേഖലയിലുണ്ടായ ചില സ്ത്രീ രചനകളെയും അതു മുന്നോട്ടു വെക്കുന്ന പ്രത്യയശാസ്ത്ര ധാരണകളെയും കൂടി പരാമർശിച്ചുകൊണ്ട് ഇത് വ്യക്തമാക്കാം.



മാപ്പിളപ്പാട്ടുകാരായ സ്ത്രീകൾ കുറെയധികം ഉണ്ടെങ്കിലും അവരുടെ കാവ്യരീതിയുടെയും ആശയാവിഷ്കാരത്തിന്റെയും മാതൃക കാണിക്കാനായി തിരഞ്ഞെടുത്ത ചില പാട്ടുകൾ മാത്രം ഇവിടെ ചേർക്കുകയാണ്. സ്ത്രീവാദകാഴ്ചപ്പാടിൽ ഇന്നും നമ്മൾ വിലയിരുത്തുമ്പോൾ അതിലേറ്റവും പ്രധാനം പുത്തൂർ ആമിനയുടെ കത്തുപാട്ടാണ്. 1921 ലെ മലബാർ കലാപത്തെത്തുടർന്ന് ജയിലിലടക്കപ്പെട്ടയാളാണ് പുത്തൂർ ആമിനയുടെ ബാപ്പ കുഞ്ഞഹമ്മദ് സാഹിബ്. അദ്ദേഹത്തിന് ആമിന ജയിലിലേക്ക് കത്തുകളയച്ചിരുന്നു. അതുമുഴുവൻ പാട്ടുരൂപത്തിലായിരുന്നു. കുഞ്ഞഹമ്മദ് സാഹിബിനോടൊപ്പം ജയിലിലുണ്ടായിരുന്ന അഹമ്മദ് എന്നയാൾ ആമി

ന ബാപ്പക്കെഴുതുന്ന കത്തുപാട്ടിൽ ആകൃഷ്ടനാകുന്നു. ജയിൽ മോചിതനായ ശേഷം അഹമ്മദ് പുത്തൂർ ആമിനയോട് വിവാഹഭ്യർത്ഥന നടത്തുന്നു. ഈ വിവാഹാഭ്യർത്ഥന പുത്തൂർ ആമിന നിരസിച്ചു. അപ്പോൾ അഹമ്മദ് ഒരു ഭീഷണി കത്തയക്കുന്നു. അതിനുള്ള മറുപടിയുടെ രൂപത്തിലാണ് പുത്തൂർ ആമിനയുടെ കത്തുപാട്ട് ലഭ്യമായിട്ടുള്ളത്.

ബല്ലാരി ജേലതീന്ന് വരുമ്പോൾ കൊന്ന് വന്നേ
വമ്പതിപ്പോൾ നടക്കുമോ വെറുതെന്തിനാ പിന്നെ - ഉമൈകളെ
ഭാര്യയാക്കീടുവാനൊരിക്കലും കിട്ടുമോ എന്നെ (......)
ഗീത്നൊത്ത മറുപടി തന്നിലെ ഞാനന്ന് -ഇത് വരെ
കേടികൾക്ക് സഹായം ചെയ്തവളല്ല ഇപ്പെണ്ണ് (466)

കവിതയിലൂടെ തന്നെ തക്ക മറുപടി ഞാൻ തന്നിട്ടുണ്ടെന്ന് ഇതിൽ പറയുന്നു. പുരുഷന്റെയോ ജയിൽ പുള്ളിയുടെയോ വമ്പ് തന്നോട് നടക്കില്ലെന്ന വെല്ലുവിളിയും ഇതിലുണ്ട്. തുടർന്നവർ പറയുന്നത്.

ഉമെതിലും നല്ലമാരരെ കിട്ടുവാൻ എനിക്കില്ലൊരുമുട്ട്
മട്ടിൽ കിട്ടും വരേക്കും മാനേ തേനെ വിളിക്കും
മറ്റ് ലോഗിയും ഉറ്റിടും പലേ ചക്കരവാക്കും ഒരു പടി
മക്കളങ്ങ് കണക്കിലായാൽ അടുക്കളേലാക്കും
പൊട്ടിപ്പൊരിഞ്ഞന്ത നാളാം പൊതി വൈലത്താകും ഓളം
പോയി മറ്റൊരു തോപ്പു കണ്ടുപിടിക്കും അയ്യാളാ പുരുഷരെ
പൂതി പത്നിമാർക്കു തീരും ഇതെന്തൊരു കോളാ.

മറ്റൊരു പ്രധാനപ്പെട്ട വ്യക്തി പി.കെ ഹലീമയാണ്. 1909–1959 വരെയാണ് പി.കെ ഹലീമയുടെ കാലഘട്ടം. ബദറുൽ മുനീർ ഒപ്പനപ്പാട്ട്, ചന്ദിര സുന്ദരിമാല, പൊരുത്തം ബി ആയിശ, രാജമംഗലം, മുതലായവയാണ് പ്രധാന കൃതികൾ. ഇതിൽ കാവ്യഭംഗികൊണ്ടും ആശയാവിഷ്കാരം എന്ന നിലക്കും ഏറ്റവും പ്രധാനം ചന്ദിര സുന്ദരിമാലായാണ്. മാത്രമല്ല അനേകം വേദികളിൽ പാടിയതും മാപ്പിളപ്പാട്ട് അവതാരകർക്കിടയിൽ ഏറെ പ്രശ്സ്തമായതും ഇതുതന്നെ. നബിയുടെ അവസാനത്തെ ഭാര്യയായ ഐഷയുമായി കണ്ടുമുട്ടുന്നതും വിവാഹാഘോഷങ്ങളുമെല്ലാമാണിതിലെ പ്രമേയം.

പൊന്നിലും പുന്നാരമിൽ തെളിവായ മുത്ത് മുഹമ്മദാരെ
പൂരണർ സകലോർക്ക് മുൻപ്രഭുവരായെ മുസ്മ്മിലാതെ
മന്നവർ നബി ദീനിൽ മുന്നേ വന്നവർ മകളാണ് നൂറേ
മങ്കകൾ സകലതിലും മാണിക്കമോ മട്ടെജോറെ
കന്നിയാൾ കണ്ണഞ്ജനം കടഞ്ഞതോ കൊള്ളുള്ള ചേലേ
കൗതുകമോതും ചിരി ചെന്താമര വിടർന്നപോലെ"

എന്നിങ്ങനെയാണിതിൽ മുഹമ്മദ് നബിയെയും ഐഷയേയും മറ്റും വർണ്ണിക്കുന്നത്.

ഇതിലെ മറ്റൊരു പ്രധാന ഭാഗം നബി ഐഷാബീവിയെ കണ്ടുമുട്ടുന്നതും ഐഷയുടെ ബാപ്പയായ അബൂബക്കർ സിദ്ദീഖിനോട് തന്റെ ആഗ്രഹമറിയിക്കുന്നതുമാണ്. ഇതിന് അബൂബക്കർ സിദ്ദീഖ് നൽകുന്ന മറുപടി പല നിലകളിൽ ശ്രദ്ധേയമാണ്.

അറിവിച്ചെ സമയത്തിൽ ഉമൈ ഖോജാവേ
അംബിയ സകലർക്കും മഹാരാജാവേ
താജരെ എൻമകൾ ആയിഷ ഇപ്പം
താജരിൽ വാഴുവാൻ പോരവലിപ്പം
ബാജവയസ്സണവാമെ ചെറുപ്പം
ചെറുപ്പം അക്കൂളൽ തങ്ങൾക്കിണയാകുമോ
ചിന്തയിൽ ശരിയായ നിനവൊക്കുമോ

എന്റെ മകൾ ആയിഷ ഇപ്പോൾ ബാലവയസ്സിലെത്തിയ ചെറിയ കുട്ടിയാണ്. അവൾ എങ്ങനെയാണ് തങ്ങൾക്ക് ഇണയാവുക? ചിന്തയിൽ അല്ലെങ്കിൽ നിനവുകളിൽപോലും നിങ്ങൾ തമ്മിൽ വലിയ അന്തരമില്ലേ? എന്ന് മുഹമ്മദ് നബിയോ

ടുള്ള എല്ലാ ബഹുമാനങ്ങളും നിലനിർത്തിക്കൊണ്ട് തിരിച്ചു ചോദിക്കുന്ന അബൂബക്കർ സിദ്ദീഖിനെ സൃഷ്ടിക്കാൻ പി.കെ ഹലീമയെപ്പോലെ ഒരു കവിക്കുമാത്രമെ കഴിയൂ. പിന്നീട് ആകെ സംഘർഷത്തിലായ ബാപ്പയോട് ആയിഷ തന്റെ ആഗ്രഹം അറിയിച്ചപ്പോഴാണ് വിവാഹം നടക്കുന്നത്.

മുസ്ലീം പെൺകുട്ടികളുടെ വിവാഹപ്രായം 16 വയസ്സാക്കിക്കുറക്കണമെന്ന ആവശ്യവും അതേ തുടർന്നുണ്ടായ വിവാദങ്ങളും കൂടി ചേർത്തുവെക്കുമ്പോൾ പി.കെ ഹലീമയുടെ ഈ വരികൾ ഇന്നത്തെ കാലഘട്ടത്തിലും ഏറെ പ്രസക്തമാണ്. ഈ വരികളുടെ മാത്രമല്ല ഈ കാവ്യത്തിലെ ഇശൽ ഭംഗിയും ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. ഏറെ വേദികളിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണ് ഈ കാവ്യം. ഇന്നത്തെ ഒപ്പനപ്പാട്ടുകളിലും വ്യാപകമായി പി.കെ ഹലീമയുടെ കാവ്യഭാഗങ്ങൾ ഉപയോഗിച്ചു വരുന്നതായി കാണാം. പി.കെ ഹലീമ, പുത്തൂർ ആമിന ഇവരെകൂടാതെ സി.എച്ച്.കുഞ്ഞായിശ, കെ.ആമിനക്കുട്ടി, നടുത്തോപ്പിൽ ബി ആയിശക്കുട്ടി, ടി.എ. റാബിയ തുടങ്ങിയ അനേകം മാപ്പിളപ്പാട്ടുണ്ടാക്കിയ വ്യക്തികളെ ഇന്നു നമുക്കറിയാം. എന്നാൽ പിന്നീടിവരെയൊന്നും ഈ അവശേഷിച്ച പാട്ടുകളിലൂടെയല്ലാതെ നമുക്കറിയാതെ പോയി. വ്യക്തികളെന്ന നിലക്ക് ഇവരുടെ ജീവിതമോ അതിന്റെ പശ്ചാത്തലങ്ങളോ നമുക്കേറെയൊന്നും വ്യക്തമല്ല. പൊതു രംഗത്തും ഇവരുടെ പ്രവർത്തനങ്ങൾക്ക് തെളിവുകളൊന്നുമില്ല.

അറബിമലയാളത്തിൽ കവിതകളെഴുതി വന്നവരിൽ അവസാനത്തെ കണ്ണിയായി കാണാവുന്നത് 2011-ൽ അന്തരിച്ച എസ്. എം ജമീലാബീവിയാണ്. അറബിമലയാളത്തിലും മലയാളത്തിലും ഒരു പോലെ പ്രാവീണ്യമുണ്ടായിരുന്ന അവർ മലയാളത്തിലും ഏറെ മാപ്പിളപ്പാട്ടുകൾ എഴുതിയിട്ടുണ്ട്. കച്ചവടക്കാരനായ ബാപ്പയും മകളും പരസ്പരം ആശയവിനിമയം ചെയ്തിരുന്നത് പോലും പാട്ടുകളിലൂടെയായിരുന്നു. നാട്ടിലെ പത്ത് പേരടങ്ങുന്ന പാട്ടുസംഘത്തിലും അവർ അംഗമായിരുന്നു. ജമീലാബീവി 11-ാം വയസിൽ എഴുതിയ കാവ്യമാണ് 'മുസ്ലീം സ്ത്രീകളുടെ ആവലാതി'. മുസ്ലീം സമുദായത്തിനകത്ത് പുരുഷനുള്ള അനിയന്ത്രിതമായ വിവാഹമോചന അധികാരത്തെ ചോദ്യം ചെയ്തുകൊണ്ടുള്ളതായിരുന്നു ആ കവിത. അതുപോലെ ബഹുഭാര്യാത്വം സ്ത്രീധനസമ്പ്രദായം തുടങ്ങിയ പുരുഷന് മേൽക്കൈ നൽകുന്ന ആചാര സമ്പ്രാദായങ്ങളെയെല്ലാം വിമർശിക്കുന്ന പാട്ടുകൾ അവരുടെതായുണ്ട്. യേശുദാസിനെപോലുള്ള പ്രശസ്ത ഗായകർ പാടിയ പാട്ടുകളും ഇവരുടെതായുണ്ട്. സാമൂഹ്യവിമർശനവും, കാവ്യാത്മകതയും ഗാനാന്മകതയുമെല്ലാം ഇതിൽ സമ്മേളിച്ചതിന്റെ സൂചനതന്നെയായിതിനെ കണക്കാക്കം.

സ്ത്രീയുടെ ബോധത്തെ ആവിഷ്ക്കരിക്കാൻ ഭാഷ അപര്യാപ്തമാണെന്നതല്ല സ്ത്രീഭാഷയുടെ പ്രശ്നം. ഉള്ളിലുള്ളതെല്ലാം മറച്ചുവെക്കാതെ ആവിഷ്ക്കരിക്കാനുള്ള സാധ്യത എത്രമാത്രം ഭാഷയിലുണ്ടെന്നതാണ്. അതിന്റെ സൗന്ദര്യാന്മകവും വിപ്ലവാത്മകവുമായ സാധ്യതകളെ സ്ത്രീകൾക്കെത്രമാത്രം പ്രയോജനപ്പെടുത്താനാകുന്നുണ്ടെന്നതാണ്. അത്തരത്തിൽ വിലയിരുത്തുമ്പോൾ ഭാഷയിലെ സൗന്ദര്യാന്മകമൂല്യങ്ങളെയും പുരുഷകേന്ദ്രിത ആശയങ്ങളെയും ചോദ്യം ചെയ്യാനുള്ള ഫലപ്രദമായ മാർഗ്ഗമായി അറബിമലയാളഭാഷയെയും മാപ്പിളപ്പാട്ടിനെയും സ്ത്രീകൾ പ്രയോജനപ്പെടുത്തിയതായി കാണാം. അജ്ഞാതയായ ഒരു പാട്ടുകാരി പാടിയ

> **സ്ത്രീയുടെ ബോധത്തെ ആവിഷ്ക്കരിക്കാൻ ഭാഷ അപര്യാപ്തമാണെന്നതല്ല സ്ത്രീഭാഷയുടെ പ്രശ്നം. ഉള്ളിലുള്ളതെല്ലാം മറച്ചുവെക്കാതെ ആവിഷ്ക്കരിക്കാനുള്ള സാധ്യത എത്രമാത്രം ഭാഷയിലുണ്ടെന്നതാണ്.**

പാട്ടുകൊണ്ട് ചൂട്ടുകെട്ടി
മോത്ത്കുത്തും ഞാനെടി

എന്ന വരികളിൽ ഇതിന്റെ വിപ്ലവാത്മകതയും സവിശേഷ പ്രയോഗത്തിന്റെ സൗന്ദര്യാത്മകതയും ഒരുപോലെ സമ്മേളിക്കുന്നത് കാണാം. മലയാളത്തിൽ ആധുനികതയുടെ ഘട്ടത്തിലാണ് പാട്ടുകൊണ്ട് ചൂട്ടുകെട്ടുക എന്ന പ്രയോഗം കെ.ജി ശങ്കരപിള്ളയുടെ കവിതയിലൂണ്ടാവുന്നത്. ഇതുകൂടി ഓർക്കുമ്പോൾ ഭാഷയിലുള്ള സ്വാധീനം മാത്രമല്ല അതിന്റെ സാധ്യത കൂടി നമ്മെ വിസ്മയിപ്പിക്കുന്നതാണ്.






ഡോ.ജാൻസി ജോസ്

# പ്രണയം തന്നെ പ്രണയം

ഈ അടുത്തകാലത്തായി മക്കളും ഭർത്താവും കുടുംബവുമായിക്കഴിയുന്ന പെൺകുട്ടികൾ എല്ലാം വെടിഞ്ഞ് പ്രണയം തേടി പുറത്തു പോകുന്ന കാഴ്ച ധാരാളമായി കേൾക്കുന്നുണ്ടല്ലോ. പ്രണയിച്ചു നടക്കേണ്ട കാലത്ത് ഭയപ്പെട്ട് വീട്ടുകാർ പിടിച്ചു കെട്ടിച്ചു കൊടുക്കാൻ തുടങ്ങുന്നതോടെയാണ് പ്രശ്നങ്ങളുടെ തുടക്കം. വിവാഹം എന്നത് പലർക്കും പ്രണയിക്കാനുള്ള കളമാകുന്നില്ല. ജോലിക്ക് ഒരാളെ വേണമെന്ന പരസ്യത്തിനു പകരം വിവാഹം ചെയ്താൽ മതിയെന്ന ധാരണയിൽ നിന്നാണ് പ്രശ്നത്തിന്റെ ഒഴുക്കാരംഭിക്കുന്നത്. ആവശ്യത്തിന് പ്രണയം പ്രതീക്ഷിച്ച് ഭർത്താവിന്റെ പിന്നാലെ വരുന്ന അവൾക്ക് പ്രണയം കണി കാണാൻ കിട്ടുന്നില്ല എന്നു വേണം കരുതാൻ. സേനഹം മാത്രമല്ല പ്രണയവും അവൾ ആഗ്രഹിക്കുന്നുണ്ട് എന്ന് പലർക്കും അറിയാത്ത കാര്യമാണ്. സ്നേഹം ഉള്ളിൽ വെക്കുന്നതും അന്യ സ്ത്രീകളെ പ്രണയിക്കുന്നതും ആണത്തമാണെന്നു കരുതുന്നവരുടേയും കൂടി ലോകമാണ് നമ്മുടേത്. പത്തൊമ്പതും ഇരുപതും വയസ്സുള്ള പെൺകുട്ടിയാവും വിവാഹിതരാവുന്നത്. വിവാഹം പ്രണയത്തിന് സ്ഥാനമില്ലാത്ത ഇടമാണ് എന്ന തെറ്റിദ്ധാരണയും നമ്മുടെയിടയിൽ നിലനിൽക്കുന്നുണ്ട്.



സ്നേഹവും പ്രണയവും പങ്കുവെയ്ക്കാനുള്ള ഇടമായി വിവാഹത്തെ കണ്ടു തുടങ്ങിയാൽ പ്രശ്നങ്ങൾ അലിഞ്ഞു തുടങ്ങും. വീട്ടുകാരെ ഭയന്ന് ഇവ മനസ്സിലൊളിപ്പിക്കുന്ന ധാരാളം ഭർത്താക്കന്മാരെ ക്കാണാം. സ്നേഹിക്കുവാനും പ്രണയിക്കുവാനും അവസരമൊരുക്കി കൊടുക്കുക എന്നതുമാത്രമാകണം വീട്ടുകാരുടെ ഉത്തരവാദിത്തം.അവർ പ്രണയിക്കട്ടെ, അവർ കളിക്കട്ടെ, ചിരിക്കട്ടെ. പുറത്തു പോവുകയും വരികയും ചെയ്യട്ടെ. ഒളിഞ്ഞു നോക്കാത്ത, പരിഹസിക്കാത്ത, കണ്ണുരുട്ടിക്കാണിക്കാത്ത ഒരു ഗൃഹാന്തരീക്ഷം നമ്മൾ ഒരുക്കിക്കൊടുക്കണം. മധുരമൂറുന്ന വാക്കുകും തേനൂറുന്ന നോക്കും ചാട്ടൂളിക്കു പകരം അവളെ പുളകിതയാക്കട്ടെ. പ്രണയം പൂത്തുലയുന്ന ഇടത്തിൽ നിന്നും പറിച്ചെറിഞ്ഞാലും പോകാത്തവരാണ് മിക്ക പെണ്ണുങ്ങളും. പഴയ കാലങ്ങളിൽ ദീർഘനിശ്വാസം വിടാൻ പോലും ഭയപ്പെട്ട് ജീവിതം ഇരുട്ടികളിൽ ജീവിച്ചു തീർത്ത പെണ്ണുങ്ങളുടെ കാലം കഴിഞ്ഞു. പ്രതീക്ഷിക്കുന്ന, പ്രതീക്ഷിക്കുന്ന ഇടം തെരഞ്ഞു പോവുന്ന പെണ്ണുങ്ങളാണ് ഇന്നുള്ളത്.പ്രണയം പൂക്കുന്ന മനസുമായി ഭർത്താവിന്റെ പിന്നാലെ വരുമ്പോൾ അതു വളരാനുള്ള വെള്ളവും വളവും നൽകുക തന്നെ ചെയ്യണം. അല്ലെങ്കിൽ അവർ പുറത്തു പോകും.പുറത്തു പോകുമ്പോൾ കണ്ണില്ലാത്തതു കൊണ്ടു തന്നെ കണ്ണിൽ ചോരയില്ലാതെ പെരുമാറിയെന്നു വരും.അത് ഒഴിവാക്കണമെങ്കിൽ നാം തന്നെ കരുതലൊരുക്കണം ;നമുക്ക് രക്ഷപെടാനും അവരെ രക്ഷപെടുത്താനും.

ചർച്ചാവിഷയം

**ഡോ. ഷീബാ ദിവാകരൻ**
മലയാള വിഭാഗം അധ്യാപിക
ഗവ. ആർട്ട്സ് & സയൻസ് കോളേജ് മീഞ്ചന്ത, കോഴിക്കോട്



# പെൺകവിതയുടെ പരീക്ഷണകാലം



ചരിത്രത്തിൽ അടയാളപ്പെടാതെ പോയ ചിലതുണ്ട്. പോയകാലത്ത് ചരിത്രം അപ്രത്യക്ഷീകരിച്ച പലതും പിൽക്കാലത്ത് വർധിതവീര്യത്തോടെ സ്വയം തെളിഞ്ഞുവന്നിട്ടുണ്ട്. പോയകാലത്ത് തമസ്കരിക്കപ്പെട്ട സ്ത്രീകൾ സാഹിത്യരംഗത്ത് സ്വന്തമായി ഇടം കണ്ടെത്തുകയും അവിടെ വാശിയോടെ വ്യാപരിക്കുകയും ചെയ്യുന്നതാണ്, നമ്മുടെ പുതിയകാഴ്ച.

പരമ്പരാഗതലക്ഷണങ്ങളെ പാടേതള്ളിക്കൊണ്ടും ഛന്ദോമുക്തമായിക്കൊണ്ടുമാണ് ആധുനികതയിലേക്കും ഉത്തരാധുനികതയിലേക്കും കവിത നടന്നുകയറിയത്. ഇതിനിടെ കവിതക്ക് മനോഭാവത്തിലും രൂപഘടനയിലും വലിയമാറ്റമാണ് സംഭവിച്ചത്. വർത്തമാനകാലത്തെ നേരനുഭവമായി പ്രത്യക്ഷീകരിക്കുകയും ചർച്ചാവിഷയമാക്കുകയും ചെയ്യുന്നു എന്നതാണ് വർത്തമാനകാലകവിതയുടെ പ്രത്യേകത. അലൗകികപരിവേഷം ഇല്ലാതാകുകയും കവിത അത്യന്തം ജനകീയമാവുകയും ചെയ്തു. വ്യവസ്ഥാപിതമായ കാവ്യപാരമ്പര്യത്തെ പിൻപറ്റാതെ തനതുവഴിയുമായി കയറിവന്നവരാണ്, കവിതയെ ജനകീയമാക്കിയതെന്നു പറയാം. കവിതയെഴുതാൻ എന്തോ ജന്മസിദ്ധിവേണമെന്നും അത് സാധാരണക്കാരിൽനിന്നും ഉയർന്നുനിൽക്കുന്ന

> കവിതക്ക് എഴുത്തുനിയമങ്ങൾ ബാധകമാണോ എന്ന ചോദ്യത്തിന് ഡോണമയൂര പറയുന്നതിങ്ങനെ: 'എന്ത് നിയമങ്ങൾ? എന്താണ് എഴുത്തുനിയമങ്ങൾ? അത് ലംഘിച്ചാൽ ലങ്കാദഹനം? എഴുത്തും വരയുമെല്ലാം ക്രിയേറ്റിവിറ്റിയാണ്. വിവേകത്തോടെയുള്ള വിചാരങ്ങളും.'

എന്തോ ആണെന്നുമെല്ലാമുള്ള ധാരണ അതോടെ കടപുഴകി. അതി സാധാരണമായ ജീവിതാവസ്ഥകൾ തികച്ചും സ്വാഭാവികമായി ത്തന്നെ കവിതയിൽ കടന്നെത്തി.

കവിതക്ക് എഴുത്തുനിയമങ്ങൾ ബാധകമാണോ എന്ന ചോദ്യ ത്തിന് ഡോണമയൂര പറയുന്നതിങ്ങനെ: 'എന്ത് നിയമങ്ങൾ? എന്താണ് എഴുത്തുനിയമങ്ങൾ? അത് ലംഘിച്ചാൽ ലങ്കാദഹനം? എഴുത്തും വരയുമെല്ലാം ക്രിയേറ്റിവിറ്റിയാണ്. വിവേകത്തോടെയുള്ള വിചാരങ്ങളും.'

പലപ്പോഴും സാമൂഹികവ്യവസ്ഥകളിൽനിന്നുള്ള കുതറിയോട്ടങ്ങ ളാണ് കവിതയിൽ കൊണ്ടെത്തിക്കുന്നതുതന്നെ എന്ന് ഡോണ വിശ ദീകരിക്കുന്നു. നിയമവിധേയമായി ചെയ്യുന്നതിനെ കവിത യെന്നോ എഴുത്ത് എന്നുതന്നെയോ എങ്ങനെ വിളിക്കാൻ കഴിയും എന്ന് ന്യായമായും അവർ സംശയിക്കുന്നു . പുറംജീ വിതത്തിന് നിയമങ്ങളുള്ളതുപോലെ അകംജീവിതത്തിന് അത് ബാധകമാവില്ലെന്ന് പുതിയ ഓരോ എഴുത്തും തെളിയിക്കുന്നു. നിയമങ്ങളില്ലാത്ത തോന്നലുകൾ നിയമങ്ങളില്ലാത്ത ഭാവ ത്തിലും രൂപത്തിലും ഭാഷയിലും വരച്ചിട്ട് പുതിയ സ്ത്രീകൾ വ്യത്യസ്തരാകുന്നു. സവിശേഷമായ ഭാഷാ(ജീവിത)ക്രമക്ക ണക്ക് പെൺകവിതയെ വേറിട്ടുനിർത്തുന്നു.



### അനുഭവത്തിന്റെ ഭാഷ

ഒരു സവിശേഷാനുഭവത്തെ, അതനുഭവിച്ച വരും അതിനെപ്പറ്റി കണ്ടും കേട്ടും മനസ്സിലാ ക്കിയവരും ആവിഷ്കരിക്കുന്ന ഭാഷ വ്യത്യ സ്തമായിരിക്കാതെ വഴിയില്ല. സ്ത്രീഭാഷ പുരു ഷഭാഷയിൽനിന്നും ദളിത്ഭാഷ വരേണ്യഭാഷ യിൽനിന്നും വ്യത്യസ്തമാകുന്നതിന്റെ അടി സ്ഥാനം അവരുടെ ജീവിതാനുഭവങ്ങൾ വ്യത്യ സ്തമാണ് എന്നതാണ്. മഞ്ജു രാമകൃ ഷ്ണന്റെ രാമച്ചക്കാറ്റ് എന്ന കവിത ഇങ്ങനെ:

'ചിന്നമ്മു എന്ന ചിന്നമ്മ
വിറകൊടിക്കുന്ന പണിക്ക്
കുന്ന് കയറുന്നവളാണ്
വെളുപ്പിന് തിളക്കമുള്ള അരിവാളും
ഒരു തൂക്കില് ചോറും
അതിൽലേശം ഉപ്പുകല്ലും
ഒരു നാല് കാന്താരിമുളകും
തലേന്നത്തെ മീഞ്ചാറും'

നല്ലൊരു വർണനയ്ക്ക് സ്കോപ്പുള്ള പ്രകൃതി! 'പ്രാഞ്ചിക്കിതച്ച്' അവൾ കുന്ന് കയ റുന്ന രംഗവും വർണിക്കാം. പക്ഷേ, മഞ്ജു വിന്റെ കവിതയിൽ പ്രകൃതിആസ്വാദനമോ വർണനയോ ഇല്ല. കവി അവളുമായി താദാ ത്മ്യപ്പെടുന്നു. അവളുടെ ദാരിദ്ര്യവും ജീവി ക്കാൻ വേണ്ടിയുള്ള അധ്വാനവും അവളുടെ ജീവിതാവസ്ഥകളുടെ ചിത്രീകരണവുമൊക്കെ

യാണ്കവി ശ്രദ്ധിക്കുന്നത്. മനോഹാരിതയിലേക്കു നോക്കാൻ ചിന്നമ്മുവിന് നേരമില്ല. അവൾകാണാത്ത പ്രകൃതിയെ മഞ്ജുവും ശ്രദ്ധിക്കുന്നില്ല.ചിന്നമ്മുവിനെപ്പോലെ അനലംകൃതയാണ് കവിതയും. അതിൽ ഉപ്പും മുളകും ഉണ്ടുതാനും.

ഭാഷയിലും കല്പനയിലും 'സൗന്ദര്യാത്മക'വും 'പ്രതീകാത്മക'വുമായാലേ കവിതയാകൂ എന്ന് പുതിയകവികൾ കരുതുന്നില്ല. എല്ലാ അനുഭവങ്ങളും സൗന്ദര്യപ്പെടുത്തേണ്ടവയുമല്ല.അതുകൊണ്ടാണ് ആർഭാടരഹിതവും അനുഭവതീക്ഷ്ണവുമായഭാഷ അവർ സ്വീകരിക്കുന്നത്. 'ലേശം ഉപ്പുകല്ല്,' 'ഒരു നാല് കാന്താരിമുളക്'എന്നിങ്ങനെ ജീവിതസാഹചര്യങ്ങളിലെ സംഭാഷണഭാഷതന്നെ കവിതയിലും പ്രത്യക്ഷപ്പെടുന്നു. സൗന്ദര്യത്തെക്കുറിച്ചുള്ള സങ്കല്പങ്ങളെത്തന്നെ മാറ്റിമറിക്കാൻ പുതുകവിതയ്ക്കു കെല്പുണ്ട്.

കുളം എന്ന കവിതയിൽ അമ്മുദീപ ജീവിതകാമനകളെ അത്യന്തസ്വാഭാവികമായി ആവിഷ്കരിച്ചിരിക്കുന്നു. സ്ത്രീയെ വിശാലവും വിശുദ്ധവുമായ അമ്പലക്കുളമായിക്കാണുന്നിടത്ത് കവിത ഉറഞ്ഞുകൂടിക്കിടക്കുന്നു. ഒരു സംഭവവിവരണത്തിന്റെ ഛായയിലെഴുതിയ ഈ കവിത എല്ലാ സദാചാരനിയമങ്ങളെയും ഒഴുക്കിക്കളയുന്നു.



'നിന്റെ വീടിന്നിനടുത്തുള്ള
അമ്പലക്കുളമാണ് ഞാൻ
നീ ഓടുവന്നുചാടൂ
മലർന്നും കമിഴ്ന്നും നീന്തൂ
നിനക്കുപിറകെ ചാടാൻവരുന്ന ചെറുക്കന്മാരെ
കഴുത്തിനുപിടിച്ച് താഴ്ത്തൂ
പക്ഷേ, ചെറുക്കാ,
വന്നുചാടിയല്ലോ
നിനക്കു മുമ്പേചിലർ
അവരെ നീ എന്തുചെയ്യും?
വേഗം നീന്തിക്കരയേറൂ മുങ്ങാംകുഴിയിട്ട്
ദേ, അവർ നിന്റെ നേരെ വരുന്നുണ്ട്'

കുളത്തിലായിരിക്കുമ്പോഴും കുളത്തിന്റെ ഭംഗിയോ ചുറ്റുപാടുമുള്ള പ്രകൃതിയോ വിവരിക്കുന്ന ഒരുവരിപോലും കവിതയിലില്ല. എഴുത്തുകാരികളെ സംബന്ധിച്ചിടത്തോളം അത്തരം നടപ്പുരീതികൾ പൂർണമായും അപ്രസക്തമായിക്കഴിഞ്ഞു. അത്തരം മനോഹാരിതകളെല്ലാം ജീവിതത്തെ പൂരിപ്പിക്കാനുള്ള ശ്രമത്തിൽ അപ്രസക്തമാകുന്നു. പറയുന്നതും ചിന്തിക്കുന്നതുമായ ഭാഷയെ അതേപടി അനാർഭാടമായി ആന്തരികതാളത്തോടെ അമ്മുദീപ ആവിഷ്കരിക്കുന്നു. ഒന്നിലധികം പുരുഷന്മാർ തേടുന്ന സ്ത്രീ അത്യന്തം സ്വാഭാവികമായി പുതിയ ആഖ്യാനങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

അമ്മുദീപയുടെ എ റൂം ഓഫ്... എന്ന കവിതയിലും കാണാം, പെണ്ണിന്റെ മാത്രം അനുഭവത്തിൽ നിന്നുവരുന്ന ചില പ്രയോഗങ്ങൾ. പെണ്ണിന്

സ്വന്തമായി എഴുത്തമുറി/ഇടം എന്ന ആശയം അവളുടെ എക്കാലത്തെയും സ്വപ്നമാണ്. വെർജീനിയാ വൂൾഫിന്റെ ഓർമ തലക്കെട്ടിൽത്തന്നെയുണ്ട്.

‘ചായവേണോ
ചോറ് വിളമ്പാറായോ
ഫാൻ ഓഫാക്കണോ
പുറം ചൊറിഞ്ഞുതരണോ
അവളുടെ എഴുത്തുമുറിയിൽനിന്നും
ചിരപുരാതനമായ ചില ശ്രദ്ധകൾ
വിളിച്ചുകൂവിക്കൊണ്ടിരുന്നു’-

പുതിയ സാഹചര്യത്തിൽ പെണ്ണിന് എഴുത്തുമുറിയുണ്ട്. അവൾതന്നെ മനസ്സുവച്ചാൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയും ചെയ്യും. പക്ഷേ, ചിരപുരാതനമായ ചില ശ്രദ്ധകളിൽനിന്ന് അവൾക്ക് മോചനമില്ല. ഭൗതികമായി ഇല്ലായ്മകൾ പരിഹരിക്കുമ്പോഴേക്കും യുഗങ്ങളോളം ആവർത്തിക്കപ്പെട്ടതും തന്നിലലിഞ്ഞുചേർന്നതുമായ കടമകളെക്കുറിച്ചുള്ള ബോധം പെൺമനസ്സിനെ ഭരിക്കുന്നതായി കവിത അടയാളപ്പെടുത്തുന്നു. വേണോ തരണോ എന്നിങ്ങനെയുള്ള ആവർത്തനങ്ങളിലൂടെ ശീലത്തെ ഭാഷയിലാവാഹിക്കാൻ കഴിയുന്നു. ശീലിച്ചുപോയതിനോടൊപ്പംതന്നെ മനസ്സ് ചലിക്കുന്നു. ഇത്തരം അനാവശ്യ ശ്രദ്ധകൾ അവളുടെ എഴുത്തുമുറിയിലെ ഏകാഗ്രതയെ സ്വയം ഭഞ്ജിക്കുന്നു.‘വിളിച്ചുകൂവൽ’ എന്ന പ്രയോഗത്തിലൂടെ ഇത്തരം ശ്രദ്ധകൾ പരിഹസിക്കപ്പെടുന്നുമുണ്ട്. പുരുഷാധിപത്യസാഹചര്യത്തിൽ ഓച്ഛാനിച്ച് ഒതുങ്ങേണ്ടിവന്ന പെണ്ണിന്റെ രൂപം ഈ ശ്രദ്ധാവാചകങ്ങളിലൂടെ തെളിഞ്ഞുവരുന്നുണ്ട്.

‘ചായവേണോ
ചോറ് വിളമ്പാറായോ
ഫാൻ ഓഫാക്കണോ
പുറം ചൊറിഞ്ഞുതരണോ
അവളുടെ
എഴുത്തുമുറിയിൽനിന്നും
ചിരപുരാതനമായ
ചില ശ്രദ്ധകൾ
വിളിച്ചുകൂവിക്കൊണ്ടിരുന്നു’-

പുതുകവിതയുടെ യൗവനതീക്ഷ്ണമായ ഭാവം സെറീനയുടെ കവിതകളിൽ കാണാം. വരികൾക്കിടയിൽ ഒളിപ്പിച്ചുവച്ച പെൺവാഴ്‌വിന്റെ അസ്വസ്ഥതകൾ ആ ഭാഷയെ സവിശേഷമാക്കുന്നു.

‘എന്നും അടുപ്പുകല്ലുകൾക്കിടയിൽ
കൂട്ടിവെച്ച് മണ്ണെണ്ണ പകരുമ്പോൾ
എനിക്ക് കേൾക്കാവുന്ന സ്വരത്തിൽ
ചിരട്ടകൾക്ക് ഒരാത്മഗതമുണ്ട്.
ഉള്ളിൽ ഉണ്ടായിരുന്ന ഉറവ,
ഒളിച്ചുവച്ച മുളയുടെ നാമ്പ്,
ചിരകിയെടുത്ത വെളുത്തഹൃദയം
ഇത്രയും പോരേ,
ഏറ്റവും നല്ല കനലാകാൻ?’

തീപ്പെടാൻ എന്ന കവിതയിലെ ചിരട്ടകളുടെ ഈ ആത്മഗതം ഒരുപക്ഷേ പെണ്ണിനുമാത്രമേ കേൾക്കാൻ കഴിയൂ. അതിനും പെണ്ണിനും ഐക്യപ്പെടാൻ ഒരുപാട് ഘടകങ്ങളുണ്ട്. ഉള്ളിൽ ഉറവയും ഒളിച്ചുവച്ച മുളയുടെ നാമ്പുമുള്ള സർഗധനരായ പെണ്ണുങ്ങളുടെ ആത്മഗതംകൂടിയാണിത് എന്ന് കവിത അനുഭവിപ്പിക്കുന്നുണ്ട്.കനൽ എന്ന പ്രയോഗംതന്നെ തന്നിലുള്ള വിശ്വാസത്തെയും പ്രതീക്ഷയെയുംതന്നെയാണ്

‘തൊട്ടാവാടികൾ ആരെയും വിശ്വസി ക്കാറില്ല എന്നെന്നേക്കുമായി വാടാറുമില്ല’ വരുംതലമുറയിലെ പെൺകുട്ടികളോടുള്ള ചില ഓർമപ്പെടുത്ത ലാണ് കവിതയുടെ അന്ത:സത്ത. അതു കൊണ്ടുതന്നെ കണി ശഭാഷ കവിതക്ക് യോജിക്കുന്നുണ്ട്.

പ്രകടിപ്പിക്കുന്നത്. ഉള്ളിൽ കനലുണ്ട് എന്നും അത് സംരക്ഷിക്കണമെന്നുമുള്ള തിരിച്ചറിവ് പുതിയ എഴുത്തുകാരികൾ ആർജിച്ചിരിക്കുന്നു.

‘എനിക്കറിയാം
ഒഴുക്കിൽപ്പെട്ടുപോയൊരു
നിലവിളിക്ക് ആരെയും തൊടാനാവില്ല
പക്ഷെ,
ഇരമ്പലിൽ മുങ്ങിമരിച്ച
ആ ഒച്ചയാണ്
അരികിലെ മരങ്ങളിൽ
കാട്ടുതീയാവുന്നത്.’

തന്റെ ശബ്ദത്തിന് കാട്ടുതീയാവാൻ കഴിയുമെന്ന പ്രതീക്ഷ പുലർത്തുന്നു, ഈ വരികളിൽ സെറീന.ഒഴുക്കിൽപ്പെട്ടുപോയ നിലവിളി, ഇരമ്പലിൽ മുങ്ങിപ്പോയ ഒച്ച, തുടങ്ങിയ പ്രയോഗങ്ങൾ വ്യർഥമായിപ്പോവുന്ന ശ്രമങ്ങളെക്കുറിക്കുന്നു. എന്നാൽ, ഒരു ശബ്ദവും വെറുതെയാകുന്നില്ലെന്നും ഒരു നിലവിളിപോലും ലക്ഷ്യവേധിയാണെന്നും സ്ഥാപിക്കാൻ ‘കാട്ടുതീ’ പ്രയോഗത്തിലൂടെ സാധിച്ചിരിക്കുന്നു. ശബ്ദത്തിന്റെ കരുത്തിൽ കവി അതീവവിശ്വാസം പുലർത്തുന്നു.

എല്ലാത്തരം എഴുത്തുനിയമങ്ങളെയും അവഗണിക്കുന്ന കവിയാണ്, സിന്ധു കെ വി. വൃത്തരഹിതമായും വൃത്തസഹിതമായും നാടൻ ഈണങ്ങളിലും ഗദ്യരൂപത്തിലുമൊക്കെയായി, തോന്നും മട്ടിലെഴുതും, സിന്ധു. ഏതോ കാലത്തിലെ നമ്മൾ നമ്മളെ കണ്ടുപോകുന്നതുപോലെ എന്ന കവിതാപുസ്തകം ഡയറിക്കുറിപ്പിന്റെ ശൈലിയിൽ എഴുതിയ കവിതകളുടെ സമാഹാരമാണ്.

‘ടച്ച് മീ നോട്ടിൽനിന്നും തൊട്ടാവാടിയിലേക്ക്
ഒരട്ടിമറിദൂരമുണ്ട്
വിരലുകൾക്കത് പ്രശ്നമല്ലായിരിക്കാം
അരുതെന്നു പറയുന്നവരുടെ പ്രതിഷേധമാണത്.’

കവിതയിലൂടെ കവി നിലപാടുപ്രഖ്യാപിക്കുകയാണിവിടെ.പ്രസ്താവനാരൂപം അതിന് പര്യാപ്തമാകുന്നുണ്ട്. ബിന്ദുകൃഷ്ണന്റെ തൊട്ടാൽ വാടരുത് എന്ന കവിതയും പ്രസ്താവനാരൂപത്തിൽ നിലപാട് വ്യക്തമാക്കുന്നുണ്ട്.

‘തൊട്ടാവാടികൾ ആരെയും വിശ്വസിക്കാറില്ല
എന്നെന്നേക്കുമായി വാടാറുമില്ല’

വരുംതലമുറയിലെ പെൺകുട്ടികളോടുള്ളചില ഓർമപ്പെടുത്തലാണ് കവിതയുടെ അന്ത:സത്ത. അതുകൊണ്ടുതന്നെ കണിശഭാഷ കവിതക്ക് യോജിക്കുന്നുണ്ട്.

ലോപയുടെഎഴുതുന്ന പെണ്ണേ എന്ന കവിത സർഗശേഷിയുള്ള പെണ്ണിന്റെ അകം പ്രതിഫലിപ്പിക്കുന്നു. സർഗാത്മകതയുള്ള വീട്ടമ്മക്കുമാത്രം സാധ്യമാകുന്ന ഭാഷ.മേലേ ശാന്തമായിരിക്കുമ്പോഴും ഉള്ളിൽ അലർച്ചകൾ നിറയുന്നവർ. അവ പുറത്തേക്കുവരാതെ ശ്രദ്ധിച്ച് നിശ്ശബ്ദരാകേണ്ടിവരുന്നവർ.

‘എഴുതുന്ന പെണ്ണേ
ഉള്ളിലെ അലർച്ചകൾ
ചുണ്ടിൽ ചേർത്ത
ചൂണ്ടുവിരൽ തിളച്ച്
പുറത്തേക്ക് തൂവരുത്.’

ചോറും പാലും തിളച്ചുമറിയുംപോലെ ചില തിളച്ചുമറിയലുകൾ അടുക്കളയിലെ സർഗ

ധനയായ പെണ്ണും അനുഭവിക്കുന്നുണ്ട്. ഉള്ളിലെ അലർച്ചകളാണവരിൽ തിളച്ചുമറിയുന്നത്. അത് പുറത്തേക്കുവരാതിരിക്കാൻ, ആവുന്നത്രമൂടിവെക്കാനാണ്, എഴുതുന്ന പെണ്ണിനോടുള്ള ആഹ്വാനം. ഇത്തരം 'അരുതു'കളിലൂടെയും വീടനുഭവങ്ങളിലൂടെയും ഒരർഥത്തിൽ പെണ്ണിനെ എഴുതിവെക്കുകയാണ് കവി.

'ഉരിയപദങ്ങളെ
സ്വന്തം കല്ലിലാട്ടി
വെള്ളം ചേർത്തു പൊലിപ്പിച്ച്
ഉലകത്തിനു മൊത്തമന്നമാം
അഞ്ചപ്പമായി വിളമ്പുമ്പോൾ
എന്തോ സാധിച്ചു എന്ന്
കൃതാർഥയാകരുത്'

രചനാപ്രക്രിയയെ വീടകങ്ങളുമായി കോർത്തിണക്കുകയാണിവിടെ. വ്യവസ്ഥയെ മുറിച്ചുകടക്കാൻ ഒരു നൂലിഴപോലും സാധ്യമല്ലെന്ന തിരിച്ചറിവ് വരികൾ പ്രകടമാക്കുന്നു. വീട്ടുചുറ്റുപാടിലും സർഗാത്മകരംഗത്തും ഏതാണ്ടൊക്കെ തിളങ്ങാനാവുമെന്ന് തിരിച്ചറിയുമ്പോൾത്തന്നെ ഒതുങ്ങലിന്റെ അനിവാര്യതയും അതിന്റെ രാഷ്ട്രീയവും അവൾ പഠിച്ചുവച്ചിട്ടുണ്ട്.

'കരവാളിനെയോമനിക്കുമെൻ
മണവാളന്റെ മിനുത്ത ശയ്യയിൽ
കദനങ്ങളെടുത്തു പാറ്റിയും...'(ഷഹറസാദ് തുടരുകയാണ്)

അടുക്കളക്രിയകൾ ഏതു പ്രമേയത്തോടൊപ്പവും ലോപകൂട്ടിക്കലർത്തുന്നു. ജീവിതത്തിൽനിന്ന് കദനങ്ങളെടുത്തുപാറ്റാൻ വീട്ടമ്മയായ ഒരു കവിക്കുമാത്രമേ കഴിയൂ.

'മഴയത്ത്
തിളയ്ക്കുന്ന എണ്ണയിൽ
പൊട്ടാൻമടിച്ചു
കിടക്കുന്ന
കള്ളക്കടുകുമണി
കൾപോലെ നമ്മൾ
മഴയത്ത്
തിളയ്ക്കുന്ന
എണ്ണയിലേക്ക്
ചീന്തിയിട്ട
കാന്താരിമുളകിന്റെ
അരികൾപോലെ
നമ്മൾ.'

വീട്ടുബിംബങ്ങൾ പെൺകവിതകളിൽ ആവർത്തിച്ചുപ്രത്യക്ഷപ്പെടുന്നുണ്ട്. ഡോണമയൂരയുടെ നീലമൂങ്ങ എന്ന സമാഹാരത്തിലെ പേച്ച് എന്ന കവിതയിൽ

'മഴയത്ത്
തിളയ്ക്കുന്ന എണ്ണയിൽ
പൊട്ടാൻമടിച്ചുകിടക്കുന്ന
കള്ളക്കടുകുമണികൾപോലെ നമ്മൾ
മഴയത്ത്
തിളയ്ക്കുന്ന എണ്ണയിലേക്ക്
ചീന്തിയിട്ട കാന്താരിമുളകിന്റെ
അരികൾപോലെ നമ്മൾ.'

മഴയത്തെ തണുപ്പിലെ മനുഷ്യസ്വാഭാവികമായ മടി കടുകിലും ആരോപിക്കുന്നു. കടുകുമണിയിൽ കുസൃതിയാരോപിച്ച് 'കള്ളക്കടുകുമണി'യാക്കുന്നു. ഇവിടെ അടുക്കളയിലെ ധാന്യങ്ങൾപോലും ജീവനുള്ളതാകുന്നു. അവയിൽ കവി മനുഷ്യത്വം ആരോപിക്കുന്നു.

പെണ്ണിന്റേതുമാത്രമെന്ന് സമൂഹം നിശ്ചയിച്ച പ്രവൃത്തികളിൽനിന്ന് കുതറിമാറി അതുചെയ്യാതിരിക്കുമ്പോഴുള്ള സുഖം പകരുന്ന 'തെറിച്ച' ചിന്തകൾ പുതുകവികൾ അതീവലാഘവത്വത്തോടെ പങ്കുവെക്കുന്നുണ്ട്. ധന്യ എം.ഡി.യുടെ 'മുറ്റമടിക്കാതിരിക്കുമ്പോൾ'എന്ന കവിത പേരുസൂചിപ്പിക്കുന്നതുപോലെതന്നെ, അനിതാതമ്പിയെ തിരിച്ചിടുന്നുണ്ട്. ആൺബോ

ധ്യങ്ങൾ ഉള്ളിൽപേറുന്നവരെ അലോസരപ്പെടുത്തുന്ന രചനയാണിത്. ഭൂതകാലസംഭവങ്ങളെ ചൂലുകൊണ്ടടിച്ച് ഓർമയാക്കുന്ന അനിതാ തമ്പിയും ഭൂതകാലസംഭവങ്ങളെയെല്ലാം തൂത്തുവാരി വെടിപ്പാക്കുന്നത് വിധ്വംസകമായിക്കരുതുന്ന ധന്യയും ഒരേ പ്രമേയത്തെ വളരെ വ്യത്യസ്തമായി അവതരിപ്പിക്കുന്നു. 'ആഹാ...മുറ്റമടിക്കാതിരിക്കുമ്പോൾ' എന്ന പ്രയോഗംതന്നെ ആണുണ്ടാക്കിവച്ച വ്യവസ്ഥകൾക്കൊപ്പം തൊഴിൽവിഭജനവ്യവസ്ഥകളെയും ലംഘിക്കുമ്പോഴുള്ള ഗൂഢമായ സുഖത്തെ പകരുന്നു.

### പലമാതിരി വീടനുഭവങ്ങൾ

പെണ്ണിന്റെ സർഗാത്മകതയെ കൊട്ടിയടയ്ക്കുന്ന ഒരിടമായി, പെണ്ണിനെത്തന്നെ കെട്ടിയിടാനുള്ള ഒരിടമായി വീട് സാഹിത്യത്തിൽ ആവർത്തിച്ചുപ്രത്യക്ഷപ്പെട്ടിട്ടുണ്ട്. നാലു ചുമരുകൾക്കുള്ളിൽ കൂട്ടിലെന്നപോലെ പെണ്ണ് പെട്ടുപോകുന്നത് കർതൃപദവിയിലേക്കേത്തിയആദ്യഘട്ടത്തിൽ സ്ത്രീകളുടെ സ്ഥിരം പ്രമേയമായിരുന്നു. പുതിയ എഴുത്തുകാരികൾക്ക് വീട് അസ്വാതന്ത്ര്യത്തിന്റെ ചിഹ്നം മാത്രമല്ല. വീടിനോട് അവർ ആശയസംവാദം നടത്തുന്നു. പ്രയാസങ്ങൾ പങ്കുവെക്കാനും ദേഷ്യപ്പെടാനുമൊക്കെയുള്ളതാണ്, അവർക്ക് വീട്. ഒറ്റയ്ക്കാവുമ്പോൾ വീടിനോട് സംസാരിക്കുന്ന സ്ത്രീകളെ സിന്ധു കെവി കാണിച്ചുതരുന്നു.

**പെണ്ണിന്റെ സർഗാത്മകതയെ കൊട്ടിയടയ്ക്കുന്ന ഒരിടമായി, പെണ്ണിനെത്തന്നെ കെട്ടിയിടാനുള്ള ഒരിടമായി വീട് സാഹിത്യത്തിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. നാലു ചുമരുകൾക്കുള്ളിൽ കൂട്ടിലെന്നപോലെ പെണ്ണ് പെട്ടുപോകുന്നത് കർതൃപദവിയിലേക്കേത്തിയ ആദ്യഘട്ടത്തിൽ സ്ത്രീകളുടെ സ്ഥിരം പ്രമേയമായിരുന്നു.**

'ഞാനും വീടും തനിച്ചാണെന്ന് അനുഭവപ്പെട്ട
ആദ്യത്തെ നിമിഷം
ഞാനാണ് ആദ്യം മെല്ലെ മിണ്ടിനോക്കിയത്
മെല്ലെ മെല്ലെ ശബ്ദം കൂട്ടിനോക്കിയത്
നല്ല രസം..'

നുഴഞ്ഞുകയറ്റം എന്ന കവിതയിൽ വീടിനോട് ഒരു വ്യക്തിയെപ്പോലെ സംവദിക്കുന്ന പെണ്ണിനെ കാണാം.സംവാദത്തിന്റ രൂപത്തിലാണ് കവിത. സുഹൃത്തിനോടെന്നപോലെ വീടിനോട് സംസാരിച്ച അനുഭവം പങ്കുവെക്കുന്ന ഭാഷ. ഉണക്കാനിട്ടവീട്, ഉണക്കിയെടുത്തവീട്,(അതിജീവനം അഥവാ ഒരു യുദ്ധകഥ),അനിമേഷൻചിത്രംപോലെ നൃത്തംചെയ്യുന്ന വീട് (അവൾ/ചില ബഹിരാകാശയാത്രകൾ)എന്നിങ്ങനെ സിന്ധുവിന് വീട് പലമട്ടിലുള്ള പരീക്ഷണങ്ങളാണ്. അതിജീവനം എന്ന കവിതയിലാകട്ടെ, വീട് പലവട്ടം അറ്റാക്ക് കഴിഞ്ഞ ഒരു രോഗിയാണ്. കോൺക്രീറ്റും കമ്പിയുംചേർത്തുപണിത ജീവനില്ലാത്ത എന്തോ ഒന്നായല്ല, ആത്മാവുള്ള ഒരു ശരീരമായാണ് വീട് ഈ കവിതകളിൽ പ്രത്യക്ഷപ്പെടുന്നത്.

സ്വന്തമായി നിയമങ്ങളുള്ള ഭരണപ്രദേശമായി സ്റ്റാലിന വീടിനെ കാണുന്നു.വ്യക്തമായി നിയമങ്ങളുണ്ട്. പക്ഷേ ഒന്നും എഴുതിവച്ചവയല്ല. പഠിക്കാതെതന്നെ എല്ലാവർക്കും അറിയുന്ന നിയമങ്ങൾ.

'വീടൊരു രാജ്യമായിരുന്നു
ആറുമണിക്കുമുമ്പേ എത്തിച്ചേരേണ്ടുന്ന
എവിടെപ്പോകുന്നുവെന്നും എന്തിനുപോകുന്നുവെന്നും
ആവശ്യമില്ലാതെയെങ്ങും പോകേണ്ടെന്നും
നിയമങ്ങൾ നിലവിലുള്ള ഭരണപ്രദേശം'

എലേപ്പം എന്ന കവിതയിലെലോകനിയമങ്ങൾ പലർക്കും പലതാകുന്നു എന്ന സൂചന അതെന്തുകൊണ്ടാവാം എന്ന ചോദ്യമായും സ്പന്ദിക്കുന്നു. ഈ നിയമങ്ങൾ ആർക്കുവേണ്ടി യെന്നും എന്തിനുവേണ്ടിയെന്നുമൊക്കെ ചിന്തിക്കാൻ കവിത പ്രേരകമാവുന്നു. നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതിലുള്ള അസ്വാസ്ഥ്യം കവിത പങ്കുവെക്കുന്നുണ്ട്. ഫാസിസത്തിന്റെ ബാലപാഠം വീടുകളിൽത്തന്നെ തുടങ്ങുന്നതിന്റെ അടയാള ങ്ങൾ നിയമങ്ങൾ, ഭരണപ്രദേശം തുടങ്ങിയ പ്രയോഗങ്ങളി ലൂടെ വെളിപ്പെടുന്നു. പുരുഷാധിപത്യവ്യവസ്ഥ തേനൂറും വാക്കിനാൽ പരിഭവങ്ങൾക്കെല്ലാം തടയിട്ട് പെണ്ണിനെ ശരിക്കും അരികിൽത്തള്ളുന്നത് കണിമോൾക്കവിതയിൽ കാണാം.

'കൂടണഞ്ഞുമരിക്കാനാ-
യൊരു വീടുചോദിച്ചുഞാൻ
ലോകമല്ലോ തറവാട്
കവിവാക്യം മൊഴിഞ്ഞു നീ'

പുരുഷന്റെ ഈ ഉദാരതയുടെ പിന്നിൽ പ്രവർത്തിക്കുന്ന തെന്ത് എന്ന് എല്ലാ പെണ്ണിനും ബോധ്യമുണ്ട്. ഇത്തരം ഭാഷാ സംയുക്തങ്ങൾക്കുള്ളിലെ കാപട്യവും ധ്വനിയും പെണ്ണിന് വേഗം പിടികിട്ടുന്നത് നിരന്തരമായ അവഗണനയുടെ അനുഭ വത്തിൽ നിന്നാണ്. കണിമോൾ തന്റെഭാഷയിലൂടെ പുരുഷ കേന്ദ്രിതവ്യവസ്ഥയെത്തന്നെ പരിഹസിക്കുന്നു.

'കൈവെള്ള ചുളിഞ്ഞതും,
മിനുസം മാഞ്ഞതും
തഴമ്പ് വീണതും
നിന്നിൽനിന്നും മറച്ചുപിടിക്കുന്നില്ല.
കാരണം ഈ വീട്
ബ്യൂട്ടിപാർലറാക്കിയ
കൈകളാണിത്'

വിജിലയുടെ ബ്യൂട്ടിപാർലർ വീട്ടിൽ എന്ന കവിതയിൽ വീടിനെ പരിഷ്കരിക്കുന്ന തിരക്കിനിടയിൽ തനിക്കുവന്ന മാറ്റം ബോധ്യപ്പെട്ട സ്ത്രീയെ കാണാം. പുറത്ത് ബ്യൂട്ടിപാർല റിൽപോയി ഡാമേജുകൾ പരിഹരിക്കാൻനിൽക്കാതെ തന്റെ യാഥാർഥ്യങ്ങളെ പ്രദർശിപ്പിക്കുന്നത് ആത്മവിശ്വാസവും അഭി മാനവും കൊണ്ടാണ്. ഈ വീട് ബ്യൂട്ടിപാർലറാക്കിയ കൈക ളാണിത് എന്ന യാഥാർഥ്യത്തെ വളച്ചുകെട്ടലുകളൊന്നുമി ല്ലാത്ത പച്ചഭാഷയിൽ വിജില കവിതയാക്കുന്നു.

'കടങ്ങളുടെ കോളത്തിൽ
അച്ഛനൊരുപാട് ചോയ്സ്
ആത്മഹത്യ എന്നെഴുതാതെ
വീടുവിൽപ്പനയെന്നുപൂരിപ്പിച്ചപ്പോൾ
സ്വന്തംതന്നെയോ എന്നെപ്പോഴും
സന്ദേഹിക്കുന്ന വീടിനെപ്പറ്റി
കുട്ടികൾ കളിവീടൊരുക്കുന്നതും
പൊളിച്ചുമാറ്റുന്നതുമെന്നാണ്'(ഉപമകളുടെ ലോകം;അടുക്ക ളയില്ലാത്ത വീട്)

ഇല്ലായ്മകളും ദാരിദ്ര്യവും അനുഭവിക്കുന്ന ഒരാൾക്ക് വീട് എന്ന സങ്കല്പം എങ്ങനെ മാറിപ്പോകുന്നുവെന്ന് ഈ വരികൾ കാണിക്കുന്നു. രൂപം അനന്തരം എന്ന കവിതയിൽ അടഞ്ഞ വീട്ടിലെ അസ്വാതന്ത്ര്യം അനുഭവപ്പെടുത്തുന്നുണ്ട്, വിജില.

'കൂടണഞ്ഞുമരിക്കാനാ-
യൊരു വീടുചോദിച്ചു
ഞാൻ
ലോകമല്ലോ തറവാട്
കവിവാക്യം
മൊഴിഞ്ഞു നീ'
പുരുഷന്റെ ഈ ഉദാരതയുടെ പിന്നിൽ പ്രവർത്തിക്കുന്നതെന്ത് എന്ന് എല്ലാ പെണ്ണിനും ബോധ്യമുണ്ട്. ഇത്തരം ഭാഷാ സംയുക്തങ്ങൾക്കുള്ളിലെ കാപട്യവും ധ്വനിയും പെണ്ണിന് വേഗം പിടികിട്ടുന്നത് നിരന്തരമായ അവഗണനയുടെ അനുഭവത്തിൽ നിന്നാണ്.

'എല്ലാം അടഞ്ഞത്
മൃതതുല്യമാവാറുണ്ട്
ജനലഴികൾ വാതിലുകൾ
താക്കോൽപ്പഴുതും
തുറന്നുകിടക്കാത്ത വീട്"

തുറസ്സില്ലാത്ത, പുറംലോകത്തെപൂർണമായും പുറത്താക്കിയ ടച്ചവീട് തടവറകളെ അനുസ്മരിപ്പിക്കുന്നു. പുറംലോകവുമായി ബന്ധമില്ലാത്ത സ്വാഭാവികവെളിച്ചത്തിന് പ്രവേശനമില്ലാത്ത ആ ജീവിതം മൃതതുല്യമാണ്പെണ്ണിന്,അഭിമാനചിഹ്നങ്ങളായി കെട്ടിയുയർത്തുന്ന കോൺക്രീറ്റ്സൗധങ്ങൾ തടവറയാകുന്നതെങ്ങനെയെന്ന് മാധവിക്കുട്ടി കഥകളിലൂടെ പലവട്ടംകാണിച്ചുതന്നിട്ടുണ്ടല്ലോ. 'വീടുവിട്ടിറങ്ങുക, നിർഭയം മുള്ളിൻവേലിചാടുക വിചിത്രാനുഭൂതികൾ തേടാംവീണ്ടു'മെന്ന് (ഉൾ)'വിളി'യിൽ ബാലാമണിയമ്മ.

'തവളക്കിണറിന്റെ നാണയവൃത്തങ്ങളിൽ
തകരും വാക്കിൻവേലി മറയ്ക്കും വീട്ടിന്നുള്ളിൽ
തനിക്കായൊരു മുറി കുഴിയാനയെപ്പോലെ
പരതും മണ്ടത്തിയാമിവളേ വൃത്തസ്ഥിത" (ലോപ- വൃത്തസ്ഥിത)

> 'തവളക്കിണറിന്റെ നാണയവൃത്തങ്ങളിൽ തകരും വാക്കിൻവേലി മറയ്ക്കും വീട്ടിന്നുള്ളിൽ തനിക്കായൊരു മുറി കുഴിയാനയെപ്പോലെ പരതും മണ്ടത്തിയാമിവളേ വൃത്തസ്ഥിത"

സ്വന്തംവീട്ടിൽ തനിക്കായി ഇടംപരതുന്നവളാണ് കവിതയിലെ നായിക. അകത്ത് അപ്രസക്തമായ കാര്യങ്ങൾ അന്വേഷിച്ച് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നവളെ കവി കുഴിയാനയോട് ഉപമിച്ചിരിക്കുന്നു. പിറകോട്ടുനടത്തിക്കുകയും അകപ്പെടുത്തുകയുംചെയ്യുന്ന കുഴിയാനക്കുഴിമാത്രമല്ല, വാരിക്കുഴിതന്നെയാണ് വീടെന്ന് പറയാതെ പറയുന്നു ലോപ.

### ജീവിതത്തിന്റെ പകർത്തിയെഴുത്ത്

പുതിയപെണ്ണിന്റെ കാവ്യഭാഷ ഒട്ടുമേ കാല്പനികമല്ല എന്നതിന് ഒരുകാരണം അവരുടെ ജീവിതം കാല്പനികമല്ല എന്നതാവാം.വീടകം കാൽപനികഭാവങ്ങളെ കൊന്നുകളയുകയോ വികലമാക്കുകയോ ചെയ്യുന്നുണ്ടാവാം. ഒഴിവുസമയമുള്ളപ്പോഴും വീട്ടിൽ വെറുതെയിരിക്കാതെ പ്രതീക്ഷാപൂർവം പ്രവർത്തനനിരതയാകുന്ന പെണ്ണിനെ അവസാനത്തെ അവധിദിനം എന്ന കവിതയിൽ കന്നി എം ചിത്രീകരിക്കുന്നത് ഇപ്രകാരമാണ്:

'ഇന്ന് ഞായറാഴ്ചയാണ്.ഒഴിവുസമയമുണ്ട്.
വീട്ടുകാരി ഓറഞ്ച് കേക്കുണ്ടാക്കുന്നു.
ഞങ്ങൾക്ക് വേണ്ടതിലേറെ
ഇഡ്ഡലിയുണ്ടാക്കുന്നു
ചട്നിപ്പൊടി നനവില്ലാതെ അരുമയായി
പൊടിച്ചെടുക്കുന്നു.
അവളത് പാത്രത്തിൽ പകർത്തി
നിറയെ പൂക്കളുള്ള സാരിയുടുത്ത്
സമരക്കാരുടെ വിശപ്പാറ്റാൻ പോകുന്നതുകണ്ട്
വസന്തം എന്നുച്ചരിക്കാനെനിക്കുതോന്നി.'

ഞായറാഴ്ചത്തെ ഒഴിവുസമയം പെണ്ണ് എങ്ങനെ ചെലവഴിച്ചുവെന്ന് പുരുഷന്റെ കണ്ണിലൂടെയാണ് കാണിക്കുന്നത്. വസന്തത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളോട് ചേർന്നുനിൽക്കുകയാണവൾ. ആരുടെയെങ്കിലും അഭ്യർഥനയോ ശാസനയോ ഉപദേശമോ കേട്ടല്ല, അവൾ സമരക്കാരുടെ വിശപ്പടക്കാൻ പാടുപെടുന്നത്. വീട്ടിലെ

പുരുഷനോടുപോലും ചർച്ചചെയ്യാതെയാണ്. വസന്തത്തിനായുള്ള കാത്തിരിപ്പിലാണ് തങ്ങളെന്ന് ഈ പെണ്ണുങ്ങൾ പ്രഖ്യാപിക്കുന്നു. വീട്ടിനകത്തോടിയിരുന്ന ഭയത്തിന്റെ രഥംപുറത്തേക്ക് തള്ളിയിട്ട് അവൾ വാതിലടയ്ക്കുന്നു. പുറത്ത് ഓടേണ്ടതും അകത്ത് ഓടിക്കൊണ്ടിരിക്കുന്നതുമായ വാഹനത്തെ പുറത്തേക്ക് തള്ളിയിടുന്ന നായിക. ഒരു തരത്തിലുള്ള ഭയപ്പാടുമില്ലാതെ സമയത്തെ സാർഥകമാക്കിത്തീർക്കുന്ന പെണ്ണിനെ പകർത്തുന്ന ഭാഷ.പകർത്തുകയെന്ന പദത്തിന്റെ നാനാർഥസാധ്യതയിൽ ഈ പകർച്ചയുണ്ട്. വികാരങ്ങളെ താളിലേക്കു പകർത്തുമ്പോലെ ചട്നിപ്പൊടിയെ പാത്രത്തിലേക്ക് പകർത്തുന്നവൾ.

‘നേരം വെളുക്കും മുമ്പേ ചൂലിടേ ൽ അരകല്ലിടേ ൽ കൈകളെത്തുന്നു. പാത്രങ്ങൾ വെളുപ്പിക്കാൻ ചകിരിയും വെണ്ണീരും ഉരച്ചുതേയ്ക്കുന്നു. തിരുമ്പിത്തിരുമ്പി സോപ്പ് പതപ്പിക്കുന്നു.’

‘ഉയരത്തിൽനിന്ന് വീഴുന്നൊരാൾക്ക്
താഴേക്ക് പറക്കുകയാണെന്ന്
സങ്കൽപിക്കാനാവുമോ
തീപിടിച്ചമരുന്ന ഒരാൾക്ക്
എല്ലാ പൊള്ളലുകളും ചേർന്ന്
ഉടലിൽ ഒറ്റ ആന്തലായി
നൃത്തം വെക്കുകയാണെന്ന് കരുതാമോ
എങ്കിൽ ഞാനിതാ പറക്കുകയാണ്.
ഉരുകുന്നൊരു സ്വർണചിലങ്കകെട്ടുന്ന
നർത്തകിയാവുകയാണ്”

എല്ലാ പ്രതികൂലകാലാവസ്ഥകളെയും അനുകൂലമാക്കിമാറ്റി അതിജീവിക്കാനുള്ള ശ്രമം സെറീനയുടെ കവിതകളിലെ സ്ത്രീകൾ നടത്തുന്നുണ്ട്. ഉയരത്തിൽനിന്ന് താഴോട്ടുപതിക്കുമ്പോൾ പറക്കുകയാണെന്നും തീപ്പിടിച്ച ഒരാൾ സ്വർണചിലങ്കകെട്ടുന്ന നർത്തകിയാവുകയാണെന്നും സങ്കൽപിക്കാനാവുന്നത് അതുകൊണ്ടാണ്.അഗ്നിവർണവുമായുള്ള സാദൃശ്യമാവണം, സ്വർണചിലങ്ക എന്ന പ്രയോഗത്തിനുപിന്നിൽ. അവസാനത്തെ ആളിക്കത്തൽവരെ പ്രതീക്ഷ വെടിയാത്തവരാണ് ഈ പെണ്ണുങ്ങൾ. ‘പുടവയ്ക്കുപിടിച്ചതീചുഴന്നുടൽകത്തുന്ന ബാല’യുടെ പുതുപരിഭാഷ.

വിജിലയുടെ നേരത്തേകണ്ട,ബ്യൂട്ടിപാർലർവീട്ടിൽ എന്ന കവിതയിൽ വീട് വെടിപ്പായി സൂക്ഷിക്കാനായുള്ള വീട്ടമ്മയുടെ ത്യാഗം കാണാം മറ്റൊരിടത്ത്.

‘നേരം വെളുക്കും മുമ്പേ
ചൂലിടേ ൽ
അരകല്ലിന്മേൽ
കൈകളെത്തുന്നു.
പാത്രങ്ങൾ വെളുപ്പിക്കാൻ
ചകിരിയും വെണ്ണീരും
ഉരച്ചുതേയ്ക്കുന്നു.
തിരുമ്പിത്തിരുമ്പി
സോപ്പ് പതപ്പിക്കുന്നു.’

എല്ലാ വീട്ടമ്മയും എല്ലാദിവസവും ആവർത്തിച്ചുചെയ്യുന്ന യാഥാർഥ്യങ്ങളെത്തന്നെ വിജില കവിതയാക്കുന്നു. തിരുമ്പിത്തിരുമ്പി, ഉരച്ചുതേയ്ക്കുക തുടങ്ങിയപ്രയോഗങ്ങൾ ഗാർഹികവൃത്തിയുടെ ആവർത്തനവിരസതയെയും കാഠിന്യത്തെയും അടയാളപ്പെടുത്തുന്നു. പുറംലോകംകണ്ടറിഞ്ഞ് പാകംവെച്ച് തിരിച്ചുവരാൻ ബഷീർ തന്റെ കഥാപാത്രങ്ങളെ പറഞ്ഞയയ്ക്കുംപോലെ വിജില കവിതയെത്തന്നെ നാനാദിക്കിലേക്കും നാനാവിഷയത്തിലേക്കും പറഞ്ഞയക്കുന്നു.

‘എന്റെ കവിതയെ പാകമാക്കാൻ
ഞാനവയെ ഇരുട്ടിലേക്കുവിടട്ടെ
മരുഭൂമിയിലേക്ക് വിടട്ടെ
കയങ്ങളിലേക്ക് വിടട്ടെ
ലോകം കള്ളത്തരങ്ങളെ ഒളിപ്പിക്കുന്ന വിദ്യ
നിലാവിൻ നിഘണ്ടുവിലുണ്ട്
സത്യങ്ങൾ കത്തിജ്വലിക്കുന്ന വാക്കുകൾ
സൂര്യന്റെ നിഘണ്ടുവിലുണ്ട്’

കള്ളത്തരങ്ങളെ വെളിപ്പെടുത്തുന്നത് ധർമമായി കവി കരുതുന്നു. പ്രകൃതിയിലേക്ക് മടങ്ങി പ്രതിബന്ധങ്ങൾ തരണംചെയ്ത് ജീവിതംപഠിച്ച് കവിത കരുത്താർജിക്കണമെന്ന വിശ്വാസം ഈ വരികൾ പ്രതിഫലിപ്പിക്കുന്നു. സത്യങ്ങൾ കത്തിജ്വലിക്കുന്ന വാക്കുകളെ കവി തേടുന്നു.

വൈകാരികപ്രതിസന്ധികൾ തുറന്നുപങ്കുവെക്കാനാവാത്ത അവസ്ഥ പെണ്ണിനുണ്ട്. അതുകൊണ്ടുതന്നെ പെൺകവിതകൾക്ക് ആത്മഭാഷണരൂപം കൈവരുന്നതിൽ ഒരു സ്വാഭാവികതയുണ്ട്. ആണധികാരത്തെ വിചാരണചെയ്യുന്ന ആത്മഭാഷണരൂപങ്ങൾ പുതുകവിതയിൽ ധാരാളമുണ്ട്.

‘കേട്ടിട്ടുണ്ട്,
സ്വകാര്യവത്കരണം
മൂല്യത്തോടൊപ്പം
വിലയും കൂട്ടുമെന്ന്
പക്ഷേ
നീയെന്നെ സ്വകാര്യവത്കരിച്ച്
വിലയിടിച്ചല്ലോ
ഒപ്പം മൂല്യവും’

രഗില സജിയുടെ ഈ വരികൾ വിവാഹത്തിലൂടെ ‘സ്വകാര്യവത്കരിക്ക’പ്പെടുന്ന സ്ത്രീയവസ്ഥയുടെ വിമർശനാത്മകമായ വിചിന്തനമാണ്.ഇത്തരം അനുഭവങ്ങൾ പെണ്ണിന്റെ വിലയും മൂല്യവുമിടിച്ചുകളയുന്നതാമെന്ന ബോധ്യങ്ങളുടെ അടയാളങ്ങൾ പുതുകവിതയിൽ കാണുന്നുണ്ട്.

ചിഞ്ചുറോസയുടെ മാന്ത്രികച്ചരട് എന്ന കവിത വ്യക്തിസ്വാതന്ത്ര്യത്തിന് വിവാഹം തടസ്സമാണെന്ന് പ്രഖ്യാപിക്കുന്നു. ഭോഗാനന്തരം ശരീരം വിരസമാകുന്നവിധം കവിത അടയാളപ്പെടുത്തുന്നു.

‘ഇനിയും വെളിപ്പെട്ടിട്ടില്ലാത്ത
ഭൂപ്രദേശങ്ങൾ ഉറങ്ങുന്ന ഏതോ
ഒരു വാഗ്ദത്തദേശം എന്റെ ശരീരം
എത്രയും പെട്ടെന്ന് ഒരു ശത്രുരാഷ്ട്രമായി
പരിണമിച്ചുകീഴടക്കി, ഈ മാന്ത്രികച്ചരട്.
കാണപ്പെട്ട നിന്റെ
കാവൽമാലാഖയിൽനിന്നും
എത്രപെട്ടെന്ന് വെറും സ്ത്രീയാക്കി മാറ്റി
അത്രതന്നെ!
അതിശയം തന്നെ.’

സ്നേഹവാക്കുകളിലെ വിള്ളലുകൾ തിരിച്ചറിയുന്നപെണ്ണിനെ ആവിഷ്കരിച്ചിരിക്കുന്നു, ഈ വരികളിൽ. ജീവിതത്തിലെ പൊരുത്തക്കേടുകളുടെയും പ്രതീക്ഷാഭംഗങ്ങളുടെയും പരോക്ഷസൂചനകൾ വരികളിൽ മുഴങ്ങുന്നു.

‘കേട്ടിട്ടുണ്ട്,
സ്വകാര്യവത്കരണം
മൂല്യത്തോടൊപ്പം
വിലയും കൂട്ടുമെന്ന്
പക്ഷേ
നീയെന്നെ
സ്വകാര്യവത്കരിച്ച്
വിലയിടിച്ചല്ലോ
ഒപ്പം മൂല്യവും’

‘നമുക്ക് ശേഷം പാലമരം രാക്കാറ്റിനോട് പറയുന്നതായിരിക്കും ഭൂമിയിലേക്കും തീക്ഷ്ണഭാഷ.’ പാലമരം രാക്കാറ്റിനോട് പറയുന്നത് കല്പനാമധുരമായായിരിക്കണം. അത് ഒരേസമയം തീക്ഷ്ണവുമായിരിക്കണം എന്ന് കവി ആഗ്രഹിക്കുന്നു.

### പ്രകൃതിയുടെ അകംകാഴ്ചകൾ

വർണനാവിമുഖത പ്രകടിപ്പിക്കുമ്പോഴും പ്രകൃതിയെ സ്വാംശീകരിച്ചതിന്റെ കനപ്പെട്ട മുദ്രകൾ പെൺകവിതകളിൽപതിഞ്ഞുകിടപ്പുണ്ട്. പ്രകൃതിയോട് ചേർന്നുനിൽക്കുന്ന ബദൽഭാഷാസങ്കൽപം പുതിയ എഴുത്തുകാരികൾ വച്ചുപുലർത്തുന്നു. കാവ്യഭാഷയെക്കുറിച്ചുള്ള തന്റെ സങ്കൽപം ആരറിയുന്നു എന്ന കവിതയിൽ കണിമോൾ വ്യക്തമാക്കുന്നതിങ്ങനെ:

‘നമുക്ക് ശേഷം പാലമരം
രാക്കാറ്റിനോട് പറയുന്നതായിരിക്കും
ഭൂമിയിലേക്കും തീക്ഷ്ണഭാഷ.’

പാലമരം രാക്കാറ്റിനോട് പറയുന്നത് കല്പനാമധുരമായായിരിക്കണം. അത് ഒരേസമയം തീക്ഷ്ണവുമായിരിക്കണം എന്ന് കവി ആഗ്രഹിക്കുന്നു. പ്രകൃതിയോട് ഇഴുകിച്ചേർന്നതാണ് കണിമോളുടെ ഭാഷാസങ്കല്പം.ചങ്ങമ്പുഴയുടെയും വൈലോപ്പിള്ളിയുടെയും കുഞ്ഞിരാമൻനായരുടെയും ഇടശ്ശേരിയുടെയും കാവ്യപാരമ്പര്യത്തെ പ്രകൃതിയോടും സംസ്കാരത്തോടും ചേർത്തുവച്ച് ഓർമിക്കുന്ന ഗന്ധമാദകം എന്ന കവിത കാവ്യഭാഷയുടെ ഗൂഢസൗന്ദര്യം ആവഹിക്കുന്നുണ്ട്.

അമ്മുദീപ മാനത്ത് കാണുന്നത് കിളികൊത്തിയ സൂര്യനെയാണ്. (ഗ്രഹണം)രാവിലെ എന്ന കവിതയിൽ ഇടങ്കയ്യാൽ സൂര്യനെഎടുത്തുയർത്തി വലംകൈയിലെ കൊടുവാളിനാൽ നടുക്കാഞ്ഞുവെട്ടി ഇരുമുറിയാക്കി ചിരവിത്തുടങ്ങുന്ന വീട്ടമ്മയെ കാണാം. ഭാവനയിലൂടെ പ്രകൃതിയെ അധീശപ്പെടുത്തി താൻ ഉദ്ദേശിച്ചിടത്തേക്ക് വെളിച്ചം ഉതിർക്കുന്ന മായക്കാഴ്ച ഈ പദച്ചേരുവ അനുഭവിപ്പിക്കുന്നു.

‘മുറ്റത്തെ മാവ്
നാളെ മുറിക്കുകയാണ്
അതിന്റെ ചില്ലയിൽ
ഒരു കുയിലിരുന്ന് പാടുന്നുണ്ട്.
അതെന്നും അവിടെ വന്നിരുന്ന് പാടാറുണ്ട്.
ഒരു പക്ഷേ നാളെയാ മാവ്
മുറിഞ്ഞുകഷ്ണങ്ങളായി
ലോറികേറിപ്പോയാലും
അതവിടെ വന്നിരുന്ന് പാടുമായിരിക്കും
അത്രമേൽ
അവളുടേതുമാത്രമായിരുന്നല്ലോ
ആ ചില്ല’

പൂർണമായും ഒരു സംഭവവിവരണമാണിത്. പക്ഷേ, മുറ്റത്തെ മാവിൻകൊമ്പിലിരുന്ന് പാടിയതുപോലെ മാവില്ലാത്ത അവസ്ഥയിലും സംഭവിക്കാമെന്നത് കവിയുടെ സ്വപ്നമാണ്. അത്രമേൽ അവളുടേതുമാത്രമായിരുന്നല്ലോ ആ ചില്ല എന്ന പ്രയോഗം പ്രകൃതിയും മനുഷ്യനും തമ്മിലുള്ള വിടവ് കണ്ടെത്താനാവാത്ത അവസ്ഥയെ ദൃഢപ്പെടുത്തുന്നുണ്ട്. “നഷ്ടങ്ങളെ അമൂർത്തതകൾകൊണ്ട് പകരംവെക്കുകയും ഒരു സാങ്കൽപികബദലിൽ ജീവിതം കൊണ്ടുവെക്കുകയും ചെയ്യുന്ന രീതി അമ്മുവിന്റെ കവിതകളിലുണ്ട്. ഇതൊരു പുതിയ സങ്കേതമൊന്നുമല്ല. പക്ഷേ സമകാലികവിതാസന്ദർഭത്തിൽ അതിനൊരു രാഷ്ട്രീയപ്രാധാന്യമുണ്ട്. ഭാവനകൊ

ണ്ടുള്ള ഈ ബദലിലാണ് ഇന്ത്യയിലെ പെണ്ണെഴുത്തിന്റെ രാഷ്ട്ര ജീവിതം" എന്ന് സന്തോഷ്മാനിച്ചേരി നിരീക്ഷിക്കുന്നുണ്ട്.

'വെള്ളിമേഘച്ചില്ലിൽ
സൂര്യവിളക്കിൻ
കരിപുരണ്ടസന്ധ്യക്ക്
താരകത്തിരിയിട്ട
നിലാവിന്റെ
മറ്റൊരു മങ്ങാത്ത വിളക്ക്'(വിജില, ഉടലുകൾ)

സൂര്യവിളക്കിൻ കരിപുരണ്ടസന്ധ്യഎന്ന പ്രയോഗം മണ്ണെണ്ണവിളക്കിന്റെ ചിരപരിചിതത്വത്തിൽനിന്നുണ്ടായതാണ്. സൂര്യനും ചന്ദ്രനുമൊക്കെ പ്രകൃതിയാകുന്നവീടിന്റെ വിളക്കാകുന്നു.കരിപുരണ്ടവീട്ടിലെ മണ്ണെണ്ണവിളക്കിന്റെ നേർത്ത പ്രകാശത്തിൽ പ്രകൃതിയാകുന്ന വീടിനെ മൊത്തമായി കണ്ടെത്താൻ കവിക്കു കഴിയുന്നു.

'കാറ്റിന്റെ താളത്തിൽ തുള്ളും തളിരിനെ
കൂർത്തോരു നോക്കാൽതളർത്തിനിർത്തി
എണ്ണമിനുപ്പും വിയർപ്പും തുടയ്ക്കുമ്പോൾ
എന്തോ മുഖം മങ്ങി വെയിലിനന്നും'

അമ്മയുടെ ആർദ്രതയും കാർക്കശ്യവും ഒരേ സമയം പ്രകടിപ്പിക്കുകയാണ്, ആര്യാംബിക വെയിലമ്മ എന്ന കവിതയിൽ. വെയിലമ്മ നൽകുന്ന പ്രകാശംകൊണ്ടാണ്, തളിരില പച്ചയായിത്തീരുന്നത്. കുട്ടികൾ വികൃതിയുമായി നടക്കുമ്പോൾ അരിശപ്പെട്ട് അടക്കിനിർത്തുന്ന അമ്മയുടെ ഛായയാണ്, വെയിലമ്മയ്ക്കും. വിയർത്തൊലിക്കുന്ന കുഞ്ഞുമുഖം തോർത്തുകയാണ്, ആ അമ്മ. അരുമക്കുട്ടിയെ പരിലാളിക്കുന്ന അമ്മയുടെ ഭാവമാണ്, ഇവിടെ പ്രകൃതിക്ക്. അതിനിണങ്ങുന്നതാണ്, ഈ മഞ്ജരിയുടെ പദഘടനയും.

### ചിത്രഭാഷ

കവിതയെഴുത്തിൽ മാത്രമല്ല, വായനയിലും പുതിയകാലത്ത് മാറ്റങ്ങൾ വന്നിട്ടുണ്ട്.കേൾവിയുടെയും കാഴ്ചയുടെയും സ്പർശത്തിന്റെതുമൊക്കെയായ അനുഭവങ്ങൾ പുതുകവിത പങ്കുവെക്കുന്നുണ്ട്. ആസ്വാദകർ തനിച്ച് വായിച്ചുരസിച്ചിരുന്ന കവിതക്ക് ദൃശ്യ-ശ്രാവ്യമാനങ്ങൾ നൽകിക്കൊണ്ടുള്ള ഇൻസ്റ്റലേഷൻപോയട്രി പുതുകാലത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്നു. അത്തരം സാധ്യതകളിലേക്ക് പെൺകവിത വളരുന്നുണ്ടെന്ന് മലയാളകവിത സാക്ഷ്യപ്പെടുത്തുന്നുണ്ട്. അമ്മുദീപ സ്ത്രീകളുടെ അടിവയറ്റിൽ വരയൻപുലിയെ കാണുന്നു. അതിനെ ഭാഷയിലൂടെ അടയാളപ്പെടുത്തുന്നു.

'പെറ്റപെണ്ണുങ്ങളുടെ അടിവയറ്റിൽ
ഒരു വരയൻപുലി ചുരുണ്ടുകൂടിക്കിടക്കുന്നത്
കണ്ടിട്ടുണ്ട്
കുട്ടിക്കാലത്ത് കുളത്തിൽ
നനഞ്ഞ തോർത്തുമുണ്ട് അഴിച്ചുചുറ്റുമ്പോൾ
സാരിയുടുക്കും മുമ്പ് അടിപ്പാവാടയുടെ കയർ
മുറുക്കിക്കെട്ടുമ്പോൾ
സൈഡിലെ വിടവിലൂടെയെല്ലാം അത്
പുറത്തേക്ക് കാണാറുണ്ട്.'

ആ വയറ്റിൽ തലവെച്ച് കിടക്കുമ്പോൾ കൂമൻ മൂളിയാലും കാലൻകോഴി കൂവിയാലും പേടിതോന്നില്ല. ആപത്തിൽ പുലി സംരക്ഷിക്കുമെന്ന ഉറപ്പിൽ ആശ്വാസത്തോടെ കിടക്കാനുള്ള സുഖം കവിത പങ്കുവെക്കുന്നു. ഇവിടെ വായന കാഴ്ചയുമാകുന്നു. അന്തരീക്ഷത്തിൽ പാറുന്ന തുമ്പികൾ തുളവീണകാറ്റിനെ തുന്നിയെടു

'പെറ്റപെണ്ണുങ്ങളുടെ അടിവയറ്റിൽ ഒരു വരയൻപുലി ചുരുണ്ടുകൂടിക്കിടക്കുന്നത് കണ്ടിട്ടുണ്ട് കുട്ടിക്കാലത്ത് കുളത്തിൽ നനഞ്ഞ തോർത്തുമുണ്ട് അഴിച്ചുചുറ്റുമ്പോൾ സാരിയുടുക്കും മുമ്പ് അടിപ്പാവാടയുടെ കയർ മുറുക്കിക്കെട്ടുമ്പോൾ സൈഡിലെ വിടവിലൂടെയെല്ലാം അത് പുറത്തേക്ക് കാണാറുണ്ട്.'

ക്കുന്നദൃശ്യം കവി ഇങ്ങനെ ഭാഷ്യപ്പെടുത്തുന്നു:

'ചുണ്ടുകൂർത്ത പക്ഷികൾ കടന്നുപോയതിനാൽ
തുളകൾവീണകാറ്റിനെ തുന്നിയെടുക്കുന്നു തുമ്പികൾ"(സെപ്റ്റംബർ)

വായനാനുഭവത്തോടൊപ്പം ചിത്രദർശനസുഖംകൂടി പങ്കുവെക്കുന്നു, ഇത്തരം വരികൾ.

ജാലകവാതിലിലൂടെ കാറ്റും മഴയും കാണുന്ന രംഗം സെറീന ഇങ്ങനെ ആവിഷ്കരിക്കുന്നു:

'തെരുവിലേക്ക് തുറക്കുന്ന
ഒറ്റ ജാലകത്തിലൂടെ
കാറ്റിനെ കെട്ടിപ്പിടിച്ച് കേറിവരും
കരഞ്ഞുതളർന്നൊരു മഴ.'

പരസഹായത്തോടെ ക്ഷീണിച്ചുവരുന്ന ദയനീയയായൊരു സ്ത്രീയുടെ രൂപമുണ്ട്, ഈ മഴയ്ക്ക്. ഇവിടെ മഴയും മനുഷ്യനുമൊന്നിക്കുന്നു.

'ഒരാൾ വീട് വാരിയെടുത്തുകൊണ്ടുപോകുന്നു
ഇപ്പോൾ വീടിരുന്നിടം
പുല്ലിനും തുമ്പിക്കും കളിസ്ഥലം
ആകാശം തണലുകോർത്ത ഒരു ചതുപ്പിന്റെ നിർമമത
കോഴിക്കൂട് ഉറക്കെ കരയുന്നു.
തൊഴുത്ത് വൈക്കോലിൽ തകർന്നമരുന്നു
വിവരം തിരക്കാൻ മുരിങ്ങപ്പൂവുകൾ
കുനിഞ്ഞുതിരുന്നു
പൂച്ചയാണെന്നറിയാത്ത ദേവയാനി എന്ന പേരുകാരി
കിടക്കാനുള്ള ചവിട്ടുപടിയന്വേഷിച്ച്
മുറ്റത്താകെ മണപ്പിച്ചുനടക്കുന്നു'.(പാർപ്പും പലായനവും).

ഉള്ളിൽ വീടുംപേറി മനുഷ്യർ പലായനം ചെയ്യുമ്പോൾ ബാക്കിയാവുന്നതെന്തെന്ന് കന്നി എം ഇങ്ങനെ ചിത്രീകരിക്കുന്നു). ഭൂമിയുടെ മറ്റവകാശികളുടെ സ്വാഭാവികജീവിതം കവി ഭാഷകൊണ്ട് വരച്ചു കാണിക്കുന്നു.

**പുതുകവികൾക്ക് കവിത നിത്യജീവിതത്തിന്റെ നേരാവിഷ്കാരമാണ്. തികഞ്ഞ സത്യസന്ധതയാണ് പുതിയകവിതയുടെ ആഖ്യാനതന്ത്രം. വളച്ചുകെട്ടുകളും ആടയാഭരണങ്ങളുമില്ലാതെ ജീവിതത്തോടുള്ള വളരെ സ്വാഭാവികമായ പ്രതികരണമാവുന്നു, അത്. പുതിയഭാവുകത്വത്തോടെ നവജീവിതയാഥാർഥ്യങ്ങൾ കവിതയായിത്തീരുന്നു.**

### കഥപോലെ കവിത

പുതുകവികൾക്ക് കവിത നിത്യജീവിതത്തിന്റെ നേരാവിഷ്കാരമാണ്. തികഞ്ഞ സത്യസന്ധതയാണ് പുതിയകവിതയുടെ ആഖ്യാനതന്ത്രം. വളച്ചുകെട്ടുകളും ആടയാഭരണങ്ങളുമില്ലാതെ ജീവിതത്തോടുള്ള വളരെ സ്വാഭാവികമായ പ്രതികരണമാവുന്നു, അത്. പുതിയഭാവുകത്വത്തോടെ നവജീവിതയാഥാർഥ്യങ്ങൾ കവിതയായിത്തീരുന്നു. പുതുകാലത്തിന്റെ ആധികൾ, പുതുകാലത്തിന്റെ പേരില്ലാപ്രശ്നങ്ങൾ.. എല്ലാം കവിതയിൽ നിറയുന്നു. കവിത രൂപംമാറി കഥയോടടുക്കുന്ന സന്ദർഭങ്ങളുമുണ്ട്. നിഷാനാരായണന്റെ പെട്ടെന്നോരോ ദിവസങ്ങളിൽ അയാൾക്കു പറ്റിയതൊക്കെ നിങ്ങൾക്കും പറ്റാവുന്നതേയുള്ളൂ എന്ന കവിത കഥപോലെ നീളുന്നു. നിഷയുടെ കവിതയുടെ മെറ്റീരിയൽ ഫിക്ഷനാണ്. അവ കഥാലോകത്തിൽനിന്നുപിറവിയെടുക്കുന്നു. നീണ്ടുനീണ്ടുപോകുന്ന വാക്യങ്ങളിൽ കവിത വികസിക്കുന്നു.

'ആ തണുത്തുറഞ്ഞ പ്രഭാതത്തിൽ
പുലർകാലനടത്തം
ശീലമാക്കിയിരുന്ന അയാൾ
അന്ന് വഴിതെറ്റി, പുല്ലാന്നി
പടർന്നുകിടക്കുന്ന
തെക്കോട്ടുള്ള ഏങ്കോണിച്ച ഒരു വഴിയേ
അങ്ങു നടന്നുപോയി.
അയാൾക്കുമുമ്പെ
ഒരു വൃദ്ധനും ഒരു കറുത്ത നായ്ക്കുട്ടിയും
അതേ വഴിയെ കടന്നുപോയിരുന്നു.....'

ഇങ്ങനെ നീണ്ടുനീണ്ടുപോവുകയാണ്, കവിത.

ആർ.സംഗീതയുടെ ഒറ്റയ്ക്കൊരാൾ കടൽവരയ്ക്കുന്നു എന്ന സമാഹാരത്തിലും കഥപറച്ചിലിന്റെ രീതി നിറഞ്ഞുനിൽക്കുന്ന കവിതകൾ കാണാം. കഥാപാത്രങ്ങൾ പൊതുവേ പരിചിതസാഹചര്യങ്ങളിൽനിന്നുള്ളവരാണ്.മൂന്നുദീർഘകവിതകൾ എന്ന പേരിൽ വി.എം ഗിരിജയെഴുതിയ സമാഹാരത്തിലെ കവിതകൾ അജ്ഞാതകർതൃകങ്ങളും പറഞ്ഞുപ്രചരിച്ചതുമായ നാട്ടുകഥകളിൽനിന്നുരൂപപ്പെടുത്തിയ ദൈർഘ്യമേറിയ രചനകളാണ്.

### ഉടൽ- പ്രതിരോധം

പുതുകവിതകളിൽ ഉടൽ പ്രശ്നവത്കരിക്കപ്പെടുന്നുണ്ട്. ഉടൽ ഉപജീവനമാർഗമായും കവിതകളിൽ പ്രത്യക്ഷപ്പെടുന്നു.ആർ. സംഗീതയുടെ അവൾ നഗരത്തിലുണ്ട് എന്ന കവിതയിൽ "നഗരം /ഇരുട്ടുമായി വിലപേശി /അവളിലേക്ക് ഊർന്നിറങ്ങുന്ന" രംഗം കാണാം. ശവപ്പെട്ടിക്കാരന്റെ മകൾ എന്ന കവിതയിൽ

'രണ്ടരമണിക്കൂർനേരത്തെ
ചെറിയമരണമാണ്
സലോമിക്ക് തിയേറ്ററിലെ സമയം.
അത് അവളുടെ മരണത്തിലൂടെയുള്ള
വിശപ്പടക്കലിന്റെ വഴിയാണ്.'

എന്നിങ്ങനെ വളരെ പ്രകടമായിത്തന്നെ ഉടൽ ഉപജീവനമാകുന്ന അനുഭവം കവി ചിത്രീകരിക്കുന്നുണ്ട്. ദാരിദ്ര്യത്തെ ദൂരീകരിച്ച് ജീവിതത്തിന് പച്ചപ്പേകാൻ ഇങ്ങനെ പണം സ്വരൂപിക്കുന്നതിൽ അവൾക്ക് ശങ്കയേതുമില്ല. ദൈവത്തിന്റെ സൊന്തം എന്ന കവിതയിൽ ബിന്ദുകൃഷ്ണൻ സമാനാശയം അവതരിപ്പിച്ചിട്ടുണ്ട്.

'ഓ.. ഇതിലിത്രയ്ക്കെന്തുവാ
കൂരയുടെ പിന്നിലെ തോട്ടിൽ
നന്നായൊന്നു കുളിക്കണം'

വീട്ടിൽ അച്ഛനും അനിയനും മരുന്നുവാങ്ങാൻവേണ്ടി താൻചെയ്യുന്ന ഒരു ജോലിയായി മാത്രമേ ലൈംഗികവൃത്തിയെയും അവൾ കാണുന്നുള്ളൂ.പ്രശ്നത്തിന്റെ നിസ്സാരത പ്രതിഫലിപ്പിക്കാൻ 'ഓ..ഇതിലിത്രയ്ക്കെന്തുവാ' എന്ന അതിസാധാരണസംസാരഭാഷ പര്യാപ്തമാകുന്നുണ്ട്.

സമൂഹം വിലക്കിയ പ്രവൃത്തികൾ ചെയ്യുന്ന സ്ത്രീകൾ മന്ത്രവാദികളുടെ മുമ്പിലെത്തിപ്പെടുന്നത് നമ്മുടെ പഴയ യാഥാർഥ്യമാണ്. വിജില മഞ്ഞയക്ഷി എന്ന കവിതയിൽ ഒരു മന്ത്രവാദിയുടെയും ആണിക്ക് ശിലയാക്കാനാവാത്ത ഉടലുമായി ഉയരങ്ങളിലേക്കു പൊങ്ങുന്ന ജെ.സി.ബി ആവിഷ്കരിക്കുന്നുണ്ട്. തോൽപ്പിക്കാനാവാത്ത ഉടൽക്കരുത്ത് സ്വപ്നമായി കവിതയിലുറയുന്നു.'രക്തത്തുടിപ്പുള്ള പെണ്ണുടൽക്കുന്നുകൾ' എന്ന പ്രയോഗം ജൈവികം എന്ന കവിതയിലുണ്ട്.

> രണ്ടരമണിക്കൂർ നേരത്തെ ചെറിയമരണമാണ് സലോമിക്ക് തിയേറ്ററിലെ സമയം. അത് അവളുടെ മരണത്തിലൂടെയുള്ള വിശപ്പടക്കലിന്റെ വഴിയാണ്.'

‘അവളുടെ
അണ്ഡങ്ങൾ
തക്കാളിപ്പഴം
ഞെക്കിയതു
പോലെ
പ്ലുക്ക് എന്ന്
പഴുത്ത്
അടുവയറ്റീന്ന്
തുരുതുരെ
ഒലിച്ചിറങ്ങി’

‘അടുപ്പുകല്ലുകൾക്കിണങ്ങുംവിധം
ഉലയിലിട്ട്
ഉടച്ചുവാർത്തിരിക്കുന്നു.
ഉരല്ചൂരലമ്മിക്കുട്ടി
ഉറിമുറം, കലം കയ്യില്
എല്ലാം ഉടലൊതുക്കത്തോടെ’

എന്ന് വിജില ഉടലുകൾ എന്ന കവിതയിലെഴുതുന്നു. ഉടലൊതുക്കം എന്ന പ്രയോഗം പല അർഥങ്ങളെയും ആവഹിക്കുന്നുണ്ട്. പെണ്ണിന് വേണ്ടതെന്ന് സമൂഹം കരുതുന്ന ഏറ്റവും വലിയ ഒതുക്കമാണത്. ഗാർഹികസാമഗ്രികൾ നിരതെറ്റാതെ കൃത്യമായി നിരത്തിയതുകണ്ടപ്പോൾ കവി ഉടൽ ഓർത്തുപോകുന്നു. രഗിലാസജിയുടെ ശരീരകേന്ദ്രീകൃതമായ രചനകൾ ശ്രദ്ധേയമാണ്. ആർത്തവത്തിന്റെ വേദന അവരിങ്ങനെ ഭാഷ്യപ്പെടുത്തുന്നു.

‘ചരിഞ്ഞുറങ്ങും ഒരുവൾ ശ്വാസഗതിക്കനുസരിച്ച്
മേലിളക്കിക്കൊണ്ടിരിക്കുന്നു,
വളവുതിരിവുകളുടെ
ഇടുപ്പിൽ എങ്ങോട്ട് നീങ്ങണമെന്ന്
ഒരു വേദന സംശയത്തിൽനിന്നു.
പുളവനെപ്പോലെ വഴുതി
രണ്ടാംവേദന
മൂന്നാംവേദന
ഒടുവിലത്തെ വേദനകൾ കലങ്ങിമറഞ്ഞു
ഉറക്കത്തിലിടിഞ്ഞ ശരീരം മുറുക്കി
അവൾ എണീറ്റിരുന്നു.
തുടകൾക്കിടയിൽ ഇറുക്കം
തിരണ്ടുപോയതിന്റെ
വേദന അടിവയറ്റിലാടിത്തുടങ്ങി
അവൾ കമിഴ്ന്നുറങ്ങാൻ ശ്രമിച്ചു.’

സംശയത്തിൽ നിൽക്കുന്ന വേദന, വഴുതുന്ന വേദന, രണ്ടാംവേദന, മൂന്നാംവേദന..ഇങ്ങനെ വേദനയുടെ വകഭേദങ്ങൾ അനുഭവിപ്പിക്കാൻ സ്ത്രീഭാഷയ്ക്ക് കഴിയുന്നത് അത് അവരുടെ അനുഭവമാകയാലാണ്. പെണ്ണനുഭവങ്ങളെ ആവിഷ്കരിക്കാൻ പുതുപദങ്ങളെ നിർമിച്ചെടുക്കുന്നു, സ്ത്രീകൾ. പത്മാ ബാബു തീണ്ടാരിത്തണുപ്പിൽ എന്ന കവിതയിൽ

‘അവളുടെ അണ്ഡങ്ങൾ
തക്കാളിപ്പഴം ഞെക്കിയതുപോലെ
പ്ലുക്ക് എന്ന് പഴുത്ത്
അടുവയറ്റീന്ന് തുരുതുരെ ഒലിച്ചിറങ്ങി’

എന്ന് മുമ്പ് കവിതയിൽ കേട്ടിട്ടില്ലാത്ത ഭാഷയിൽ സ്ത്രീയുടെ ജൈവികമായ അനുഭവത്തെ പകർത്തിയെഴുതി. ഉടലിന്റെ വ്യഥകളെയും ആനന്ദങ്ങളെയും പുതുകവികൾ കവിതയിലേക്ക് പരിഭാഷപ്പെടുത്തി. ഉടലിനുനേരെയുള്ള എല്ലാവിധ ഒളിനോട്ടങ്ങളും കണക്കിനുപരിഹസിക്കപ്പെട്ടു. ജ്ഞാനസ്നാനം എന്ന കവിതയിൽ രമ്യാ സഞ്ജീവ് ഇത്തരം ഒളിനോട്ടക്കാരെ പരിഹസിക്കാൻ പല്ലിയെ പ്രതീകമാക്കുന്നുണ്ട്.

‘ഉയിരിന്റെ പുണ്യസ്നാനത്തിന്
തിരുസാക്ഷ്യം കുറിക്കാൻ
വരൂ,
വന്നീ വാതിൽപ്പൊളിമേൽ ഇരിക്കൂ’

ഉടലിട ലുള്ള എല്ലാത്തരത്തിലുമുള്ള ഒളിഞ്ഞുനോട്ടങ്ങളോടുമുള്ള ശക്തമായ പരിഹാസവും പ്രതിഷേധവുമാണീ കവിത.സത്യാനന്തരകാലത്തെ പ്രവചനരൂപകംകൂടിയാകുന്നു ഈ ശൗളി. സദാചാരപരമായ അടക്കിപ്പിടിക്കലുകളും ഒളിപ്പിച്ചുവെക്കലുകളുമില്ലാതെ വളരെ മൂർത്തമായിത്തന്നെ പുതുകവികൾ ശരീരത്തെ ആവിഷ്കരിക്കുന്നു.

**ചോദ്യരൂപങ്ങൾ**

'അഴിച്ചുവച്ചപോലത്രയുമെളുപ്പത്തിൽ
മുറുക്കിവെക്കുവാനാകുമോ നിനക്കെന്നെ?'(ആൺകോന്തി, സുഷമ ബിന്ദു)

സങ്കീർണമായജീവിതപ്രശ്നത്തെ ഉന്നയിക്കാൻ ചോദ്യരൂപത്തിന്റെ തെരഞ്ഞെടുപ്പ് പെൺകവികൾ സ്വീകരിക്കുന്നുണ്ട്.

'നിന്റെ സമയങ്ങളെല്ലാം
എന്റെ അസമയങ്ങളായതുകൊണ്ടാണോ
ഇങ്ങനെയൊക്കെ സംഭവിക്കുന്നത്?' (രണ്ടുലോകങ്ങൾ, ഗിരിജ പാതേക്കര)

ആരാണിങ്ങനെ സമയക്രമങ്ങൾ നിശ്ചയിച്ച് സ്ത്രീജിവിതം ഇങ്ങനെയാക്കിത്തീർത്തതെന്ന മറുചോദ്യം കവിതയിലൂടെ മുഴക്കിക്കേൾപ്പിക്കാൻ എഴുതിവച്ച ഈ ചോദ്യരൂപം പര്യാപ്തമാകുന്നുണ്ട്.

'എവിടെ ഞാനെന്നെ തിരയേണ്ടൂ
ആ പകുതിയിലോ ഈ പകുതിയിലോ? (ആരാണീ വാതിലുകൾ തുറന്നത്? സുജാസൂസൻ)

എന്നിങ്ങനെ സന്ദേഹാത്മകമാവുന്നു പലപ്പോഴും കവിത.

'വരണ്ടവേനലിന്റെ മുഖത്ത്
മഴയുടെ ആശങ്ക കണ്ടപ്പോൾ
ഞാൻ ചിന്തിച്ചു
വേനലോ മഴയോ നല്ലത്...?' (ചോദ്യവും ഉത്തരവും, സന്ധ്യ പി ഡി)

'ഇരുട്ടോ വെളിച്ചമോ നല്ലത്?, പ്രണയമോ സൗഹൃദമോ നല്ലത്...?'എന്ന സന്ദേഹം. 'നിരാശയായിരുന്നു, ഫലം'.സ്വകാമനകളെപ്പോലും സന്ദിഗ്ധതയിൽനിർത്തുന്നു കവിത.

'പ്രഭാതത്തെ മറക്കുന്നവരാണോ
എന്നും
വൈകിയുറങ്ങുന്നത്?'(മയക്കം, സഹീറാതങ്ങൾ)

'വർഷങ്ങൾക്കാണോ
പിഴവുരോഗം ബാധിച്ചത്?
തുടങ്ങിയേടത്തുതന്നെ വിക്കിനിൽക്കുന്ന
എനിക്കോ?'(അവിരാമം, സഹീറാതങ്ങൾ)

എന്നിങ്ങനെ ബാഹ്യലോകത്തെക്കുറിച്ചു നിരന്തര സന്ദേഹിയാണ് പുതിയ കവിത. ചോദ്യങ്ങൾക്ക് നിയതമായ ഉത്തരമൊന്നുമില്ല.

'അകത്തുള്ളാൾക്ക് പ്രിയങ്കരം? മാമ്പൂ
മണക്കും കാലമോ? കുലയടർന്ന ക-
ണ്ണികൾ കണ്ണീരിന്റെ ഭരണിയിൽമുങ്ങി
വളരെ നാളുകൾ ചുരുണ്ടുകൂടീട്ട്
രുചിക്കുമ്പോൾ നെറ്റി ചുളിയിക്കുമുപ്പോ?' (മാവ് പൂക്കുന്നു, ആര്യാംബിക)

എന്നിങ്ങനെ രുചിയെയും അഭിരുചിയെയും സംബന്ധിച്ച അനന്തമായ ചോദ്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ആത്മഭാവത്തെ കവി

'അഴിച്ചുവച്ചപോലത്രയുമെളുപ്പത്തിൽ മുറുക്കിവെക്കുവാനാകുമോ നിനക്കെന്നെ?'(ആൺകോന്തി, സുഷമ ബിന്ദു) സങ്കീർണമായ ജീവിതപ്രശ്നത്തെ ഉന്നയിക്കാൻ ചോദ്യരൂപത്തിന്റെ തെരഞ്ഞെടുപ്പ് പെൺകവികൾ സ്വീകരിക്കുന്നുണ്ട്.

കാണിച്ചുതരുന്നു.

ആര് പെണ്ണേ നിൻ മുത്തശ്ശൻ?
നാടുവാഴിത്തംവീണകാലത്തെ
ജന്മിയാണെന്റെ മുത്തശ്ശൻ

.....

അമ്മ, മുത്തശ്ശി?
ഓർക്കുന്നില്ലവരൊക്കെ
പെണ്ണുങ്ങൾതന്നല്ലേ?”
കേൾക്കട്ടെ ഒരു പെൺകവിത,
ഓ വരില്ലത്
തെരണ്ടിരിപ്പാണ്(വരവ്, അനിത തമ്പി)

പെൺപക്ഷത്തുമാത്രമാണ് തീർപ്പുകളില്ലാത്തത്. അസാധാരണമായൊന്നും സംഭവിക്കാത്ത വെറും ദൈനന്ദിനങ്ങളായി സ്ത്രീജീവിതത്തെ അടയാളപ്പെടുത്താൻ ഇത്തരം സന്ദേഹശരങ്ങൾക്ക് കെല്പുണ്ട്.തീർപ്പുകളില്ലാതെ തുറന്നിടുന്ന എഴുത്താണവ.

എല്ലാ മനുഷ്യർക്കും കവിതയെഴുതാനുള്ള സ്വാതന്ത്ര്യവും പ്രസിദ്ധീകരിക്കാനുള്ള ഇടവുംകിട്ടിയ സുവർണകാലമാണിത്. സമൂഹമാധ്യമങ്ങളെന്ന പെരുംതുറസ്സുകൾ ആവോളം ലഭ്യമായ ഇക്കാലത്ത് ആനുകാലികങ്ങളിൽ വരുന്ന രചനകളേക്കാൾ അത്തരം രചനകൾ ശ്രദ്ധിക്കപ്പെടുന്നുണ്ട്.ബഹുസ്വരതയുടെ ആഘോഷങ്ങളായി പുതുകവിത മാറി. പുതുകാലം ഏറ്റവും അനുഗുണമായിത്തീർന്നത് സ്ത്രീകൾക്കാണ് എന്ന് നിരീക്ഷിക്കാനാവും. അനുഭവത്തിന്റെ ചൂടും ചൂരുമുള്ള ഭാഷയിൽ പലവിധപരീക്ഷണങ്ങളുടെ രംഗഭൂമിയായിത്തീരുകയാണ്, കവിതാരംഗം.വാർപ്പുഭാഷയ്ക്കോ വാർപ്പുശൈലിക്കോ പിടികൊടുക്കാത്ത കവിതകൾ. തൊട്ടാൽപ്പൊള്ളുന്ന വാക്കുകൾ- ഇതുവരെ കവിതയിൽ മുഖംകാണിച്ചിട്ടില്ലാത്തവ. പുത്തൻ മൊഴിവടിവുകളിൽ അവ പിറന്നുവീഴുന്നു. പെണ്ണിന് എളുപ്പം തിരിഞ്ഞുകിട്ടുന്നതും കാവ്യ‘പൈതൃക’ങ്ങൾക്ക് അത്രമേൽ അപരിചിതവുമായ ഭാഷയിൽ അവ ജീവിതത്തെ വരഞ്ഞിടുന്നു.

**എല്ലാ മനുഷ്യർക്കും കവിതയെഴുതാനുള്ള സ്വാതന്ത്ര്യവും പ്രസിദ്ധീകരിക്കാനുള്ള ഇടവുംകിട്ടിയ സുവർണകാലമാണിത്. സമൂഹമാധ്യമങ്ങളെന്ന പെരുംതുറസ്സുകൾ ആവോളം ലഭ്യമായ ഇക്കാലത്ത് ആനുകാലികങ്ങളിൽ വരുന്ന രചനകളേക്കാൾ അത്തരം രചനകൾ ശ്രദ്ധിക്കപ്പെടുന്നുണ്ട്.ബഹുസ്വരതയുടെ ആഘോഷങ്ങളായി പുതുകവിത മാറി.**

വഴിത്താരകൾ



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

എനിക്കേറ്റവും പ്രിയപ്പെട്ട പിന്നണി ഗായിക ഗീതാ ദത്ത് പാടിയ ഉറക്കുപാട്ടാണ് ഇന്നും എനിക്ക് ഏറ്റവും പ്രിയങ്കരമായ താരാട്ട് പാട്ട് .'നൻഹി കലി സോനേ ചലി ,ഹവാ ധീരേ ആനാ / നീന്ദ് ഭരേ പന്ഖ് ലിയേ ഝൂല ഝുലാ ജാനാ" എന്നു തുടങ്ങുന്ന ഗാനത്തിന്റെ മാസ്മരികത പുതു തലമുറയിലെ ഗായകരെയും ആകർഷിക്കുന്ന ഒന്നാണ് .1960ൽ പുറത്തിറങ്ങിയ ഹിന്ദി ചിത്രമായ 'സുജാത'യിലെ ഗാനമാണിത്.'സുജാത' അവിസ്മരണീയമായ അനവധി മനോഹര ഗാനങ്ങൾ കൊണ്ട് സമ്പന്നമായ ചിത്രമായിരുന്നു . തലത് മെഹമൂദ് ആലപിച്ച ജെൽത്തെ ഹേ ജിസ്കെ ലിയേ എന്ന ഒരൊറ്റ ഗാനം കൊണ്ട് തന്നെ ആ ചിത്രം പ്രേക്ഷകര്

# ഒരു താരാട്ടു പാട്ടിന്റെ ഓർമ്മയിൽ ....



ക്കു ഏറെ പ്രിയപ്പെട്ടതായി മാറിയിരുന്നു. എസ് ഡി ബർമൻ ഈണം നൽകി മജ്റൂഹ് സുൽത്താൻ പൂരി രചിച്ച 'നൻഹി കലി' എന്ന ഉറക്ക് പാട്ടു മാതൃവാത്സല്യത്തിന്റെയും, അപൂർണമായ സ്നേഹദാഹത്തിന്റെയും നൊമ്പരങ്ങൾ ഉണർത്തുന്നത് ഗീതയുടെ ഭാവസാന്ദ്രമായ സ്വരമാധുര്യത്തിലൂടെയാണ് .പക്ഷെ പാട്ടു കേട്ടതിനു ശേഷം വളരെ കാലം കഴിഞ്ഞാണ് ഞാൻ സിനിമ കണ്ടത്. വളരെ നിഷ്കളങ്കമെന്നു ഞാൻ കരുതിയ ആ താരാട്ടു പാട്ടിന്റെ രംഗം ഇന്ത്യയിലെ ജാതിവ്യവസ്ഥയെ തീക്ഷ്ണമായി ആവിഷ്കരിക്കുന്ന നിർണായകമായ ചലച്ചിത്ര രംഗങ്ങളിൽ ഒന്നാണ് എന്നത് ഞാൻ അത്ഭുതത്തോടെയും സങ്കടത്തോടെയും അറിയുകയായിരുന്നു.സുബോധ് ഘോഷിന്റെ ബംഗാളി കഥയെ അനശ്വരമാക്കിയത് ബിമൽ റോയിയുടെ സംവിധാന പ്രതിഭയാണ്. സുനിൽ ദത്തും നൂതനും നായികാ നായകന്മാരായ ഈ ചിത്രം സങ്കുചിതമായ ജാതി ചിന്തകളെ അതിജീവിക്കുന്ന ആധുനിക പ്രണയത്തിന്റെ കഥയായിരുന്നു.

നമുക്കു താരാട്ടു പാട്ടിലേക്കു തിരിച്ചെത്താം.ഒരു സവർണ ഹിന്ദു കുടുംബത്തിലേക്ക് അവർണയായ ഒരു അനാഥ പെണ്കുഞ്ഞു വന്നെത്തുന്നു.ഗൃഹനാഥന് അവളെ സ്വീകരിക്കാൻ വിഷമമില്ലെങ്കിലും ,അയാളുടെ ഭാര്യക്കു ആ കുട്ടിയെ വീട്ടിലെ ഒരംഗമായി കാണുവാൻ പറ്റുന്നില്ല . സ്വന്തം കുഞ്ഞിനെ പാട്ടുപാടി ഉറക്കുമ്പോൾ വീട്ടിനു പുറത്തെ ഒരു ചായ്പിൽ വളർന്നു വരുന്ന സുജാത എന്ന ശിശു കരയുന്ന ശബ്ദം കേട്ട് ,ചാരുവിലെ മാ

തൃഹൃദയം അലിയുനുണ്ട്.അലിവോടെ, സങ്കടത്തോടെ ജനലിലൂടെ എത്തി നോക്കി അല്പം അകലെ നിന്നാണ് ചാരു ആ കുഞ്ഞും കൂടി കേൾക്കാനായി പാടുന്നത്.ദൂരെ നിന്നാണെങ്കിലും ആർദ്രത തുളുമ്പുന്ന ആ പാട്ടു കേട്ട് രണ്ടു കുഞ്ഞുങ്ങളും ഉറങ്ങുന്നു.ഉറഞ്ഞു പോയ ജാതി ചിന്തയുടെ ചങ്ങലകൾ നൈസർഗികമായ സ്നേഹവികാരങ്ങളെ പോലും എങ്ങിനെ കെട്ടി മുറുക്കുന്നു എന്നതിന്റെ ചലച്ചിത്ര രേഖയാണ് ഈ രംഗം.

ഒരു മനുഷ്യ ശിശു ആദ്യമായി കേൾക്കുന്ന പാട്ട് മിക്കവാറും അമ്മയുടെ താരാട്ടുപാട്ടാണ് . ഒരു ചെറിയ മൂളലിൽ തുടങ്ങി വളരെ ശ്രദ്ധയോടെ ചിട്ടപ്പെടുത്തിയ സംഗീതശില്പങ്ങൾ വരെ താരാട്ട് എന്ന ഗാനരൂപത്തിൽ പെടുന്നുണ്ട്. പ്രൈമറി ക്ളാസുകളിലെ പാഠങ്ങളിൽ 'ഓമനത്തിങ്കളും' 'എൻകുഞ്ഞുറങ്ങിക്കൊൾക'യും പോലുള്ള കൃതികൾ പഠിക്കാത്ത മലയാളികൾ കുറവായിരിക്കും. അവക്കു ചുറ്റുമുള്ള കഥകളും ഐതിഹ്യങ്ങളും താരാട്ടുകളുടെ അനുഭവങ്ങളെ കൂടുതൽ രസകരമാക്കുന്നു .വാശിയോടെ കരയുന്ന കുഞ്ഞിനെ ശാന്തമാക്കി ഉറക്കത്തിലേക്കു ആനയിക്കാനുള്ള ഒരു ഉപാധി മാത്രമാണോ ഉറക്കുപാട്ടുകൾ?




ഉറക്കു പാട്ടുകൾക്ക് കൃത്യമായ ജെണ്ടർ-സാമൂഹിക ചരിത്ര തലങ്ങളുണ്ട്.അമ്മക്ക് മാത്രം കല്പിച്ചു കൊടുത്തിട്ടുള്ള ഒരു വിശേഷ ഭാഗ്യവും അവകാശവുമാണത്. അമ്മയും കുഞ്ഞും തമ്മിൽ ഒരൊറ്റ ഈണത്തിലും, താളത്തിലും നെയ്യുന്ന ആ ബന്ധത്തിന്റെ അമൂല്യത ഇന്ത്യൻ സിനിമയും തുടക്കം മുതൽക്കു തന്നെ ഉൾക്കൊണ്ടിരുന്നു.കൊട്ടാരങ്ങളിൽ വിഹരിക്കുന്ന റാണിമാരും, കാടുകളിലേക്ക് പുറന്തള്ളപ്പെട്ട അമ്മമാരായ സതീരത്നങ്ങളും, കുടിലുകളിലെ ദരിദ്രരായ അമ്മമാരും അവരുടേതായ ശൈലികളിലും ഭാഷയിലും താരാട്ടുകൾ ആലപിക്കുന്ന ഒരു പാരമ്പര്യം സിനിമയിൽ ഒരു ആകർഷക ഘടകമായിരുന്നു എന്ന് നമുക്കു കാണാം.

ആണ്കുട്ടിളെയും പെൺകുട്ടികളെയും താരാട്ടു പാട്ടുകൾ വ്യത്യസ്തമായിട്ടാണ് അഭിസംബോധന ചെയ്തിട്ടുള്ളത്.ആൺകുഞ്ഞുങ്ങളോട് രാജാവാകണം ,വീരശൂരപരാക്രമികൾ ആകണം എന്നൊക്കെ പറയുമ്പോൾ പെൺശിശുവിനോട് അവളെ കൊണ്ട് പോകാൻ വരുന്ന രാജകുമാരനാ

യി കാത്തിരിക്കാൻ പറയുന്നു. ഈ പാട്ടുകളിൽ ഒരു സമൂഹത്തിന്റെ പ്രബലമായ മൂല്യങ്ങളും, മോഹങ്ങളും, അഭിലാഷങ്ങളും, ഉൽക്രഷ്ടേച്ഛകളും എഴുതപ്പെട്ടിരുന്നു. 'രാജാവായ് തീരും നീ ഒരു കാലം ഓമനേ' എന്ന് പാടുന്ന സീതാദേവിയിലൂടെയും , ' അച്ഛനെ പോലെ വളരേണം,അമ്മക്ക് തണലായ് മാറേണം' എന്ന് പാടുന്ന 'വാത്സല്യ"ത്തിലെ അമ്മ ആയാലും , 'നാളത്തെ നാടിന്റെ നാവു നീയേ' എന്ന് പാടി നൃത്തം വെക്കുന്ന മാതൃഭാവമായാലും ,പെൺകുഞ്ഞിനോട് 'ഗുഡിയാ റാണീ ബിട്ടിയാ റാണീ പരിയോം കെ നഗരി സെ ഇക് ദിൻ രാജ്കുവർ ജി ആയേങ്കെ' എന്ന് മോഹം പറയുന്ന മുത്തശ്ശി ആയാലും സമൂഹത്തിലെ പ്രബലങ്ങളായ ആൺ പെൺ ധാരണകളെ മൃദുല വികാരങ്ങൾക്കുള്ളിലൂടെ സുഖമായി പൊതിഞ്ഞു വിളമ്പുന്നു.എത്ര ലളിത സുന്ദരങ്ങളായ മോഹങ്ങളും സ്വപ്നങ്ങളുമാണ് താരാട്ടുകൾ നൂറ്റാണ്ടുകളായി ശിശുക്കൾക്ക് നൽകി കൊണ്ടിരിക്കുന്നതെന്നു നമുക്കു തോന്നാം. പക്ഷെ ആ സ്വപ്നങ്ങൾ, നിലനിൽക്കുന്ന സാമൂഹ്യ കുടുംബ സങ്കല്പങ്ങൾക്കും ലിംഗവിവേചനത്തിനും അനുസരിച്ചു രചിക്കപ്പെട്ടവ ആയിരുന്നെന്നു ആരോപിക്കപ്പെട്ടിരിക്കുന്നു.അത് കൊണ്ട് തന്നെയാണ് കഴിഞ്ഞ വര്ഷം വിജയരാജേ മല്ലിക രചിച്ച 'ആണല്ല പെണ്ണല്ല കണ്മണി നീയെൻറെ തേൻമണി ആണല്ലോ' എന്ന താരാട്ടു വളരെ രാഷ്ട്രീയമായ സ്നേഹപ്രവർത്തനമായി മാറുന്നത്. സുജാത എന്ന ചിത്രത്തിലെ താരാട്ടിന്റെ ആലാപനം കുറച്ചു കൂടി സങ്കീർണമായ അനുഭൂതിയുടെ തലത്തിലേക്ക് ആ ഗാനത്തിന്റെ ദൃശ്യാവിഷ്കാരത്തെ എത്തിക്കുന്നു.ജാതിചിന്തയും മാതൃസ്നേഹവും തമ്മിലുള്ള സംഘർഷം ഒരു സവർണ്ണ സ്ത്രീയുടെ ഉള്ളിൽ ഉണ്ടാക്കുന്ന പിരിമുറുക്കം ഇന്ത്യൻ സിനിമയിലെ കീഴാള പ്രതിനിധാന പഠനങ്ങളിൽ ഒരു പ്രധാന ഏട് ആവേണ്ടതല്ലെ?




വളരെ വിരളമായി മാത്രമേ പുരുഷാ കഥാപാത്രങ്ങൾ താരാട്ടു പാടാറുള്ളു .കിലുക്കത്തിലെ "പനിനീർ ചന്ദ്രിക"യും ഹിറ്റ്ലറിൽ "നീ ഉറങ്ങിയോ" എന്നും നായകബിംബങ്ങൾ പാടുന്നത് യുവതികളോടാണ്. അതിൽ ഒരാൾ സ്വയം ഭ്രന്തിയായി അഭിനയിക്കുന്നു ;മറ്റൊരാൾ തനിക്കു സംഭവിച്ച പിഴവിൽ നീറിപുകയുന്നു .(പെട്ടെന്നു ഓർമ വന്നത് എഴുതിയതാണ് )

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ തുടങ്ങി താരാട്ടുകളുടെ സാംസ്കാരിക തലങ്ങളെ കുറിച്ച് ഗഹനമായ പഠനങ്ങൾ നടന്നു വരുന്നുണ്ട്.മാതൃവാത്സല്യത്തിന്റെയും അനല്പമായ സ്നേഹത്തിന്റെയും ഉള്ളിലൂടെ സൂക്ഷ്മമായി കടത്തിവിടുന്ന ലിംഗവിവേചനങ്ങൾ മാത്രമല്ല ഈ പഠനങ്ങളിലൂടെ കണ്ടെത്തപ്പെടുന്നത്.വംശീയ കലാപങ്ങളും കൂട്ട പലായ

നങ്ങളും സാധാരണമായി മാറിയ ഈ കാലങ്ങളിൽ അഭയാർത്ഥി ക്യാമ്പുകളിൽ പെട്ടു പോകുന്ന അമ്മമാർ താരാട്ടു പാട്ടുകളിലൂടെ ദുരിത സങ്കട ചരിത്രങ്ങൾ കൈ മാറുന്നുണ്ട് . ഒരുപാടു നഷ്ടങ്ങൾക്കിടയിൽ വിങ്ങിപ്പൊട്ടുന്ന ഈ അമ്മമാർക്ക് സാന്ത്വനവും വിശ്രാന്തിയും പകരാൻ അവരെക്കൊണ്ടു കുഞ്ഞുങ്ങൾക്കായി താരാട്ടു പാട്ടുകൾ എഴുതിപ്പിക്കുന്നു, പാടിപ്പിക്കുന്നു. ലിംഗ സമത്വത്തിന്റെ സന്ദേശവും പ്രചരിപ്പിക്കാനുള്ള മാധ്യമമായി താരാട്ടു പാട്ടുകൾ ചിട്ടപ്പെടുത്തപ്പെടുന്നു.

ആൻ ഡി വ്രീസിന്റെ വാക്കുകൾ കൃത്യമാണ് :" ഓരോ വ്യക്തിയുടെ ജീവിതത്തിലും,ഒരു പക്ഷെ മനുഷ്യരാശിയുടെ ചരിത്രത്തിൽ തന്നെ കവിത തുടങ്ങുന്നത് തന്നെ താരാട്ടിൽ നിന്നാണ്." എന്നാൽ താ



രാട്ടുകളുടെ ലോകം ഒട്ടും എപ്പോഴും പ്രശാന്ത സുന്ദരമല്ല. അശാന്തങ്ങളായ 'അമ്മ ജീവിതങ്ങളുടെ,ദുരിതാഭരിതമായ സമൂഹ ഓർമകളുടെ ,

മുറിവേറ്റ ക്രൂരമായ മനുഷ്യബന്ധങ്ങളുടെ കലവറകൾ കൂടിയാണ് താരാട്ടുകൾ.അത്ഭുതം തോന്നാം--പക്ഷെ താരാട്ടുകളെ കുറിച്ച് ആവേശത്തോടെ ഗവേഷണം നടത്തിയ നാടകകൃത്താണ് ഫ്രഡറികോ ഗാർഷ്യ ലോർക്ക.സ്പാനിഷ് ചരിത്രത്തിന്റെ ഏറ്റവും ദാരുണങ്ങളായ ആലാപനങ്ങളാണ് താരാട്ടുപാട്ടുകൾ എന്ന് അദ്ദേഹം സമർത്ഥിച്ചു.ഉറങ്ങാൻ വിസമ്മതിക്കുന്ന കുഞ്ഞിനെ ഉറക്കി കിടത്താൻ പാടുന്ന പാട്ടിൽ ഒരു ജനത അനുഭവിച്ച ക്രൗര്യം മുഴുവനും പതിഞ്ഞിട്ടുണ്ടെന്നും ലോർക്ക വിശ്വസിച്ചു.ആ വികാരത്തിന്റെ തന്നെ ഒരു സ്പന്ദനമാണ് 'സുജാത'യിലെ ആ രംഗത്തിലും ബിമൽ റോയ് ആവിഷ്കരിക്കാൻ ശ്രമിച്ചത്.

ചർച്ചാവിഷയം

**ഡോ . സംഗീത ചേനംപുല്ലി**
അധ്യാപിക, ഗവ. ആർട്സ്&സയൻസ് കോളേജ്, കോഴിക്കോട്



# ലിംഗനീതിയും ശാസ്ത്ര-സാങ്കേതിക ഭാഷയും



മ്യൂറിയേൽ റുക്കീസറിന്റെ "മിത്ത്" എന്ന കവിതയിൽ അന്ധനും വൃദ്ധനുമായ ഈഡിപ്പസ് നടന്നുപോകുമ്പോൾ പരിചിതമായ ഒരു ഗന്ധം അനുഭവപ്പെടും . അത് സ്ഫിങ്ക്സ് ആണെന്ന് മനസ്സിലാക്കിയ ഈഡിപ്പസ് എന്താണ് തനിക്ക് അമ്മയെ തിരിച്ചറിയാൻ കഴിയാതെ പോയത് എന്ന് ചോദിക്കുന്നു . താൻ ചോദിച്ച ചോദ്യത്തിന് ഈഡിപ്പസ് തെറ്റായാണ് ഉത്തരം പറഞ്ഞത് എന്ന് സ്ഫിങ്ക്സ് മറുപടി പറയും. പ്രഭാതത്തിൽ നാലു കാലിലും മദ്ധ്യാഹനത്തിൽ മൂന്നുകാലിലും സായാഹനത്തിൽ മൂന്നു കാലിലും നടക്കുന്നതെന്ത് എന്ന ചോദ്യത്തിന് 'Man' എന്നാണ് നീ മറുപടി പറഞ്ഞത്.സ്ത്രീകളെപ്പറ്റി നീയൊന്നും പറഞ്ഞില്ല എന്ന് സ്ഫിങ്ക്സ് പറയുന്നു . 'ങമി' എന്ന പദം സ്ത്രീകളെക്കൂടി ഉൾക്കൊള്ളുന്നുണ്ടല്ലോ എന്ന് ഈഡിപ്പസ് ചോദിയ്ക്കുമ്പോൾ അങ്ങനെ നീ കരുതുന്നു എന്ന് സ്ഫിങ്ക്സ് പറയുന്നു (1,2). കവിതയുടെ അവസാന ഒറ്റ വാചകത്തിൽ വളരെ ഗൌരവമേറിയ ഒരു പ്രശ്നത്തെ അവതരിപ്പിക്കുകയാണ് കവി . ഭാഷ എന്ന പ്രാഥമിക വ്യവഹാര രൂപം എത്രത്തോളം പുരുഷ പക്ഷത്താണ് നിലകൊള്ളുന്നത് എന്ന് ഓർമ്മിപ്പിക്കുകയാണ് മ്യൂറിയേൽ റുക്കീസറിന്റെ കവിത . മനുഷ്യൻ എന്ന പദം സ്ത്രീയും പുരുഷനും അടങ്ങിയ ഹോമോ സാപ്പിയൻസ് എന്ന ജീവിവർഗ്ഗത്തെ കുറിക്കുന്നതാണെങ്കിലും നിത്യ ജീവിത

ഉപയോഗങ്ങളിൽ അത് പുരുഷന്റെ പര്യായപദമായി മാറിപ്പോകുന്നു . 'He'' അല്ലെങ്കിൽ അവൻ എന്ന വാക്ക് മാത്രം എഴുത്തുകളിലും തൊഴിൽ പരസ്യങ്ങളിലും ഉപയോഗിക്കുന്നത് സ്ത്രീകളെ മാറ്റിനിർത്താനും , ഇത് തങ്ങൾക്ക് പറ്റിയതല്ല എന്ന് സ്ത്രീകൾ സ്വയമേ അനുമാനിക്കാനും കാരണമാകുന്നു എന്ന് പഠനങ്ങളുണ്ട്.(3) ശാസ്ത്രത്തിന്റെ ആശയലോകവും രീതിശാസ്ത്രവും വസ്തുനിഷ്ഠമാണെന്നും അതുകൊണ്ടുതന്നെ ലിംഗ, വർണ്ണ , വർഗ്ഗ വ്യത്യാസങ്ങൾ ശാസ്ത്രലോകത്തെ സ്വാധീനിക്കുകയില്ലെന്നും ശുദ്ധ ശാസ്ത്രവാദികൾ ചൂണ്ടിക്കാട്ടാറുണ്ട്. എന്നാൽ പൊതുസമൂഹത്തിൽ നിന്ന് വിഭിന്നമായ സമത്വ ഉട്ടോപ്യയല്ല ശാസ്ത്രലോകം എന്നതിന് എത്രയോ തെളിവുകൾ നമുക്ക് ഒറ്റ നോട്ടത്തിൽ തന്നെ കാണാം. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഭാഷ എത്രത്തോളം ലിംഗനീതിയെ ഉൾക്കൊള്ളുന്നതാണ് എന്ന ആലോചനക്ക് അതുകൊണ്ടുതന്നെ വലിയ പ്രസക്തിയുണ്ട് .

### കരിങ്കല്ലിൽ കൊത്തിയ നിയമങ്ങളോ ഭാഷ?

ഒരു വ്യക്തിയുടെ സ്വത്വത്തെ സമൂഹത്തിൽ അടയാളപ്പെടുത്തുന്നതിൽ അവൾ / അയാൾ ഉപയോഗിക്കുന്നതും അവൾ / അയാൾ ഉൾപ്പെട്ട വ്യവഹാരങ്ങളിൽ സമൂഹം ഉപയോഗിക്കുന്നതുമായ ഭാഷക്ക് വലിയ സ്ഥാനമുണ്ട് . ഭാഷയിലൂടെ വ്യക്തി അവരവരുടെ സ്വത്വത്തെ ഉറപ്പിക്കാൻ ശ്രമിക്കുകയും തന്റെ identity ഇന്നയിന്നതാണ് എന്ന് സമൂഹത്തോട് ബോധപൂർവ്വവും അല്ലാതെയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. കുട്ടിക്കാലത്ത് മറ്റൊരു ജന്ററിൽ വളർത്തപ്പെട്ട ട്രാൻസ്ജന്റർ വ്യക്തി സ്വന്തം ലിംഗ സ്വത്വത്തെ തെരഞ്ഞെടുത്തതിന് ശേഷം ഭാഷയിൽ വരുന്ന മാറ്റം ശ്രദ്ധിച്ചാൽ ഇത് വ്യക്തമാകും . ഹിന്ദി പോലെ വസ്തുക്കൾക്ക് പോലും ലിംഗ പ്രത്യയങ്ങൾ ഉപയോഗിക്കുന്ന ഭാഷകൾ ഉപയോഗിക്കുന്ന സമൂഹങ്ങളിൽ ജൻറർ അസമത്വങ്ങൾ വളരെ കൂടുതലാണ് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു(4). അതായത് ഭാഷ, ലിംഗ നിരപേക്ഷമായ ഒരു വ്യവഹാരമല്ല എന്നർത്ഥം. അതുപോലെ തന്നെ identity അഥവാ സ്വത്വം എന്നതും സാമൂഹിക വ്യവഹാരങ്ങൾക്കനുസരിച്ച് സ്വീകരിക്കുന്ന ഒരു നിലയും നിലപാടുമാണ് . ഉദാഹരണത്തിന് സ്ത്രീയും പുരുഷനും ഉൾപ്പെട്ട ഒരു കൂട്ടത്തിൽ സ്ത്രീ എന്ന identity ക്കാകും പ്രാമുഖ്യം എങ്കിൽ സ്ത്രീകൾ മാത്രമുള്ള ഒരിടത്ത് ആ identity തന്നെ പ്രായം, തൊഴിൽ , സാമ്പത്തിക നില, ജാതി തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി പലതായി പിരിയാം. ഇത്തരത്തിൽ സൂക്ഷ്മ വ്യവഹാരങ്ങളിൽ ഒരു വ്യക്തി സ്വീകരിക്കുന്ന നിലപാടുകൾ കൂടി ഭാഷയിലൂടെ പ്രതിഫലിപ്പിക്കപ്പെടുന്നു(5). മാത്രമല്ല ഒരു വ്യക്തിയുടെ സ്വത്വപരമായ നിലയെ സൂചിപ്പിക്കും വിധമുള്ള അനുമാനങ്ങൾ, സംബോധനകൾ , സൂചകങ്ങൾ എന്നിവയെല്ലാം സംഭാഷണങ്ങളിൽ ഉപയോഗിക്കു

**കുട്ടിക്കാലത്ത് മറ്റൊരു ജന്ററിൽ വളർത്തപ്പെട്ട ട്രാൻസ്ജന്റർ വ്യക്തി സ്വന്തം ലിംഗ സ്വത്വത്തെ തെരഞ്ഞെടുത്തതിന് ശേഷം ഭാഷയിൽ വരുന്ന മാറ്റം ശ്രദ്ധിച്ചാൽ ഇത് വ്യക്തമാകും . ഹിന്ദി പോലെ വസ്തുക്കൾക്ക് പോലും ലിംഗ പ്രത്യയങ്ങൾ ഉപയോഗിക്കുന്ന ഭാഷകൾ ഉപയോഗിക്കുന്ന സമൂഹങ്ങളിൽ ജൻറർ അസമത്വങ്ങൾ വളരെ കൂടുതലാണ് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു**

ന്നതിലൂടെയും ഒരാളുടെ ലിംഗപരമോ അല്ലാത്തതോ ആയ സ്വത്വം സമൂഹത്തിൽ ഉറപ്പിക്കപ്പെടുന്നു . ഇതിൽ നിന്നും ഒരു വ്യക്തിയുടെ സ്വത്വത്തെ നിർവചിക്കുന്നതിൽ ഭാഷക്ക് പ്രമുഖമായ സ്ഥാനം ഉണ്ടെന്ന് കാണാം . അതേസമയം ഭാഷ തന്നെ സാമൂഹ്യ-സാംസ്കാരിക വ്യവഹാരങ്ങളുടെ ഒരു ഉത്പന്നമാണ് . ഒരിക്കലും മാറ്റമില്ലാത്ത , മാറ്റത്തിന് സാധ്യതയില്ലാത്ത ഒന്നല്ല അതെന്ന് സാരം . സമൂഹത്തിൽ നിന്ന് ലിംഗപരമായ വിവേചനത്തെ ഇല്ലാതാക്കണമെങ്കിൽ അതിനെ പ്രോത്സാഹിപ്പിക്കുന്ന ഭാഷാശൈലിയിലും മാറ്റം ഉണ്ടാവണം. ശാസ്ത്രരംഗത്തേക്കുള്ള സ്ത്രീകളുടെ കടന്നുവരവിനെ പരിമിതപ്പെടുത്തുന്നതിൽ ശാസ്ത്രരംഗത്ത് ഉപയോഗിക്കുന്ന ഭാഷക്ക് പങ്കുണ്ടോ എന്ന് പരിശോധിക്കേണ്ടി വരുന്നതും ഇക്കാരണം കൊണ്ടുതന്നെയാണ് .

**ശാസ്ത്രത്തിന്റെ ഭാഷയിലും രീതിശാസ്ത്രത്തിലും ലിംഗ പ്രത്യയങ്ങൾ കടന്നുവരിക അപൂർവ്വമാണ്. വ്യക്തിനിഷ്ഠമല്ലാത്ത, വസ്തുനിഷ്ഠമായ അതിന്റെ പ്രതിപാദന ശൈലി തന്നെയാവണം പ്രധാന കാരണം. എങ്കിലും ശാസ്ത്രത്തിന്റെ രീതിശാസ്ത്രം പുരുഷന്റെ കണ്ണിലൂടെയാണ് രൂപപ്പെട്ടിരിക്കുന്നത് എന്ന വിമർശനം ഫെമിനിസ്റ്റുകൾ വളരെ മുൻപ് തന്നെ ഉന്നയിച്ചിട്ടുണ്ട്.**

### ശാസ്ത്രഭാഷ ലിംഗനിരപേക്ഷമോ

ശാസ്ത്രത്തിന്റെ ഭാഷയിലും രീതിശാസ്ത്രത്തിലും ലിംഗ പ്രത്യയങ്ങൾ കടന്നുവരിക അപൂർവ്വമാണ് . വ്യക്തിനിഷ്ഠമല്ലാത്ത, വസ്തുനിഷ്ഠമായ അതിന്റെ പ്രതിപാദന ശൈലി തന്നെയാവണം പ്രധാന കാരണം . എങ്കിലും ശാസ്ത്രത്തിന്റെ രീതിശാസ്ത്രം പുരുഷന്റെ കണ്ണിലൂടെയാണ് രൂപപ്പെട്ടിരിക്കുന്നത് എന്ന വിമർശനം ഫെമിനിസ്റ്റുകൾ വളരെ മുൻപ് തന്നെ ഉന്നയിച്ചിട്ടുണ്ട്(6,7) . നവോത്ഥാന കാലത്തും തുടർന്നുവന്ന വൈജ്ഞാനിക വിപ്ലവ ഘട്ടത്തിലും സമൂഹത്തിലെ സ്ത്രീയുടെ ഇടപെടൽ പുരുഷയകേന്ദ്രീകൃത നിയമവ്യവസ്ഥകളാൽ പരിമിതപ്പെടുത്തപ്പെട്ടിരുന്നു . ശാസ്ത്രരംഗത്തെ വലിയ മുന്നേറ്റങ്ങൾക്ക് തുടക്കമിടുന്നത് ഈ കാലഘട്ടത്തിലാണ് . സുസംഘടിത രൂപത്തിലേക്ക് പ്രധാന ശാസ്ത്ര ശാഖകളെല്ലാം വളരുന്നതും ശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉരുത്തിരിഞ്ഞു വരുന്നതും ഇക്കാലത്ത് തന്നെയാണ് . ഈ വിജ്ഞാനവിസ്ഫോടനത്തിൽ കാര്യമായ പങ്ക് വഹിക്കാൻ സ്ത്രീകൾക്ക് കഴിയാതിരുന്നത് കൊണ്ടുതന്നെ ശാസ്ത്രത്തിന്റെ ചിന്താപദ്ധതി പുരുഷ കേന്ദ്രീകൃതമായാണ് രൂപപ്പെട്ടത് . എങ്കിലും ഇത്തരം പരിമിതികളെ മറികടക്കാൻ സാധ്യമായ വിധത്തിൽ ലിംഗതുല്യതയെക്കുറിച്ചുള്ള തെളിവുകൾ ജീവശാസ്ത്രവും , നരവംശശാസ്ത്രവും, തലച്ചോറിനെ കുറിച്ചുള്ള പഠനങ്ങളും എല്ലാം മുന്നോട്ട് വെച്ചിട്ടുണ്ട് . ഇങ്ങനെയൊക്കെയാണെങ്കിലും സ്ത്രീയെക്കുറിച്ച് സമൂഹം നിർമ്മിച്ച് വെച്ചിരിക്കുന്ന വാർപ്പ് മാതൃകകൾ സാമൂഹ്യ ഉത്പന്നങ്ങളായ ശാസ്ത്രലോകത്തെ മനുഷ്യരേയും സ്വാധീനിക്കാതെ തരമില്ല .

ഉയർന്ന വിശകലന ശേഷിയും , ഗണിതശേഷിയും , സാങ്കേതിക പരിജ്ഞാനവും ആവശ്യമുള്ളതിനാൽ ശാസ്ത്രവും എഞ്ചിനീയറിംഗും സ്ത്രീകൾക്ക് പറ്റിയ മേഖലകൾ അല്ല എന്നൊരു ധാരണ നില നിന്നിരുന്നു . ഏറെക്കാലം സ്ത്രീകൾക്ക് ശാസ്ത്ര/സാങ്കേതിക കോഴ്സുകളിലേക്ക് പ്രവേശനം പോലും അനുവദിക്കപ്പെട്ടിരുന്നില്ല . അതായത് പുരുഷൻ 100 ൽ നിന്ന് ഓട്ടം തുടങ്ങുമ്പോൾ സ്ത്രീക്ക് നെഗറ്റീവിൽ നിന്ന് തുടങ്ങേണ്ടി വരുന്നു. ശാസ്ത്ര രംഗത്തെ സ്ത്രീ പ്രാതിനിധ്യം കുറേയൊക്കെ മെച്ചപ്പെട്ട് തുടങ്ങിയിട്ടുണ്ട്. ശാസ്ത്ര നോബൽ പട്ടികയിലും ഗ്രാന്റ്, അവാർഡ് പട്ടികകളിലും കൂടുതൽ സ്ത്രീകൾ സ്ഥാനം പിടിച്ച് തുടങ്ങിയിട്ടുമുണ്ട് . എങ്കിലും ഗണിത ശാസ്ത്രം പോലെ, മെക്കാനിക്കൽ

എഞ്ചിനീയറിംഗ് പോലെ ചില സവിശേഷ മേഖലകൾ സ്ത്രീകൾക്ക് അനുയോജ്യമല്ല എന്ന പൊതുബോധം ഇപ്പോഴും നിലനിൽക്കുന്നുണ്ട് . ഇത് ശാസ്ത്ര രംഗത്തേക്കുള്ള, വിശേഷിച്ച് ഈ മേഖലകളിലേക്കുള്ള  സ്ത്രീകളുടെ കടന്നുവരവിനെ തടയുന്നുണ്ട് .

**ഐ ടി രംഗവും പുരുഷകേന്ദ്രീകൃത ഭാഷയും**

ഐ ടി ഭാഷയിലെ വംശീയവും സ്ത്രീ വിരുദ്ധവുമായ പൊതുബോധം അതിൽ ഉപയോഗിക്കുന്ന പല വാക്കുകളിൽ നിന്നു വ്യക്തമാണ് . 'Master-Slave", 'whitelist", 'blacklist", 'Grandfathering" തുടങ്ങിയ പദങ്ങൾ വംശീയമായ മുൻവിധികൾ നിറഞ്ഞതാണ്. 'Fingering", 'Penetration", 'Pentest" ""sucKIT" തുടങ്ങിയ പദങ്ങൾ ലൈംഗികമായ സൂചനകൾ ഉൾക്കൊള്ളുന്നതാണ് . Female connector, male connector എന്നിങ്ങനെ കണക്ടറുകളെ വേർതിരിക്കുന്നതും ലൈംഗിക സൂചകമായിത്തന്നെ. ഉയർന്നു നിൽക്കുന്ന പിൻ ഉള്ളത് പുരുഷ ലൈംഗിക അവയവത്തിന് സമാനമായി  male connector എന്നും അതിനെ ഇറക്കിവെക്കാവുന്ന ദ്വാരമുള്ളത് Female connector എന്നും സൂചിപ്പിക്കുന്നതിലെ ലൈംഗിക നോട്ടം വ്യക്തമാണല്ലോ . നിരവധി പെൺകുട്ടികളും സ്ത്രീകളും ലൈംഗിക ആക്രമണങ്ങൾക്ക് വിധേയമാകുന്ന ലോകത്ത് അത് സ്ത്രീകളിൽ ഉണ്ടാക്കുന്ന മാനസിക പ്രത്യാഘാതങ്ങൾ ആലോചിക്കാവുന്നതേയുള്ളൂ . 'man-in-the-middle attack" ഉം ലിംഗ വിവേചനത്തെ സൂചിപ്പിക്കുന്ന പദം തന്നെ. തുറന്നുകിടക്കുന്ന കമ്പ്യൂട്ടറുകളിൽ നടക്കുന്ന ഹാക്കർ ആക്രമണമായ Evil Maid Attack ലിംഗവിവേചനം മാത്രമല്ല വീട്ടു ജോലിക്കാരായ സ്ത്രീകളോടുള്ള നീചമനോഭാവത്തെ കൂടിയാണ് കുറിക്കുന്നത് . ഇത്തരത്തിൽ സ്ത്രീ വിരുദ്ധവും ലൈംഗികവുമായ ഭാഷ ഉപയോഗിക്കപ്പെടുന്നത് ഈ മേഖല തിരഞ്ഞെടുക്കാൻ സ്ത്രീകൾക്ക് മടിയുണ്ടാക്കും . ഇത്തരം പദങ്ങളെ ലിംഗ നിരപേക്ഷമായി പരിഷ്കരിക്കേണ്ടത് സാമൂഹ്യനീതിയെ സംബന്ധിച്ച് പ്രധാനമാണ് .

**ഇമോജികളിലെ പുരുഷ മേധാവിത്വം**

ലോകത്ത് എല്ലാ ഭാഷ സംസാരിക്കുന്ന മനുഷ്യരും ഉപയോഗിക്കുന്ന ഭാഷയാണ് ഇമോജികളുടേത്. ഒരുപക്ഷേ ആധുനിക കാലത്ത് ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ഭാഷയും ഇതായിരിക്കും. പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണ് ഇമോജി ഉപയോഗിക്കുന്നത് എന്നാണ് കണക്ക് . എന്നാൽ കൂടുതൽ സ്ത്രീകൾ ഉപയോഗിക്കുന്ന ഈ ഭാഷയും ലിംഗവിവേചനത്തിൽ നിന്ന് അന്യമല്ല . Runner, Detective, Police officer തുടങ്ങിയ ഇമോജികളെ അവ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ പുരുഷനായി വിഭാവനം ചെയ്യുകയും പുരുഷന്റെ ചിത്രം ഉൾപ്പെടുത്തുകയും ചെയ്തിരുന്നു . അതേസമയം Person frowning എന്നതിന് സ്ത്രീ മുഖമുള്ള ഇമോജി ആയിരുന്നു ഉപയോഗിച്ചു കൊണ്ടിരുന്നത് . യൂണികോഡ് ആണ് ഇക്കാര്യത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് . ഒടുവിൽ 2016 ൽ യൂണിക്കോഡിന്റെ ഇമോജി സബ്കമ്മിറ്റി ഇടപെട്ടാണ് ഇവയ്ക്ക് സ്ത്രീ -പുരുഷ മുഖങ്ങൾ ഒരുപോലെ ഉൾപ്പെടുത്തിയത്. അരനൂറ്റാണ്ടിന്റെ പോലും പ്ര

**ലോകത്ത് എല്ലാ ഭാഷ സംസാരിക്കുന്ന മനുഷ്യരും ഉപയോഗിക്കുന്ന ഭാഷയാണ് ഇമോജികളുടേത്. ഒരുപക്ഷേ ആധുനിക കാലത്ത് ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ഭാഷയും ഇതായിരിക്കും.  പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണ് ഇമോജി ഉപയോഗിക്കുന്നത് എന്നാണ് കണക്ക് .**

ചാരം ഇല്ലാത്ത, സമീപ കാലത്ത് മാത്രം രൂപപ്പെട്ട, വാക്കുകൾ ഉപയോഗിക്കാത്ത ഭാഷയിൽ പോലും അബോധമായി ലിംഗപരമായ വാർപ്പുമാതൃകകൾ ഇടപെടുന്നു എന്നാണിത് കാണിക്കുന്നത്.

### സ്റ്റീരിയോടൈപ്പുകളും ശാസ്ത്രലോകവും

ഒരു Scientist നെ വരയ്ക്കാൻ ആവശ്യപ്പെട്ടാൽ ഏറെപ്പേരും വരയ്ക്കുക ഒരു പുരുഷനെ ആയിരിക്കും. 28% സ്കൂൾ കുട്ടികൾ മാത്രമാണ് ഒരു സ്ത്രീയെ വരച്ചത് (8). അത്രയെങ്കിലും ശതമാനം കൂടിയത് തന്നെ അടുത്തകാലത്ത് ഉണ്ടായ മാറ്റം ആണത്രേ. Scientist എന്നത് ലിംഗ നിരപേക്ഷമായ ഒരു പദമാണ് എന്നോർക്കണം . മലയാളത്തിൽ ശാസ്ത്രജ്ഞൻ, ശാസ്ത്രജ്ഞ എന്നീ രണ്ട് വാക്കുകൾ ലിംഗഭേദമനുസരിച്ച് നിലവിലുണ്ട്. അപ്പോൾ നമ്മുടെ നാട്ടിലെ എത്ര ശതമാനം കുട്ടികളാവും ഒരു വനിതാ ശാസ്ത്രജ്ഞയെ വരയ്ക്കുക? സ്ത്രീകളെ സംബന്ധിച്ച ഭാഷാപരമായ സ്റ്റീരിയോടൈപ്പുകൾ പെൺകുട്ടികളെ സ്വാധീനിക്കുകയും ശാസ്ത്ര സാങ്കേതിക രംഗത്തേക്കുള്ള അവരുടെ കടന്നുവരവിനെ തടയുകയും ചെയ്യുന്നുണ്ട് (9). സ്റ്റീരിയോ ടൈപ്പുകളെ സമൂഹത്തിൽ കൈമാറുന്നതിലും നിലനിർത്തുന്നതിലും ഭാഷക്കാണ് പ്രധാന പങ്ക്.

പുരുഷന്മാർക്കൊപ്പം സ്ത്രീകളും ഈ സ്റ്റീരിയോ ടൈപ്പ് ദുർവ്യാഖ്യാനത്തിൽ പങ്ക് ചേരുന്നുണ്ട് . പുരുഷന്മാരെക്കാൾ നാമമാത്രം കൂടുതൽ സ്ത്രീകളാണ് ഇവയെ സ്ത്രീയായി സങ്കൽപ്പിച്ചത്. വിവരസാങ്കേതിക വിദ്യ പൊതുവേയും , പ്രോഗ്രാമിംഗ് , ഹാർഡ്വെയർ തുടങ്ങിയവ വിശേഷിച്ചും പുരുഷന്റെ മേഖലയായി സമൂഹം കണക്കാക്കുന്നുണ്ട്.

### ഐടിയും സ്ത്രീകളും

പ്രധാനപ്പെട്ട മറ്റൊരു കാര്യം ലിംഗനിരപേക്ഷമായ ശാസ്ത്ര -സാങ്കേതിക പദങ്ങൾ നിലനില്ക്കുമ്പോൾ പോലും അവയെ പുരുഷന് അനുകൂലമായി വ്യാഖ്യാനിക്കാനാണ് സമൂഹം താല്പര്യം പ്രകടിപ്പിക്കുന്നത് എന്നതാണ് . Scientist എന്ന പദത്തെ പുരുഷനായി വ്യാഖ്യാനിക്കും പോലെ തന്നെ വിവര സാങ്കേതിക വിദ്യയിലെ പദങ്ങളും ഇത്തരത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട് . ഈ രംഗത്ത് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പദങ്ങളായ User, Participant, Person, Designer, Researcher തുടങ്ങിയ പദങ്ങൾ എല്ലാം തന്നെ ജൻഡർ ന്യൂട്രൽ ആണെങ്കിലും ഇവ പുരുഷ കേന്ദ്രീകൃതമായി തന്നെ വ്യാഖ്യാനിക്കപ്പെടുന്നു (2). പുരുഷന്മാർക്കൊപ്പം സ്ത്രീകളും ഈ സ്റ്റീരിയോ ടൈപ്പ് ദുർവ്യാഖ്യാനത്തിൽ പങ്ക് ചേരുന്നുണ്ട് . പുരുഷന്മാരെക്കാൾ നാമമാത്രം കൂടുതൽ സ്ത്രീകളാണ് ഇവയെ സ്ത്രീയായി സങ്കൽപ്പിച്ചത്. വിവരസാങ്കേതിക വിദ്യ പൊതുവേയും , പ്രോഗ്രാമിംഗ് , ഹാർഡ്വെയർ തുടങ്ങിയവ വിശേഷിച്ചും പുരുഷന്റെ മേഖലയായി സമൂഹം കണക്കാക്കുന്നുണ്ട്. എന്നാൽ തുടക്ക കാലത്തെ അവസ്ഥ അങ്ങനെയായിരുന്നില്ല . ആദ്യ പ്രോഗ്രാമറായ അഡ ലവ്ലേസും , എനിയാക്കിന്റെ പ്രോഗ്രാമർമാരായിരുന്ന സ്ത്രീകളും തുടങ്ങി ആ മേഖലയിൽ മോശമല്ലാത്ത സ്ത്രീപ്രാതിനിധ്യം നിലനിന്നിരുന്നു(10) . പക്ഷേ ഇത് കുറഞ്ഞു വരികയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു . ഐ ടി മേഖലയിലെ സ്ത്രീ പ്രാതിനിധ്യം മെച്ചപ്പെടുത്താൻ പദ്ധതികൾ ഉണ്ടായിട്ടു പോലും ഇത് മെച്ചപ്പെടുത്താൻ കഴിയുന്നുമില്ല . ഐ ടി രംഗം സ്ത്രീകൾക്ക് അനുയോജ്യമല്ല എന്ന പൊതുബോധമാണ് ഇക്കാര്യത്തിലെ വില്ലൻ. മാത്രമല്ല

പുരുഷനെക്കാൾ കുറഞ്ഞ വേതനവും പ്രമോഷനുകളിലെ ചില്ലുമേലാപ്പ് പ്രതിഭാസവുമെല്ലാം ഐ ടി മേഖലയിലേക്കുള്ള സ്ത്രീകളുടെ കടന്നുവരവിനെ തടയുന്നുണ്ട് .

പൊതുബോധവും സ്റ്റീരിയോ ടൈപ്പിങ്ങും വിദ്യാഭ്യാസ ആവശ്യത്തിന് ഐ ടി സങ്കേതങ്ങൾ , ഉപയോഗിക്കുന്നതിൽ നിന്നും പ്രോഗ്രാമിംഗ് ഭാഷകൾ പഠിക്കുന്നതിൽ നിന്നും പെൺകുട്ടികളെ പിന്നോട്ട് വലിക്കുന്നു. ഹോങ്കോങ്ങിലെ സർവ്വകലാശാല വിദ്യാർഥികൾക്കിടയിൽ നടത്തിയ സർവേയിൽ കമ്പ്യൂട്ടർ ഉപയോഗത്തിൽ പെൺകുട്ടികൾ ആൺകുട്ടികളെ അപേക്ഷിച്ച് ആത്മവിശ്വാസക്കുറവുണ്ട് എന്ന് വ്യക്തമായി . ഇത് ഇവരുടെ പ്രകടനത്തെ സാരമായി ബാധിക്കുന്നുമുണ്ട് . കോവിഡ് കാലം പോലെ വിവര സാങ്കേതിക വിദ്യകളെ ആശ്രയിച്ച് മാത്രം അദ്ധ്യയനം സാധ്യമാകുന്ന അവസ്ഥയിൽ ഇത് പെൺകുട്ടികളുടെ പഠന നിലവാരത്തിന് വളരെയേറെ ദോഷം ചെയ്യും.

### ശാസ്ത്ര രംഗത്തെ പെൺഭാഷ

ഒരാൾ ഉപയോഗിക്കുന്ന ഭാഷ അയാളുടെ ആത്മവിശ്വാസത്തിന്റെ കണ്ണാടി കൂടിയാണ് . പുരുഷന്മാർ പൊതുവേ അക്രമണോത്സുകവും ആത്മവിശ്വാസം നിറഞ്ഞതുമായ ഭാഷ ഉപയോഗിക്കുന്നു . അതേസമയം സ്ത്രീകൾ സൌമ്യവും , ഉൾവലിഞ്ഞതുമായ ഭാഷ ഉപയോഗിക്കാനാണ് സമൂഹത്താൽ പരിശീലിപ്പിക്കപ്പെടുന്നത്. ഇത് തൊഴിൽ രംഗത്തും വിദ്യാഭ്യാസ രംഗത്തും തങ്ങളുടെ അഭിപ്രായങ്ങളെ ശക്തിയുക്തം അവതരിപ്പിക്കുന്ന കാര്യത്തിൽ സ്ത്രീകളെ പിന്നിലാക്കുന്നുണ്ട് . ഗവേഷണ ഫലങ്ങൾ അക്കാദമിക സമൂഹത്തിന് മുന്നിലും പിയർ ഗ്രൂപ്പിന് മുന്നിലും അവതരിപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന ഭാഷക്ക് വലിയ പ്രാധാന്യമുണ്ട് . ആത്മവിശ്വാസത്തോടെ കാര്യങ്ങളെ അവതരിപ്പിച്ചുകൊണ്ട് മാത്രമേ ഗവേഷണത്തിന് പൊതുശ്രദ്ധയും ഗ്രാന്റുകളും നേടിയെടുക്കാൻ കഴിയൂ . ഇക്കാര്യത്തിൽ പുരുഷ ഗവേഷകരെ അപേക്ഷിച്ച് സ്ത്രീകൾ പിന്നിലാണ് എന്ന് പഠനങ്ങളുണ്ട് . 'excellent", 'unique", 'novel" തുടങ്ങിയ വിശേഷണങ്ങൾ സ്വന്തം ഗവേഷണത്തെപ്പറ്റി ഉപയോഗിക്കുന്നതിന് സ്ത്രീകൾ മടിക്കുന്നു . ഇത് ഗവേഷണ ഫലങ്ങൾക്ക് ശ്രദ്ധ കിട്ടാതിരിക്കാനും മറ്റ് പ്രബന്ധങ്ങളിൽ ഇവ സൂചിപ്പിക്കപ്പെടാതിരിക്കാനും ഇടയാക്കുന്നുണ്ട്. ഇത് അത്ര നിസ്സാരമായ ഒന്നല്ല . ജോലികൾക്ക് തെരഞ്ഞെടുക്കുമ്പോഴും ശമ്പളം നിർണ്ണയിക്കുമ്പോഴും ഗവേഷണ പേപ്പറുകൾ എത്ര പേർ സൈറ്റ് ചെയ്തു എന്നത് പ്രധാന മാനദണ്ഡം ആകാറുണ്ട് . ഭാഷയിലൂടെ പുറത്തുവരുന്ന ആത്മാവിശ്വാസക്കുറവ് അങ്ങനെ വനിതാ ശാസ്ത്രജ്ഞരുടെ തൊഴിൽ സാധ്യതകളേയും വരുമാനത്തേയും ബാധിക്കുന്നു .

ഗവേഷണ ഫലങ്ങൾ അക്കാദമിക സമൂഹത്തിന് മുന്നിലും പിയർ ഗ്രൂപ്പിന് മുന്നിലും അവതരിപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന ഭാഷക്ക് വലിയ പ്രാധാന്യമുണ്ട് . ആത്മവിശ്വാസത്തോടെ കാര്യങ്ങളെ അവതരിപ്പിച്ചുകൊണ്ട് മാത്രമേ ഗവേഷണത്തിന് പൊതുശ്രദ്ധയും ഗ്രാന്റുകളും നേടിയെടുക്കാൻ കഴിയൂ .

### ഡാറ്റ അലഭ്യത

ഭാഷയിൽ ഉപയോഗിക്കുന്ന ലിംഗ വിവേചനം യഥാർഥത്തിൽ ശാസ്ത്രീയമായ പഠനങ്ങളേയും ഗവേഷണങ്ങളേയും പരിമിതപ്പെടുത്തുന്നുണ്ട് . പുരുഷ പ്രത്യയങ്ങൾ ഉപയോഗിച്ചുള്ള ചോദ്യവലികളും വിവരണങ്ങളും സ്ത്രീകളെ അതിൽ നിന്ന് വിട്ടുനിൽക്കാൻ പ്രേരിപ്പിക്കുകയും അതുവഴി കിട്ടുന്ന ഗവേഷണ ഫലം അപൂർണ്ണവും വസ്തുതകളെ ശരിയായി പ്രതിഫലിപ്പിക്കാത്തതും ആയി മാറുകയും ചെയ്യുന്നു . പല രംഗങ്ങളിലും സ്ത്രീകളെ സംബന്ധിച്ച ഡാറ്റകൾ ലഭ്യമേ അല്ലാത്ത അവസ്ഥയുമുണ്ട് . അത് ഉപകരണങ്ങളുടെ ഡിസൈൻ , നിയമ നിർമ്മാണങ്ങൾ , പശ്ചാത്തല സൌകര്യ വികസനം

എന്നിവയിലെല്ലാം പുരുഷന്റെ കാഴ്ചപ്പാടുകൾക്കും സൌകര്യങ്ങൾക്കും ഊന്നൽ ലഭിക്കാൻ ഇടയാക്കുന്നു . അത് നിലവിലുള്ള ജൻറ്റർ വിടവിന് ആക്കം കൂട്ടുകയും ചെയ്യുന്നു.

**ടെക്നിക്കൽ കമ്യൂണിക്കേഷനും സ്ത്രീകളും**

ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും മറ്റ് മേഖലകളിൽ എല്ലാം സ്ത്രീകളോടുള്ള വിവേചനം നില നിൽക്കുമ്പോഴും സ്ത്രീകൾക്ക് പ്രാമുഖ്യമുള്ള ഒരു മേഖലയാണ് ടെക്നിക്കൽ കമ്യൂണിക്കേഷൻ . ഭാഷാപരമായ കഴിവുകളിൽ സ്ത്രീകൾ മുൻപന്തിയിൽ നിൽക്കുന്നു എന്നതാണ് ഇതിന് ഒരു കാരണം . രണ്ടാമത്തേത് എഴുത്ത് പോലെ ശാരീരികാധ്വാനം ആവശ്യമില്ലാത്ത കസേരയിൽ ഇരുന്നു ചെയ്യാവുന്ന ജോലികൾ സ്ത്രീകൾക്ക് ഇണങ്ങിയതാണ് എന്ന മുൻവിധിയും ഈ രംഗത്തേക്ക് കൂടുതൽ സ്ത്രീകളെ എത്തിക്കുന്നു . ആദ്യകാലത്ത് പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങളും മറ്റും കൂടുതലായി എഴുതേണ്ടി വന്നത് ഗൃഹോപകരണങ്ങൾക്കായിരുന്നു . സ്വാഭാവികമായും ഇവ ഉപയോഗിക്കുന്ന / ഉപയോഗിക്കേണ്ടവർ എന്ന നിലയ്ക്ക് സ്ത്രീകൾ ഈ മേഖലയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഏതായാലും ഈ രംഗത്ത് നിലവിൽ സ്ത്രീകളുടെ മെച്ചപ്പെട്ട പ്രാതിനിധ്യം നിലനിൽക്കുന്നു .

ശാസ്ത്ര സാങ്കേതിക രംഗത്ത് സ്ത്രീകൾ കുറയുന്നത് കൊണ്ടുള്ള നഷ്ടം ആർക്കാണ് ? പഠിക്കുകയും പരിശീലനം നേടുകയും ചെയ്ത സ്ത്രീകൾ ഉയർന്ന പദവിയിലോ ഗവേഷണ രംഗത്തോ എത്താതെ പോകുന്നതിന്റെ നഷ്ടം സമൂഹത്തിന് തന്നെയാണ് .

ശാസ്ത്ര സാങ്കേതിക രംഗത്ത് സ്ത്രീകൾ കുറയുന്നത് കൊണ്ടുള്ള നഷ്ടം ആർക്കാണ് ? പഠിക്കുകയും പരിശീലനം നേടുകയും ചെയ്ത സ്ത്രീകൾ ഉയർന്ന പദവിയിലോ ഗവേഷണ രംഗത്തോ എത്താതെ പോകുന്നതിന്റെ നഷ്ടം സമൂഹത്തിന് തന്നെയാണ് . മാത്രമല്ല വ്യത്യസ്തതകൾ നിലനിൽക്കുമ്പോഴേ സമഗ്രമായ കാഴ്ചപ്പാടുകൾ രൂപപ്പെടൂ . നമ്മുടെ പൊതുരംഗവും ഡാറ്റയും മുഴുവൻ പുരുഷ കേന്ദ്രീകൃതമായി തുടരുന്നത് സ്ത്രീകളുടെ കാഴ്ചപ്പാടുകളും ആവശ്യങ്ങളും അവതരിപ്പിക്കാൻ ആളില്ലാത്തതു കൊണ്ടും തീരുമാനങ്ങൾ എടുക്കുന്ന , താക്കോൽ സ്ഥാനങ്ങളിൽ സ്ത്രീകൾ എത്താത്തത് കൊണ്ടുമാണ് . സാമൂഹിക വ്യവഹാരങ്ങളിലും ശാസ്ത്ര രംഗത്തുമെല്ലാം മറ്റൊരു കാഴ്ചപ്പാടിനുള്ള സാധ്യത സ്ത്രീകളുടെ അഭാവത്തിൽ ഇല്ലാതാകുന്നു . പുരുഷപക്ഷത്ത് നിൽക്കുന്ന ഭാഷയ്ക്ക് ഇതിലുള്ള പങ്ക് വലുതാണ് . ഭാഷ പരിഷ്കരിക്കാൻ കഴിയാത്ത ഒന്നല്ല . അതിലുണ്ടാകുന്ന ചെറിയ മാറ്റങ്ങൾ തുല്യനീതിയുള്ള ഒരു സമൂഹത്തെ നിർമ്മിക്കാൻ സഹായിക്കുമെങ്കിൽ എന്തിന് മടിച്ച് നിൽക്കണം.


1. http://murielrukeyser.emuenglish.org/2018/12/07/myth/
2. Caroline Criado Perez, Invisible Women: Exposing Data Bias in a World Designed for Men,Harry N. Abrams 2019
3. Sczensy Sabine, Formanowicz Magda, Moser Franziska, Can Gender-Fair Language Reduce Gender Stereotyping and Discrimination, Front. Psychol., 02 February 2016
4. Prewitt-Freilino, J. L., Caswell, T. A., & Laakso, E. K. (2012). The gendering of language: A comparison of gender equality in countries with gendered, natural gender, and genderless languages. Sex Roles: A Journal of Research, 66(3-4), 268-281.
5. Marry Bucholtz, Kira Hall, Identity and interaction: a sociocultural linguistic approach, Discourse Studies, 2005
6. Sandra Harding,The Science Question in Feminism, Cornell University Press 1986
7. Sandra Harding, Whose Science? Whose Knowledge?Thinking from Women's Lives, Cornell University Press 2016
8. https://www.theatlantic.com/science/archive/2018/03/what-we-learn-from-50-years-of-asking-children-to-draw-scientists/556025/
9. https://www.theatlantic.com/science/archive/2018/03/what-we-learn-from-50-years-of-asking-children-to-draw-scientists/556025/
10. Tone Bratteteig, Understanding IT and gender,Lecture given at the OECD-CERI Conference, 2008

പഠനം

**സ്മൃതി എസ്. ബാബു**
അധ്യാപിക, മലയാളവിഭാഗം, ഡി ബി കോളേജ്,
തലയോലപ്പറമ്പ്



# സ്ത്രൈണതയുടെ ദൃശ്യ ലാവണ്യം



**കൗമാര കാമനകളെ മുൻനിർത്തി രീതിയെക്കുറിച്ചുള്ള ചിട്ടകളും വഴക്കങ്ങളും സൗന്ദര്യ ശാസ്ത്രപരമായി അട്ടിമറിക്കപ്പെട്ട ചിത്രമായിരുന്നു രതിനിർവേദം.**

മാധ്യമങ്ങളിലെ സ്ത്രീ എന്നും ഒരു വിവാദ വിഷയമാണ്. കാഴ്ചയുടെ കലയായ സിനിമയിൽ, സ്ക്രീൻ സ്പേസിൽ ഉൾപ്പെടെ പുരുഷാധിപത്യ പ്രത്യയശാസ്ത്രങ്ങളാണ് സാധാരണയായി വർത്തിക്കുന്നതെങ്കിലും ഭരതൻസിനിമകൾ പലപ്പോഴും ഇതിനൊരു അപവാദമായി മാറുന്നു. നിറങ്ങളുടെ അപൂർവ്വ വിന്യാസം പോലെതന്നെ സൗന്ദര്യാവിഷ്കരണത്തിലെ അപൂർവതയും അദ്ദേഹത്തിന്റെ ചിത്രങ്ങളിൽ കാണാം. അത് കേവലം ബാഹ്യസൗന്ദര്യ പ്രകാശനങ്ങളിൽ മാത്രമല്ല. ലൈംഗികതയടക്കമുള്ള കാര്യങ്ങളിൽ എടുക്കുന്ന നിലപാടുകളിലൂടെയും അഭിപ്രായപ്രകടനങ്ങളിലൂടെയും സ്വന്തം സ്വത്വം ഉറപ്പിക്കുന്ന സ്ത്രീകഥാപാത്രങ്ങൾ ഈ ചിത്രങ്ങളിലുണ്ട് . ആദ്യചിത്രമായ പ്രയാണത്തിലെ സാവിത്രി മുതൽ തുടർന്നിങ്ങോട്ടുള്ള മിക്ക ചിത്രങ്ങളിലും വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ അഭ്രപാളിയിൽ തെളിയുന്നു. സ്വതന്ത്രസ്വത്വമുള്ള കഥാപാത്രങ്ങളിൽ രതിനിർവേദത്തിലെ രതി, തകരയിലെ സുഭാഷിണി, പാർവ്വതി യിലെ പാർവ്വതി എന്നിവർ സവിശേഷത ശ്രദ്ധയർഹിക്കുന്നവരാണ് . കൗമാര കാമനകളെ മുൻനിർത്തി രീതിയെക്കുറിച്ചുള്ള ചിട്ടകളും വഴക്കങ്ങളും സൗന്ദര്യ ശാസ്ത്രപരമായി അട്ടിമറിക്കപ്പെട്ട ചിത്രമായിരുന്നു രതിനിർവേദം. ചിത്രത്തിലെ നായികയായ രതി വിവാഹപ്രായം (സമൂഹം നിർമ്മിതിയായ വിവാഹ പ്രായം) കഴിഞ്ഞിട്ടും വിവാഹമൊന്നും 'ശരിയാകാതെ' നിൽക്കുന്നവളായാണ് അവതരിപ്പിക്കപ്പെടുന്നത്. എന്നാൽ വിവാഹം നടക്കാത്തതിന്റെ ആകുലതകളൊന്നും തന്നെ അവൾക്കില്ല . കുട്ടികളോടൊപ്പം നീർക്കുമിളകൾ ഉണ്ടാക്കുവാനും കണ്ണുപൊത്തി കളിക്കാ

നും അവളുണ്ട്. 'യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം' എന്ന് പറയുന്ന തരം പ്രകൃതം പലപ്പോഴും അവളിൽ കാണാം. എന്നാൽ അനുകൂല സാഹചര്യങ്ങളിൽ തന്റെ കാമ മോഹങ്ങൾ പ്രകടമാക്കുവാനും അവൾ മടിക്കുന്നില്ല. രതി എന്ന പേര് തന്നെ പ്രത്യേകതയുള്ളതാണ്. അംഗലാവണ്യവും അതിനെ കൂടുതൽ പ്രകാശിപ്പിക്കുന്ന തരത്തിലുള്ള വസ്ത്രധാരണവും കൊണ്ട് അവൾ തന്റെ പേരിനെ അന്വർത്ഥമാക്കുന്നു. അവിവാഹിതയായ രതിക്ക് പപ്പുവിനോട് ആദ്യം തോന്നുന്ന വികാരം വാത്സല്യമാണ് . എന്നാൽ പൂർത്തീകരിക്കപ്പെടാത്ത കാമനകൾ അനുകൂലമായ ചുറ്റുപാടുകളിൽ വാത്സല്യത്തിനുമേൽ ലൈംഗിക ചിന്തകൾ ഉണർത്തുന്നു. പപ്പുവിനോട് അടുപ്പം തോന്നിയ അവൾ മറ്റൊരു വിവാഹം ഇഷ്ടപ്പെടുന്നില്ല . അവന്റെ ആലിംഗനങ്ങളെ എതിർക്കുമ്പോഴും അവളത് ആഗ്രഹിക്കുന്നുണ്ട്. സ്ത്രീയുടെ പ്രണയ കാമനകളെ സദാചാരബോധ്യങ്ങൾക്കു പുറത്തുനിന്നുകൊണ്ട് വെളിപ്പെടുത്തിയ കഥാപാത്രമാണ് രതി . തകരയിലെ നായികയായ സുഭാഷിണിക്ക് പ്രണയം തോന്നിയതാകട്ടെ മന്ദബുദ്ധിയായ തകരയോടാണ് . രണ്ടു വ്യക്തികൾക്ക് തമ്മിൽ പ്രണയം തോന്നാനുതകുന്ന പ്രാഥമിക ഘടകങ്ങളിലൊ



**രണ്ടു വ്യക്തികൾക്ക് തമ്മിൽ പ്രണയം തോന്നാനുതകുന്ന പ്രാഥമിക ഘടകങ്ങളിലൊന്നാണ് ബാഹ്യസൗന്ദര്യം എന്ന കൽപ്പിത നിയമത്തിന്റെ പൊളിച്ചെഴുത്താണ് ഈൗളയും ഒലിപ്പിച്ചു നടക്കുന്ന തകര യോടുള്ള സുഭാഷിണിയുടെ പ്രണയം.**

ന്നാണ് ബാഹ്യസൗന്ദര്യം എന്ന കൽപ്പിത നിയമത്തിന്റെ പൊളിച്ചെഴുത്താണ് ഈൗളയും ഒലിപ്പിച്ചു നടക്കുന്ന തകരയോടുള്ള സുഭാഷിണിയുടെ പ്രണയം. നാട്ടിലെ മറ്റു പുരുഷന്മാരുടെ കൊച്ചുവർത്തമാനങ്ങൾക്കൊന്നും അവൾ വഴങ്ങുന്നില്ല എന്നു മാത്രമല്ല അവരെക്കുറിച്ച് ഭീകരനായ പിതാവിനോട് പരാതി പറയുന്നുമുണ്ട്. സാധാരണ കാണുന്ന നായികാ കഥാപാത്രങ്ങളുടെ അടക്കവും ഒതുക്കവും ഒന്നും അവൾ പുലർത്തുന്നില്ല . നടപ്പിലും ഇരിപ്പിലും സംസാരത്തിലും എല്ലാം കൂസലില്ലായ്മ നിറഞ്ഞു നിൽക്കുന്നതാണ് സുഭാഷിണിയുടെ പ്രകൃതം . ലജ്ജാ വിവശയായ ഒരു കാമുകി അല്ല അവൾ . എന്നാൽ തകരയോടുള്ള നോട്ടത്തിൽ അവൾക്ക് അവനോടുള്ള പ്രണയം പ്രകടമാണ്. തകരയുമായുള്ള ലൈംഗിക ബന്ധത്തിൽ മുൻകൈയെടുക്കുന്നത് സുഭാഷിണിയാണ് എന്നത് ഏറെ ശ്രദ്ധേയം. സ്ത്രീകൾ ലൈംഗികതയിൽ ഒരു ഉപകരണം മാത്രമാണെന്ന കാഴ്ചപ്പാടിനേൽക്കുന്ന പ്രഹരമാണ് സുഭാഷിണി എന്ന കരുത്തയായ സ്ത്രീയുടെ ലൈംഗിക ഇടപെടലുകൾ. പാർവതിയിലെ നായികയായ പാർവതി

സാമ്പ്രദായിക ജീവിത രീതികളിൽ നിന്ന് പുറത്ത് കടക്കുകയും തന്റെ കാമ്യ പരിഗ്രഹേച്ഛകളെ സ്വന്തമാക്കാൻ ശ്രമിക്കുന്നവളുമാണ്. കുടുംബത്തിന്റെ മുഴുവൻ സംരക്ഷകയായും അവൾ മാറുന്നുണ്ട്. തന്റെ കുടുംബത്തിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് തനിക്ക് ഒരു വിവാഹജീവിതം ഉണ്ടാകും എന്ന് അവൾ കരുതുന്നില്ല . എന്നാൽ ശരീരത്തിന്റെയും മനസ്സിന്റെയും ചോദനകളെ നിയന്ത്രിക്കുവാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് അവൾ ഉറുമീസിനോട് അടുക്കുന്നത്. തന്റെ രത്യാഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുകയും സ്ത്രീത്വത്തെ തിരിച്ചറിയുകയും ചെയ്ത ഉറുമീസിനോട് മാത്രമാണ് അവൾ വിധേയത്വം കാണിക്കുന്നത്. രതി, സുഭാഷിണി, പാർവതി എന്നീ കഥാപാത്രങ്ങളെ അവതരിപ്പിച്ച ജയഭാരതി ,സുരേഖ ,ലത എന്നിവർ ബാഹ്യമായ രൂപലാവണ്യങ്ങളെല്ലാം തികഞ്ഞവരായിരുന്നു . എന്നാൽ കേവലം രതിചോദകങ്ങളായ ശരീരം എന്ന നിലയിലല്ല അവർ വെള്ളിത്തിരയിൽ പ്രത്യക്ഷരായത്. നായകന്മാർക്കൊപ്പമോ അതിനേക്കാളേറെയോ ആയിരുന്നു അവരുടെ സ്ഥാനം . സ്ക്രീൻ സ്പേസിൽ ഉൾപ്പെടെ അത്

പാർവതിയിലെ നായികയായ പാർവതി സാമ്പ്രദായിക ജീവിത രീതികളിൽ നിന്ന് പുറത്ത് കടക്കുകയും തന്റെ കാമ്യ പരിഗ്രേച്ഛകളെ സ്വന്തമാക്കാൻ ശ്രമിക്കുന്നവളുമാണ്.




പ്രകടവുമാണ് . ഈ നായികമാർ തിരഞ്ഞെടുത്ത പുരുഷന്മാരാകട്ടെ അംഗീകൃത നായക സങ്കൽപ്പങ്ങൾക്കിണങ്ങാത്ത കൗമാരപ്രായക്കാരൻ , മന്ദബുദ്ധി, വിവാഹിതനും മദ്ധ്യവയസ്കനുമായ വ്യക്തി എന്നിവരാണ്. ചിത്രങ്ങളുടെ അവസാന ഭാഗങ്ങളിൽ ഈ നായകന്മാരുടെ 'ഇല്ലാതാകൽ 'സിനിമയുടെ പുരുഷാധിപത്യ വ്യാകരണ നിയമങ്ങളുടെ തിരുത്തിക്കുറിക്കലുകൾ കൂടിയാകുന്നു .... ലൈംഗിക ബന്ധങ്ങളിലെ ആണധികാരങ്ങളെ നിരസിച്ച് സ്ത്രീലൈംഗികത അനാവൃതമാക്കിയ ചിത്രങ്ങളായിരുന്നു രതിനിർവ്വേദം,തകര, പാർവതി എന്നിവ. സ്ത്രീയുടെ അടിസ്ഥാന കാമനകളെ സത്യസന്ധമായി ചിത്രങ്ങളിൽ ആവിഷ്കരിച്ചിരിക്കുന്നു. ഇതിലെ നായികമാർ രതിയെക്കുറിച്ച് സ്വന്തമായ കാഴ്ചപ്പാട് പുലർത്തുന്നവരും അത് പ്രകടമാക്കുന്നവരുമാണ്. രതി, സുഭാഷിണി , പാർവതി എന്നിവരുടെ ഉടൽ

വിന്യാസത്തിൽ തന്നെ ലൈംഗികത ദൃശ്യമാണ്. സുന്ദരികളും കരുത്തരുമാണ് ഈ സ്ത്രീ കഥാപാത്രങ്ങൾ. ഇഷ്ട പുരുഷനോടുള്ള പ്രണയവും രതിയും ആണ് അവരെ ദുർബലരാക്കിയിരിക്കുന്നത്. പ്രണയവും രതിയും ജീവിതവും മരണവും വേർതിരിക്കപ്പെടാത്ത ഒന്നായി അവതരിപ്പിക്കപ്പെടുന്ന ഈ ചിത്രങ്ങളിലെ മുഖ്യ സ്ത്രീകഥാപാത്രങ്ങളുടെ ചെറുചലനങ്ങളിൽ പോലും രതിയുടെ സൂക്ഷ്മമായ പകർച്ചകളുണ്ട് . സുന്ദരികളായ നായികമാരൊടൊപ്പം പലപ്പോഴും സുന്ദരമായ പ്രകൃതിയും ദൃശ്യപ്പെടുന്നു . പ്രകൃതി തന്നെ സ്ത്രീയായി മാറുന്ന കാഴ്ചയും ചിലയിടങ്ങളിൽ കാണാം .സ്ത്രീ-പുരുഷ ബന്ധങ്ങളുടെ മനശ്ശാസ്ത്രപരമായ സമീപനം ചിത്രങ്ങളിലെ രതിരംഗങ്ങളെ സ്വാഭാവിക ലൈംഗികത എന്ന നിലയിലേക്ക് കാഴ്ചപ്പെടുത്തുന്നു. സ്ത്രീകളുടെ മാനസിക ഭാവങ്ങൾ പ്രവചനാതീതമാണ് എന്ന വാദത്തെ ഉറപ്പിക്കു



സുന്ദരികളായ നായികമാരോടൊപ്പം പലപ്പോഴും സുന്ദരമായ പ്രകൃതിയും ദൃശ്യപ്പെടുന്നു . പ്രകൃതി തന്നെ സ്ത്രീയായി മാറുന്ന കാഴ്ചയും ചിലയിടങ്ങളിൽ കാണാം .സ്ത്രീ-പുരുഷ ബന്ധങ്ങളുടെ മനശ്ശാസ്ത്രപരമായ സമീപനം ചിത്രങ്ങളിലെ രതിരംഗങ്ങളെ സ്വാഭാവിക ലൈംഗികത എന്ന നിലയിലേക്ക് കാഴ്ചപ്പെടുത്തുന്നു.

ന്ന തരം തിരഞ്ഞെടുപ്പുകൾ ആണ് ഈ നായികമാർ നടത്തുന്നത്. അവരുടെ കാമമോഹങ്ങളുടെ പ്രകാശനവും പ്രകടനവും അങ്ങനെതന്നെ.മാദക ശരീരവും സൗന്ദര്യവുമുള്ള സ്ത്രീകളെ പ്രത്യേക കള്ളികളിൽ ഉൾപ്പെടുത്തി അശ്ലീല ഭാവം നൽകി പ്രദർശിപ്പിക്കുന്ന സിനിമയുടെ ലോകത്താണ് ഈ മൂന്ന് സ്ത്രീകൾ തങ്ങളുടെ ഉടലഴകും ഉള്ളഴകുമായി നിറഞ്ഞു തെളിഞ്ഞു നിൽക്കുന്നത്.

ശാസ്ത്രം

**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ



# എൺപത്തിരണ്ടു വയസ്സിൽ ബഹിരാകാശം തൊട്ട് വാലി ഫങ്ക്

എൺപത്തിരണ്ടാം വയസ്സിൽ ഒരു ബഹിരാകാശ യാത്ര! അതും ഒരു വനിത. അസാധ്യം എന്ന് പറയുന്നവർക്കൊരു മറുപടിയാണ് വാലി ഫങ്ക് എന്ന എൺപത്തികാരിയുടെ ബഹിരാകാശപ്പറക്കൽ. ഈ വർഷം ജൂലൈ 20 ന് ആമസോൺ സ്ഥാപകനായ ജെഫ് ബെസോസിനൊപ്പം ബഹിരാകാശ വിസ്മയങ്ങളിലേക്ക് പറന്നുയർന്ന മൂന്നു പേരിൽ ഒരാൾ വാലി ഫങ്ക് ആയിരുന്നു. ആറു പതിറ്റാണ്ട് കാത്തിരുന്ന് സ്വപ്നസാക്ഷാൽക്കാരം നടത്തിയ വാലിക്ക് ഇതൊരു മധുര പ്രതികാരം കൂടിയാണ്. കാരണമെന്തെന്നല്ലേ? 1960-കളിൽ യു.എസ്സിൽ മെർക്കുറി-13 എന്ന പേരിൽ അറിയപ്പെട്ട, വനിതാ ബഹിരാകാശ പരിശീലന പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ വനിതയായിരുന്നു വാലി. വർഷങ്ങൾ നീണ്ട അതികഠിനമായ പരിശീലനക്കടമ്പകളൊക്കെ താണ്ടിയെങ്കിലും ബഹിരാകാശപ്പറക്കലിന് ആ സംഘത്തിലെ ആർക്കും അന്ന് അവസരം ലഭിച്ചില്ല. സ്ത്രീകളെ തൽക്കാലം ബഹിരാകാശത്തേക്ക് അയക്കേണ്ട എന്നായിരുന്നുവത്രേ അന്ന് നാസയുടെ തീരുമാനം. 1939-ൽ ന്യൂ മെക്സിക്കോയിലെ ലാസ് വെഗാസിലാണ് വാലിയുടെ ജനനം. കുട്ടിക്കാലത്തു തന്നെ ആകാശപ്പറക്കൽ ആ പെൺകുട്ടിയുടെ സ്വപ്നങ്ങളിൽ നിറഞ്ഞു നിന്നിരുന്നു. തന്റെ സ്വപ്നങ്ങൾ കൈവിടാതെ കാത്തുസൂക്ഷിച്ച ആ പെൺകുട്ടി ആകാശ സാധ്യതകളിലേക്ക് പറന്നുയരുക തന്നെ ചെയ്തു. അമേരിക്കയിൽ അക്കാലത്ത് പൈലറ്റ് ലൈസൻസ് എടുത്ത ചുരുക്കം വനിതകളിൽ ഒരാളായിരുന്നു വാലി. എന്നാൽ സ്ത്രീയാണെന്നതിന്റെ പേരിൽ പല വിമാനക്കമ്പനികളും പൈലറ്റ് ആയി അവസരം നൽകാൻ മടിച്ചു. എന്നാൽ പിന്മാറാൻ തയ്യാറായിരുന്നില്ല വാലി ഫങ്ക്.അമേരിക്കയിലെ നാഷണൽ ട്രാൻസ്പോർട്ടേഷൻ സേഫ്റ്റി ബോർഡിൽ ആദ്യ വനിതാ എയർ സേഫ്റ്റി ഇൻവെസ്റ്റിഗേറ്റർ, യു.എസ്സ് മിലിട്ടറി ബേസിലെ ആദ്യ

ഫ്ലൈറ്റ് ഇൻസ്ട്രക്റ്റർ എന്നീ റെക്കോഡുകൾ വാലി സ്വന്തമാക്കുക തന്നെ ചെയ്തു. അപ്പോഴും ബഹിരാകാശ യാത്രയെന്ന സ്വപ്നം വാലി ഫങ്ക് ഉപേക്ഷിച്ചില്ല. 1961-ൽ മെർക്കുറി 13-ൽ അംഗമായപ്പോൾ തന്റെ ബഹിരാകാശ സ്വപ്നങ്ങൾക്ക് ചിറകു മുളച്ചെന്ന് വാലി കരുതിയെങ്കിലും നിരാശയായിരുന്നു ഫലം. പിന്നീട് 1963-ൽ പഴയ സോവിയറ്റ് യൂണിയൻ വാലന്റീന തെരഷ്ക്കോവയെ ബഹിരാകാശത്തേക്ക് അയച്ചപ്പോൾ നാസ മെർക്കുറി -13 ലെ വനിതകളെ ബഹിരാകാശയാത്രയ്ക്ക് പരിഗണിച്ചേക്കുമെന്ന പ്രതീക്ഷയിൽ പല തവണ നാസയ്ക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും അതൊന്നും പരിഗണിക്കപ്പെട്ടില്ല. 1983-ൽ സാലി റീഡ് ബഹിരാകാശ യാത്ര നടത്തിയ ആദ്യ അമേരിക്കൻ വനിതയായി. അതിനു ശേഷവും വാലി ഫങ്ക് അടക്കം മെക്കുറി-13 ലെ വനിതകൾ പരിഗണിക്കപ്പെട്ടില്ല. എന്നിട്ടും ബഹിരാകാശപ്പറക്കലിനായുള്ള കാത്തിരിപ്പ് വാലി തുടർന്നു.ഒരു പക്ഷേ മെർക്കുറി-13 ലെ വനിതകൾക്ക് അവസരം ലഭിച്ചിരുന്നെങ്കിൽ ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ബഹിരാകാശ യാത്രിക ആയേനെ വാലി. എന്നാൽ ആറു പതിറ്റാണ്ടിനിപ്പുറം ബഹിരാകാശയാത്ര നടത്തിയ വാലി ഫങ്ക് ഈ രംഗത്ത് ഒരു റെക്കോഡ് നേട്ടം കൈവരിക്കുക തന്നെ ചെയ്തു. ലോകത്തിലെ ഏറ്റവും പ്രായം കൂടിയ ബഹിരാകാശ യാത്രിക എന്ന റെക്കോഡ്. ജൂലൈ 20 ന് ജെഫ് ബെസോസിന്റെ തന്നെ ഉടമസ്ഥതയിലുള്ള ബ്ലൂ ഒറിജിൻ കമ്പനിയുടെ ന്യൂ ഷെപ്പേഡ് റോക്കറ്റിലെ കാപ്സ്യൂളിലേറി നാൽവർ സംഘത്തിൽ ഒരാളായി ടെക്സാസിൽ നിന്നും ബഹിരാകാശത്തേക്ക് കുതിച്ചപ്പോൾ എൺപത്തിരണ്ടുകാരിയായ വാലി ഫങ്കിന് താൻ കെടാതെ സൂക്ഷിച്ച സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുകയായിരുന്നു. നൂറു കിലോമീറ്ററോളം ഉയരത്തിലെത്തിയ ,സാഹസികത നിറഞ്ഞ, പത്തുമിനിറ്റ് നീണ്ട ആ വിസ്മയ യാത്രയും ഗുരുത്വാകർഷണത്തിന്റെ അഭാവവുമൊക്കെ അവർ ശരിക്കും ആസ്വദിച്ചു. കാപ്സ്യൂളിൽ ഭൂമിയിലേക്ക് വിജയകരമായി തിരിച്ചിറങ്ങുകയും ചെയ്തു. അതിരുകളില്ലാത്ത ബഹിരാകാശം മാടി വിളിച്ചപ്പോൾ പ്രായമൊന്നും വാലി ഫങ്കിന് മുന്നിൽ ഒരു തടസ്സമായില്ല. ബഹിരാകാശയാത്രയോ? സ്ത്രീകളോ എന്നൊക്കെ നെറ്റി ചുളിക്കുന്നവർക്കുള്ള നല്ലൊരു മറുപടി കൂടിയാണ്




എൺപത്തിരണ്ടുകാരിയായ വാലി ഫങ്കിന്റെ ബഹിരാകാശ യാത്ര.



SUPERIOR BLEND OF ASSAM & SOUTH INDIAN TEAS
ഏറ്റവും കടുപ്പമുള്ള ചായ
ഈ ഓണത്തിനും
STRENGTH SEALED - IN
STRONGEST TEA
AVT®
PREMIUM
Garden Fresh
CTC DUST TEA
തലമുറകളിലൂടെ കൈമാറി വന്നത്


സാമ്പത്തികാരോഗ്യത്തിന്
കെ എസ് എഫ് ഇ യുടെ വാക്സിൻ
KSFE ഭദ്രത
സ്മാർട്ട് ചിട്ടികൾ 2021
പറഞ്ഞാൽ തീരാത്ത സമ്മാനങ്ങൾ, ആനുകൂല്യങ്ങൾ...
ഒന്നാം സമ്മാനം
ടാറ്റ നെക്സോൺ EVXZ + LUX ഇലക്ട്രിക് കാർ
അഥവാ 18 ലക്ഷം രൂപ
മേഖലാതല സമ്മാനങ്ങൾ
61 എണ്ണം
ഹീറോ ഇലക്ട്രിക് ബൈക്ക്
അഥവാ 50,000 രൂപ
122 എണ്ണം
ഏസർ/എച്ച് പി ലാപ്ടോപ്
അഥവാ 25,000 രൂപ
ശാഖാതല സമ്മാനം
ഓരോ ചിട്ടിയിലും ഒരു ഗ്രാം മുതൽ എട്ട് ഗ്രാം വരെ സ്വർണ്ണനാണയം ഉറപ്പ്.
• കൂടാതെ ചിട്ടിയിൽ ചേർന്നവർക്ക് സലയുടെ 50% വരെ വായ്പയെടുക്കാനുള്ള സൗകര്യം
• ചിട്ടിയിൽ ചേർന്ന് വിളിച്ചെടുത്തതിന് ശേഷം ദൗർഭാഗ്യവശാൽ മരണം സംഭവിച്ചാൽ 25 ലക്ഷം രൂപ വരെയുള്ള ബാധ്യത കെ എസ് എഫ് ഇ വഹിക്കുന്ന തരത്തിലുള്ള അത്യാകർഷ പരിരക്ഷാ പദ്ധതി
KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
Ph: 0487-2332255, Fax: 0487-2336232